# ആ ഭിക്ഷുവിന്റെ പിന്നാലെ



# ആ ഭിക്ഷുവിന്റെ
# പിന്നാലെ

PUBLISHED BY
**THE FRANCISCAN THIRD ORDER BUREAU,**
ST. ANTHONY'S FRIARY,
**QUILON.**

ST. JOSEPH'S I. S. PRESS, ELTHURUTH,
TRICHUR. 1951.

Imprimatur.

Bishop's House,
Trichur, 10-6-1951.

† **G. C. Alapatt,**
Bishop of Trichur.




വി. ഫ്റാൻസിസ് അസ്സീസി
ഭൂമിയെ ചവുട്ടിക്കൊണ്ടു് ക്രൂശിതനായ
യേശുനാഥനെ ആശ്ലേഷിക്കുന്നു; അതെ,
ലൌകികമായ സമ്പത്തു്, സുഖം, സ്വാതന്ത്ര്യം,
കീർത്തി ഇവയെ പരിത്യജിച്ചു് സത്യം, സന്മാർഗ്ഗം,
സേവനം, സഹനം ഇവയെ കൈവരിക്കുന്നു.




ഫ്റാൻസിസ്കൻ മൂന്നാംസഭാംഗമായ 12-ാം പീയൂസ്
മാർപാപ്പാ തിരുമനസ്സുകൊണ്ട്.

# വിഷയ വിവരം


പേജ്

1. മുഖവുര . . . . . . . . . . . . . . . . . . . . i

2. മനുഷ്യരിൽ നീതിബോധം ഉളവാക്കുന്ന മഹൽസ്ഥാപനം
മഹാ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി . . 1

3. തപസ്സിൻെറ സഭ
മഹാദിവ്യശ്രീ ഡോക്ടർ ആഗസ്റ്റിൻ കണ്ടത്തിൽ . . . 13

4. കത്തോലിക്കാപ്രവർത്തനത്തിൻെറ മദ്ധ്യസ്ഥൻ
നി. വ. ദിവ്യശ്രീ ഡോക്ടർ ജോർജ്ജ ആലപ്പാട്ട് . . . 19

5. ആ ഭിക്ഷുവിൻെറ പിന്നാലെ
ശ്രീമാൻ കെ. സി. ചാക്കോ എം. ഏ., ബി. ഇ., എ. എം. ഐ. ഈ. . . . 26

6. വിജയശ്രീലാളിതരാകുവാനുള്ള മാർഗ്ഗം
ശ്രീമാൻ പി. ഡി. തൊമ്മൻ എം. എ., ബി. എൽ. . . 33

7. ഫ്രാൻസിസ്കൻ ചൈതന്യം
ശ്രീമാൻ തോമ്മസ് മാക്കിൽ ബി. എ., ബി. എൽ. . . 45

8. ദൈവവചനം സജീവമോ?
ശ്രീമാൻ വി. സി. ജോർജ്ജ് ബി. എ., എൽ. ററി. . . 56

9. മാലാഖാമാരെ സൃഷ്ടിക്കുന്ന മനുഷ്യൻ
ശ്രീമാൻ ജോർജ്ജ് തോമ്മസ് കൊട്ടുകാപ്പള്ളിൽ . . . 63

10. സെറാഫിക്കു് യുവജനസംഘടന

ശ്രീമാൻ ചെറിയാൻ ജെ. കാപ്പൻ ബി. എ., ബി. എൽ., എം. എൽ. ഏ. 73

11. അസ്സീസിയിലെ പുണ്യപുരുഷൻ

നി. വ. ദിവ്യശ്രീ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ 96

12. വി. ഫ്രാൻസിസ് അസ്സീസിയുടെ മരണശാസനം

പ്രൊഫസർ തോമസ് ശ്രീനിവാസൻ എം. എ., എൽ. റ്റി. 102

13. വി. ഫ്രാൻസിസ് അന്നും ഇന്നും

ബ്രദർ പീറ്റർ റെഡ്ഡി എം. എ., എൽ. റ്റി. . . . . 115

14. ഇന്നത്തെ ഏററവും വലിയ ആവശ്യം

ശ്രീമാൻ കെ. എം. ജോർജ്ജ് ബി. എ., ബി. എൽ. . . 128

15. വി. ഫ്രാൻസിസും സാമൂഹ്യബോധവും.

ശ്രീമാൻ കെ. സി. ചാക്കോ എം. എ., ബി. ഇ., എ. എം. ഐ. ഇ. 137

16. ഫ്രാൻസിസ്കൻ മൂന്നാംസഭ

മഹാ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി . . 156

17. നിയമങ്ങൾ. . . . . . . . . . . . . . . . . 160

18. അനുബന്ധം. . . . . . . . . . . . . . . . . 165

# മുഖവുര

വി. ഫ്രാൻസീസ് അസ്സീസി 1221-ലാണ് മൂന്നാംസഭ സ്ഥാപിച്ചതു്. സർവ്വലോക പ്രസിദ്ധമായ ഈ സഭ നമ്മുടെ കേരളക്കരയിൽ പ്രവേശിച്ചതു് ഇടത്വാ സ്വദേശിയായ പുത്തൻ പറമ്പിൽ തൊമ്മച്ചൻെറ പരിശ്രമങ്ങളുടെ ഫലമാണെന്നു് അറിയപ്പെടുന്നു. വിവാഹ ജീവിതം നയിച്ചിരുന്ന അദ്ദേഹത്തിനു സന്യാസജീവിതത്തിൻെറ മാധുര്യം അനുഭവിക്കുവാൻ അതീവ താൽപര്യമുണ്ടായിരുന്നു. അദ്ദേഹത്തിനു് ഏകദേശം ഇരുപത്തഞ്ചു വയസ്സു പ്രായമുണ്ടായിരുന്നപ്പോഠം ഫ്രാൻസിസ്കൻ സഭയെപ്പററി കേഠംക്കുവാനിടയായി. അതു് അല്മായക്കുവേണ്ടിയുള്ള സന്യാസ സഭയാണെന്നു കേട്ടതോടുകൂടി മൂന്നാംസഭയുടെ നീണ്ട വസ്ത്രം ധരിക്കുകയും ഏതാനും സ്നേഹിതന്മാരെ തൻെറ പുതിയ ജീവിത രീതിയിലേക്കാകർഷിക്കുകയും ചെയ്തു. 1870-ാമാണ്ടു് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ അംഗീകാരം തൊമ്മച്ചൻ അപേക്ഷിച്ചു. എങ്കിലും ഉടനെ അതു ലഭിച്ചില്ല. അഞ്ചു കൊല്ലം കഴിഞ്ഞാണ് തൊമ്മച്ചൻെറയും സഖാക്കളുടെയും ജീവിത ക്രമത്തിനു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് അംഗീകാരം നല്കിയതു്.

ഫ്രാൻസിസ്കൻ മൂന്നാംസഭ നിയമാനുസൃതമായി കേരളത്തിൽ സ്ഥാപിതമായിട്ടു് ഇപ്പോഠം 75 കൊല്ലം തികഞ്ഞിരിക്കുന്നു. ഇതിനകം വരാപ്പുഴ, എറണാകുളം എന്നീ അതിരൂപതകളിലും ചങ്ങനാശ്ശേരി, കൊല്ലം, തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോട്ടയം, പാലാ, എന്നീ രൂപതകളിലും മൂന്നാംസഭ പ്രചരിച്ചിട്ടുണ്ടു്.

എന്നാൽ ഈ അടുത്ത കാലത്തുവരെ ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങഠംക്കു ഫ്രാൻസിസ്കൻ ഒന്നാം സഭയുമായി നേരിട്ടു് സമ്പർക്കമില്ലായിരുന്നു. ഫ്രാൻസിസ്കൻ ഒന്നാം സഭാംഗമായ ഒരു വൈദികൻ മൂന്നാംസഭാംഗങ്ങളെ പ്രതിവർഷം സന്ദർശിക്കണമെന്നുള്ള മൂന്നാംസഭാ നിയമം പ്രവൃത്തിയിൽ വരുത്തുവാൻ സാഹചര്യങ്ങഠം അനുവദിച്ചില്ല. ഒന്നാംസഭയുടെ ഒരു വിഭാ-

ഗമായ കപ്പൂച്ചിൻ സഭക്കാർ 1933—ൽ കൊല്ലത്തു് ഒരു ആശ്രമം സ്ഥാപിച്ചതോടുകൂടി ഇവിടത്തെ മൂന്നാംസഭക്കാർ അവരുമായി സമ്പൎക്കത്തിൽ ഏൎപ്പെട്ടുതുടങ്ങി. കൊല്ലത്തു് തില്ലേരിയിൽ വിശുദ്ധ അന്തോനീസിൻെറ ആശ്രമത്തോടനുബന്ധിച്ചു് അല്മായരുടെ മാത്രമല്ല വൈദികരുടെയും മൂന്നാംസഭാ സംഘടനകഠം ആവിൎഭവിച്ചു. കൊല്ലം, തിരുവനന്തപുരം, കൊച്ചി, ചങ്ങനാശ്ശേരി, എന്നീ രൂപതകളിൽ ഉഠംപ്പെട്ട വൈദികർ കപ്പൂച്ചിൻ ആശ്രമത്തിൽ മൂന്നാംസഭാ സമ്മേളനം നടത്തിവരുന്നു.

എറണാകുളം അതിരൂപതയിലെ മൂന്നാംസഭക്കാർ റവ. ഫാ. ജോൎജ്ജ് വട്ടംകണ്ടം അവർകളുടെ നേതൃത്വത്തിൽ 1942-ാമാണ്ടു് കപ്പൂച്ചിൻ സഭയുമായി ബന്ധപ്പെട്ടു. ആശ്രമത്തിൽനിന്നു ഒരു കപ്പൂച്ചിൻ വൈദികൻ എറണാകുളം അതിരൂപതയിലുള്ള പള്ളികളിൽ ചിലപ്പോഴൊക്കെപോയി സഭാംഗങ്ങളെ സന്ദശിക്കുകയും യുവജനങ്ങളെ സഭയിൽ ചേൎക്കുകയും ചെയ്തു വരുന്നു.

കപ്പൂച്ചിൻസഭാ സുപ്പീരിയരുടെ അനുവാദത്തോടുകൂടി 1947-ൽ തൃശ്ശൂർ രൂപതയിൽ മൂന്നാംസഭ സ്ഥാപിതമായി. ആശ്രമത്തിൽനിന്നും ഒരു വൈദികൻ ആ രൂപതയിൽ സന്ദശനം നടത്തുന്നുണ്ടു്.

ഏകദേശം പതിനായിരത്തോളം അംഗങ്ങളുള്ള ചങ്ങനാശ്ശേരി രൂപതയിലെ മൂന്നാംസഭക്കാർ ഫ്രാൻസിസ്കൻ ഒന്നാംസഭയുടെ വേറൊരു വിഭാഗമായ "ഫ്രേയേഴ്സ് മൈനർ കൺവെഞ്ച്വൽസ്"മായി ബന്ധപ്പെട്ടിരുന്നു. മൂന്നാംസഭയുടെ ഭരണഘടനയനുസരിച്ചു് "ഫ്രേയേഴ്സ് മൈനർ കൺവെഞ്ച്വൽസ്" സഭയിൽപ്പെട്ട വൈദികരായിരുന്നു ചങ്ങനാശ്ശേരി രൂപതയിലെ മൂന്നാംസഭക്കാരെ സന്ദശിക്കേണ്ടിയിരുന്നതു്. എന്നാൽ പ്രസ്തുത ഒന്നാംസഭക്കു് ഇൻഡ്യയിൽ യാതൊരു സ്ഥാപനവും ഇല്ലാതിരുന്നതിനാൽ അതു് എളുപ്പമല്ലായിരുന്നു. ഈ വിഷമസ്ഥിതിക്കു നിവാരണം ഉണ്ടാക്കുവാനായി ചങ്ങ

നാശ്ശേരി രൂപതയിലെ കാലംചെയ്ത മെത്രാനച്ചൻ, നി. വ. ദിവ്യശ്രീ മാർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടു് തൻെറ രൂപതയിലെ മൂന്നാംസഭയെ "ഫ്രയേഴ്സ് മൈനർ കൺവെഞ്ചുവൽസ്" സഭയുടെ അധികാരത്തിൽ നിന്നു മാററി കപ്പൂച്ചിൻ സഭയുടെ അധികാരസീമയിലാക്കുവാൻ വെരി. റവ. ഫാ. റിച്ചാർഡ് ഒ. എഫ്. എം. (കപ്പൂച്ചിൻ) വഴി 1948 ജൂൺ 3-ാം തിയ്യതി ഒരു അപേക്ഷ കപ്പൂച്ചിൻ സഭയുടെ റോമിലുള്ള കുരിയായിലേക്കയക്കുകയും അതിനനുകൂലമായ മറുപടി 1949 ഒക്ടോബർ മാസത്തിൽ ലഭിക്കുകയും ചെയ്തു.

കപ്പൂച്ചിൻ സഭയുടെ ഇൻഡ്യയിലെ ഭരണാധികാരിയായ വെരി റവ: ഫാ. റിച്ചാർഡ് ഒ. എഫ്. എം. കപ്പൂച്ചിൻ, കേരളത്തിലെ മൂന്നാംസഭയുടെ പുരോഗതിയെ ഉദ്ദേശിച്ചു് എറണാകുളം അതിരൂപതയിലേയും ചങ്ങനാശ്ശേരി, തൃശ്ശൂർ, കോട്ടയം, പാലാ എന്നീ രൂപതകളിലേയും മൂന്നാംസഭാംഗങ്ങളുടെ കമ്മിസറിയായി ബ. ലിയൊ അച്ചൻ ഒ. എഫ്. എം. കപ്പൂച്ചിൻ അവർകളെയും കൊല്ലം, തിരുവനന്തപുരം, കൊച്ചി, എന്നീ രൂപതകളിലെ മൂന്നാംസഭാംഗങ്ങളുടെ കമ്മിസറിയായി ബ. ബക്മാൻസ് അച്ചൻ ഒ. എഫ്. എം. കപ്പൂച്ചിൻ അവർകളെയും വരാപ്പുഴ അതിരൂപതയിലെ മൂന്നാംസഭാംഗങ്ങളുടെ കമ്മിസറിയായി ബ. തിയോഫിൻ അച്ചൻ ഒ. എഫ്. എം. കപ്പൂച്ചിൻ അവർകളെയും നിശ്ചയിച്ചിട്ടുണ്ടു്. എങ്കിലും കാര്യക്ഷമതയ്ക്കുവേണ്ടി ഓരോരോ രൂപതകളിലും പ്രത്യേകം ഡയറക്ടർമാരെ അതതുരൂപതകളിലെ മേലദ്ധ്യക്ഷന്മാർ നിയമിക്കുന്നതു് ഉത്തമമായിരിക്കും. എറണാകുളം അതിരൂപതയിലെ മൂന്നാംസഭയുടെ സുപ്പിരിയർ റവ. ഫാ. ജോർജ്ജ് വട്ടംകണ്ടം അവർകളും, ചങ്ങനാശ്ശേരി രൂപതയിലെ മൂന്നാംസഭയുടെ സുപ്പിരിയർ പ്രൊ. വികാരി ജനറാളായ പെ. ബ. തോമസ് പുത്തൻ പുരയ്ക്കൽ അവർകളും ഡയറക്ററർ റവ. ഫാ. മാത്യു കണിപ്പള്ളി അവർകളും ആകുന്നു.

ഓരോ ഇടവകയിലും സ്ഥാപിതമായിരിക്കുന്ന മൂന്നാംസ

ഭാസംഘത്തിനു മൂന്നാംസഭാംഗമായ ഒരു വൈദികൻ ഡയറക്ടർ ആയിരിക്കേണ്ടതും അഭിലഷണീയമാണു്. ഇതു കാലാന്തരത്തിലെങ്കിലും നടപ്പിൽ വരണമെന്ന ഉദ്ദേശ്യത്തോടുകൂടി എറണാകുളം വരാപ്പുഴ എന്നീ അതിരൂപതകളിലേയും, ചങ്ങനാശ്ശേരി, തൃശ്ശൂർ, കൊല്ലം എന്നീ രൂപതകളിലേയും പൊറി സെമ്മിനാരികളിലെ സഹോദരന്മാരെ ബ. കമ്മിസറിയച്ചന്മാർ ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ ചേർത്തിട്ടുണ്ടു്. അവരുടെ ഫോട്ടോകഠം ഈ പുസ്തകത്തിൽ കാണാം. കേരളത്തിലെ ഫ്രാൻസിസ്കൻ മൂന്നാംസഭക്കു് ശോഭനമായ ഒരു ഭാവി നമുക്കു പ്രതീക്ഷിക്കാം, അതിനുവേണ്ടി പ്രാർത്ഥിക്കാം.

ഫ്രാൻസിസ്കൻ മൂന്നാംസഭ നമ്മുടെ കേരളക്കരയിൽ സ്ഥാപിതമായിട്ടു് 75 കൊല്ലം പൂർത്തിയായപ്പോഠം, എറണാകുളത്തുവച്ചു നടത്തിയ മരിയൻ കോൺഗ്രസ്സിനോടനുബന്ധിച്ചു്, ഒരു ജൂബിലിയാഘോഷമെന്നവണ്ണം 1950 ഡിസംബർ മാസം 31-ാം തിയ്യതി വരാപ്പുഴ മെത്രാപ്പോലീത്താ, മഹാ വന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കേരളക്കരയിലെ ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടെ ഒരു മഹാ സമ്മേളനം നടത്തുകയുണ്ടായി. തദവസരത്തിൽ, ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ രക്ഷാധികാരിയായി മഹാ വന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനിയേയും ഉപരക്ഷാധികാരിയായി നിതാന്ത വന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോർജ്ജ് അലപ്പാട്ടു തിരുമേനിയേയും വെരി. റവ. ഫാ. റിച്ചാർഡ് ഒ. എഫ്. എം. (കപ്പൂച്ചിൻ) അവർകളേയും ക്ഷണിക്കണമെന്നു് ആ മഹായോഗം അപേക്ഷിക്കുന്നതായി, ശ്രീമാൻ പി. ഡി. തൊമ്മൻ എം. എ; ബി. എൽ. ഒരു പ്രമേയം അവതരിപ്പിക്കുകയും ശ്രീമാൻ തോമസ് മാക്കീൽ ബി. എ; ബി.എൽ. അതിനെ പിൻതാങ്ങുകയും മഹായോഗം പ്രമേയത്തെ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. അതിലേക്കു വേണ്ടതായ നടപടികഠം ചെയ്തതിൻെറ ഫലമായി വന്ദ്യ തിരുമേനിമാർ ക്ഷണം സ്വീകരിച്ചിരിക്കുന്നുയെന്നു് സഭാംഗങ്ങളെ അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ടു്. തിരുമേനിമാരുടെ കരുത്തേറിയ സംരക്ഷണത്തിൽ മൂന്നാംസഭയ്ക്കു് യാതൊരു വാട്ടവും കോട്ടവും സംഭവിക്കാതെ അതു് അ

നുദിനം അഭിവൃദ്ധി പ്രാപിക്കുമെന്നു നമുക്കു് പ്രതീക്ഷിക്കാം. അവരുടെ പൈതൃകമായ സംരക്ഷണത്തിനു ഫ്രാൻസിസ്കൻ സഭാംഗങ്ങൾക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഫ്രാൻസിസ്കൻ മൂന്നാം സഭയിൽ യുവജനങ്ങളെ സ്വീകരിക്കുന്നതിനു ഒരു പ്രാരംഭ നടപടി എന്ന വണ്ണം "സത്യാരാധനാസഖ്യം" സ്ഥാപിതമായിട്ടുണ്ടു്. സഖ്യാംഗങ്ങൾ മൂന്നാം സഭയുടെ ഒപ്പീസായ "സത്യാരാധന" എല്ലാ ഞായറാഴ്ചയും കൂട്ടമായി ചൊല്ലണം, ഉത്തമ ക്രിസ്തീയ ജീവിതത്തിൻെറ മാതൃക കാണിക്കണം. "സത്യാരാധനാസഖ്യ"ത്തിൽ ഏകദേശം ഒരു കൊല്ലം പരിശീലിച്ചതിനുശേഷം അംഗങ്ങളെ മൂന്നാം സഭയിൽ സ്വീകരിക്കുന്നതാണു്. എങ്കിലും മൂന്നാം സഭയിൽ ചേരുന്നതിനു് സത്യാരാധനാസഖ്യത്തിൽ നേരത്തെ ചേർന്നിരിക്കണമെന്നു് നിർബ്ബന്ധമില്ല.

മൂന്നാം സഭയുടെ ഒപ്പീസായിട്ടു് 12ആ. 12ന. 12ത്രിയോ. മാതാവിൻെറ ചെറിയ ഒപ്പീസോ (സൊഡാലിററി ഒപ്പീസല്ല) ചൊല്ലിയാൽ മതി. എങ്കിലും മൂന്നാം സഭയുടെ ഒപ്പീസായി "സത്യാരാധന" എന്നൊരു ജപക്രമം മലയാളത്തിൽ രൂപീകരിച്ചിട്ടുണ്ടു്. ഇതു് ഉപയോഗിക്കുന്നതു് ഫലപ്രദമായിരിക്കും. "സത്യാരാധന" മാർപ്പാപ്പാ അംഗീകരിക്കുകയും ഇതു ദിവസേന ജപിക്കുന്നവക്കു് ആഴ്ചയിൽ ഒരിക്കൽ പൂർണ്ണദണ്ഡവിമോചനം കല്പിച്ചനുവദിക്കുകയും ചെയ്തിരിക്കുന്നു. (1950 ഡിസംബർ മാസത്തിൽ).

ഫ്രാൻസിസ്കൻ മൂന്നാം സഭയെ സംബന്ധിച്ചു് എല്ലാവക്കും നല്ല ജ്ഞാനം ഉണ്ടാകുന്നതിനും യുവജനങ്ങൾ അതിൽ ചേരുന്നതിനുംവേണ്ടി അധികാരം, വിജ്ഞാനം, പദവി, കീത്തി എന്നിവയാൽ മുന്നണിയിൽ നില്ക്കുന്ന പല വൈദിക മേലദ്ധ്യക്ഷന്മാരും അല്പമായ പ്രമുഖരും ഫ്രാൻസിസ്കൻ മൂന്നാം സഭയെ സംബന്ധിച്ചു് ചെയ്തിട്ടുള്ള പ്രസംഗങ്ങളെയും ലേഖനങ്ങളെയും ഒരുമിച്ചു് "ആ ഭിക്ഷുവിൻെറ പിന്നാലെ" എന്ന നാമത്തിൽ ഗ്രന്ഥരൂപേണ സജ്ജന സമക്ഷം ഇതാ അവതരിപ്പിക്കുന്നു. മെത്രാപ്പോലീത്താ തിരുമേനി, മെത്രാനച്ചൻ, ജഡ്ജി, ഹിന്ദുമതം പരിത്യജിച്ച പ്രൊഫസർ, ലൂതറൻമതമുപേക്ഷിച്ച ഭിക്ഷു, കത്തോലിക്കാമത താത്പര്യങ്ങൾക്കുവേ

ണ്ടി നിലകൊള്ളുന്ന അ. കേ. ക. കോൺഗ്രസ് വൈസ് പ്രസിഡൻറും, രാഷ്ട്രീയ രംഗത്തു പ്രവത്തനം നടത്തുന്ന എം. എൽ. എ, മുൻസിപ്പൽ പ്രസിഡൻറും, ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, എൻജിനീയർ, അഭിഭാഷകൻ എന്നിങ്ങനെ വിവിധ നിലകൾ സിദ്ധിച്ചിരിക്കുന്നവർക്കു് ഫ്രാൻസിസ്കൻ മൂന്നാം സഭയെ സംബന്ധിച്ചുള്ള ആത്മാത്ഥമായ അഭിപ്രായമാണു് ഈ പുസ്തകത്തിലെ ഉള്ളടക്കം. ഈ പ്രസംഗങ്ങളും ലേഖനങ്ങളും വഴി അനേകം യുവാക്കന്മാർ മൂന്നാം സഭയിൽ ചേന്ന് തങ്ങളുടെ ജീവിതത്തെ പവിത്രീകരിക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

പതിനാലു വയസ്സു പൂത്തിയായ ഏതൊരാൾക്കും മൂന്നാംസഭയിൽ പ്രവേശിക്കാം. യുവാക്കന്മാക്കാണു് മൂന്നാം സഭയുടെ ആവശ്യം കൂടുതൽ ഉള്ളതു്. കത്തോലിക്കാ തിരുസ്സഭയുടെ നിയമങ്ങളെ ശരിയായി പാലിക്കുന്നതിനു് അവരെ സഹായിക്കുന്ന ഒരു പരിശീലനക്കളരിയാണു് ഫ്രാൻസിസ്കൻ മൂന്നാംസഭ.

കത്തോലിക്കാ തിരുസ്സഭയിൽ പല സന്യാസസഭകളും, കൺഫ്രറേർനിററികളും, സൊഡാലിററികളും, സഖ്യങ്ങളും, സൊസൈററികളും ഉണ്ടെങ്കിലും, ഏകദേശം രണ്ടായിരം ഇത്തരം സംഘടനകളെ മാപ്പാപ്പാമാർ അംഗീകരിച്ചിട്ടുണ്ടെങ്കിലും, ഫ്രാൻസിസ്കൻ മൂന്നാംസഭയെ പ്രചരിപ്പിക്കുവാൻ അവർ പ്രത്യേകം ശ്രമിച്ചിട്ടുണ്ടു്. മാർപ്പാപ്പാമാരായ 13–ാം ലെയോ, 15–ാം ബെനഡിക്ററ്, 11–ാം പീയൂസ് എന്നിവർ ഓരോ വിശ്വലേഖനം ഫ്രാൻസിസ്കൻ മൂന്നാംസഭയെപ്പററി എഴുതി വിശ്വാസികൾ അതിൽ ചേരുവാൻ ശക്തിയുക്തം ഉപദേശിച്ചിട്ടുണ്ടു്. വിശ്വലേഖനങ്ങളിലെ ചില വാചകങ്ങൾ താഴെ ചേക്കുന്നു: "നമ്മുടെ സാമുദായിക സേവനം ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ പ്രചരണമാകുന്നു." "മ്ശിഹായുടെ ഈ സേനാവകുപ്പിൽ ചേരുവാൻ ആരും പിന്നോക്കമായിരിക്കരുതെന്നു നാം എല്ലാവരേയും ഉപദേശിക്കുന്നു." (13–ാം ലെയോ മാർപ്പാപ്പാ) "വിവിധ സംഘടനകളിലെ

അംഗങ്ങരം ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ ചേരാത്തതെന്തു കൊണ്ടാണു്?" (15-ാം ബെനഡിക്ട്റ്റ് മാർപ്പാപ്പാ.)
"മൂന്നാംസഭയിൽ ഇതേവരെ ചേർന്നിട്ടില്ലാത്തവരെ ഇക്കൊല്ലംതന്നെ (1926) ചേക്കുക." (11-ാം പീയൂസ് മാർപ്പാപ്പാ.)

യുവാക്കന്മാരുടെ സാധാരണ ജോലികരംക്കു തടസ്സമായ യാതൊരു നിയമവും മൂന്നാംസഭയ്ക്കില്ല. എന്നാൽ തദംഗങ്ങരം അല്പത്യാഗവും ക്ലേശവും സഹിക്കേണ്ടിവരുമെന്നുള്ളതു് ശരിതന്നെ. ഇവ കൂടാതെ ലോകത്തിൽ യാതൊരു നന്മയും സാദ്ധ്യമല്ലല്ലോ. ജോലിത്തിരക്കുള്ള അത്മായർക്കുവേണ്ടിത്തന്നെയാണു് മൂന്നാംസഭ സ്ഥാപിതമായതു്. ജോലിത്തിരക്കുകരംക്കുള്ളിൽ അവർ മുങ്ങിമയങ്ങി അവരുടെ ആദ്ധ്യാത്മികജീവനു ക്ഷയം വരാതിരിക്കുവാൻ മൂന്നാംസഭ സഹായിക്കും. മാത്രമല്ല, വിവിധ തരങ്ങളായ തങ്ങളുടെ ജോലികളെ പവിത്രീകരിച്ചു് അവമൂലം സ്വർഗ്ഗത്തിലുള്ള തങ്ങളുടെ പദവിയെ ഉയർത്തുന്നതിനും മൂന്നാംസഭ സഹായിക്കുന്നു. എല്ലാ ദിവസവും കുർബ്ബാന കാണണമെന്നോ, ദിവസം മുഴുവൻ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടണമെന്നോ മൂന്നാംസഭയ്ക്കു നിയമമില്ല. വി. ഫ്രാൻസിസിൻെറ ചൈതന്യത്തോടുകൂടി ദൈവഹിതമനുസരിച്ചു് സ്വന്ത കർത്തവ്യങ്ങളെ നിർവഹിക്കുവാൻ പരിശ്രമിക്കുക എന്നതാണു് മൂന്നാംസഭാംഗം അനുസരിക്കേണ്ടതായ പ്രധാന നിയമം. വി. ഫ്രാൻസിസിൻെറ മൂന്നാംസഭ ഇന്നത്തെ ഏററവും വലിയ ആവശ്യമാണെന്നു് ഈ പുസ്തകത്തിൽനിന്നു മനസ്സിലാകും. അതിൻെറ അംഗത്വം സ്വീകരിക്കുവാൻ യുവാക്കന്മാർ ഇനിയും അവധി നീട്ടുന്നതു ശരിയല്ല. ആശാപാശങ്ങരം വളച്ചു പ്രാപിച്ചുവരുന്ന കാലത്താണു് അവയെ നിയന്ത്രിക്കുവാൻ പഠിക്കേണ്ടതു്. സൂക്ഷമില്ലാതെ ഓടി ഉരുണ്ടുവീണു കാലൊടിഞ്ഞതിനുശേഷം ആശുപത്രിയിൽ പോകുന്നതിനെക്കാരം നല്ലതു് സൂക്ഷിച്ചു് ഓടുകയാണു്; അല്ലെങ്കിൽ വാഹനത്തിൽ കയറി യാത്ര ചെയ്യണം. ഇതുപോലെ, അനേക തെറ്റുകരം ചെയ്തു തഴങ്ങി വാർദ്ധക്യദശ

യെ പ്രാപിച്ചതിനുശേഷം മൂന്നാംസഭയിൽ ചേരുന്നതിനെക്കാറം നല്ലതു് യൗവനത്തിൽതന്നെ അതിൽ ചേർന്നു ജീവിതത്തെ വിശുദ്ധീകരിക്കയാണു്.

മൂന്നാംസഭയിൽ ചേരുന്നതിനുള്ള പ്രായം പതിന്നാലു വയസ്സാണെങ്കിലും "ചേരാം, കുറച്ചുകൂടി കഴിയട്ടെ" എന്നു് ഇരുപത്തഞ്ചു വയസ്സുപ്രായമുള്ള ചെറുപ്പക്കാരൻ പറയുന്നതായാൽ അതിന്റെ അർത്ഥം: "ഇന്നു ഞാൻ മോഹനമായ ലോകരംഗത്തേക്കു് കാലുകുത്തിയതേയുള്ളു; ഈ മധു ഞാൻ അല്പം കുടിക്കുവാൻ അനുവദിക്കണമേ. ഇന്നു ഞാൻ എന്റെ ആശാപാശങ്ങളെ തൃപ്തിപ്പെടുത്തി സന്തോഷിച്ചുകൊള്ളട്ടെ; അതെ തോന്നിയവാസം ജീവിക്കട്ടെ; ആത്മരക്ഷയുടെ കാര്യം പിന്നീടാലോചിക്കാം" എന്നായിരിക്കാം. സ്വർഗ്ഗത്തിലേക്കുള്ളവഴി ഇടുങ്ങിയതും അതിനെ കണ്ടെത്തുന്നവർ ചുരുക്കവുമാണു്; നാശത്തിലേക്കുള്ളവഴി വിസ്താരമുള്ളതും അതിലെ കടന്നുപോകുന്നവർ വളരെയുമാണു് എന്നരുളിച്ചെയ്ത ദിവ്യരക്ഷകൻ വിലപിച്ചിട്ടുള്ളതു് പലരും വിസ്മരിക്കുന്നു.

ദൈവം നമുക്കു നൽകുന്ന ഓരോ വിനാഴികയും ദൈവമഹത്വത്തിനായി നാം വിനിയോഗിക്കേണ്ടതാണു്. അവിടുത്തെ പ്രമാണത്തിനെതിരായി പ്രവർത്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ആശാപാശങ്ങളെ ബലപ്രയോഗത്താൽ നാം നിയന്ത്രിക്കുകതന്നെ വേണം. "സ്വർഗ്ഗഭാഗ്യത്തോടു് ഈ ലോകജീവിതം താരതമ്യപ്പെടുത്തി നോക്കിയാൽ ഇതു ജീവിതമേ അല്ല, മരണതുല്യമാണു്" എന്നു വി. ഗ്രിഗരി മാർപ്പാപ്പാ പ്രസ്താവിച്ചിരിക്കുന്നു. ഫ്രാൻസിസ്കൻ മൂന്നാംസഭയിൽചേർന്ന അനേകം വൈദികരും അൽമായരും പുണ്യവാന്മാരായിട്ടുണ്ടു്. കേരളീയ യുവാക്കന്മാരും പുണ്യവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുന്നതിനു സംഗതിയാകട്ടെ.

വി. അന്തോനീസിന്റെ
ആശ്രമം, കൊല്ലം, തിരുപ്ലേരി.
11—4—1951.

ലിയൊ അച്ചൻ,
ഒ. എഫ്. എം. കപ്പൂച്ചിൻ,
ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ
കമ്മിസറി.



ഫ്റാൻസിസ്കൻ മൂന്നാം സഭാംഗവും,
കേരളത്തിലെ ഫ്റാൻസിസ്കൻ
മൂന്നാംസഭയുടെ രക്ഷാധികാരിയുമായ
മഹാ ദിവ്യശ്രീ ഡോക്ടർ
ജോസഫ് അട്ടിപ്പേററി, വരാപ്പുഴ
മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്



ഫ്റാൻസിസ്കൻ മൂന്നാംസഭാംഗവും,
കേരളത്തിലെ മൂന്നാംസഭയുടെ
ഉപ രക്ഷാധികാരിയുമായ നിതാന്ത
വന്ദ്യ ദിവ്യശ്രീ ഡോക്ടർ
ജോർജ്ജ് ആലപ്പാട്ട്, തൃശൂർ
മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു്



മഹാ ദിവ്യശ്രീ മാർ ആഗസ്റ്റിൻ
കണ്ടത്തിൽ, എറണാകുളം
മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്



നിതാന്ത വന്ദ്യ ദിവ്യശ്രീ ഡോക്ടർ
സെബാസ്റ്റ്യൻ വയലിൽ, പാലാ
മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു്



ഫ്റാൻസിസ്കൻ സഭകളുടെ ജനറാളായ
മോസ്റ്റ് റവ. ഫം. ക്ലെമൻറ് ഒ. എഫ്. എം. കപ്പൂച്ചിൻ അവർകൾ.



വരാപ്പുഴ അതിരൂപതയിലെ
ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങ
ളുടെ കമ്മിസ്സറിയായ
റവറൻറ്. ഫാദർ തിയോഫിൻ
ഒ. എഫ്. എം.
കപ്പൂച്ചിൻ അവർകൾ.

## * മനുഷ്യരിൽ നീതിബോധം ഉളവാക്കുന്ന മഹൽ സ്ഥാപനം.

ഇന്നത്തെ ലോകം അതിദാരുണമായ പീഡകൾ അനുഭവിച്ചുകൊണ്ടിരിക്കയാണെന്നു എല്ലാവർക്കും അറിയാം. ലോകത്തെ ബാധിച്ചിരിക്കുന്ന അവശതകളും ക്രമക്കേടുകളും ഭീതിജനകമാണു്. ഒരു മഹായുദ്ധത്തിൻെറ വക്കിൽ ലോകം എത്തിയിരിക്കുന്നു. ഒരു പുതിയ യുദ്ധമുണ്ടായാൽ ലോകത്തെ കീഴ്മേൽ മറിക്കയും ഇന്നുള്ള സ്ഥാപനങ്ങളെല്ലാം നശിക്കയും ചെയ്യും. ഇങ്ങനെ മനുഷ്യസമുദായം ഒന്നടങ്കം ഏററം പരിതാപകരമായ നിലയിൽ എത്തിയിരിക്കുന്നതിനാൽ ഉചിതമായ പരിഹാരമാർഗ്ഗം തേടിപ്പിടിച്ചു പ്രയോഗത്തിൽ വരുത്തേണ്ടതു അത്യന്താപേക്ഷിതമാകുന്നു.

ഇന്നു എവിടെ നോക്കിയാലും ലോകായതികത്വമാണു് ദൃഷ്ടിഗോചരമാകുന്നതു്. യുദ്ധവും കലാപങ്ങളുമെല്ലാം ഈ ലോകായതികത്വത്തിൻെറ പ്രധാന ദോഷഫലങ്ങളാണു്. ഇന്നത്തെ ഒരു വലിയഭാഗം കത്തോലിക്കർതന്നെയും ഭൗതിക നന്മകളേയും മേന്മകളേയും മാത്രം പ്രധാനലക്ഷ്യമായി കരുതിപ്പോരുന്നു. ആദ്ധ്യാത്മിക മൂല്യത്തെ പാടേ അവഗണിക്കയാണു് ചെയ്യുന്നതു്. ധനികനിലും ദരിദ്രനിലും, മുതലാളിയിലും തൊഴിലാളിയിലും ഈ തിന്മ പ്രത്യക്ഷമാകുന്നുണ്ടു്. അധമനായ ധനികൻെറ സുഖാനുഭവതൃഷ്ണ ഒരിക്കലും ശമിക്കുന്നില്ല; സമ്പത്തിൻെറ മഹത്തായ ഉത്തരവാദിത്വം വിസ്മരിക്കയും മനഃപൂർവ്വമായും അല്ലാതെയും സംഭവിക്കുന്ന അനീതികളെ കപടധർമ്മപ്രവൃത്തികൾകൊണ്ടു് പരിഹ

---

* ഫ്രാൻസിസ്കൻ മൂന്നാംസഭാംഗവും കേരളത്തിലെ ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ രക്ഷാധികാരിയുമായ മഹാ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി, വരാപ്പുഴ മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് മരിയൻ കോൺഗ്രസ്സിനോടനുബന്ധിച്ച് എറണാകുളത്തുവച്ച് 1950 ഡിസംബർ 31-ാം തിയ്യതി നടത്തപ്പെട്ട ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടെ സമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം.

രിക്കുവാൻ ശ്രമിക്കയും ചെയ്യുന്നു. അധമദരിദ്രരാകട്ടെ ദുർമ്മോഹങ്ങൾക്കു വിധേയരാണു്. ജോലി ചെയ്യാനും അദ്ധ്വാനിക്കാനും മടിയും വൈമുഖ്യവുമാണു് അവരിൽ കാണുന്നതു്. ന്യായയുക്തവും യഥാർത്ഥവുമായ സുഖസൗകര്യങ്ങളെക്കാൾ അന്യായാർജ്ജിതമായ സമ്പത്താണു് അവർ അഭിലഷിക്കുന്നതു്. യജമാനസ്ഥാനത്തെത്തിയാൽ കൂടുതൽ നിഷ്ഠുരമായി പ്രവർത്തിക്കാനിടയുള്ളവരും ഇവർ തന്നെ. കർത്തവ്യങ്ങളെ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുന്നതിനും പരസ്പരം അവകാശങ്ങളെ ആദരിക്കുന്നതിനും പ്രചോദനം നൽകുന്ന ഒരു തത്വമാർഗ്ഗത്തിനു മാത്രമേ ലോകസമാധാനം പുനഃസ്ഥാപിക്കുവാൻ സാധിക്കൂ. സുവിശേഷതത്വങ്ങൾ ഇത്തരത്തിലുള്ളവയാണു്. അവ മിതത്വം, നീതിബോധം, ധർമ്മചിന്ത മുതലായവ ധനികനിലും, ധീരതയും പ്രത്യാശയും ദരിദ്രനിലും ഉത്തേജിപ്പിച്ചു് മുതലാളി തൊഴിലാളി വർഗ്ഗങ്ങളിൽ കാണുന്ന നിഷിദ്ധസ്വഭാവത്തെ ഇല്ലാതാക്കുന്നതാണു്.

ഇക്കാരണത്താൽ ലോകത്തിനു ക്രിസ്തീയചൈതന്യം വീണ്ടും നൽകി മനുഷ്യവർഗ്ഗത്തെ സുവിശേഷാനുസൃതമായ ജീവിതത്തിലേയ്ക്കു ആനയിക്കേണ്ടതു് ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ അനുഗാമികളുമായ നമ്മുടെ കർത്തവ്യമാണു്. ഇതു നിർവ്വഹിക്ക സാദ്ധ്യമാണോ? സാദ്ധ്യമാണെങ്കിൽ എങ്ങിനെ നിർവ്വഹിക്കാം. ദൈവദൂതസദൃശനും നമ്മുടെ പിതാവുമായ വി: ഫ്രാൻസിസ് അസ്സീസി അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും വഴിയായി ഈ വക പ്രശ്നങ്ങൾക്കു് പ്രായോഗികമായ പ്രത്യുത്തരം നൽകുന്നുണ്ടു്.

അസ്സീസിയിലെ ഫ്രാൻസിസ് കുലീനവർഗ്ഗത്തിൽപ്പെട്ട ഒരാളായിരുന്നു. അദ്ദേഹം ധനികനും വസ്ത്രവ്യാപാരിയുമായിരുന്ന ഒരു മുതലാളിയുടെ പുത്രനായി ജനിച്ചു. വിശുദ്ധന്റെ ജീവിതത്തിലെ സംഭവങ്ങളിൽ വച്ചു് വിസ്മയാവഹമോ ഉജ്വലത്തോ അല്ലെങ്കിലും സാമൂഹ്യപ്രശ്നങ്ങളെ അധികരിച്ചുള്ള വിശുദ്ധന്റെ മനോഭാവം വ്യക്തമാക്കുന്ന ഒരു സംഭവത്തെ



ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ.
വരാപ്പുഴ അതിരൂപതയിലെ പെററി സെമിനാരി.

പരാമർശിക്കാം. ഒരു ദിവസം പിതാവിൻെറ വ്യാപാരശാലയിൽ അദ്ദേഹം കാര്യവ്യാപൃതനായിരിക്കുമ്പോൾ ഒരു യാചകൻ വാതുക്കൽവന്നു. കാര്യവ്യഗ്രതയാൽ അക്ഷമനായ ഫ്റാൻസിസ് ആ യാചകനെ വെറും കൈയ്യായി നീരസഭാവത്തിൽ പറഞ്ഞയച്ചു. യാചകൻ ദുഃഖനിരാശയുംപൂണ്ടു കടന്നുപോയി. കുറെക്കഴിഞ്ഞ് ഫ്റാൻസിസ് കാര്യഗൗരവം മനസ്സിലാക്കിയപ്പോൾ യാചകൻെറ പിന്നാലെ ഓടിച്ചെല്ലുകയും കൈവശമുണ്ടായിരുന്ന പണമത്രയും അവൻെറ കയ്യിൽ അർപ്പിക്കുയും ചെയ്തു. പാവപ്പെട്ടവനെ അനുകമ്പാരഹിതം വീക്ഷിക്കുന്ന സ്വാർത്ഥബുദ്ധികളും കഠിനഹൃദയരും സുഖലോലുപരുമായ ധനികരിൽ പ്രത്യക്ഷപ്പെടുന്ന നിന്ദ്യവും നിഷ്ഠുരവുമായ സ്വഭാവത്തെ ഫ്റാൻസിസ് ആ സമയത്തു മനസ്സിലാക്കിയിരുന്നോ? ലോകത്തിലെ ദുരിതഭ്രയിഷ്ഠതയുടെ ദയനീയ വിലാപസ്വരം അദ്ദേഹം ശ്രവിച്ചിരുന്നോ? ഈ സംഭവത്തെത്തുടർന്നു അസ്സീസിയിലെ "യുവജനസാമ്രാട്ടി"ൽ വിസ്മയനീയമായ മാററങ്ങൾ കണ്ടു തുടങ്ങി. ആലോചനാശീലരായ മനുഷ്യർ അദ്ദേഹത്തിൽ എന്തോ ദിവ്യചൈതന്യം ഉണ്ടെന്നു വേഗത്തിൽ ഗ്രഹിച്ചു.

ഇന്നസൻറ് തൃതീയൻ പാപ്പാ 1198-ൽ സിംഹാസനാരൂഢനായപ്പോൾ സഭ ഒരു പരീക്ഷണഘട്ടത്തെ തരണം ചെയ്യുകയായിരുന്നു. മതാധികാരികളുടെ ക്രയവിക്രയം, സുഖാസക്തി പലവിധ അഴിമതികൾ ആദിയായവയാൽ ഉന്നത മതാദ്ധ്യക്ഷന്മാർ ഭൌതിക ഭരണകർത്താക്കളായി അധഃപതിച്ചുപോയിരുന്നു. അജഗണത്തിൻെറ ആദ്ധ്യാത്മികനന്മയെ അപേക്ഷിച്ചു ഭൗതിക കാര്യങ്ങളിലുള്ള വ്യഗ്രതയാണ് കൂടുതലായി അവർക്കുണ്ടായിരുന്നതു്. നിർദ്ധനരും അജ്ഞരുമായിരുന്ന സാധാരണ വൈദികരിലും ഒരു നല്ലപങ്കു ദുഷിച്ചു വശായിരുന്നു. ആശ്രമവാസികളായ സന്യാസിമാരിൽ വളരെപ്പേർ അവരുടെ പ്രശസ്തമായ പാരമ്പര്യം വിസ്മരിച്ചു അമിതസുഖാനുഭവങ്ങളിൽ മുഴുകി ജീവിച്ചിരുന്നു.

ഈവക ദോഷകരമായ തിന്മകളെ ഉന്മൂലനം ചെയ്ത് സഭയെ പൂർവ്വാവസ്ഥയിലേയ്ക്കു ആനയിക്കുന്നതിനെന്ന ഭാവേന ഒട്ടേറെ സംഘങ്ങൾ ആവിർഭവിച്ചു. അവയെല്ലാം അബദ്ധജടിലമായിത്തീരുകയും നിലവിലിരുന്ന തിന്മകളെ നിവാരണം ചെയ്യുന്നതിനുപകരം അവയെ വർദ്ധിപ്പിക്കുകയാണു ചെയ്തതു്. വി: ഫ്റാൻസിസ് അസ്സീസിക്കു സഭയെ പരിഷ്കരിക്കണമെന്ന ചിന്ത ഒരു ക്ഷണനേരത്തേക്കുപോലും ഉണ്ടായില്ല. സഭാമാതാവിൻെറ വിശ്വസ്തസന്താനമെന്ന നിലയിൽ അവളുടെ അനുമതിയും അംഗീകാരവുമില്ലാതെ ഒരു കാര്യത്തിലും പ്രവർത്തിക്കുന്നതിനു അദ്ദേഹം ആഗ്രഹിച്ചില്ല. പന്ത്രണ്ടു ശിഷ്യരെ ലഭിച്ചമാത്രയിൽ അവരെ റോമ്മിലേക്കു കൊണ്ടുപോകയും പരിശുദ്ധപിതാവിൻെറ സന്നിധിയിൽ സമർപ്പിച്ച് തങ്ങളുടെ ജീവിതരീതിക്കു പരിശുദ്ധപിതാവിൻെറ ആശീർവ്വാദവും അംഗീകാരവും നേടുകയുമാണുണ്ടായതു്. സഭാധികാരികളോടും വൈദികരോടും അത്യധികം ബഹുമാനവും അനുസരണവും കാണിക്കുന്നതിനു ഉപദേശങ്ങളാലും സ്വമാതൃകയാലും തൻെറ അനുയായികളെ പരിശീലിപ്പിച്ചിരുന്നു. വിശുദ്ധൻെറ മരണശാസനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വാക്കുകളെ ഉദ്ധരിക്കുകമാത്രം ചെയ്യുന്നു. “വൈദികപട്ടം സ്വീകരിച്ച പരിശുദ്ധ റോമാസഭയുടെ നിയമാനുസരണം ജീവിക്കുന്ന വൈദികരിൽ കർത്താവു എനിക്കു നൽകിയിട്ടുള്ളതും ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നതുമായ അഭംഗമായ വിശ്വാസം നിമിത്തം അവർ എന്നെ പീഡിപ്പിച്ചാലും അവരിൽത്തന്നെ ഞാൻ ശരണംവയ്ക്കും. ഞാൻ സോളമനേപ്പോലെ ജ്ഞാനിയും, വൈദീകർ ലോകരീത്യാ അല്പജ്ഞരും ആണെന്നു വന്നാൽതന്നെയും അവർക്കു ഹിതകരമല്ലെങ്കിൽ ഞാൻ അവരുടെ ഇടവകകളിൽ പ്രസംഗിക്കുകയില്ല. എല്ലാ വൈദികരോടും എൻെറ അധിപന്മാർ എന്നനിലയിൽ സ്നേഹാദരബഹുമാനങ്ങൾ എനിക്കു ഉണ്ടായിരിക്കുന്നതാണു്. അവരിൽ ദൈവപുത്രനെ ദർശിക്കുന്ന

ത്തുകൊണ്ടും അവർ എൻെറ അധിപന്മാരാകയാലും അവരുടെ യാതൊരു പാപത്തേയും ഞാൻ പരിഗണിക്കയില്ല..........''

വിശുദ്ധൻെറ ഈ സ്വഭാവഗുണം ശ്രദ്ധാവിഷയമാക്കുന്നതു് സാമൂഹ്യമായി വീക്ഷിച്ചാലും പ്രയോജനപ്രദവും സന്ദർഭോചിതവുമായിരിക്കും. എന്തുകൊണ്ടെന്നാൽ ഇക്കാലത്തു മാത്രമല്ല എല്ലാക്കാലങ്ങളിലും ലോകത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള അബദ്ധസിദ്ധാന്തങ്ങൾ ദൈവത്തോടും ദൈവത്തിൻെറ പ്രതിനിധികളായ വൈദികരോടുമുള്ള വിദ്വേഷത്തിൽനിന്നു ഉടലെടുത്തിട്ടുള്ളവയല്ലേ?

മററു വിശുദ്ധന്മാരിൽനിന്നു വ്യത്യസ്തനായി സാമൂഹ്യപരിഷ്കർത്താവെന്നനിലയിൽ ഉന്നതിപ്രാപിച്ചിരിക്കുന്ന വിശുദ്ധ ഫ്രാൻസിസിൽ പ്രശോഭിച്ചിരുന്ന ഒരു സ്വഭാവഗുണത്തെപ്പററി സവിശേഷം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. വ്യക്തികളുടെയും, കുടുംബങ്ങളുടെയും, രാഷ്ട്രങ്ങളുടെതന്നെയും ജീവിതത്തെ ഹൃദ്യവും സൗഭാഗ്യപ്രദവുമാക്കിത്തീർക്കുക എന്നതാണു് സുവിശേഷപ്രബോധനങ്ങളുടെ കാതൽ എന്നു് ഒരു സന്ദർഭത്തിൽ ദൈവപ്രേരിതമായി അദ്ദേഹം ഗ്രഹിച്ചു. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ദരിദ്രനായ ക്രിസ്തുവിൻെറ ജീവിതാവിഷ്ക്കരണം മാത്രമായിരുന്നു സുവിശേഷഗ്രന്ഥങ്ങൾ. ക്രിസ്തുവിനെ അനുകരിക്കുവാൻ നിശ്ചയിച്ചശേഷം പരിശുദ്ധമായ ദാരിദ്ര്യത്തെ പ്രേയസിയായും നാഥയായും ഹൃദയപൂർവ്വം ആശ്ലേഷിക്കേണ്ടതാണെന്നു അദ്ദേഹം ഗ്രഹിച്ചു. ആ പുണ്യശ്ലോകൻ അസ്സീസിയിലെ മെത്രാൻെറ കച്ചേരിയിൽവച്ചു് സർവ്വസ്വത്തും പരിത്യജിക്കയും ദാരിദ്ര്യാംബികയെ വരിക്കയും ചെയ്തു. സുവിശേഷബോധനങ്ങളെ അവയുടെ മൂലാർത്ഥത്തിലും നൈർമ്മല്യത്തിലും ജീവിതവ്രതമായി സ്വീകരിക്കയും ചെയ്തു. അദ്ദേഹത്തെ അനുകരിക്കാൻ ആഗ്രഹിക്കുന്നവർ സർവ്വസംഗപരിത്യാഗം അവശ്യം അനുഷ്ഠിക്കണമെന്നു നിർബ്ബന്ധിക്കുന്നതിൻെറ രഹസ്യം ഇതാണു്: ''നിങ്ങൾപോയി സർവ്വസ്വവും വിററു് ദരിദ്രർക്കു

നൽകുക; അതിനുശേഷം എന്നെ അനുഗമിക്കുക" എന്ന സുവിശേഷവാക്യമാണ് തൻെറ അനുഗാമികളെ ആവത്തിച്ചു പഠിപ്പിക്കുന്നതു്. എല്ലാവരും ലജ്ജാകരമായി കരുതുന്ന ദാരിദ്ര്യത്തെ അദ്ദേഹം അതിമാത്രം സ്നേഹിച്ചിരുന്നു. അദ്ദേഹം ദാരിദ്ര്യത്തെ ദൈവസ്നേഹത്തിൻെറ പരമലക്ഷ്യമായിക്കരുതി ആദരിച്ചിരുന്നു; എന്തുകൊണ്ടെന്നാൽ ദാരിദ്ര്യഫലമായി അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ സഹിക്കുന്നതുകൊണ്ടു് സാവധാനമായി രക്തസാക്ഷിപദം സിദ്ധിക്കതന്നെ ചെയ്യുന്നു.

ദാരിദ്ര്യാംബികയെ സ്വയം വരിച്ചതുനിമിത്തം ഫ്രാൻസിസും അനുയായികളും ജീവസന്ധാരണാൎത്ഥം അദ്ധ്വാനിക്കേണ്ടതായി വന്നുകൂടി. ഈ സ്ഥിതി പലരും അവമാനകരവും ദുഃഖഹവുമായിക്കരുതുന്നുണ്ടല്ലോ. ഫ്രാൻസിസും കൂട്ടരും അവരുടെ പഴയ തൊഴിലുകളെ പ്രേഷിതവേലയ്ക്കുള്ള ഫലപ്രദമായ പ്രവർത്തനമാൎഗ്ഗമായിക്കരുതി, കത്തോലിക്കാപ്രവൎത്തനത്തിനു് അഥവാ തൊഴിലാളികൾക്കുവേണ്ടിയുള്ള തൊഴിലാളികളുടെ പ്രേഷിതപ്രവൎത്തനങ്ങൾക്കു് അവർ മാൎഗ്ഗദർശികളായിത്തീൎന്നു. വാസ്തവത്തിൽ ആരംഭഘട്ടത്തിൽ ഫ്രാൻസിസ്കൻ പ്രസ്ഥാനം കേവലം കത്തോലിക്കാപ്രവൎത്തനം മാത്രമായിരുന്നു. തിരുസ്സഭ വിശുദ്ധ ഫ്രാൻസിസിനെ കത്തോലിക്കാപ്രവൎത്തനത്തിൻെറ മദ്ധ്യസ്ഥനായി തെരഞ്ഞെടുത്തിരിക്കുന്നതു ഇക്കാരണത്താലാണു്.

ഭൗതികവസ്തുക്കളെ മാത്രമല്ല ഫ്രാൻസിസു് ഉപേക്ഷിച്ചതു്. പ്രശസ്തിയും ബഹുമാനവും സ്ഥാനമാനങ്ങളും പാടേ പരിവർജ്ജിക്കേണ്ടതാണെന്നു തീരുമാനിച്ചു. ഔന്നത്യവും സ്ഥാനമാനങ്ങളും പ്രാപിക്കുന്നതായാൽ തങ്ങൾ ഇതരന്മാരെ അപേക്ഷിച്ചു് ശ്രേഷ്ഠവൎഗ്ഗമാണെന്നുള്ള ബോധം ജനിക്കുന്നതിനും അങ്ങനെ മനുഷ്യർതമ്മിലുള്ള അകൽച്ച വൎദ്ധിക്കുന്നതിനും ഇടയുണ്ടു്. ഈ ശ്രേഷ്ഠതാഭാവംപോലെ സുവിശേഷചൈതന്യത്തിനു കടകവിരുദ്ധമായി മറെറാന്നുമില്ല. ഫ്രാൻ

സിസും ശിഷ്യസമൂഹവും സ്ഥാനമാനങ്ങളെല്ലാം ചവിട്ടിത്തള്ളുകയാണു് ചെയ്തതു്.

ജനസമൂഹത്തിൽ സമാധാനം സംസ്ഥാപിക്കുന്നതിനു ഫ്രാൻസിസും അദ്ദേഹത്തിൻെറ സഭാംഗങ്ങളും അനുഷ്ഠിച്ചിട്ടുള്ള മഹനീയ സേവനം ലോകം ഒരു നാളും വിസ്മരിക്കുകയില്ല. മദ്ധ്യയുഗങ്ങൾ യുദ്ധങ്ങളും അന്തഃഛിദ്രങ്ങളും നിറഞ്ഞവയായിരുന്നു. ഫ്യൂഡൽ സമ്പ്രദായത്തിൻെറ ദോഷഫലമായി യൂറോപ്പുമുഴുവൻ രക്തപ്പുഴയിൽ ആറാടിക്കൊണ്ടിരുന്നു. സച്ഛത്രുഹൃദയവേദനയും പ്രതികാരത്തിനുള്ള മുറവിളിയുമേ ഉണ്ടായിരുന്നുള്ളു. തടിച്ചുകൂടിയ വിദ്വേഷത്തിൻേറയും അമർഷത്തിൻേറയും കുമ്പാരത്തിന്മേൽ ശാന്തസുരഭിലമായ സ്നേഹവർഷം ചൊരിയുന്നതിനു് ഫ്രാൻസിസ്കൻ പ്രസ്ഥാനത്തിനു മാത്രമെ കഴിഞ്ഞുള്ളു. ആർദ്രചിത്തതയോടെ പരസ്പരം ദീനാനുകമ്പ പ്രദർശിപ്പിക്കുന്ന ഒരു കാഴ്ച ലോകത്തിനു് ആദ്യമായി ലഭിച്ചതു് ഫ്രാൻസിസ്കൻ പ്രസ്ഥാനത്തിൻെറ ആവിർഭാവത്തോടെയാണു്. "ഫ്റയേഴ്സ് മൈനർ" എന്നറിയപ്പെട്ടുന്ന സഹോദരന്മാർ, സ്വസഹോദരന്മാരെ മാതാവു് സ്വപുത്രനെ എന്നപോലെ സ്നേഹപൂർവ്വം പരിചരിക്കണമെന്നു് ഫ്രാൻസിസ് ആഗ്രഹിച്ചിരുന്നു. ഫ്രാൻസിസ് വേണ്ടുവോളം മാതൃകകാണിച്ചുകൊടുത്തിരുന്നു. മൂന്നു മോഷ്ടാക്കളെ മാനസാന്തരപ്പെടുത്തിയ പ്രസിദ്ധ സംഭവം വ്യക്തമാക്കുന്നതുപോലെ അദ്ദേഹത്തിൻെറ ദീനദയയ്ക്കും സ്നേഹത്തിനും ശത്രുക്കളും ദുഷ്ടന്മാരും പാത്രമായിരുന്നു.

ഈ വിധത്തിലുള്ള പ്രേഷിതവേലയുടെ ഫലം നിഷ്പ്രയാസം ഊഹിക്കാവുന്നതാണു്. സുഖക്ഷേമജീവിതത്തോടു് സന്തോഷസമേതം അവജ്ഞ പ്രദർശിപ്പിച്ചുകൊണ്ടു് ദാരിദ്ര്യം സ്വീകരിച്ചിരുന്നതിനാൽ സാധാരണജനങ്ങളുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നതിനും അവരുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നേരിട്ടു ഗ്രഹിക്കുന്നതിനും ഫ്രാൻസിസിനു്

കഴിഞ്ഞിരുന്നു. അവരുടെ മനോധൈര്യത്തെ ഉത്തേജിപ്പിക്കുന്നതിനും അസന്തുഷ്ടിയും ക്രോധവും ശമിപ്പിക്കുന്നതിനും ജീവിതം മരണത്തോടെ അവസാനിക്കുന്നില്ലെന്നു ധനികദരിദ്രഭേദം കൂടാതെ ഏവരെയും മനസ്സിലാക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചിരുന്നു.

നാനാദേശത്തുനിന്നും ധനികനും ദരിദ്രനും പണ്ഡിതനും പാമരനും, വൈദികരും സന്യാസികളും ഈ ദൈവദാസന്മാരെ കാണുന്നതിനും അവരുടെ പ്രഭാഷണങ്ങൾ ശ്രവിക്കുന്നതിനും ഓടിക്കൂടി. ലളിതമായ അവരുടെ പ്രബോധനങ്ങളും അതനുസരിച്ചുള്ള ജീവിതവും ജനഹൃദയങ്ങളിൽ ഉചിതമായ പ്രതിധ്വനി ഉളവാക്കി. ഫ്രാൻസിസ്കൻ പ്രസ്ഥാനത്തിനു് അത്ഭുതകരമായ വിജയവും പ്രചാരവും സിദ്ധിക്കയും ചെയ്തു.

ഫ്രാൻസിസിൻെറയും അനുയായികളുടേയും ഉപദേശങ്ങൾ ആത്മാക്കളിൽ സുവിശേഷാദർശങ്ങളെ ഉത്തേജിപ്പിക്കയും പുനരുജ്ജീവിപ്പിക്കുകയുംചെയ്തു. "ഫ്രയേഴ്സ് മൈനർ" എന്നറിയപ്പെടുന്ന സന്യാസിമാരുടെ പദവിയിൽ പ്രവേശിക്കാൻ കഴിയാതെ കുടുംബജീവിതം നയിച്ചിരുന്നവർക്കു് പ്രത്യേകജീവിതരീതി അവലംബിക്കേണ്ടി വന്നു. ഫ്രാൻസിസിൻെറ ജീവിതത്താലും ഉപദേശത്താലും പ്രബുദ്ധരായ സ്ത്രീപുരുഷന്മാർ പ്രത്യേകം സംഘങ്ങളായി തിരിഞ്ഞു വിശുദ്ധൻെറ ആദർശങ്ങൾ അനുസരിച്ചു പ്രവർത്തിച്ചുതുടങ്ങി. ജനങ്ങളുടെ ഉത്സാഹപ്രകടനം തന്നെ അത്യധികം സന്തോഷിപ്പിച്ചെങ്കിലും വിവേകത്തോടും സാവധാനമായും പ്രവർത്തിക്കേണ്ടതിൻെറ ആവശ്യം അദ്ദേഹം മനസ്സിലാക്കി. ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപെടുത്തുന്നതു് യുക്തമല്ലല്ലൊ. മാത്രമല്ലാ, എല്ലാവർക്കും ഒരുപോലെ ലോകം ഉപേക്ഷിക്കുവാൻ സാദ്ധ്യവുമല്ലല്ലൊ. ഈ കാര്യം വിശുദ്ധൻ ചിന്താവിഷയമാക്കുകയും ഇങ്ങനെയുള്ളവരിൽ ക്രിസ്തീ

യ സുകൃതങ്ങളെ നിലനിറുത്തുകയും പരിപോഷിപ്പിക്കയും ചെയ്യുന്നതിനുവേണ്ടി അവരെ ഉദ്ദേശിച്ചു് ഒരു പ്രത്യേക ജീവിതക്രമം ഏർപ്പെടുത്തേണ്ടതു് അത്യാവശ്യമെന്നു ഗ്രഹിക്കുകയും ചെയ്തു. ഇങ്ങനെയാണു് മൂന്നാംസഭ ആവിർഭവിച്ചതു്.

ലോകജീവിതം നയിക്കുന്നവർക്കായിട്ടാണു് മൂന്നാംസഭ ഏർപ്പെടുത്തിയിരിക്കുന്നതു്. അസാധാരണമായ ഭക്തമുറകൾ ഒന്നും വിധിക്കാതെ കുടുംബത്തിൽ സുവിശേഷചൈതന്യം ഉളവാക്കുന്നതിനു് ഇതു സഹായിക്കുന്നു; സുഖഭോഗാസക്തവും ലൌകികവിനോദതല്പരതയും പാടെ നിഷേധിക്കയും ജീവകാരുണ്യപരമായ പ്രവൃത്തികളെ നിർദ്ദേശിക്കയും ചെയ്യുന്നു. വ്യക്തികളെ വിശുദ്ധീകരിക്കാൻ മൂന്നാംസഭയ്ക്കു് അസാമാന്യമായ ശക്തിയുണ്ടു്. ചില പ്രത്യേക ക്രമീകരണങ്ങൾമുഖേന സാമൂഹ്യപരിഷ്കാരത്തേയും സഹായിക്കുന്നതിനാൽ "മൂന്നാംസഭ, മനുഷ്യരിൽ നീതിബോധം ഉളവാക്കുന്നതിനായി ആവിർഭവിച്ചിട്ടുള്ള പ്രസ്ഥാനങ്ങളിൽവച്ചു് ഏററവും മഹത്തായ ഒന്നു തന്നെ".

വ്യക്തികളുടെ വിശുദ്ധീകരണം സാധിച്ചതു കൂടാതെ മൂന്നാംസഭാനിയമത്തിൻെറ VI-ാം വകുപ്പിനു സാമൂഹ്യമായും രാഷ്ട്രീയമായും പരമ പ്രാധാന്യം ഉണ്ടായിരുന്നു. നിരന്തരം തമ്മിൽ പോരാടിക്കൊണ്ടിരുന്ന പ്രഭുക്കന്മാർ "സത്യപ്രതിജ്ഞ"ചെയ്ത കുടിയാന്മാരെ സദാ ആയുധപ്രയോഗത്തിനു് നിർബ്ബന്ധിച്ചുകൊണ്ടിരുന്നു. മൂന്നാംസഭാനിയമം അംഗങ്ങളുടെ "സത്യപ്രതിജ്ഞ"യേയും, രാജ്യത്തിൻെറയും പരിശുദ്ധസിംഹാസനത്തിൻെറയും രക്ഷാർത്ഥമല്ലാതെയുള്ള ആയുധസ്വീകരണത്തേയും നിരോധിച്ചു. തന്നിമിത്തം പ്രഭുക്കന്മാർക്കു് മേലിൽ അനീതിപരമായ യുദ്ധപ്രഖ്യാപനത്തിനുള്ള മാർഗ്ഗം അടസ്സപ്പെട്ടു. ഇക്കാരണത്താലും ഇററലിയിലും സമീപരാജ്യങ്ങളിലും മൂന്നാംസഭ അതിവേഗത്തിൽ വ്യാപിച്ചു. എല്ലാത്ത

രക്കാരും, വർഗ്ഗക്കാരും മൂന്നാംസഭവഴി ഒരുമിച്ചു ചേർന്നതിന്റെ ഫലമായി പ്രഭുക്കന്മാരുടെ രക്തപങ്കിലമായ യുദ്ധങ്ങളെ തടയുന്നതിനുമാത്രമല്ല, സഭയ്ക്കും, ഇററലിരാജ്യത്തിനും എതിരായി ദ്രോഹോദ്യമത്തിനു് മുതിർന്ന ഫ്രെഡറിക്കു് ദ്വിതീയന്റെ (1194—1250) കപടതന്ത്രങ്ങളെ സുശക്തമായി ചെറുക്കുന്നതിനും സാധിച്ചു.

ആദിമസഭയുടെ ശക്തിയും സ്വാധീനബലവും തിരുസ്സഭയ്ക്കു് വീണ്ടും നൽകുന്നതിനു് വി. ഫ്റാൻസിസിനു് സാധിച്ചു. ദരിദ്രരും, ദീനരുമായവരുടെ സംരക്ഷണത്തിനു് മതാദ്ധ്യക്ഷന്മാരേയും വൈദികരേയും പ്രബുദ്ധരാക്കിത്തീർത്തു നവീകരിക്കുന്നതിനും അദ്ദേഹത്തിനു് കഴിവുണ്ടായി.

ഒരു യഥാർത്ഥ ഫ്റാൻസിസ്ക്കൻ സഭാംഗം ക്രിസ്തുവിൽ ഭക്തിയോടുകൂടി ആത്മാക്കളുടേയും സമുദായത്തിന്റേയും ക്ഷേമത്തിനായി പ്രവർത്തിക്കുന്നു. താൻ ജീവിക്കുന്ന കാലഘട്ടത്തിലെ ആവശ്യങ്ങളും, അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങളുടെ കുഴഞ്ഞ സ്വഭാവവും ഗ്രഹിച്ചുകൊണ്ടു സ്വന്തം സാഹചര്യങ്ങൾ അനുസരിച്ചു തൽപരിഹാരാർത്ഥം പ്രയത്നിക്കുന്നു. ഒരു യഥാർത്ഥ ഫ്റാൻസിസ്ക്കൻ സഭാംഗം ഏതൊരു ജീവിതാവസ്ഥയിൽ വർത്തിക്കണമെന്നാണോ ദൈവഹിതം, ആ അവസ്ഥയിൽ ഇരുന്നുകൊണ്ടു്, കുടുംബത്തിലാകട്ടെ, സാധാരണ ജീവിതത്തിലാകട്ടെ, തൊഴിൽരംഗത്താകട്ടെ, വ്യർത്ഥമായ ആഡംബരങ്ങളേയും സുഖാനുഭവത്തെയും ത്യജിച്ചുകൊണ്ടു ജീവിക്കുന്നു. അവസാനമായി തീക്ഷ്ണതയോടും ദൃഢനിശ്ചയത്തോടുംകൂടി സഭയോടും വൈദികരോടും അന്യർ കാണിക്കുന്ന ധിക്കാരപരമായ എതിർപ്പിനു് ഭക്ത്യാദരസമേതമായ പരിപൂർണ്ണ കീഴ്‌വഴക്കത്താൽ പരിഹാരംചെയ്യുന്നു. മൃഗീയമായ സ്വാർത്ഥത, വിദ്വേഷം, അസൂയ, പ്രതികാരം മുതലായ സാമൂഹ്യകലാപഹേതുക്കളെ ക്രിസ്തീയമായ സഹോദരസ്നേഹംകൊണ്ടു നിവാരണം ചെയ്യുന്നു. സുഖത്തിലും നിന്ദ്യമായ ആദായത്തിലുമുള്ള ക്രമമ

ററ ആഗ്രഹം, അദ്ധ്വാനിക്കുന്നതിലുള്ള അവജ്ഞ, സാമ്പത്രീകവും അതിഗർഹണീയവുമായ വഞ്ചന, മനുഷ്യരെ കഠിനഹൃദയരാക്കുകയും യഥാർത്ഥ സുഖം നൽകാതെ കുടുംബത്തെ നശിപ്പിക്കുകയും ചെയ്യുന്ന ദ്രവ്യേച്ഛ ആദിയായ തിന്മകളെ പരിത്യാഗങ്ങൾകൊണ്ടും സുവിശേഷാനുസൃതമായ ദാരിദ്ര്യസ്വീകരണംകൊണ്ടും ആഡംബരരഹിതമായ ജീവിതംകൊണ്ടും പരിഹരിക്കുന്നതിനു് ഒരു യഥാർത്ഥ ഫ്റാൻസിസ്കൻ മൂന്നാം സഭാംഗത്തിനു സാധിക്കുന്നു.

# * തപസ്സിൻെറ സഭ.

ബ. സഹോദരരേ, പ്രിയമക്കളേ!

ദാരിദ്ര്യം ഒരു ശാപമായും തപസ്സ സന്ന്യാസികളുടെ കാര്യം മാത്രമായും കരുതുന്ന ഈ ലോകത്തിൽ ഹൃദയദാരിദ്ര്യവും തപസ്സും ഉപദേശിക്കുന്നവർ പുറംതള്ളിപ്പോകയാണു് ചെയ്യാറുള്ളതു്. അവരെ കേൾക്കുന്നതിനു ചെവിയില്ല, അവരെ അനുകരിക്കുന്നതിനു് കണ്ണുമില്ല. എല്ലാ സ്ഥലത്തും എല്ലാക്കാലത്തും കാണുന്ന ഈ മനഃസ്ഥിതി മാററി ഹൃദയദാരിദ്ര്യത്തെ സ്നേഹിക്കുന്നതിനും ക്ലേശങ്ങളെ സഹിക്കുന്നതിനും, ത്യാഗപ്രവൃത്തികൾ ധാരാളമായി ചെയ്യുന്നതിനും പ്രേരിപ്പിക്കുവാൻ കഴിയുന്ന ഒരു ശക്തിയെ പലരും മറന്നുകളഞ്ഞിരിക്കുന്നതുപോലെ തോന്നുന്നു. "തപസ്സിൻെറ സഭ" എന്നു വിളിക്കുന്ന വി. ഫ്രാൻസിസിൻെറ മൂന്നാം സഭയാണു് ഇവിടെ ഉദ്ദേശിച്ചിരിക്കുന്ന ആ ശക്തി. സന്ന്യാസഅന്തസ്സുസ്വീകരിക്കുവാൻ തയ്യാറാകുന്ന പുരുഷന്മാക്കും സ്ത്രീകൾക്കും സഭകൾ സ്ഥാപിച്ചതിൻെറ ശേഷം ലോകത്തിൽ ജീവിക്കുന്നവക്കു് പ്രസ്തുത സന്ന്യാസസഭകളുടെ ചൈതന്യം പ്രാപിക്കുന്നതിനുള്ള മാഗ്ഗം തെളിയിച്ചുകൊടുക്കുവാനായി വി. ഫ്റാൻസിസ് സ്ഥാപിച്ചതാണു് മൂന്നാംസഭ.

ഈ സഭയുടെ സ്ഥാപനചരിത്രം ശ്രദ്ധേയമായ ഒന്നാണു്. ഇന്നത്തേപ്പോലെയുള്ള ഒരു ലോകത്തിൽത്തന്നെയായിരുന്നു അതിൻെറ ഉല്പത്തി. 1121-ലെ ലോകവും, 1945-ലെ ലോകവും തമ്മിലുള്ള വ്യത്യാസം അത്ര വലുതല്ല. ഇന്നത്തേപ്പോലെതന്നെ മനുഷ്യക്കു സമ്പത്തിനും, ബഹുമാനത്തിനും, സുഖഭോഗങ്ങൾക്കുമുള്ള അതിമോഹം അന്നുമുണ്ടായിരുന്നു. ദ

---

* മഹാ ഭിവ്യശ്രീ മാർ ആഗസ്റ്റിൻ കണ്ടത്തിൽ, എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് 1945-ൽ പരസ്യപ്പെടുത്തിയ ഇടയലേഖനം.

രിദ്രരേയും സാധുക്കളേയും ഞെരുക്കുന്നതിനു ധനികൎക്കു് ഇന്നു
ള്ള വാസന അന്നുമുണ്ടായിരുന്നു. നിസ്സാരമായ സംഗതികൾ
ക്കു അയൽനാടുകളും, വീടുകളും, പട്ടണങ്ങളും തമ്മിൽ ശണ്ഠ
കൂടിയിരുന്നു. ഇങ്ങനെയുള്ള ലോകത്തിൽ പരസ്നേഹം, പരി
ത്യാഗം, ഹൃദയദാരിദ്ര്യം എന്നിവ ഉപദേശിക്കുവാനും ജനങ്ങ
ളെക്കൊണ്ടു് അവ അഭ്യസിപ്പിക്കുവാനും ഏവരും പരിശ്രമി
ക്കേണ്ടതുതന്നെ. ല്യൂക്കേസ്യ എന്ന സമ്പന്നനായ ഒരു കച്ചവ
ടക്കാരനും അയാളുടെ ഭാര്യ ബൊനദോനായും ഫ്റാൻസിസ്ക്ക
ൻസന്യാസസഭകളിലെ ജീവിതക്രമത്താൽ ആകൎഷിക്കപ്പെട്ട
തിൻെറ ഫലമായി അവൎക്കു സ്വന്ത കുടുംബത്തിൽ താമസിച്ചു
സന്യാസജീവിതമുറയെ ഏതെങ്കിലുംവിധത്തിൽ അനുകരിക്കു
വാൻ ഒരു മാൎഗ്ഗമുണ്ടോഎന്നു് അസ്സീസിയിലെ വിശുദ്ധ ഫ്
റാൻസിസിനോടു് ആവശ്യപ്പെടുകയുണ്ടായി. അവരുടെ അ
ഗ്രഹമനുസരിച്ചു്, വിശുദ്ധൻ കുറെക്കാലമായി സ്ഥാപിക്കുവാ
നാഗ്രഹിച്ചുകൊണ്ടിരുന്ന മൂന്നാം സഭ ആരംഭിച്ചു് അതിനുള്ള
നിയമങ്ങൾ അദ്ദേഹം എഴുതിയുണ്ടാക്കി. ഇങ്ങനെ ഫ്റാൻ
സിസ്കൻസന്യാസികളുടെ ജീവിതക്രമത്തെ സന്യാസാശ്രമ
ങ്ങളിൽനിന്നു് പുറത്തുകൊണ്ടുവന്നു് ഓരോ വീട്ടിലും പ്രവേ
ശിപ്പിക്കുവാനുള്ള വഴി വെട്ടിത്തെളിച്ചു.

കുടുംബജീവിതത്തിൽ സ്ഥലം പിടിച്ച പുതിയ ഈ സഭ
യുടെ ശരിയായ മേന്മ ഗ്രഹിക്കുന്നതിനു് വിശുദ്ധ ഫ്റാൻ
സിസിൻെറ ജീവിതവൈശിഷ്ട്യം ഗ്രഹിച്ചാലേ മതിയാവൂ.
വിശുദ്ധൻെറ ജീവിതചര്യയുടെ മാഹാത്മ്യം ഗ്രഹിക്കുവാൻ
അസ്സീസിയിലെ മെത്രാൻെറ അരമനയിൽവച്ചു് നടന്ന ചരി
ത്രപ്രസിദ്ധമായ രംഗത്തെപ്പറ്റി ചിന്തിക്കാം. ആ സ
ന്ദൎഭത്തിൽ അദ്ദേഹം പ്രദൎശിപ്പിച്ച ദാരിദ്ര്യത്തിൻെറയും
ത്യാഗത്തിൻെറയും തപസ്സിൻെറയും ചൈതന്യമാണു് അദ്ദേ
ഹത്തിൻെറ ജീവിതം മുഴുവനിലും നാം കാണുന്നതു്. കുടുംബ
സ്വത്തു് അനുവാദംകൂടാതെ എടുത്തു് അഴിമതിപ്പെടുത്തുന്ന



ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ
എറണാകുളം അതിരൂപതയിലെ പെററിസെമിനാരി:

വെന്ന കുററം ചുമത്തി ഫ്റാൻസീസിനെ മെത്രാസനക്കച്ചേരിയിൽ ഹാജരാക്കി. അവിടെവച്ചു് തനിക്കുള്ള സകല സമ്പത്തും, അനന്തരാവകാശങ്ങളും, താൻ ധരിച്ചിരുന്ന രോമച്ചട്ടയൊഴിച്ചുള്ള വസ്ത്രങ്ങളും സ്വപിതാവിൻെറ പാദത്തിങ്കൽ വച്ചുകൊണ്ടു് അവിടെ സന്നിഹിതരായിരുന്നവരോടായി ഇപ്രകാരം പ്രസ്താവിച്ചു: "ഞാൻ പറയുവാൻപോകുന്നതിനെ നിങ്ങൾ എല്ലാവരും സദയം ശ്രവിക്കണമെ. ഈ വിനാഴികവരേയും എൻെറ പിതാവായ പീററർ ബർനാർഡിനെ ഞാൻ അപ്പാ എന്നു വിളിച്ചിരുന്നു. എന്നാൽ എൻെറ ദിവ്യരക്ഷകനുവേണ്ടി ജോലിചെയ്യുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ ഈ പിതാവിൽനിന്നു് ഞാൻ സ്വീകരിച്ചിട്ടുള്ള ധനവും വസ്ത്രവുമെല്ലാം ഇതാ തിരികെ കൊടുത്തിരിക്കുന്നു. ഇനിമേൽ ദൈവത്തെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്നു ഞാൻ വിളിക്കും." ഇങ്ങിനെ ജീവിതമാരംഭിച്ച വി. ഫ്രാൻസിസ് പിന്നീടു് വേറൊരു മ്ശിഹായെപ്പോലെ വ്യാപരിച്ചുവെന്നു് പറയുന്നതിൽ എന്തു വിസ്മയമാണുള്ളതു്?. ഭാഗ്യസ്മരണാർഹനായ പത്താം പീയൂസ് മാർപ്പാപ്പാ പറയുന്നതു കേട്ടാലും. "ലോകരക്ഷിതാവായ ഈശോമിശിഹായുടെ ജീവനുള്ള രൂപമായിത്തീരുന്നതിനു് പരിശ്രമിച്ച സകല വിശുദ്ധന്മാരുടേയും മദ്ധ്യേ വി. ഫ്റാൻസിസ് വിളങ്ങിപ്രകാശിക്കുന്നു. ബെത്ലഹമിൽ പിറക്കയും നസ്രസിൽ വേല ചെയ്കയും പലസ്തീനായിൽ പഠിപ്പിക്കയും ഗാഗുൽത്തായിൽ മരിക്കയുംചെയ്ത ഈശോയുടെ ഏററം ശരിയായ പ്രതിമ ഇദ്ദേഹമായിരുന്നു." പതിനൊന്നാം പീയൂസ് മാർപാപ്പായുടെ വാക്കുകളും ശ്രദ്ധാർഹങ്ങളാണു്. "സുവിശേഷതത്വം അനുസരിച്ചു് മിശിഹാക്കു സദൃശനായി ജീവിച്ച വി. ഫ്റാൻസിസിനെപ്പോലെ വേറെ വിശുദ്ധന്മാരുണ്ടെന്നു തോന്നുന്നില്ല. ക്രിസ്തു പുനരവതരിച്ചതുപോലെ അദ്ദേഹം പ്രത്യക്ഷപ്പെട്ടതിനാൽ വേറൊരു ക്രിസ്തുവെന്നാണു് അദ്ദേഹം വിളിക്കപ്പെട്ടിരുന്നതു്."

ഇങ്ങനെയുള്ള വി. ഫ്രാൻസിസ് അസ്സീസിയുടെ ചൈതന്യം പ്രാപിക്കുവാൻ ആരാണ് ആഗ്രഹിക്കാതിരിക്കുക? അമ്പതോളം വേദസാക്ഷികളേയും ഉദ്ദേശം മുന്നൂററിഅമ്പതു പുണ്യവാന്മാരേയും ഉണ്ടാക്കിയതാണ് വി. ഫ്രാൻസിസിൻെറ മൂന്നാംസഭ. രാജാക്കന്മാരും, മെത്രാന്മാരും, കർദ്ദിനാളന്മാരും അംഗങ്ങളായി ചേർന്നിട്ടുള്ള ഈ സഭയെ ആരാണ് സ്നേഹിക്കാതിരിക്കുക? ദൈവപ്രമാണങ്ങളെ അനുസരിക്കുവാനും പരിത്യാഗസംപൂർണ്ണമായ മിശിഹായുടെ ജീവിതചര്യയെ സ്വീകരിക്കുവാനും പ്രേരണ നല്കുന്നതായ ഈ സഭയോട് ആർക്കാണ് ബഹുമാനം തോന്നാതിരിക്കുക? ഹംഗറിയിലെ വി. എലിസബത്തുരാജ്ഞിയും ഫ്രാൻസിലെ വി. ലൂയിസ് രാജാവും ആശ്ലേഷിച്ച ഈ സഭയിലെ അംഗങ്ങളാകുന്നതു് ധനികർക്ക് ഭൂഷണമല്ലെന്ന് ആരു പറയും? വി. റോക്കിയും മർഗ്ഗരീത്താ ദേ കൊർത്തോനായും അംഗങ്ങളായിരുന്ന മൂന്നാം സഭ ദരിദ്രർക്കും തൊഴിലാളികൾക്കും ഒരുപോലെ സ്വീകാര്യമല്ലയോ? മുപ്പതുലക്ഷം അംഗങ്ങളോളമുള്ള ഈ മൂന്നാംസഭ നമ്മുടെ അതിരൂപതയിൽ തന്നെ മൂന്നിലൊരുഭാഗം പള്ളികളിൽ സ്ഥാപിതമാകയും മൂവ്വായിരത്തോളം ആളുകൾ അതിൽ ചേരുകയും ചെയ്തിട്ടുണ്ടെന്നു അറിയുന്നതു് സന്തോഷകരമാകുന്നു. അംഗങ്ങളായി ചേർന്നിട്ടുള്ളവർ അനുദിനജപങ്ങളും ദിവ്യകാരുണ്യസ്വീകരണവും മാസയോഗങ്ങളും പരസ്നേഹപ്രവർത്തനങ്ങളും തങ്ങളുടെ മററു ചുമതലകളും യഥാർഹം നിർവ്വഹിക്കുന്നതായാൽതന്നെ നമ്മുടെ ഇടവകകൾ അഭിവൃദ്ധിപ്പെടുമെന്നതിനു സംശയമില്ല. മൂന്നാംസഭ സ്ഥാപിച്ചിട്ടില്ലാത്ത ഇടവകകളിലും ബ. വൈദികർ ഇതാരംഭിച്ച് ഊർജ്ജിതമായി നടത്തിക്കൊണ്ടുപോകുന്ന പക്ഷം ഈ സഭവഴി പല അനുഗ്രഹങ്ങൾ നമുക്കു കിട്ടുമെന്നുള്ളതിനു് സന്ദേഹമില്ല. വി. ലെയോൻ പാപ്പാ പറയുന്നതു കേട്ടാലും. "ഓരോരുത്തൻ പാടുപോലെ വി. ഫ്രാൻസിസ് അസ്സീസി പുണ്യവാനെ അനുകരിക്കണമെന്നു നാം വളരെ ആഗ്രഹിക്കുന്നു. ആകയാൽ ഇതിനു മുമ്പു് എല്ലായ്പോഴും വിശുദ്ധ ഫ്രാൻസിസിൻെറ മൂന്നാംസഭയുടെമേൽ പ്രത്യേകതാല്പര്യം നമുക്കുണ്ടാ

യിരുന്നതുപോലെ ഇപ്പോൾ ദൈവത്തിൻെറ ഏറ്റവും വലിയ കൃപാധിക്യത്താൽ പാപ്പാസ്ഥാനത്തിലേക്കു ഉയർത്തപ്പെട്ടിരിക്കയാൽ, എല്ലാവരും ഈശോയുടെ ഈ പരിശുദ്ധസൈന്യത്തിൽ ചേരുവാൻ താല്പര്യപ്പെടണമെന്നു സകല ക്രിസ്ത്യാനികളോടും ഉപദേശിക്കുവാൻ ഈ അവസരം നാം ഉപയോഗിച്ചുകൊള്ളുന്നു.'' പത്താംപീയൂസ് മാർപ്പാപ്പാ പറയുന്നു: "പന്ത്രണ്ടാം ശതകത്തിൽ വിശ്വാസം ക്ഷയിക്കയും തിന്മവർദ്ധിക്കയും ചെയ്തപ്പോൾ വി. ഫ്രാൻസിസിൻെറ അരൂപി ഒരു പുതിയ ജീവൻ കൊടുത്തതുപോലെ ഇക്കാലത്തുള്ള തിന്മകളെ ഇല്ലാതാക്കുന്നതിനും അവയ്ക്കു പ്രത്യൗഷധം നല്കുന്നതിനും ഉള്ള മാർഗ്ഗം ഈ മൂന്നാം സഭയുടെ അരൂപിയിൽത്തന്നെ അടങ്ങിയിരിക്കുന്നു.......ഒരു മൂന്നാം സഭക്കാരൻ, ദുർമ്മാർഗ്ഗത്തിനും, നമ്മുടെ സ്നേഹം നിറഞ്ഞ രക്ഷിതാവിനെ ഉപദ്രവിക്കുന്ന തിന്മകൾക്കും എതിരായി പോരാടുന്ന ഒരു യഥാർത്ഥ ശ്ലീഹായാകുന്നു.'' പത്താം പീയൂസ് മാർപ്പാപ്പാ പറയുന്നതുപോലെ ഇപ്പോഴുള്ള സഭാംഗങ്ങളെല്ലാവരും തങ്ങളുടെ സന്മാതൃകകൊണ്ടു് യഥാർത്ഥ ശ്ലീഹന്മാരായിത്തീരുന്നുവെങ്കിൽ, മൂന്നാംസഭ വേഗം പരന്നുകൊള്ളും.

ആകയാൽ ബ. സഹോദരരെ പ്രിയമക്കളെ, അതിരുകവിഞ്ഞ ആനന്ദത്തെ അന്വേഷിക്കുന്ന ആധുനിക ലോകത്തിനു വി. ഫ്രാൻസിസിൻെറ മൂന്നാംസഭ ക്രിസ്തീയ പരിപൂർണ്ണതയുടെ ഉച്ചിയിലേക്കു മനുഷ്യഹൃദയങ്ങളെ ആനയിക്കുന്ന ഉറപ്പുള്ള ഒരു സോവണിതന്നെയാണു്. അതിൻെറ പടികളിൽ കയറി പുണ്യപരിപൂർണ്ണത പ്രാപിക്കുന്നതിനു അനേകർക്കു വി. ഫ്രാൻസീസിൻെറ മാദ്ധ്യസ്ഥം സഹായകമാകട്ടെ എന്ന ആശംസയോടുകൂടി ബാവാ ✠ യുടെയും പുത്ര ✠ ൻെറയും റൂഹാദ്ക്കുദ് ✠ ശായുടേയും നാമത്തിൽ നിങ്ങളേവരേയും നാം ആശീർവ്വദിക്കുന്നു.

എന്നു്,

എറണാകുളത്തു് നമ്മുടെ അതിമെത്രാസനാരമനയിൽ നിന്നും

1945 മേയ് 30-ാംനു എറണാകുളം മെത്രാപ്പോലീത്താ

✠ അഗസ്റ്റീനോസ് കണ്ടത്തിൽ.

# * കത്തോലിക്കാ പ്രവർത്തനത്തിൻെറ മദ്ധ്യസ്ഥൻ

ബ. സഹോദരന്മാരെ വത്സലമക്കളെ,

"ധീരോചിതമായ പുണ്യപൂർണ്ണത പ്രാപിച്ച് തങ്ങളുടെ സ്വർഗ്ഗീയ ആസ്ഥാനങ്ങളെ അലങ്കരിക്കുന്നവരും പരിശുദ്ധാരൂപിയാൽതന്നെ തെരഞ്ഞെടുക്കപ്പെട്ടവരുമായ, മഹാ പുണ്യവാന്മാരെ തമ്മിൽ താരതമ്യവിവേചനം ചെയ്യുന്നതു ശരിയല്ല. ഇപ്രകാരമുള്ള താരതമ്യവിവേചനം ദുരുദ്ദേശപരമെങ്കിൽ, സകല നന്മയുടെയും ഉറവയായ ദൈവത്തിനു അതൃപ്തിജനകമായിരിക്കും താനും" എന്നു പ്രസ്താവിച്ചുകൊണ്ടു പതിനൊന്നാം പിയൂസു മാർപ്പാപ്പാ തുടരുന്നു: "എങ്കിലും നമ്മുടെ രക്ഷാനാഥനായ ക്രിസ്തുവിൻെറ സാദൃശ്യം ഇത്രക്കു കൂടുതൽ പ്രതിഫലിക്കുകയും, സുവിശേഷജീവിതം ഇത്രക്കു പൂർത്തീകരിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു ജീവിതം (അസ്സീസിയിലെ) ഫ്രാൻസീസിൻേറതുപോലെ വേറെയില്ല. ഇക്കാരണത്താൽ... "ദ്വിതീയക്രിസ്തു" എന്നു വളരെ ന്യായത്തോടുകൂടി ഈ പുണ്യവാനെ ലോകം വിളിച്ചുവരുന്നു. തൻെറ സമകാലീനർക്കും അനന്തര തലമുറകൾക്കും, ക്രിസ്തുതന്നെ വീണ്ടും അവതരിച്ചതുപോലെ ആയിരുന്നു, വി. ഫ്രാൻസീസ്. മനുഷ്യരാശിയെ ഉദ്ധരിക്കുന്നതിനും സഭയെ രക്ഷിക്കുന്നതിനുംവേണ്ടി ദൈവംതന്നെ അയച്ച പുണ്യവാൻ എന്നാണ് ഫ്രാൻസീസിനെ നേരിട്ടറിയാമായിരുന്ന മാർപ്പാപ്പമാർ അദ്ദേഹത്തെ വിളിച്ചിരിക്കുന്നത്."

എന്നാൽ തിന്മകളുടെയും അധഃപതനത്തിൻെറയും ആ യുഗത്തിൽ—പന്ത്രണ്ടാം നൂററാണ്ടിൽ—എന്നപോലെ ഇക്കാ

---

* ഫ്രാൻസിസ്കൻ മൂന്നാംസഭാംഗവും, കേരളത്തിലെ മൂന്നാംസഭയുടെ ഉപരക്ഷാധികാരിയുമായ നിതാന്ത വന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോർജ്ജ് ആലപ്പാട്ട്, തൃശൂർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് 1950 സെപ്ററമ്പർ മാസത്തിൽ പരസ്യപ്പെടുത്തിയ ഇടയലേഖനം.

ലത്തും എല്ലാക്കാലങ്ങളിലും ക്രൈസ്തവസമുദായത്തെ ഉദ്ധരിക്കുന്നതിനും നേർവഴിയെ നയിക്കുന്നതിനും ഫ്രാൻസിസിനെ ദൈവം നിയോഗിച്ചിരിക്കയാണെന്ന് എന്നു മാർപ്പാപ്പമാർ പലപ്രാവശ്യം ഉദ്ബോധിപ്പിച്ചിട്ടുള്ളതാണെന്ന്. വിശിഷ്യ, വിശുദ്ധന്റെ ജനനത്തിന്റെയും മരണത്തിന്റെയും 7–ാംശതാബ്ദാഘോഷാവസരങ്ങളിൽ പതിമൂന്നാം ലെയോ മാർപ്പാപ്പയും പതിനൊന്നാം പിയൂസ് മാർപ്പാപ്പയും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിശ്വലേഖനങ്ങളിലേക്കു ഈ അവസരത്തിൽ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനും അവയുടെ ഉള്ളടക്കം സംക്ഷിപ്തമായി നിങ്ങൾക്കു നല്കുന്നതിനും നാം ഉദ്ദേശിക്കുന്നു.

കത്തോലിക്കാ പ്രവർത്തനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി വി. ഫ്രാൻസിസിനെ 15–ാം ബനഡിക്റ്റ് മാർപ്പാപ്പ തിരഞ്ഞെടുത്തതു് എത്രയും ന്യായപൂർവ്വമാണെന്നു സമർത്ഥിച്ചുകൊണ്ടു് കത്തോലിക്കാ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന എല്ലാ വിശ്വാസികളും വിശുദ്ധ ഫ്രാൻസിസിന്റെ നിരവധി അത്മീയമക്കളുമായി സഹകരിച്ചു ജോലി ചെയ്യുന്നതിനു 11–ാം പിയൂസ് മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നു. ആധുനികലോകത്തിലെ തിന്മകൾക്കു തക്ക പ്രതിവിധിയായി 13–ാം ലെയോമാർപ്പാപ്പ ചൂണ്ടികാണിക്കുന്നതു് ഫ്രാൻസിസിന്റെ നിർമ്മലജീവിതവും ചൈതന്യവും വിനയവും ഏവരും അനുകരിക്കയെന്നതാണെന്ന്. "ആ മഹാവ്യക്തിയോടു സാധർമ്മ്യം പ്രാപിക്കുന്നതിനു പരിശ്രമിക്കുകയും അദ്ദേഹത്തിന്റെ മാതൃകയനുസരിച്ചു് നമ്മുടെ ജീവിതം മെച്ചമാക്കുകയും ചെയ്താൽ നമുക്കു ശാശ്വതമായ നന്മ കൈവരും. ഈ പരിശ്രമത്തിൽ വിശ്വാസികൾ എത്രമാത്രം വിജയിക്കുന്നുവൊ, അത്രക്കു ഇക്കാലത്തെ തിന്മകൾക്കു ഒരു പ്രതിവിധി ഉണ്ടാകുകയും ചെയ്യും."

സന്മാർഗ്ഗത്തിൽനിന്നും വ്യതിചലിച്ചുപോയവരെ സ്നേഹം



ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ.
തൃശ്ശൂർ രൂപതയിലെ പെററിസെമിനാരി.

കൊണ്ടും സഹനംകൊണ്ടും സൽപന്ഥാവിലേക്കു് ആനയിക്കു വാൻ വിശുദ്ധൻ എപ്പോഴും ജാഗരൂകനായിരുന്നു. "അധഃപതിച്ചവരും യാതൊന്നും ഇല്ലാത്തവരും ഫ്റാൻസിസിന്റെ പ്രത്യേക സ്നേഹത്തിനു പാത്രീഭവിച്ചു. സാധാരണക്കാർ ഓടിഒളിക്കയും ഒഴിഞ്ഞുമാറിപ്പോവുകയും ചെയ്യുന്ന പാവങ്ങളോടുകൂടി സഹവസിക്കുവാൻ ഫ്റാൻസീസിനു വലിയ ഉത്സാഹമായിരുന്നു." അദ്ദേഹം മൂന്നു മോഷ്ടാക്കളെ മാനസാന്തരപ്പെടുത്തിയ കഥ സുപ്രസിദ്ധമാണു്. മോഷ്ടാക്കളായ മൂന്നുപേർ ആശ്രമത്തിൽ വന്നു് ഭക്ഷണം ചോദിച്ചു. ആശ്രമാധിപൻ അവരെ കഠിനമായി ശകാരിച്ചു് യാതൊന്നും കൊടുക്കാതെ പറഞ്ഞയച്ചു. അല്പം കഴിഞ്ഞു വിവരം അറിഞ്ഞ ഫ്രാൻസിസ് ആശ്രമാധിപനെ കുററപ്പെടുത്തുകയും അദ്ദേഹംവഴിതന്നെ മോഷ്ടാക്കൾക്കു ഭക്ഷണം എത്തിച്ചുകൊടുക്കുകയും അവരെ മടക്കിവിളിച്ചുപദേശം നല്കി മാനസാന്തരപ്പെടുത്തുകയും ചെയ്തു. വേറൊരിക്കൽ, അവ്വംവിധമുള്ള എല്ലാ ശുശ്രൂഷകളും ചെയ്തുകൊടുത്തിരുന്ന ഒരു സഹോദരനെക്കുറിച്ചു ആവലാധിപ്പെടുകയും നിരാശാപൂർവ്വം ദൈവദൂഷണം പറയുകയും ചെയ്തിരുന്ന ഒരു കുഷ്ഠരോഗിയോടു് കാരുണ്യം കാണിച്ചു്, അയാളുടെ വ്രണം വിശുദ്ധൻ സ്വന്തം കൈകൊണ്ടു് തേച്ചു് അയാളെ കുളിപ്പിക്കയും, തത്സമയം അത്ഭുതകരമായ വിധത്തിൽ രോഗം ശമിക്കയും ചെയ്തതായി നാം വിശുദ്ധന്റെ ജീവിത ചരിത്രത്തിൽ വായിക്കുന്നു.

ഇപ്രകാരമെല്ലാം പാപികളേയും സാധുക്കളേയും രോഗികളേയും മററും സേവിക്കുവാൻ ഫ്റാൻസിസിനെ പ്രേരിപ്പിച്ചതു് അദ്ദേഹത്തിന്റെ ഹൃദയത്തിൽ കത്തിജ്ജ്വലിച്ചിരുന്ന ദൈവസ്നേഹമല്ലാതെ മറെറാന്നുമല്ല. ഇന്നു കത്തോലിക്കാപ്രവർത്തനത്തിലും സാധുസംരക്ഷണത്തിലും മററും ഏർപ്പെട്ടിരിക്കുന്നവർക്കു് തങ്ങളുടെ പരിശുദ്ധമായ ജോലി പരിശുദ്ധമായരീതിയിൽതന്നെ ചെയ്യുന്നതിനു് ഫ്രാൻസിസിന്റെചൈതന്യം ക്രി

ടിയേകഴിയൂ. ഈ ചൈതന്യം വിശ്വാസികളുടെ ഇടയിൽ പ്രചരിക്കുന്നതു് ഫ്രാൻസിസ്കൻ മൂന്നാംസഭ വഴിയാണു്. അതുവഴി, ലെയോമാർപ്പാപ്പയുടെ വാക്കുകളിൽ: "വിശുദ്ധ ഫ്രാൻസീസിൻെറ ആ ഗുണകരമായ വ്യവസ്ഥ വീണ്ടും നടപ്പിൽവരുമെങ്കിൽ വിശ്വാസം, ഭക്തി തുടങ്ങിയ ക്രൈസ്തവവ്യവസ്ഥിതിയിൽ എന്തെല്ലാം മഹത്തായുണ്ടോ അവയെല്ലാം വീണ്ടും കൈവരുന്നതാണു്. കൂടാതെ, ഈലോകത്തിലെ നശ്വരമായ സമ്പത്തുകൾക്കുവേണ്ടിയുള്ള അതിയായ ദുരാഗ്രഹം ഒന്നു ശമിക്കും. മനുഷ്യരുടെ ആശാപാശങ്ങളുടെ പിറകേയുള്ള വിരണ്ടോട്ടം നിയന്ത്രിതമാവുകയും ചെയ്യും. യഥാർത്ഥമായ സാഹോദര്യം പൊതുജീവിതരംഗത്തുണ്ടാകുമ്പോൾ, ദരിദ്രരെയും ദുഃഖിതരെയും ക്രിസ്തുവിൻെറ പ്രതിനിധികളായി ലോകം ദർശിക്കും. തന്നെയുമല്ല, ക്രിസ്തീയചൈതന്യം ശുദ്ധമൂലമായാൽ, മനുഷ്യർ നിയമാനുസൃതമായ എല്ലാ അധികാരങ്ങളെയും അനുസരിക്കുന്നതിനും, യാതൊരുത്തരുടെ അവകാശങ്ങളുടെമേലും കൈവയ്ക്കാതിരിക്കുന്നതിനും സന്നദ്ധത പ്രകടിപ്പിക്കുന്നതാണു്. ഈ ബോദ്ധ്യം, സോഷ്യലിസത്തിൻെറ മൂലകാരണങ്ങളും ഉപാധികളുമായ അക്രമം, അവകാശധ്വംസനം, വർഗ്ഗവൈരാഗ്യം മുതലായവയുടെ ഉന്മൂലനാശത്തിനു് സഹായകമായിരിക്കുംതാനും. അവസാനമായി, ധനതത്വശാസ്ത്രജ്ഞന്മാരെ വല്ലാതെ വിഷമിപ്പിക്കുന്ന ആ പ്രശ്നത്തിനു്—ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള ബന്ധം പാലിക്കുന്നതിനു്—യാതൊരു പ്രയാസവുമില്ലാതാകും. ദാരിദ്ര്യത്തിൽ അത്ര ലജ്ജാകരമായി യാതൊന്നുമില്ലെന്നും, ധനികൻ അവൻെറ സ്വത്തിൻെറ സൂക്ഷിപ്പുകാരൻ മാത്രമാണെന്നും, ദരിദ്രൻ ക്ഷമയോടും, ധനികൻ ഔദാര്യത്തോടുംകൂടി ജീവിക്കണമെന്നുമുള്ള ബോദ്ധ്യം പ്രബലപ്പെടുന്നതാണു്."

ഇങ്ങനെ കമ്മ്യൂണിസം, സോഷ്യലിസം മുതലായ നശീകരണപ്രസ്ഥാനങ്ങളുടെ ശക്തികുറഞ്ഞു് സമുദായഗാത്രത്തിൽ ഇന്നുള്ള മുറിവുകൾ ഉണങ്ങി ആധുനിക തിന്മകൾ അവസാനിക്കുന്നതാണു്. അപ്പോൾ "ലോകം മുഴുവനും പ്രക്ഷോഭണങ്ങളിൽനിന്നു സമാധാനത്തിലേക്കും, നാശത്തിൽനിന്നു സുരക്ഷിതത്വത്തിലേക്കും ആനയിക്കപ്പെട്ടുമെന്നു വിശ്വസിക്കാം."

ആകയാൽ, ഇന്നത്തെ ഏററവും വലിയ ആവശ്യം ഫ്രാൻസിസ്കൻ ചൈതന്യം നമ്മുടെ വിശ്വാസികളിൽ വർദ്ധിപ്പിക്കയാണെന്നുള്ള ബോദ്ധ്യത്തോടുകൂടി നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ഫ്രാൻസിസ്കൻ മൂന്നാംസഭ സ്ഥാപിച്ചു കാണുവാൻ നാം ആഗ്രഹിക്കുന്നു. ഒരു മൂന്നാംസഭാംഗമെന്ന നിലയിൽ അതിയായ അഭിമാനത്തോടും, കൃതജ്ഞതയോടും സന്തോഷത്തോടുംകൂടിയാണു് ഈ വിശിഷ്ട സേവനയിൽ ചേരുന്നതിനു നാം നിങ്ങൾ ഏവരേയും ഉപദേശിക്കുന്നതു്. ഈ സഭയുടെ സ്വഭാവം, അതിൻെറ അംഗങ്ങളായിരിക്കാനുള്ള എളുപ്പം, അതുമൂലമുണ്ടാകുന്ന ആത്മികനന്മകൾ, വ്യക്തികളുടെയും രാജ്യത്തിൻെറയും ജീവിതത്തിൽ മൂന്നാംസഭ മൂലമുണ്ടാകുന്ന പരിവർത്തനം ഇവയെല്ലാം ബ. വൈദികർ വിശ്വാസികൾക്കു വിശദീകരിച്ചുകൊടുക്കണം. ഇക്കാര്യത്തിൽ ആവശ്യമുള്ള നിർദ്ദേശങ്ങളും മററും കൊല്ലം വി. അന്തോണീസിൻെറ ആശ്രമാധിപനോടു് ആവശ്യപ്പെട്ടാൽ ലഭിക്കാവുന്നതാണു്.

എന്നാൽ കത്തോലിക്കാ പ്രവർത്തനസംഘം, വിൻസെൻറ് ഡി പോൾ സംഘം തുടങ്ങിയ പല സഖ്യങ്ങൾ ഇതിനകം സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇടവകകളിൽ പ്രസ്തുത സഖ്യാംഗങ്ങൾ തന്നെ മൂന്നാംസഭയിൽ ചേർന്നു് അതിൻെറ ചൈതന്യത്തോടുകൂടി പ്രവർത്തിച്ചുകാണുവാനാണു നാം അഭിലഷിക്കുന്നതു്. ഫ്രഡറിക്കു് ഓസാനം ഒരു മൂന്നാംസഭാംഗമായിരുന്നുവെന്നുള്ളതു് വിൻസെൻറ് ഡി പോൾ സംഘാംഗങ്ങൾക്കു പ്രത്യേകം സന്തോഷപ്രദമായിരിക്കുമല്ലോ.

ഈ മൂന്നാംസഭ കുടുംബജീവിതക്കാർക്ക്— ലോകകാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്ന സ്ത്രീപുരുഷന്മാർക്ക്— വേണ്ടിയുള്ളതാണ്. എങ്കിലും ഇതിന്റെ അംഗങ്ങളായി ഒരുകൂട്ടർ ആശ്രമവാസികളായ സന്യാസികളായും ഉണ്ട്. വൈദികരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു മിഷനറിസംഘം— മലബാർ മിഷനറി യൂണിയൻ— രണ്ടുകൊല്ലം മുമ്പു നമ്മുടെ രൂപതയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതു നിങ്ങൾക്കറിവുള്ളതാണല്ലോ. അതിന്റെ ഒരു വിഭാഗമായ "മിഷനറി സഹോദരസംഘം" ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങളായ സന്യാസികളാണെന്നുള്ളതിൽ നമുക്കു വലിയ സന്തോഷമുണ്ട്. അവരിൽ ഏഴുപേർക്ക് ഈ ഒക്ടോബർ 3-ാംനു- നാം സന്യാസവസ്ത്രം നൽകുന്നതായിരിക്കും. അന്നുതന്നെ അവരുടെ നൊവീസ്യാത്ത് ആരംഭിക്കയും ചെയ്യും. നമ്മുടെ ആഹ്വാനം അനുസരിച്ചു പ്രസ്തുത സഹോദരസംഘത്തിനു വൈദികരിൽനിന്നും പള്ളികളിൽനിന്നും വിശ്വാസികളിൽനിന്നും സഹായവും പ്രോത്സാഹനവും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നറിയുന്നതിൽ നാം സന്തോഷിക്കുകയും ഈ സഹോദരന്മാർ വി. ഫ്റാൻസിസിന്റെ ചൈതന്യത്തോടുകൂടി രൂപതയിലും പുറമെയും പലവിധ സേവനങ്ങൾ അനുഷ്ഠിക്കുമെന്നും അവരുടെ പ്രവർത്തനങ്ങൾ മററുപലർക്കും വിശുദ്ധ ഫ്റാൻസിസിനെ അനുകരിക്കുന്നതിനു പ്രചോദനം നൽകുമെന്നും നാം പ്രതീക്ഷിക്കുന്നു. വി. ഫ്റാൻസിസ് വഴി ഏവരും ക്രിസ്തുവിലേക്കുതിരിച്ചുവരുന്നതിന് ഇടവരട്ടെ. ഈ അനുഗ്രഹത്തിനു വിശുദ്ധ ഫ്റാൻസിസിനോടുതന്നെ നമുക്കു പ്രാർത്ഥിക്കാം. തന്റെ ഭക്തനായ ഫ്റാൻസിസിനെ പ്രത്യേകവിധം കാത്തുപരിപാലിച്ചുപോന്ന പരിശുദ്ധ ദൈവജനനിയോടും ഈ ദാനത്തിനുവേണ്ടി നമുക്ക് അപേക്ഷിക്കാം. ജപമാലരാജ്ഞി നമ്മെ ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാരൂപിയുടെയും ✠ നാമത്തിൽ നിങ്ങൾ ഏവരേയും നാം ആശീർവദിക്കുന്നു.

Bishop's House,
Trichur, 29-9-1950.

† **G. C. Alapatt,**
**Bishop of Trichur.**

# * ആ ഭിക്ഷുവിന്റെ പിന്നാലെ

ഈ മൂന്നാംസഭ എന്തിനു് എന്നു് ഞാൻ എന്നോടുതന്നെ ചോദിച്ചിട്ടു് അധികം നാളുകളായിട്ടില്ല. അതിനു ശരിയായ സമാധാനം എനിക്കു് കിട്ടി എന്നു് ഇപ്പോഴും ഞാൻ കരുതുന്നുമില്ല. അതിന്റെ സ്ഥാപകനായ വി. ഫ്രാൻസിസിന്റെ ദീർഘദർശിത്വത്തിൽ അതിന്റെ കഴിവുകളെ അദ്ദേഹം വിഭാവന ചെയ്തതു് അല്പബുദ്ധിയായ ഞാൻ എങ്ങനെ ഗ്രഹിക്കുവാനാണു്? ഇതിൽ വൈദികർക്കും കന്യാസ്ത്രീകൾക്കും ചേരാവുന്നതാണെങ്കിലും, പ്രധാനമായി ഇതു്



കെ. സി. ചാക്കൊ.
എം. ഏ., ബി. ഇ., എ. എം. ഐ. ഇ.

---

* ഫ്റാൻസിസ്കൻ മൂന്നാം സഭാംഗമായ ശ്രീമാൻ കെ. സി. ചാക്കൊ എം. ഏ., ബി. ഇ., എ. എം. ഐ. ഇ. അവർകൾ 1950 മാർച്ച് മാസത്തിലെ "വോയിസ് ഓഫ് അസ്സീസി"യിൽ പരസ്യപ്പെടുത്തിയ ലേഖനം. പരിഭാഷയും ലേഖകന്റേതു തന്നെ.

എന്നെപ്പോലെ കുടുംബജീവിതത്തിൽ ഏൎപ്പെട്ടു കഴിയുന്ന അൽമായരെ ഉദ്ദേശിച്ചാണു് സ്ഥാപിച്ചിട്ടുള്ളതു് എന്ന ചിന്തയാണു് പ്രധാനമായി എന്നെ ഇതിലേക്കാകർഷിച്ചതു്. മൂന്നാംസഭാംഗങ്ങളായിരുന്ന വൈദികരിലും സന്യാസികളിലുംനിന്നു് വിശുദ്ധരായിത്തീർന്ന പുണ്യാത്മാക്കളേക്കാൾ കൂടുതലായി കുടുംബജീവിതത്തിൽനിന്നു് വിശുദ്ധപദത്തിലേയ്ക്കുയർത്തപ്പെട്ട വ്യക്തികൾ എനിക്കു് കൂടുതൽ പ്രചോദനം നൽകി. ഇങ്ങനെ ഉയർത്തപ്പെട്ട അൽമായരുടെ മാതൃകയിൽക്കൂടി ത്യാഗത്തിന്റെയും മിതത്വത്തിന്റെയും ആത്മീയോദ്ധാരണത്തിന്റെയും ചൈതന്യം ലോകത്തിൽ പ്രചരിച്ചതു് വി. ഫ്രാൻസീസിനെ വളരെ അധികം സംതൃപ്തനാക്കിയിട്ടില്ലേ എന്നു ഞാൻ ചിലപ്പോൾ ആലോചിച്ചിട്ടുണ്ടു്. ആ വ്യക്തികളുടെ ഉന്നതസ്ഥാനത്തിനും അവരുടെ മാതൃകവഴി ലോകത്തിനുണ്ടായിട്ടുള്ള ഉണർവിനും മററാരേയുംകാൾ കൂടുതൽ കൃതാൎത്ഥത തോന്നാവുന്നതു് നിശ്ചയമായും ഈ മൂന്നാംസഭയുടെ സ്ഥാപകനുതന്നെ.

കത്തോലിക്കാസഭയെപ്പററി മററുള്ളവൎക്കു് മതിപ്പോ അവജ്ഞയോ ഉണ്ടാകുന്നതു് അധികവും അൽമായരുടെ പെരുമാററത്തിൽനിന്നാകുന്നു. നമ്മുടെ വൈദികരേയും സന്യാസികളേയും അടുത്തു പരിചയിക്കുവാൻ അവസരം കിട്ടാത്ത അകത്തോലിക്കർ തങ്ങളുടെ ജീവിതരംഗങ്ങളിൽ നിത്യവും ഭാഗഭാക്കുകളാകുന്ന അൽമായരായ നമ്മുടെ നീതിബോധവും സത്യസന്ധതയും ഔദാര്യമനഃസ്ഥിതിയും സാന്മാൎഗ്ഗികനടപടികളും കണ്ടാണു് കത്തോലിക്കാസഭയുടെ സ്വീകാര്യതയെപ്പററി വിധിക്കുന്നതു്. ഈ യാഥാൎത്ഥ്യം പൂൎണ്ണമായി മനസ്സിലാക്കിയിട്ടു് വി. ഫ്രാൻസീസ് ചന്തസ്ഥലങ്ങളിലും പൊതുനിരത്തുകളിലും രാജകൊട്ടാരങ്ങളിലും ദരിദ്രഭവനങ്ങളിലുംനിന്നു് ഒരു "സന്യാസസമൂഹ"ത്തെ കെട്ടിപ്പടുത്തു. ഇതാണു് ഫ്രാ

ൻസിസ്കൻ മൂന്നാംസഭ.

ഒരു മൂന്നാംസഭാംഗത്തിൻെറ ജീവിതം അത്ര അധികം പ്രയാസമുള്ളതോ നാടകീയമായ വിധത്തിൽ പ്രദൎശനയോഗ്യമോ അല്ല. അയാൾ ഒരു ചരടു ധരിക്കണം—അതും രഹസ്യമായി ദേഹത്തോടു ചേൎത്തു മാത്രംമതി; വേദന ഉളവാക്കുന്ന കയറു വേണമെന്നു നിൎബ്ബന്ധമില്ല. അയാൾ ഒരു ഉത്തരീയം ധരിക്കണം — ഷൎട്ടിനടിയിലായാലും മതി. അയാൾ പതിവായി ചില പ്രാൎത്ഥനകൾ ചൊല്ലണം— പാപത്തിൻകീഴു് കടപ്പെടുത്തിയിട്ടില്ല. അയാൾ ഭക്ഷണത്തിലും മററു് അനുവദനീയമായ ശാരീരിക സുഖസന്തോഷങ്ങളിലും മിതത്വം പാലിക്കണം—അതിൻെറ പരിധിനിശ്ചയിക്കുന്നതും ഓരോരുത്തർതന്നെയാണു്. കൎശനമായ വ്യവസ്ഥകൾ ഒന്നും നിൎദ്ദേശിക്കുന്നില്ല. പൊതുവെ ഇവയാണു് ഒരു മൂന്നാം സഭാംഗത്തിൻെറ കടമ. വളരെ എളുപ്പംതന്നെ. വിഷമകരമായി ഒന്നുമില്ല.

എന്നാൽ ഈ ക്രമാനുഷ്ഠാനം എളുപ്പമാണു്, അതു് കാര്യമാക്കാനില്ല എന്നു അലക്ഷ്യമായി തള്ളിക്കളഞ്ഞാൽ അതിൽനിന്നു് നമുക്കും ലോകത്തിനും ഉള്ള ഗുണം അത്രയ്ക്കേ ഉണ്ടായിരിക്കൂ. നേരെമറിച്ചു് ഈ നിബന്ധനകൾ അവയുടെ പൂൎണ്ണഗൌരവത്തിൽ ആത്മാൎത്ഥതയോടുകൂടി നാം എടുത്താൽ അവ നമ്മുടെ ജീവിതത്തെ എന്നും പരിഷ്കരിക്കുകയും പരിശുദ്ധമാക്കിത്തീൎക്കുകയും ചെയ്തു് നമ്മുടെ അയൽക്കാരെക്കൂടി നന്മയിലേക്കാകൎഷിക്കുന്ന മഹാശക്തിയായിരിക്കും. ശരീരത്തിനു പുറമെ നാം ധരിക്കുന്ന ഉത്തരീയവും ചരടും നാം മറന്നുവെന്നും നമ്മുടെ സ്നേഹിതൻ അവയെ ഗൌനിച്ചില്ലെന്നും വരാം. എന്നാൽ നമ്മുടെ ജീവിതത്തിൽ നാം സ്വീകരിക്കുന്ന മിതത്വവും ത്യാഗവും പരസ്നേഹവും നിശ്ചയമായും നമ്മുടെ സ്നേഹിതൻെറ ശ്രദ്ധയിൽപ്പെടാതിരിക്കയില്ല. മററുള്ളവരുടെ അനുഭ


ആ ഭിക്ഷുവിന്റെ
പിന്നാലെ

വം പോകട്ടെ. നമുക്കുതന്നെ ആ നിഷ്കർഷ മറക്കുവാൻ കഴിയുകയില്ല. ശാരീരികമായ സുഖത്തിനും തൃപ്തിക്കും നമുക്കു് സ്വാഭാവികമായുള്ള ആഗ്രഹം ഓരോ പ്രാവശ്യവും പ്രയത്നം കൂടാതെ അമർത്താവുന്നതല്ല. നമ്മുടെ നാവു്, അതിനു് എപ്പോഴും സംസാരിക്കണം. നമ്മുടെ ശരീരം, അതിനു എപ്പോഴും വിശ്രമവും സുഖവും സന്തോഷവും കൂടിയേ കഴിയൂ. നമ്മുടെ ധൈനചര, അതു് എപ്പോഴും ഉൽബുദ്ധമായിരിക്കും. ഇവയെല്ലാം ഒരു ദിവസംകൊണ്ടു് നമുക്കു കീഴടക്കി ഭരിക്കാവുന്നതല്ല. ഒരു വിശുദ്ധൻ പറഞ്ഞതുപോലെ നാം മരിച്ചു് ഒരു പതിനഞ്ചു മിനിട്ടുകൂടി കഴിയുമ്പോൾ മാത്രമേ ഈ വികാരങ്ങൾ നമ്മെ ശല്യപ്പെടുത്താതിരിക്കൂ. എന്നാൽ ഇവയെ കീഴടക്കുവാൻ എപ്പോഴും നാം പരിശ്രമിക്കുമ്പോൾ നമ്മുടെ ജീവിതം ധന്യമാകുകയും നമ്മുടെ മാതൃക അനുകരണീയമായി കാണപ്പെടുകയും ചെയ്യും. വി. ഫ്രാൻസിസ് നിർദ്ദേശിച്ച ഈ ജീവിതക്രമം പ്രായോഗികമാക്കുവാൻ നാം തുടർന്നു പരിശ്രമിക്കുമ്പോൾ നമ്മുടെ അയൽക്കാരുടെ ക്ലേശങ്ങളെ കാണുവാനും അവരോടു സഹതപിക്കുവാനും നമുക്കു കൂടുതൽ സന്നദ്ധതയുണ്ടാകും. "തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മറ്റെല്ലാവരെയും സ്നേഹിക്കുക" എന്ന പുത്തനായ പ്രമാണം ജീവിതാദർശമായി ചൂണ്ടിക്കാണിച്ച ക്രിസ്തുവിന്റെ പ്രതിരൂപമായ വി. ഫ്രാൻസിസിനു യോജിച്ച അനുയായികളെ സംഘടിപ്പിക്കുവാൻ ഏററവും പ്രായോഗികമായ ഒരു പദ്ധതിയാണു് ക്രമീകൃതമായ ജീവിതത്തിൽ അടിയുറച്ച ഈ മൂന്നാംസഭ. ഈവിധത്തിൽ ധന്യമായ സാദ്ധ്യതകളുള്ള ഒരു ജീവിതക്രമത്തിനു സ്വയംസമർപ്പിച്ചിരിക്കുന്നവരാണു് നാം എന്നു് നമ്മുടെ ഉത്തരീയവും ചരടും എല്ലായ്പോഴും നമ്മെ അനുസ്മരിപ്പിക്കണം.

ഒരു വിധത്തിൽ പറഞ്ഞാൽ വി. ഫ്രാൻസിസ് അൽമാ

യരുടെ ഒരു വിശുദ്ധനാകുന്നു. ഇത്രയധികം അൽമായരെ പുണ്യജീവിതത്തിലേക്കാകർഷിച്ച മഹത്വപ്പെടുത്തിയ വേറെ ഒരു വിശുദ്ധൻ ഉണ്ടോ എന്നു് സംശയമാണു്. അദ്ദേഹത്തിന്റെ വ്യക്തിത്വം തന്റെ സന്യാസ സമൂഹത്തേയും സാഹചര്യങ്ങളേയും അതിക്രമിച്ചു് ലോകവ്യാപകമായിത്തീന്നു. വിധിദിവസത്തിൽ ഓരോരുത്തരോടും അവരെ പ്രധാനമായി ആകർഷിക്കുകയും ഭരിക്കുകയും ചെയ്ത വിശുദ്ധന്മാരുടെ പിന്നിൽ അണിനിരക്കുവാൻ ദിവ്യരക്ഷകൻ ആജ്ഞാപിച്ചാൽ അന്നു് ഏററവും കൂടുതൽ ആളുകൾ വിശുദ്ധ ഫ്രാൻസിസിന്റെ പിന്നിലായിരിക്കുകയില്ലേ—അതെ അംബ്രിയായിലെ കുരുവികളോടും, ഗുബിയോവിലെ ചെന്നായോടും, ആകാശത്തിലെ നക്ഷത്രങ്ങളോടും വനാന്തരത്തിലെ മോഷ്ടാക്കളോടും ശത്രുപാളയത്തിലെ സുൽത്താനോടും ഒന്നുപോലെ സല്ലപിച്ചും, അസ്സീസിയിലെ തെരുവുകളിൽക്കൂടി കല്ലുതെണ്ടിയും നടന്നു് ഒരു ഭ്രാന്തഭിക്ഷുവായി 13-ാം നൂററാണ്ടിൽ കാണപ്പെട്ട ആ വിശുദ്ധന്റെ പിന്നിൽ!

നമുക്കു മനസ്സിലാക്കുവാൻ കഴിയാത്ത അനേകം “ഭ്രാന്തുകൾ” കാണിച്ച വിശുദ്ധ ഫ്റാൻസിസിന്റെ പിന്നാലെ ഇത്രയധികം അനുയായികൾ എത്തിയ കഥ സമകാലിനന്മാക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. “ലോകം മുഴുവനും നിന്റെ പിന്നാലെ ഓടുന്നതെന്തിനു്” എന്നു ചിലർ വിശുദ്ധനോടുതന്നെ ചോദിച്ചിട്ടുണ്ടു്. അവക്കു അന്നു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല വി. ഫ്രാൻസിസിന്റെ സാവ്വലൗകികമായ സാഹോദര്യബോധവും മനുഷ്യരുടെ കഷ്ടപ്പാടുകളോടുള്ള സഹാനുഭൂതിയും. മനുഷ്യന്റെ ബലഹീനതകളെയും പോരായ്മകളെയും അറിഞ്ഞു് അതനുസരിച്ചു് അവരോടു പെരുമാറുവാൻ ഫ്റാൻസിസിനു കഴിയുമായിരുന്നു. കള്ളന്മാരുടെ ഗുഹയെ നിയമത്തിന്റെ ആയുധങ്ങളോടുകൂടി സമീ

പിക്കുവാനല്ല അദ്ദേഹം മുതിർന്നതു്. അവരെ കള്ളന്മാരാക്കിത്തീർത്ത അവരുടെ വിശപ്പും ദാഹവും ശമിപ്പിക്കുവാനുള്ള ഭക്ഷണപാനീയങ്ങളോടുകൂടിയാണു് അദ്ദേഹം അവരെ സമീപിച്ചതു്. തന്റെ പിതാവിൽനിന്നും തനിക്കു് അവകാശപ്പെട്ട സമ്പത്തിനുവേണ്ടി ആ ദ്രവ്യേച്ഛുവിനോടു് വഴക്കടിക്കാതെ തന്റെ ഉടുവസ്ത്രങ്ങൾപോലും അദ്ദേഹത്തിനു മടക്കികൊടുത്തു് വെറും കൈയോടെ ലോകരംഗത്തേയ്ക്കു ഇറങ്ങുകയാണു ഫ്രാൻസിസ് ചെയ്തതു്. നികൃഷ്ടനായ ഒരു കുഷ്ഠരോഗി ഏററം സ്നേഹമസൃണമായ പരിചരണങ്ങൾക്കിടയിൽപോലും അക്ഷമനായി പിറുപിറുക്കുന്നതു് അയാളുടെ അസഹ്യമായ വേദനകൊണ്ടായിരിക്കാം എന്നു കരുതി സ്വന്തം കൈകൾകൊണ്ടു് അയാളുടെ മുറിവുകൾ തേച്ചു കഴുകുന്ന ഒരു മാതൃക വി. ഫ്രാൻസിസ് കാണിച്ചു. ഇങ്ങനെ മനുഷ്യരുടെ കുററങ്ങളെയും കുറവുകളെയും അറിഞ്ഞു് സഹതാപബുദ്ധിയോടെ അവരെ ശുശ്രൂഷിച്ചു് എല്ലാപ്രകാരത്തിലും അവരെ ഉയർത്തുവാനുള്ള ഫ്രാൻസിസിന്റെ പരിശ്രമമാണു് ത്യാഗസമ്പൂർണ്ണമായ ഒരു ജീവിതത്തിന്റെ പശ്ചാത്തലത്തിൽ ലോകം സ്വീകാര്യമായി കണ്ടതു്.

ഇതാണു് മൂന്നാം സഭാംഗങ്ങൾക്കു് വി. ഫ്രാൻസിസ് നിർദ്ദേശിക്കുന്ന പരിപാടി. ത്യാഗത്തേയും മിതത്വത്തേയും അനുസ്മരിപ്പിക്കുന്ന ലഘുവായ ചില നിബന്ധനകളുടെ കീഴിൽ നമ്മുടെ ജഡികമായ ആശകളെ അമർത്തി നമ്മുടെ സഹോദരങ്ങൾ അവരുടെ കഷ്ടപ്പാടുകളെ സമചിത്തതയോടെ സഹിക്കത്തക്കവിധം അവരെ ശുശ്രൂഷിച്ചു് ലോകത്തിൽ ക്രിസ്തുവിന്റെ സമാധാനവും സൗഭാഗ്യവും വളർത്തി ജീവിക്കുവാനുള്ള ഒരു ആഹ്വാനമാണു് മൂന്നാംസഭയുടെ അംഗത്വം.

# * വിജയശ്രീലാളിതരാകുന്നതിനുള്ള മാർഗ്ഗം.

1. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് സ്ഥാപിച്ച സഭകളാണ് ഇന്നു ലോകമെങ്ങും പ്രചരിച്ചിട്ടുള്ള ഫ്രാൻസിസ്കൻ സഭകൾ. അസ്സീസിഗ്രാമത്തിലെ ഒരു ധനവാനായ



ശ്രീമാൻ പി. ഡി. തൊമ്മൻ
എം. ഏ., ബി എൽ.

വ്യാപാരിയുടെ പുത്രനായിരുന്നു ഫ്രാൻസിസ്. ധാരാളിയും, സന്തോഷപ്രിയനും, ധൂർത്തനുമായിട്ടാണ് ഫ്രാൻസിസ് ജീവിതമാരംഭിച്ചതു്. മററു ധനവാന്മാരുടെ പുത്രന്മാരെപ്പോലെതന്നെ ഫ്രാൻസിസിനും ഒരു അനുയായിസംഘം ഉണ്ടായിരുന്നു. സല്ക്കാരങ്ങളും വിരുന്നുകളും കഴിച്ചും, തെരുവീഥികളിൽ കൂടി പാടി ഉല്ലസിച്ചുനടന്നും, നാടകശാലകളും നൃത്തശാലകളും സന്ദർശിച്ചും ജീവിതക്ലേശങ്ങൾ വിസ്മരിച്ചുമാണ് ഫ്രാൻസിസ് ജീവിതത്തിന്റെ ആദ്യഘട്ടം കഴിച്ചുകൂട്ടിയതു്. അസ്സീസിഗ്രാമവും പെറുജിയാഗ്രാമവും തമ്മിൽ നടന്ന ഒരു യുദ്ധത്തിൽ ഫ്രാൻസിസ് സ്വദേശത്തിനുവേണ്ടി ഒരു പടയാളിയായി പോരാടി, തടവുകാരനാക്കപ്പെട്ടു. ഒരു കൊല്ലത്തെ കാരാഗൃഹവാസത്തിനു ശേഷം വിമുക്ത

---

**• ഫ്രാൻസിസ്കൻ മൂന്നാംസഭാംഗവും പറവൂർ ജഡ്ജിയുമായ ശ്രീമാൻ പി. ഡി. തൊമ്മൻ എം. ഏ; ബി. എൽ. അവർകൾ 1950 ഡിസമ്പർമാസം 31-ാം തീയതി, മരിയൻ കോൺഗ്രസ്സിനോടനുബന്ധിച്ച് എറണാകുളത്തുവച്ച് നടത്തപ്പെട്ട ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടെ സമ്മേളനത്തിൽ ചെയ്ത പ്രസംഗം.**

നായപ്പോൾ, ഫ്രാൻസിസ് വീണ്ടും യുദ്ധത്തിനായി അപ്പൂലിയായിലേക്കു പുറപ്പെട്ടു. ആ അവസരത്തിലാണു് ദൈവത്തിൻെറ കാരുണ്യം ഫ്രാൻസിസിനെ സ്പർശിച്ചതു്. "യജമാനനെ സേവിക്കുന്നതോ, ഭൃത്യനെ സേവിക്കുന്നതോ, ഏതാണുത്തമം" എന്നൊരു ചോദ്യം ഫ്രാൻസിസിൻെറ കർണ്ണപുടങ്ങളിൽ പതിച്ചു. "യജമാനനെ സേവിക്കുന്നതുതന്നെ" എന്നു് ഫ്രാൻസിസ് മറുപടി പറഞ്ഞു. "എന്നാൽ അസ്സീസിയിലേക്കുതന്നെ മടങ്ങുക, ദൈവഹിതം നിന്നെ അറിയിക്കും" എന്ന ഒരു സ്വരമാണു് ഉടനെ കേട്ടതു്. ഫ്രാൻസിസ് അതനുസരിച്ചു് അസ്സീസിയിലേക്കു് മടങ്ങി, ദൈവഹിതാവിഷ്കരണം പ്രതീക്ഷിച്ചു് പ്രാർത്ഥനയിലും തപഃക്രിയകളിലും കഴിച്ചുകൂട്ടി. പിന്നീടു് പ്രാർത്ഥനാവസരത്തിൽ ദൈവഹിതം വെളിപ്പെട്ടുത്തപ്പെടുകയും തദനുസരണം ജീവിച്ചു് 45-ാമത്തെ വയസ്സിൽ 1126-ാമാണ്ടു് മരണമടഞ്ഞു് 5 കൊല്ലത്തിനുള്ളിൽ വിശുദ്ധനായി നാമകരണം ചെയ്യപ്പെട്ടു് സഭയിലെ അതിപ്രസിദ്ധ വിശുദ്ധന്മാരിലൊരാളായി തിരുസ്സഭയുടെ അൾത്താരയിൽ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു.

2. ഫ്രാൻസിസ് ശ്രവിച്ച ചോദ്യം മനുഷ്യരാശി മുഴുവനും ശ്രവിക്കുന്നുണ്ടു്. നമ്മുടെ അന്തഃകരണം ശക്തിയായ സ്വരത്തിൽ നമ്മോടു പലപ്പോഴും ചോദിക്കുന്നു: "ഭൃത്യനെ സേവിക്കുന്നതോ, യജമാനനെ സേവിക്കുന്നതോ ഏതാണുത്തമം?" ഫ്രാൻസിസിനേപ്പോലെ നമ്മളും ഇതിനു മറുപടി പറഞ്ഞിട്ടുണ്ടു്. എന്നാൽ ഫ്രാൻസിസ് പിന്നീടു് ചെയ്തതു് നമ്മളാരും ചെയ്യുന്നില്ല. പ്രാർത്ഥനയിലും തപസ്സിലും ദൈവത്തിൻെറ ഹിതം ആരായുന്നില്ല. ദൈവഹിതം വെളിപ്പെട്ടാലും അതനുസരിച്ചു് ജീവിക്കുന്നതിനൊരുമ്പെടുന്നില്ല. അതിനാൽ ഫ്രാൻസിസ് വരിച്ച വിജയം നമ്മൾ പ്രാപിക്കുന്നില്ല. ഫ്രാൻസിസ് വിജയം കൈവരിച്ചു. നാം പരാജയമടയാം. വിജയശ്രീലാളിതരാകുന്നതിനു് ഒരു മാർഗ്ഗമുണ്ടു്. അ

ത്തു് ഫ്ററാൻസിസിൻെറ മഹത്തായ ആദർശത്തെ സ്വീകരിക്കുകയത്രെ.

3. ഫ്ററാൻസിസ്സ് സ്വീകരിച്ച ആദർശത്തെക്കുറിച്ചു് രണ്ടുവാക്കു് അസ്ഥാനത്താകുകയില്ലെന്നു വിശ്വസിക്കുന്നു. ദൈവത്തിൻെറ ഹിതം അക്ഷരാർത്ഥം നിറവേററുന്നതിനാണു് ഫ്ററാൻസിസ്സ് പരിശ്രമിച്ചതു്. വേദപുസ്തകം ദൈവപ്രകാശിതമാണെന്നും, സുവിശേഷങ്ങളിൽ ജീവിതപന്ഥാവു് വെളിപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നുമാണു് ഫ്ററാസിസിൻെറ അഭിമതം. ഫ്ററാൻസിസ്സ് തൻെറ സന്യാസികൾക്കായി നിർമ്മിച്ച ആദിമ നിയമങ്ങളിൽ ഒരു ഭാഗം ഇതിനെ പ്രസ്പഷ്ടമാക്കുന്നുണ്ടു്. അതിങ്ങനെയാണു്: "നിനക്കു് പരിപൂർണ്ണനാകുവാൻ മനസ്സുണ്ടെങ്കിൽ, പോയി, നിൻെറ മുതൽ വിററു ദരിദ്രക്കു കൊടുക്കുക. പിന്നെ എൻെറ പിന്നാലെ വരുക" എന്നു കല്പിച്ച ക്രിസ്തുനാഥൻെറ ഉപദേശവും മാതൃകയും അനുസരിച്ചു് സുവിശേഷാനുസാരം അനുസരണയിലും ചാരിത്രത്തിലും ദാരിദ്ര്യത്തിലും നയിക്കുന്ന ജീവിതമാണു് ഇതു്. സുവിശേഷത്തിൽ പരിപൂർണ്ണതയ്ക്കായി നൽകിയിട്ടുള്ള നിർദ്ദേശങ്ങളിൽനിന്നു അണുമാത്രം വ്യതിചലിക്കാതെ അവ അഭംഗമായി പാലിച്ചു് ജീവിക്കുകയെന്നതായിരുന്നു ഫ്ററാൻസിസിൻെറ ആദർശം.

4. മാനവവംശം ആകമാനം സന്യാസഭവനങ്ങളിൽ ജീവിക്കുന്നതിനു് സൃഷ്ടിക്കപ്പെട്ടതാണെന്നു് ഫ്ററാൻസിസ്സ് സിദ്ധാന്തിക്കുന്നില്ല. പുരുഷന്മാർക്കുവേണ്ടി ഒന്നാംസഭയും, സ്ത്രീകൾക്കുവേണ്ടി രണ്ടാംസഭയും, കർക്കശനിയമങ്ങൾസഹിതം നിർമ്മിച്ച ഫ്ററാൻസിസ്സ്, ലൗകികജീവിതം നയിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങൾക്കു് — സ്ത്രീപുരുഷന്മാർക്കു് — വേണ്ടി ലഘുതരനിയമങ്ങളോടുകൂടി ഒരു സഭ സ്ഥാപിച്ചു. അതാണു് എൻെറ പ്രസംഗവിഷയമായ മൂന്നാംസഭ.

5. ഒന്നും രണ്ടും സഭകൾ സുവിശേഷപ്രകാശിതമായ ജീവിതരീതി പൂർണ്ണമായി അനുസരിക്കുമ്പോൾ മൂന്നാംസഭ അവയുടെ കർക്കശനിയമങ്ങളിൽനിന്നു് ഒഴിവാക്കപ്പെട്ടിരിക്കുന്നു. എങ്കിലും മൂന്നാംസഭയും ഒരു സഭയാകയാൽ, അനുസരണം, ചാരിത്രം, ദാരിദ്ര്യം എന്ന ത്രിവിധ വ്രതങ്ങൾക്കു് വിധേയമാണു്. പക്ഷേ ലൗകികർക്കു് അസാദ്ധ്യമായ വ്യവസ്ഥയൊന്നും മൂന്നാംസഭയിലില്ല. അനുസരണം സമുദായത്തിന്റെതന്നെ ജീവനാഡിയാണു്; സാമൂഹ്യജീവിതത്തിലെ ഒരു അനുപേക്ഷണീയ ഘടകവുമാണു്. സമത്വത്തിലും മേധാവിത്വത്തിനു് സ്ഥാനമുണ്ടു്. ജനായത്തഭരണരീതികളിലും ഭരണാധികാരികളില്ലേ? ഭരണാധികാരികളെ വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടി നീക്കുന്നതുവരെ, ജനങ്ങൾ അവർക്കു വിധേയരായിരിക്കണം. അതു് അനുസരണമാണു്. എല്ലാ മനുഷ്യർക്കും അനുസരണം ആവശ്യമെങ്കിൽ, അതു് മൂന്നാംസഭക്കാരിൽനിന്നും പ്രതീക്ഷിക്കേണ്ടതല്ലേ? ഭരണാധികാരികളെ അനുസരിക്കുക, സഭാതലവന്മാർക്കു് വിധേയരാവുക, കുടുംബനായകന്മാർക്കു് കീഴ്പ്പെടുക ഇതെല്ലാം ഏതൊരു വ്യക്തിയും ചെയ്യേണ്ടതാണു്. ഇവമാത്രമാണു് മൂന്നാംസഭക്കാരിൽനിന്നും പ്രതീക്ഷിക്കുന്ന അനുസരണവും.

6. വിവാഹിതർക്കു് ചാരിത്രം ആവശ്യമാണു്. കത്തോലിക്കരെവരും പാലിക്കേണ്ട ചാരിത്രം മൂന്നാംസഭക്കാരും പാലിക്കണം. ദൈവപ്രമാണങ്ങളും ആരോഗ്യനിയമങ്ങളും അനുശാസിക്കുന്ന ചാരിത്രവ്യവസ്ഥയിൽ കവിഞ്ഞൊന്നും മൂന്നാംസഭയിലെ വിവാഹിതരിൽനിന്നു് പ്രതീക്ഷിക്കുന്നില്ല. മൂന്നാംസഭയിലെ ചാരിത്രവ്രതം കർക്കശമല്ലതന്നെ.

7. വസ്തുക്കളെല്ലാം വിറ്റു് ദരിദ്രർക്കു് കൊടുക്കുന്നതിനു് സഭാംഗങ്ങൾ ബാദ്ധ്യസ്ഥരല്ല. മൂന്നാംസഭക്കാർക്കു് വസ്തുസമ്പാദിക്കയും ചെയ്യാം. പക്ഷേ ഒരതിരുണ്ടു്. "ധനസമ്പാദനമാണു് ജീവിതോദ്ദേശ്യം; മോഷ്ടിച്ചാലും കുത്തിക്കവർന്നാലും യാ

ചിച്ചാലും തരക്കേടില്ല; ധനം സമ്പാദിക്കണം" എന്നുള്ളതല്ല മൂന്നാംസഭക്കാരന്റെ തത്വം. ലോകത്തിലെ ഒന്നാംകിട ധനവാനാകണമെന്നുള്ളതും മൂന്നാംസഭക്കാരന്റെ ലക്ഷ്യമല്ല. ജീവിതാവശ്യത്തിനു വേണ്ടി ന്യായമായതും അവശ്യമായതും സമ്പാദിക്കുക, സൂക്ഷിക്കുക, ചെലവാക്കുക ഇതാണു് ലക്ഷ്യവും പരിധിയും.

൮. അങ്ങനെയെങ്കിൽ മൂന്നാംസഭയിലെ നിയമങ്ങൾ ലഘുതരങ്ങൾ എന്നു പറഞ്ഞതു് തികച്ചും പരമാർത്ഥംതന്നെ. മൂന്നാംസഭയിലെ അംഗങ്ങൾക്കു് ചില ആനുകൂല്യങ്ങൾ ഉണ്ടു്. തിരുസ്സഭയിലുള്ള അനേകം ഭക്തസംഘങ്ങൾപോലെ ഒരു വെറും സഖ്യമല്ല മൂന്നാംസഭ. സൊഡാലിററി, ഉണ്ണീയീശോസംഘം, ജപമാലസഖ്യം, ഇവ സഭകളല്ല. മൂന്നാംസഭ കത്തോലിക്കസഭയിൽ അംഗീകാരം സിദ്ധിച്ചിട്ടുള്ള ഒരു സഭയാണു്. 13-ാം ലെയോൻ, 10-ാം പീയൂസു്, 15-ാം ബനദിക്ടോസ്, 11-ാം പീയൂസ് എന്ന മാർപ്പാപ്പാമാർ ഈ വാസ്തവം പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ടു്. മൂന്നാം സഭ ഒരു വൈദികസഭ യെന്നപോലും ഗണിക്കപ്പെടാമെന്നു് ചില മഹാന്മാർ അഭിപ്രായപ്പെടുന്നു. ഒരു അംഗീകൃത സഭയെന്ന നിലയ്ക്കു്, എല്ലാ ഫ്രാൻസിസ്കൻ സഭകളുടെയും സൽക്കർമ്മ ഫലങ്ങളുടെ ഓഹരി മൂന്നാംസഭയിലെ അംഗങ്ങൾക്കു് ലഭിക്കുന്നു. ഫ്രാൻസിസ്കൻ സന്യാസിമാർ അണയ്ക്കുന്ന ദിവ്യപൂജകളുടെയും, അവർ ചെയ്യുന്ന ത്യാഗങ്ങളുടെയും, സഭാംഗങ്ങൾ നടത്തുന്ന ആതുര ശുശ്രൂഷയുടെയും സൽഫലങ്ങൾക്കു് ഓരോ അംഗവും പങ്കാളിയാണു്. ഒരു മൂന്നാംസഭക്കാരൻ നിർബന്ധമായി ചെയ്യേണ്ട കൃത്യങ്ങളോ വളരെ ചുരുക്കം. ഒരു ഉത്തരീയവും ഒരു ചരടും ധരിക്കുക, ആണ്ടിൽ രണ്ടു തവണ ഉപവസിക്കുക, മാസത്തിൽ ഒരു ദിവ്യകാരുണ്യസ്വീകരണം നടത്തുക, പ്രതിദിനം 12ആ. 12നന്മ: 12ത്രിത്വ: ചൊല്ലുക, അമിതഭോഗാസക്തി വെടി

യുക; ഇത്രയേ ഉള്ളൂ. ഇതിനുപകരമായി ലഭിക്കുന്ന സുകൃതസമ്പത്തു് വിപുലമാണു്. അനന്തമെന്നുതന്നെ പറയാം. ഇത്ര ലാഭകരമായ ഒരു സംയുക്തപ്രസ്ഥാനം വേറെയില്ലതന്നെ.

9. ഈ ലാഭമെല്ലാം സ്വാർത്ഥപൂർവ്വം നമ്മൾ കൈയടക്കാതെ, നമ്മളുടെ സഹോദരസഹോദരികൾക്കും സുലഭമാക്കുക. ഇതാണു് സഭാംഗങ്ങളുടെ, വിശിഷ്യ അഭ്യസ്തവിദ്യരും യുവാക്കന്മാരുമായ സഭാംഗങ്ങളുടെ ചുമതല. ഈ കാലഘട്ടത്തിൽ ഫ്രാൻസിസ്കൻ ആദർശങ്ങൾ സമുദായത്തിൽ ഒരു പരിവർത്തനം വരുത്തും; നിശ്ചയം. ലോകം സാമ്പത്തിക മേൽക്കോയ്മയ്ക്കു് വെമ്പൽകൊള്ളുന്നു. നീതിബോധമോ, സത്യദീക്ഷയോ ഇല്ലാതെ, ലൗകികവിഭവങ്ങൾ കൈയടക്കുന്നതിനു് രാഷ്ട്രങ്ങൾ വാളൂരിയിരിക്കയാണു്. നിർദ്ധനാവസ്ഥയിലിരിക്കുന്ന മഹാ ഭൂരിപക്ഷം ജനങ്ങളെ ഭൗമ്യപറുദീസാ വാഗ്ദാനംചെയ്തു്, രാഷ്ട്രീയപ്രവർത്തകർ വ്യാമോഹിപ്പിക്കുന്നു. നിർദ്ധനനോടു്, അയൽക്കാരൻേറതു് തൻേറതാക്കിക്കൊടുക്കാമെന്നു് പറയുമ്പോൾ അവൻ ഏതക്രമത്തിനും തയ്യാറായിക്കഴിയും. സാമൂഹ്യനീതി പരിപാലിക്കാതെ, ദരിദ്രനിൽ കരുണയില്ലാതെ, മുഷ്ടിബലത്താലും ആയുധബലത്താലും അടക്കിഭരിച്ച ധനവാൻ ഇന്നു് സംഭ്രാന്തനായിരിക്കയാണു്. എങ്കിലും അവൻ അസ്വാസ്ഥതയുടെ കാരണങ്ങളെ അകററുകയോ, ആരായുകയോ ചെയ്യുന്നില്ല. ഇങ്ങനെയുള്ളവരെ അസ്സീസിയിലെ ഫ്രാൻസിസിൻേറ കാലടികളിലേക്കു് ആനയിക്കുക. ഫ്രാൻസിസിനു് ദരിദ്രരിലുള്ള അനുകമ്പ അന്യാദൃശമായിരുന്നു. ചെറുപ്പത്തിൽപ്പോലും ഈ സൽഗുണം ഫ്രാൻസിസിൽ സവിശേഷം പ്രശോഭിച്ചിരുന്നു. ലുബ്ധനായ പിതാവിൻേറ അപ്രീതിയെ അവഗണിച്ചും, ഫ്രാൻസിസു് ദരിദ്രർക്കു് പണവും വസ്ത്രവും ആഹാരവും ദാനം ചെയ്തിരുന്നു. ദരിദ്രാവസ്ഥയിൽ ഇരിക്കുന്ന പുരോഹിതർക്കു് ഫ്രാൻസിസു് പൂജാപാത്രങ്ങൾ രഹസ്യമായി അയച്ചു

കൊടുത്തിരുന്നു. ആശ്രമസ്ഥാപനത്തിനുശേഷം ഭിക്ഷയാചിച്ചു ജീവിച്ചുവന്ന ഫ്റാൻസിസും അനുയായികളും,—അവർ പട്ടിണികിടന്നുകൊണ്ടുപോലും,—അവക്കു ലഭിച്ച ഭിക്ഷ ഇതരക്കു് നൽകിവന്നു. വഴിയിൽവച്ചു കണ്ട ഒരു ദരിദ്രനു് വസ്ത്രംപോരാതിരുന്നതിനാൽ ഫ്റാൻസിസ്സു് തന്റെ അങ്കി ഊരി കൊടുത്തു. ആ അവസരത്തിൽതന്നെ മറെറാരു ദരിദ്രനു് ചെരുപ്പുകളും കൊടുത്തു. യാത്ര തുടരവെ വേറൊരു ഭിക്ഷുവിനേയും കണ്ടെത്തി. അയാൾക്കു് ഫ്റാൻസിസിന്റെ ഷർട്ടും കൊടുത്തു. ഫ്റാൻസിസ്സു് സഞ്ചരിച്ചിരുന്ന ദേശത്തിൽ ചെരുപ്പും അങ്കിയും ഇല്ലാതെ ജീവിക്കുക വിഷമമാണു്. അപ്പോഴാണു് ഷർട്ടുപോലും ദാനം ചെയ്തതു്. ഒരിക്കൽ ഒരാൾ ഭിക്ഷയാചിച്ചപ്പോൾ ഫ്റാൻസിസിന്റെ ആശ്രമത്തിൽ യാതൊന്നും ഇല്ലായിരുന്നു. ഒരു സഹോദരൻ പറഞ്ഞു: "പള്ളിയിൽ ഉപയോഗിക്കുന്ന വേദപുസ്തകമല്ലാതെ ഇവിടെ യാതൊന്നുമില്ല. അതു് പള്ളിയിൽ പാരായണത്തിനു് ആവശ്യവുമാണു്." അപ്പോൾ ഫ്റാൻസിസ്സ് "പള്ളിയിൽ പാരായണം ചെയ്യുന്നതിലും കൂടുതൽ കർത്താവിനു് ഇഷ്ടപ്പെടുന്നതു് ആ പുസ്തകം ദാനം ചെയ്യുന്നതാണു്" എന്നു പറഞ്ഞു് പുസ്തകം വിററു് പണം വാങ്ങിക്കൊള്ളുന്നതിനായി അതിനെ ഭിക്ഷുവിനു കൊടുത്തു. ഫ്റാൻസിസ്സു് ചില അവസരങ്ങളിൽ വേഷം മാറി ഭിക്ഷുവായി നടക്കുകയും, അങ്ങനെ ലഭിച്ചവയും സാധുക്കൾക്കു് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടു്. ഫ്റാൻസിസിനു് അസൂയതോന്നിയിട്ടുണ്ടെങ്കിൽ അതു് തന്നെക്കാൾ ദരിദ്രരായവരെ കാണുമ്പോളാണു്. സ്വത്തുക്കൾ മുഴുവൻ വിററുകൊടുത്താലും അതു് തൻമൂലം ലഭിക്കുന്ന ദാരിദ്ര്യത്തിന്റെ മതിയായ വില ആയിരിക്കയില്ലെന്നാണു് ഫ്റാൻസിസ്സു് പറഞ്ഞിരുന്നതു്. ഫ്റാൻസിസിന്റെ ആദർശം ധനവിനിമയത്തിലും വിതരണത്തിലും ഉള്ള അസ്വാസ്ഥതകൾ പരിഹരിക്കുന്നതിനു് തികച്ചും പര്യാപ്തമാണു്.

ആ ആദർശം സ്വീകരിച്ചാൽ ധനവാൻ സ്വത്തിനെ ദൈവമായി ഗണിക്കുകയില്ല. അതു ധാരാളമായി വിതരണം ചെയ്യും. ദരിദ്രൻ ദരിദ്രാവസ്ഥയിൽ കുണ്ഠിതപ്പെടുകയോ വൈരാഗ്യപ്പെടുകയോ ഇല്ല. അസംതൃപ്തരെ അടിച്ചമർത്താതെ, ഫ്റാൻസിസിൻെറ മാർഗ്ഗം, ലോകം സ്വീകരിക്കട്ടെ. കേരളത്തിലെ മൂന്നാംസഭാംഗങ്ങൾക്കു് പ്രവൃത്തികളാലും പ്രസംഗങ്ങളാലും, ഫ്റാൻസിസ്കൻ പ്രബന്ധങ്ങളുടെ പ്രചരണത്താലും, ഈ ആശയം പ്രചരിപ്പിക്കാം. അതു് രാഷ്ട്രത്തിനു് സമാധാനവും ആത്മാവിനു് ശാന്തിയും കൈവരുത്തും.

10. രോഗികളോടും പരിത്യക്തരോടും ഫ്റാൻസിസു് പ്രദർശിപ്പിച്ച കാരുണ്യവും ലോകസമക്ഷം വെളിപ്പെടുത്തേണ്ടതുതന്നെ. വിൻസെൻറു് ഡി പോൾ സംഘങ്ങൾ ഫ്റാൻസിസിൻെറ ജീവകാരുണ്യപരിപാടി കുറെയൊക്കെ പ്രാവർത്തികമാക്കുന്നുണ്ടു്. സമുദായം വെറുത്തുപേക്ഷിച്ചിരുന്ന കുഷ്ഠരോഗികളെ ഫ്റാൻസിസു് പരിചരിക്കുകയും ചുംബിക്കുകയും ചെയ്തിരുന്നു. ദൈവത്തിങ്കലേക്കു തിരിയുന്നതിനു മുൻപു് കുഷ്ഠരോഗികളെ കാണുന്നതുപോലും തനിക്കു വെറുപ്പായിരുന്നു എന്നാണു് ഫ്റാൻസിസു് തന്നെ പറയുന്നതു്. എന്നാൽ ദൈവഹിതം വെളിപ്പെട്ടതിനുശേഷം, ഫ്റാൻസിസു് കുഷ്ഠരോഗികളെ തേടിപ്പിടിച്ചു പരിചരിച്ചു് ചുംബിച്ചു. അവർക്കു് വസ്ത്രവും ഭക്ഷണവും കൊടുത്തു. ഒരിക്കൽ ഫ്റാൻസിസു് ഒരു കുതിരപ്പുറത്തുപോകുമ്പോൾ പൊടുന്നനവെ ഒരു കുഷ്ഠരോഗിയെ കണ്ടു. ഫ്റാൻസിസിനു് അപ്പോൾ ഒരു ഭയവും സംഭ്രാന്തിയും ആണു് ആദ്യം അനുഭവപ്പെട്ടതു്. കർത്താവിൻെറ പടയാളി സംഭ്രമത്തെ ജയിക്കേണ്ടതാണെന്നുള്ള ബോധ്യം ഉടനെ ഫ്റാൻസിസിൽ ഉദിച്ചു. തൽക്ഷണം ഫ്റാൻസിസു് കുതിരപ്പുറത്തുനിന്നിറങ്ങി കുഷ്ഠരോഗിയുടെ നേർക്കു നടന്നു. ഭിക്ഷ സ്വീകരിക്കുവാനായി കുഷ്ഠരോഗി കൈനീട്ടി: ഉടനെ ഫ്റാൻസിസു് ആ കരം ചുംബിക്കുകയും അതു നിറയെ

പണം വച്ചുകൊടുക്കയും ചെയ്തു. പിന്നീടു് ഫ്രാൻസീസ്സു് വീണ്ടും കുതിരപ്പുറത്തുകയറി തിരിഞ്ഞുനോക്കിയപ്പോൾ ആ സ്ഥലത്തു് ആരേയും കണ്ടില്ല. ദൈവത്തിനു സ്തോത്രംചൊല്ലി ഫ്രാൻസിസ്സു് അവിടെനിന്നുപോയി. അസംതൃപ്തരെയും പീഡിതരെയും പരിചരിക്കുമ്പോൾ ദൈവത്തെതന്നെ പരിചരിക്കുന്നു എന്നു് ഫ്രാൻസിസിനു ബോദ്ധ്യമായി. ഈ ബോദ്ധ്യം ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനു് മൂന്നാം സഭാംഗങ്ങൾക്കു് ശ്രമിക്കാം.

11. മൂന്നാംസഭാംഗങ്ങൾക്കു് ഫ്രാൻസിസിൽനിന്നു് പകർത്തുകയും, പിന്നീടു് പ്രചരിപ്പിക്കുകയും ചെയ്യാവുന്ന ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. ഫ്രാൻസിസിന്റെ കാലത്തെ വൈദികരെ അന്നത്തെ അൽമായർ അവഹേളിച്ചിരുന്നു. അന്നു പ്രചരിച്ചിരുന്ന സകല തിന്മകളും വൈദികർ ഉത്തരവാദം ചെയ്യേണ്ടവയെന്നാണു് പലരും ഗണിച്ചിരുന്നതു്. പാപത്തിൽ ജീവിക്കുന്ന പുരോഹിതരുടെ പട്ടത്വംപോലും നശിച്ചു എന്നുതന്നെ ചിലർ സിദ്ധാന്തിച്ചിരുന്നു. ഫ്രാൻസിസ് ഒരിക്കൽ ലൊമ്പാർഡിയിൽക്കൂടി സഞ്ചരിക്കുമ്പോൾ, കുറെ ആളുകൾ അദ്ദേഹത്തിന്റെ ചുററുംകൂടി. അവരിലൊരാൾ സ്ഥലത്തെ വികാരിയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് പറഞ്ഞു: "പരസ്യപാപത്തിൽ ജീവിക്കുന്ന ഈ ഇടയനു് എങ്ങനെ വിശ്വാസവും ഭക്തിയും ആർജിക്കാൻ സാധിക്കുമെന്നു് വിശുദ്ധാ, ഞങ്ങളോടു പറയുക." ഇതു കേട്ട ഉടനെ ഫ്രാൻസിസ് വികാരിയച്ചന്റെ അടുക്കലേക്കു് നടന്നുചെന്നു് തറയിൽ മുട്ടുകുത്തി അദ്ദേഹത്തിന്റെ കൈകൾ ചുംബിച്ചുകൊണ്ടു പറയുകയാണു്: "ഈ കൈകൾ അശുദ്ധമാണോ അല്ലയോ എന്നു് എനിക്കറിഞ്ഞുകൂടാ. അശുദ്ധമാണെങ്കിലും അക്കാരണത്താൽ ആ കരങ്ങൾകൊണ്ടു ചെയ്യുന്ന തിരുക്കർമ്മങ്ങളുടെ ഫലങ്ങൾ കുറയുകയില്ല. ഈ കരങ്ങൾ എന്റെ കർത്താവിനെ വഹിച്ചിട്ടുള്ളവയാണു്, കർത്താവിനോടുള്ള ഭക്തി

നിമിത്തം ഞാൻ അദ്ദേഹത്തിൻെറ വികാരിയെ ബഹുമാനിക്കുന്നു. ഇദ്ദേഹം തനിക്കുതന്നെ ചീത്തയായിരിക്കാം. എന്നാൽ എനിക്കു് നല്ലതാണു്.'' പട്ടക്കാരുടെ കരങ്ങൾ മാത്രമല്ല, അവർ സവാരിചെയ്യുന്ന കുതിരകളുടെ കുളമ്പുകൾ പോലും ചുംബിച്ചു് പട്ടത്വത്തെ ബഹുമാനിക്കണമെന്നു് ഫ്റാൻസിസ്സ് തൻെറ അനുയായികളോടു് ഉപദേശിച്ചിരുന്നു. നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന വൈദിക വിപ്രതിപത്തിക്കു്, ഫ്റാൻസിസിൻെറ മാതൃക ഒരു തക്ക പ്രതിവിധിയായിരിക്കും. സഭയുടെ നിലനില്പിനും പുരോഗതിക്കും വൈദികരോടുള്ള ബഹുമാനം അപരിത്യാജ്യമാണു്. സമുദായ നിലനില്പിനും സമാധാനത്തിനും ഇതു് പ്രയോജനപ്പെടും. ഭരണകർത്താക്കളായി നിയുക്തരായവരോടു് ബഹുമാനവും വണക്കവും ഇല്ലെങ്കിൽ സമുദായത്തിൻെറ അസ്ഥിവാരത്തിനുതന്നെ കോട്ടം ഭവിക്കും. ഭരണാധിപന്മാരെ അവഹേളിക്കുകയും ധിക്കരിക്കുകയും ചെയ്യുന്ന സമുദായം അധഃപതനത്തിൻെറ മാർഗ്ഗത്തിൽ ത്വരിതപ്രയാണം ചെയ്യുകയാണെന്നു് നിസ്സംശയം പറയാം.

12. ഫ്റാൻസിസ്ക്കൻ മൂന്നാംസഭ അനുഗ്രഹത്തിൻെറ ഉറവയാണു്. 1945-ൽ 30 ലക്ഷത്തിലധികം അംഗങ്ങൾ ഈ സഭയുടെ അനുഗ്രഹം സ്വീകരിച്ചുപോന്നു. പ്രഭുക്കന്മാരും രാജാക്കന്മാരും അസംഖ്യം മൂന്നാം സഭയിൽ ചേർന്നിട്ടുണ്ടു്. യൂറോപ്പിൽതന്നെ കിരീടം ധരിച്ചവർ 142 പേർ സഭാംഗങ്ങളായിരുന്നു. രാജാക്കന്മാരും പ്രഭുവംശജന്മാരുമായി 30 മൂന്നാംസഭാംഗങ്ങൾ പ്രശസ്ത വിശുദ്ധരുടേയും അനുഗൃഹീതരുടേയും പട്ടികയിൽ ഉണ്ടു്. സാധാരണക്കാരുടേയും തൊഴിലാളികളുടേയും ഇടയിൽനിന്നു് 100 മൂന്നാംസഭക്കാർ വിശുദ്ധന്മാരും അനുഗൃഹീതരുമായി നാമകരണം ചെയ്യപ്പെട്ടിട്ടുണ്ടു്. ളൂയിസ് ഗോൺസാഗോ, വിശുദ്ധ ഫ്റാൻസിസ്

ശൗരിയാർ, ആർസിലെ വികാരി, ജോവാൻ ഓഫ് ആർക് മുതലായവർ മൂന്നാംസഭയിൽ പെട്ടവരത്രെ. ഇപ്പോൾ ഭാഗ്യമോടെ വാണരുളുന്ന മാർപ്പാപ്പാ ഉൾപ്പെടെ, 18 മാർപ്പാപ്പാമാരും അനേകം കർദ്ദിനാളന്മാരും, മെത്രാപ്പോലീത്താമാരും, മെത്രാന്മാരും, കവികളും, പണ്ഡിതന്മാരും, ശാസ്ത്രജ്ഞന്മാരും മൂന്നാംസഭയുടെ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. അതിനാൽ മൂന്നാംസഭ കപടഭക്തന്മാരുടെയോ, അജ്ഞന്മാരുടെയോ, ദരിദ്രരുടെയോ സഭയെന്ന് ആരും വിധിക്കേണ്ട. കേരളത്തെ സംബന്ധിച്ചാണെങ്കിൽ മൂന്നാംസഭയുടെ മേന്മയും ആദർശമഹത്വവും സാദ്ധ്യതകളും ഭൂരിപക്ഷത്തിനു അജ്ഞാതമായിട്ടാണു ഇരിക്കുന്നതു്. ആ തമസ്സിനെ അകററുവാൻ പ്രത്യേകമായി യുവാക്കന്മാരെ ആകർഷിക്കുന്നതിനു, നമുക്കു ശ്രമിക്കാം. യുവാക്കന്മാർ സഭയിൽ പ്രവേശിക്കാതെ അതിനു് പ്രസരിപ്പുണ്ടാകുകയില്ല. ജീവിതവിശുദ്ധിക്കു യൗവനത്തിൽ പരിശ്രമിക്കാത്തവർക്കു് വാർദ്ധക്യത്തിൽ അതു കൈവരുകയില്ല. ദുർഗ്ഗുണങ്ങൾ വാർദ്ധക്യത്തിൽ വിട്ടുമാറുകയില്ല. ശരീരം പാപത്തിനു ശക്തമല്ലെങ്കിൽതന്നെ, മനസ്സ് പാപത്തിനു അധീനമായിരിക്കും. വിചാരത്താലും പാപം ധാരാളമായി ചെയ്യുന്നുണ്ടല്ലോ. യൗവനത്തിൽ പാപത്തെ പ്രതിരോധിക്കേണ്ടതാവശ്യമാണു്. മൂന്നാംസഭ സർവ്വപ്രധാനമായി വ്യക്തിയുടെ വിശുദ്ധിയെ കൈവരുത്തുന്നു. ക്രമേണ അതു ലോകോപകാരപ്രദമായി പകരുകയും ചെയ്യും. അതിനാൽ കേരളീയയുവാക്കളെ മൂന്നാംസഭയിലേക്കാകർഷിക്കാം. ഈ മഹാ സമ്മേളനത്തിൽ അങ്ങനെയൊരു നിശ്ചയം നമുക്കു ചെയ്യാം. നിങ്ങളുടെ സ്വീകരണത്തിനായി താഴെവരുന്ന പ്രമേയം അവതരിപ്പിക്കുന്നു.

## പ്രമേയം

ഫ്രാൻസീസ്കൻ പ്രബന്ധങ്ങളും ലേഖനങ്ങളും പ്രചരി

ഷ്പിച്ചും, അവസരോചിതമായ ഉപദേശങ്ങളും പ്രസംഗങ്ങളും നടത്തിയും, സർവ്വോപരി മാതൃകാപരമായ ജീവിതം നയിച്ചും, വിശുദ്ധ ഫ്റാൻസിസ് അസ്സീസിയുടെ ആദർശമഹത്വത്തെ വെളിപ്പെടുത്തി, ഫ്റാൻസിസ്കൻ മൂന്നാംസഭ കേരളത്തിലെ യുവാക്കന്മാരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനു് സഭാംഗങ്ങളേവരും, വിശിഷ്യ അഭ്യസ്തവിദ്യരും, യുവാക്കന്മാരും, സർവ്വാത്മനാ പരിശ്രമിക്കണമെന്നു് ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടെ ഈ മഹാ സമ്മേളനം തീരുമാനിക്കുന്നു.

ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങളായ ഒരു മെത്രാപ്പോലീത്തായും ഒരു മെത്രാനും, കേരളഫ്റാൻസിസ്കൻ മൂന്നാംസഭയുടെ രക്ഷാധികാരികളായിരിക്കണമെന്നുള്ള സഭാംഗങ്ങളുടെ പൊതുവായ ആഗ്രഹത്തിന്റെ നിവൃത്തിക്കായി, യഥാക്രമം രക്ഷാധികാരിയും, ഉപരക്ഷാധികാരിയും ആയിരിക്കുന്നതിനു് വരാപ്പുഴമെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി തിരുമേനിയോടും, തൃശ്ശൂർ മെത്രാൻ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട തിരുമേനിയോടും, അഭ്യർത്ഥിക്കണമെന്നു് ഫ്റാൻസിസ്കൻ ഒന്നാംസഭയുടെയും മൂന്നാംസഭയുടെയും ഇൻഡ്യയിലെ സുപ്പീരിയറായ ചെ. ബ. റിച്ചാർഡ് കമ്മീസറി ജനറാളച്ചൻ അവർകളോടു് ഈ മഹാ സമ്മേളനം അപേക്ഷിക്കയും ചെയ്യുന്നു.

## * ഫ്റാൻസിസ്കൻ ചൈതന്യം!

1. കമ്മ്യൂണിസത്തിനും ഇന്നത്തെ മററു ദുരിതങ്ങൾക്കും, ഫ്റാൻസിസ്കൻചൈതന്യം എത്രമാത്രം മറുമരുന്നായിരിക്കും എന്നുള്ളതാണു് ഞാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രശ്നം. അന്തരികമായി, സെൻറ് അഗസ്റ്റിൻ പ്ലേറേറായുടെ അടുത്ത പിൻഗാമിയാണെന്നും, സെൻറ് തോമ്മസ് അക്വീനാസ് അരിസ്റ്റോട്ടലിൻെറ അടുത്ത പിൻഗാമിയാണെന്നും അറിയുന്ന രീതിയിൽ, സെൻറ് ഫ്റാൻസിസ് അസ്സീസി, അന്തരികമായി, നോഹിൻെറയും, തുടർന്നു യോനായുടെയും, പിന്നീടു് യോഹന്നാൻമാംദാനായുടെയും പിൻഗാമിയാണെന്നു പറയാവുന്നതാണു്. ഇവരെല്ലാവരും നിസ്തുല്യരായ മനുഷ്യസ്നേഹികളായിരുന്നു. സകല ജീവജാലങ്ങളുടെയും, വിത്തുകളെ ശേഖരിച്ചു, ജലപ്രളയത്തിൽനിന്നും സംരക്ഷിച്ചു്



ശ്രീമാൻ തോമ്മസ് മാക്കിൽ
ബി. എ., ബി. എൽ.

നോഹ്നിവ്യാ മനുഷ്യകുലത്തിനു് പുനർജ്ജന്മം നൽകി. പ്രാചീനകാലത്തു് ലോകപ്രസിദ്ധമായിരുന്ന നിനിവെപട്ടണ

---

* ഫ്റാൻസിസ്കൻ മൂന്നാംസഭാംഗവും അ. കേ. ക. കോൺഗ്രസ്സ് വൈസ് പ്രസിഡണ്ടുമായ ശ്രീമാൻ തോമ്മസ് മാക്കിൽ ബി. ഏ; ബി. എൽ. അവർകൾ 1950 ഡിസമ്പർമാസം 31-ാംനു-, മരിയൻകോൺഗ്രസ്സിനോടനുബന്ധിച്ചു് എറണാകുളത്തുവച്ചു് നടത്തപ്പെട്ട ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടെ സമ്മേളനത്തിൽ ചെയ്ത പ്രസംഗം.

ത്തെ, ആസന്നമായിരുന്ന നാശഗർത്തത്തിൽനിന്നും, യോനാൻനിവ്യാ തൻെറ താപസപ്രഭാഷണങ്ങളാൽ രക്ഷപെടുത്തി. ദുരഭിമാനപ്രമത്തരായിരുന്ന യഹൂദജനത്തെ ചാക്കുവസ്ത്രത്തിൻേറയും വെണ്ണീറിൻേറയും തപശ്ചര്യകളിലേക്കു് യോഹന്നാൻമാംദാനാ ആഹ്വാനംചെയ്തു. വി. ഫ്രാൻസീസാകട്ടെ, ക്രിസ്തുനാഥനെ എത്രകണ്ടു് അനുകരിക്കുവാൻ സാദ്ധ്യമാകുമോ, അത്രകണ്ടു് അനുകരിച്ചു. "ദ്വിതീയക്രിസ്തു"വെന്നുള്ള അത്യുന്നതമായ അപദാനത്തിനു അർഹനായി, ആധുനികലോകത്തിൻെറ ദ്വിതീയ രക്ഷിതാവെന്ന നിലയിൽ വിളങ്ങി പരിശോഭിച്ചു നിലകൊള്ളുന്നു.

2. ലോകാരംഭംമുതൽ ഇന്നുവരെ, എതിർദ്വയങ്ങളായി എതിരിട്ടു നിലനിന്നുപോരുന്ന രണ്ടു ശക്തികളാണു് ആദ്ധ്യാത്മികതയും പ്രാപഞ്ചികതയും. ക്രിസ്തുവിനുമുൻപു യൂദയാ ഒഴിച്ചുള്ള ബാക്കി ഭൂവിഭാഗമെല്ലാം, പ്രാപഞ്ചികതയിലാണ്ടു ലയിച്ചുകിടന്നിരുന്നു. ഗ്രീസിലും റോമ്മായിലും പ്രാപഞ്ചികത്വം ഒരു കലയായി ഉയരുകയും, അതിനു് ഒരു തത്വസംഹിത രൂപീകൃതമാകുകയും ചെയ്തിട്ടുണ്ടു്. പ്രാപഞ്ചികതയെ ചെസ്റ്റർട്ടൻ "ലൌകികമായ സുഖലോലുപത്വം" (Comfortable Materialism) എന്നാണു് വിവക്ഷിച്ചിട്ടുള്ളതു്. ഇതിനെ വെല്ലുന്നതിനും ജയിക്കുന്നതിനും സോക്രട്ടീസിൻെറ യുക്തിവാദങ്ങൾക്കോ, പ്ലേറ്റോയുടെ ഭാവനകൾക്കോ, അരിസ്റ്റോട്ടലിൻെറ കൈകണ്ട തക്ക്ശാസ്ത്രസിദ്ധാന്തങ്ങൾക്കോ സാധിച്ചിരുന്നില്ല. മനുഷ്യരെല്ലാം ദൈവത്തിൻെറ മക്കളാണെന്നും, പരസ്പരം സഹോദരീസഹോദരന്മാരാണെന്നും അഭിന്നവമായി ദിവ്യരക്ഷകൻ പ്രഖ്യാപിച്ചതിൻെറശേഷമാണു്, പ്രാപഞ്ചികതയുടെ നാരായവേരു ഖണ്ഡിച്ചുപോയിട്ടുള്ളതു്. വിവിധ ജാതികൾ ഈശ്വരൻെറ വിവിധമായ അവയവങ്ങളിൽനിന്നു ഉത്ഭവിച്ചവരാണെന്നുള്ളതായിരുന്നു പ്രാപഞ്ചികതയുടെ മൂലപ്രമാണം. ഇതിനെ അധികരിച്ചാണു് വ്യക്തി

പരവും, സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവുമായ എല്ലാ ഉച്ചനീചത്വങ്ങളെയും സാധൂകരിച്ചു്, വ്യവസ്ഥപ്പെടുത്തി ഉറപ്പിച്ചു വച്ചിരുന്നതു്. ക്രിസ്തുമതം പ്രചരിച്ചതോടുകൂടി പ്രാപഞ്ചികത ക്ഷയിച്ചുതുടങ്ങുകയും ചെയ്തു.

3. എന്നാൽ റോമ്മാസാമ്രാജ്യം ഛിന്നഭിന്നമായതിന്റെ ശേഷം, ചെറുരാഷ്ട്രങ്ങൾ ആവിർഭവിച്ചപ്പോൾ, സ്വയരക്ഷയ്ക്കുവേണ്ടി രാഷ്ട്രീയവും യുദ്ധസംബന്ധവുമായ ആവശ്യങ്ങളെ മുൻനിറുത്തി (feudalism) "ഫ്യൂഡലിസം" എന്നു് അറിഞ്ഞുവരുന്ന ഒരു ഭൂനയവ്യവസ്ഥിതി ഏർപ്പെടുത്തേണ്ടതായി വന്നു. ഇതിന്റെ ആവശ്യം അസ്തമിച്ചതിനുശേഷവും, പ്രസ്താവിതഭൂനയവ്യവസ്ഥിതി തുടരുകയാണു് ചെയ്തതു്. ഭൂമി മുഴുവനും രാജാവിന്റെ ആണെന്നും പ്രഭുക്കന്മാരുമുതൽ ഇങ്ങേ അറ്റത്തെ കൊഴുവന്മാർവരെയുള്ള സകലരും, തങ്ങൾക്കു മേലായിനില്ക്കുന്നവരുടെ അഭീഷ്ടമനുസരിച്ചു് വ്യാപരിക്കണമെന്നും മറ്റുമായിരുന്നു (Feudalism) "ഫ്യൂഡലിസ"ത്തിലെ നിയമം. സാമൂഹ്യവും സാമ്പത്തികവുമായ എല്ലാ നിലവ്യത്യാസങ്ങളേയും ക്രമീകരിച്ചു് പാലിച്ചുകൊണ്ടിരുന്നതു് മുൻപറഞ്ഞ ഭൂനയമാണു്, അക്കാലത്തു് സർവ്വപ്രധാനമായ ധനം ഭൂസ്വത്തായിരുന്നതിനാൽ സാമ്പത്തികസ്വാതന്ത്ര്യം ഇല്ലായിരുന്നുവെന്നുതന്നെ പറയാം.

"ലിറീനി ആൻഡ് മെയിൻറനെൻസ്" (Lireeny and maintainance) എന്ന പ്രസ്ഥാനം നിമിത്തം പ്രഭുക്കന്മാരുടെ വഴക്കുകളിൽ സത്യപ്രതിജ്ഞയുടെ ആധാരത്തിൽ, കുടിയാന്മാർ പങ്കെടുക്കുന്നതിനു് നിർബ്ബന്ധിക്കപ്പെട്ടിരുന്നു. ഈ തരുണത്തിൽ ക്രിസ്തുമതപ്രബോധനത്താൽ നിഷ്കാസിതമായിരുന്ന പ്രാപഞ്ചികത സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ അഭംഗം കയ്യേറി അഹംകരിച്ചു് ഭരിച്ചുകൊണ്ടിരുന്നു.

4. ഇങ്ങനെയുള്ള അന്ധകാരമുഹൂർത്തത്തിൽ, ക്രിസ്ത്യൻ സംസ്കാരവും ക്രിസ്ത്യൻചൈതന്യവും കുലത്തിന്റെ സുബുദ്ധി

വിശേഷവും എല്ലാം ഒന്നുചേൎന്ന് ആധുനികലോകത്തിന്റെ ഉദ്ധാരണത്തിനായി അസ്സീസിയിലെ വിശുദ്ധൻ ജാതനായി. വള്ളിസ്സും പുള്ളിസ്സും വിസർഗ്ഗത്തിനും ഭേദംവരുത്താതെ സുവിശേഷതത്വങ്ങൾ അനുസരിച്ച് സ്വകാര്യജീവിതവും പൊതുജീവിതവും നയിക്കുന്നതിന് സകലരേയും അദ്ദേഹം ഉൽബോധിപ്പിച്ചു. അക്ഷരംപ്രതി അവയെ അനുഷ്ഠിച്ച് അദ്ദേഹം ദൃഷ്ടാന്തവും നൽകി. സാമ്പത്തികരാഷ്ട്രീയ രംഗങ്ങളിൽ സാഹോദര്യത്തെ നെടുകേയും കുറുകേയും ഉല്ലേഖനംചെയ്തു. സ്വാഗതം ലഭിക്കാത്ത ആഗതരെപ്പോലെ, രാജഭരണവും പ്രഭുഭരണവും പിന്നീട് തലകുനിച്ച് നിലകൊണ്ടു. "മാനെ, താക്കെൽ, ഫാറെസ്" എന്ന പദത്രയം അന്തരീക്ഷത്തിൽ സൎവത്ര മുഖരിതമായി. പ്രജായത്തചൈതന്യം വിനാവിളംബം അങ്കുരിച്ച് ജന്മമെടുത്തു. അതു കിളിൎത്തു വളൎന്നതോടുകൂടി (Feudalism) "ഫ്യൂഡലിസം" തകൎന്നു തരിപ്പണമായി. വിവിധരാജ്യങ്ങളിൽ പ്രജാസഭകൾ ആരംഭിച്ചു. ഭൂസ്വത്ത് അചിരേണ കമ്പോളസാധനമായി. പരിശ്രമത്തിന് എങ്ങും വിലവന്നു. സാമ്പത്തികസാമൂഹ്യസമാധാനം സാധിതപ്രായമാകുകയും ചെയ്തു.

5. ഈ സാഹചര്യങ്ങളിൽ പ്രാപഞ്ചികത്വം പിന്മാറി. എന്നാൽ എന്നേയ്ക്കുമല്ല. പതിനെട്ടാം നൂറ്റാണ്ടിൽ യാന്ത്രികസാമഗ്രികൾ വൎദ്ധിച്ചു. വ്യവസായ വിപ്ലവം ഉണ്ടായി. തൊഴിൽശാലകൾ പെരുകി. ഉൽപാദനം ശതഗുണീഭവിച്ചു. വിപണികൾ ദേശാന്തരങ്ങളിൽ വ്യാപിച്ചു. നാണയധനം അത്യധികം സമൃദ്ധമായി. എന്നാൽ വേലക്കാരന്റെ സ്ഥിതി കൂടുതൽ ദയനീയമാകുകയാണു ചെയ്തതു്. മുതലാളിയോ, ഉത്തരോത്തരം ധനവാനുമായിത്തീൎന്നു. ഈ അവസ്ഥയിൽ പ്രാപഞ്ചികത്വം മുതലാളിത്വത്തിന്റെ പ്രച്ഛന്നവേഷത്തിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. സാമ്പത്തിക രംഗത്തുനിന്നു കൊണ്ട് ശാസ്ത്രങ്ങളിലും സാഹിത്യത്തിലും സുകുമാരകലക

ളിലും, എന്നു വേണ്ട, ജീവിതത്തിന്റെ സകല തുറകളിലും അതു നുഴഞ്ഞുകയറി സ്വാധീനം ചെലുത്തി. നില അടിയുറച്ചുവെന്നു് ബോദ്ധ്യമായതിനുശേഷം, ക്രിസ്തുവിനു മുമ്പുള്ള കാലത്തു് സകല രംഗങ്ങളിലും ആധിപത്യം സ്ഥാപിച്ചതുപോലെ, ആധിപത്യം സ്ഥാപിക്കുന്നതിനുവേണ്ടി, ഉയർച്ച പ്രാപിക്കുന്നതിനു ഏണിയായി ഉപയോഗിച്ച മുതലാളിത്വത്തെപ്പോലും ഉപേക്ഷിച്ചു്, പ്രജായത്വ തത്വത്തെ വികടീഭവിപ്പിച്ചു്, പ്രജാക്ഷേമമെന്ന കപടമൂടുപടത്തിന്റെ മറയിൽ, വിവിധങ്ങളായ നയതന്ത്രമാർഗ്ഗങ്ങളിൽക്കൂടി പ്രാപഞ്ചികത, കമ്മ്യൂണിസ്റ്റു്പ്രസ്ഥാനത്തെ ആവിഷ്കരിച്ചു് സമർത്ഥമായി പ്രചരിപ്പിച്ചു വരുകയാണു്.

6. "ഫ്യൂഡലിസ"ത്തിൽനിന്നു് ലോകത്തെ രക്ഷിച്ച ഫ്രാൻസിസ്കൻ ചൈതന്യത്തിനു കമ്മ്യൂണിസത്തിൽനിന്നും ലോകത്തെ രക്ഷിക്കുവാൻ കഴിയുന്നതാണു്. ഫ്രാൻസിസ്കൻ ചൈതന്യത്തിൽനിന്നും മുൻ വിവരിച്ചപ്രകാരം ജന്യമായിട്ടുള്ള ഡിമോക്രാറ്റിക് ചൈതന്യംകൊണ്ടു് (Democratic Spirit) ഈ കാര്യം സാധിക്കുമെന്നു വിചാരിക്കുന്നു. വ്യക്തിപരമായ വിശുദ്ധീകരണത്തെ മാത്രം ഉദ്ദേശിച്ചല്ല ഫ്രാൻസിസ്കൻ ചൈതന്യം നിലകൊള്ളുന്നതു്. പൊതുജീവിതത്തിലെ വിശുദ്ധിയേയും അതു തുല്യമായോ കൂടുതലായോ പരിഗണിച്ചുപോരുന്നു. നീതിപൂർവവും വിശുദ്ധവുമായ പൊതുജീവിതം നിലവിൽ ഇല്ലാത്തിടത്തു് സ്വകാര്യജീവിതംപോലും കാര്യക്ഷമമായും വിശുദ്ധമായും നയിക്കുവാൻ സാധാരണക്കാർക്കു സാധ്യമല്ല. ജീവിതവൃത്തം വിസ്തൃതമാകുംതോറും തൻകാര്യം കുറഞ്ഞുവരുന്നതായും കാണുന്നു. അവിവാഹിതന്റെ ജീവിതവൃത്തത്തേക്കാൾ എത്രയോ വിസ്തൃതമേറിയതാണു് ഒരു പിതാമഹന്റെ ജീവിതവൃത്തം. അതുകൊണ്ടാണല്ലോ പിതാമഹൻ കൂടുതൽ വിശാലാശയനായി

കാണുന്നതു്. സ്വാർത്ഥതല്പരൻ (Self-minded) ആകാതിരിക്കുന്നതിനു് ഒരുത്തമ മാർഗ്ഗമായി സാർവത്രികപരോപകാരതല്പരൻ (World minded) ആയിരിക്കുന്നതിനു് ഫ്റാൻസിസ്കൻ ചൈതന്യം ഉപദേശിക്കുന്നു. ക്രിസ്ത്യൻ ചൈതന്യം ദൈവിക നശ്വരത്തിൻെറ പ്രതിഫലനമായിരിക്കുന്നതുപോലെ ഫ്റാൻസിസ്കൻ ചൈതന്യം ക്രിസ്ത്യൻ ചൈതന്യത്തിൻെറ സ്ഥലകാലമനുസരിച്ചുള്ള പ്രതിഫലനമാണു്. പ്രജായത്ത ചൈതന്യം, ഫ്റാൻസിസ്കൻ ചൈതന്യത്തിൻെറ ഏററവും വിശിഷ്ടമായ ആധുനിക അനുഗ്രഹവുമാണു്. പ്രജായത്തചൈതന്യം (Democratic Spirit) നിരങ്കുശമായി രാഷ്ട്രീയ ജീവിതത്തിലും സാമ്പത്തിക വ്യവസ്ഥിതികളിലും സാമൂഹ്യരംഗങ്ങളിലും പ്രവേശിച്ചു് പ്രചോദനം നൽകി പ്രവർത്തിച്ചുകൊണ്ടിരിക്കേണ്ടതാണു്. ഒരുവൻെറ സ്വാതന്ത്ര്യം അപരൻെറ സ്വാതന്ത്ര്യത്തിനു ഹാനികരമായി പ്രയോഗിക്കാതിരിക്കുന്നതിനുവേണ്ടി ക്രമസമാധാനങ്ങളെ പാലിക്കുന്നതിനും വ്യക്തയുടെ കഴിവുകൾക്കു ഉപരിയായിട്ടുള്ള പൊതുജനക്ഷേമകരങ്ങളായ പ്രവൃത്തികളെ നടത്തിത്തരുന്നതിനുമാണല്ലോ രാഷ്ട്രങ്ങൾ നിലകൊള്ളുന്നതു്. രാഷ്ട്രത്തിൽ ശരിയായ പ്രജായത്തചൈതന്യം പുലരുന്നതായാൽ എല്ലാ വിധത്തിലുള്ള അധികാരപ്രമത്തതയും അടിമത്വവും നീങ്ങി ഉത്തമമായ ക്രിസ്റ്റീയ ജീവിതം നയിക്കുന്നതിനു രാഷ്ട്രം ഒരു കോട്ടയായിത്തന്നെ നില്ക്കുന്നതാണു്. സാമ്പത്തികരംഗത്തു് സാമ്പത്തിക സ്വാതന്ത്ര്യമാണു് ഫ്റാൻസിസ്കൻ ചൈതന്യം ഉൽബോധിപ്പിക്കുന്നതു്. സാമ്പത്തികസമത്വം പ്രകൃതിവിരുദ്ധമാണു്; അതു സാദ്ധ്യവുമല്ല. സാമ്പത്തികമായ അവശതകളെ സാമ്പത്തികമായ സ്വാതന്ത്ര്യം കൊണ്ടു് കഴിയുന്നതു സ്വാഭാവികമായി പരിഹരിക്കാവുന്നതാണു്. വെട്ടുകല്ലെല്ലാം ഒരു വിലയ്ക്കു വാങ്ങുന്നതാണെങ്കിലും,

ചിലതു് അടിത്തറയിലും മററു ചിലതു് പൂമുഖത്തും പണിക്കു് ഉപയോഗിക്കുന്നു. മനുഷ്യസമുദായമാകുന്ന കെട്ടിടം അനുനിമിഷമെന്നോണം രൂപഭേദപ്പെട്ടുകൊണ്ടിരിക്കുന്നതുകൊണ്ടു്, വിശുദ്ധ തോമ്മസ് അക്വിനാസ് പറയുന്നതുപോലെ, അധഃസ്ഥിതിയിൽ ഇരിക്കുന്ന ഒരുവനു പ്രയത്നംകൊണ്ടു് പൂമുഖത്തിൽ പ്രധാനസ്ഥാനത്തു് എത്തിച്ചേരാവുന്നതാണു്. അവസരസമത്വവും തുല്യജോലിക്കു തുല്യകൂലിയും നൽകുകയും, ഇവകൾക്കു എതിരായിട്ടുള്ള സകല എതിർശ്ശക്തികളേയും കൂട്ടുകെട്ടുകളേയും ഉന്മൂലനം ചെയ്യുകയും ചെയ്താൽ സാമ്പത്തിക സമാധാനം താനെ സംസ്ഥാപിതമായിക്കൊള്ളും.

7. സാമൂഹ്യരംഗത്തും ഫ്റാൻസിസ്ക്കൻ ചൈതന്യം ശരിയായ പ്രജായത്ത മനഃസ്ഥിതിയെ അഥവാ സാഹോദര്യത്തെ പുലർത്തുന്നതാണു്. എല്ലാവിധത്തിലും ഒരുവൻ മറെറാരുവനേക്കാൾ ശ്രേഷ്ഠനായിരിക്കുകയില്ല. ചിലർക്കു ചിലതിലും, മററുചിലർക്കു മററു ചിലതിലും ഗുണവിശേഷങ്ങൾ ഉണ്ടാവാം. ഈ സ്ഥിതിക്കു പരസ്പരം ബഹുമാനിക്കാനും ആദരിക്കാനും മാത്രമേ ന്യായം കാണുന്നുള്ളു. അതിനാൽ ഒരുവനോ, ഒരുകൂട്ടം ആളുകളോ അധഃസ്ഥിതരെന്നു പറഞ്ഞു താറടിക്കുന്നതു പ്രജായത്തമനഃസ്ഥിതിക്കു അനുയോജ്യമായിട്ടുള്ളതല്ല.

8. ഈ വിധം ആലോചിച്ചാൽ പൊതുജീവിതത്തിന്റെ വിശുദ്ധീകരണത്തിനും പരിഷ്കരണത്തിനുമായി ഫ്റാൻസിസ്ക്കൻ ചൈതന്യം ഉദ്ദേശിച്ചിരിക്കുന്നതായി കാണാം. നിർമ്മലമായി പരിപുഷ്ടമായി ജീവിക്കുവാൻ, തനി ലോകരംഗത്തു് ജീവിച്ചുകൂടുന്ന ബഹുഭൂരിപക്ഷത്തിനു് പ്രയാസമാണെങ്കിലും മൂന്നാംസഭയിൽ അതു് സുസാദ്ധ്യമാണു്. വ്യക്തിപരവും പൊതുവായുമുള്ള ജീവിതത്തെ പവിത്രീകരിച്ചു് പരിപുഷ്ടിപ്പെടുത്തുന്നതിനു് ഫ്റാൻസിസ്ക്കൻ ചൈതന്യത്തിന്റെ എതിരാസഭാമായിട്ടാണു് (Perversion)

കമ്മ്യൂണിസത്തെ കാറൽ മാർക്ക്സ് (Karl Marx) ആവിഷ്ക്കരിച്ചിട്ടുള്ളതു്. കാറൽ മാർക്ക്സ് വിശുദ്ധ ഫ്റാൻസിസ് അസ്സീസിയുടെ നേരെ വിപരീതരൂപമാണെന്നു പറയാവുന്നതാണു്.

9. സാധാരണജനങ്ങളുടെ ഇടയിലാണു് കമ്യൂണിസ്റ്റുകാർ പ്രവൎത്തിക്കുന്നതു്. ഫ്റാൻസിസ്സൻ മൂന്നാംസഭയും സാധാരണ ജനങ്ങളുടെ ഇടയിലാണു് പ്രവൎത്തിച്ചുവരുന്നതു്. പൊതുനന്മയാണു് കമ്യൂണിസ്റ്റുകളുടെ പ്രഖ്യാതമായ പരിപാടി. അതുതന്നെയാണു് മൂന്നാംസഭയുടേയും ആത്മാൎത്ഥമായ ഉദ്ദേശ്യം. വിശുദ്ധ ഫ്റാൻസിസിന്റെ കാലത്തു്തന്നെ യൂറോപ്പിലെ റോഡുകൾ ഫ്റാൻസിസ്സൻ സഭാംഗങ്ങളെക്കൊണ്ടു് നിറഞ്ഞുകഴിഞ്ഞു. ഉഴുന്നവരോടും കാലിപാലകന്മാരോടും കച്ചവടക്കാരോടും, എന്നല്ല, സകലരോടും, സമയത്തും അസമയത്തും അവർ പ്രസംഗം നടത്തിക്കൊണ്ടിരുന്നു. കമ്യൂണിസ്റ്റുകാർ ഒളിപ്പോരുകാരെപ്പോലെ അനുവൎത്തിച്ചുവരുന്നുവെങ്കിൽ മൂന്നാംസഭക്കാർ സമാധാനകാലത്തെ സന്നദ്ധഭടന്മാരേപ്പോലെ അനുവർത്തിച്ചുവരുന്നു. കമ്യൂണിസ്റ്റുകാർ വിഷം തേച്ചുപോകുന്നിടത്തെല്ലാം മൂന്നാംസഭക്കാർ വിഷംമായിച്ചു് തേൻ തേച്ചുപോകുവാനുള്ളവരാണു്. "എല്ലാവരും തങ്ങൾക്കുവേണ്ടിയും, തങ്ങൾതന്നെ തങ്ങൾക്കുവേണ്ടിയും" എന്നുള്ള വിഷലിപ്തസിദ്ധാന്തത്തിനു പകരം, "തങ്ങൾ മററുള്ളവർക്കുവേണ്ടിയും, മററുള്ളവരെല്ലാം തങ്ങൾക്കുവേണ്ടിയും" എന്നു് ഫ്റാൻസിസ്സൻ മൂന്നാംസഭക്കാർ അലപിസ്സുവാനുള്ളവരാണു്. മൂന്നാംസഭക്കാർ തനി വിശുദ്ധിയേയും ആത്മരക്ഷയേയുംമാത്രം കരുതാതെ അത്യാവശ്യമായ പശ്ചാത്തലമെന്ന ന്യായേന എങ്കിലും ലോകനന്മയേയും ലോകരക്ഷയേയും ഉത്തരോത്തരം ദീക്ഷിച്ചു അശ്രാന്തം പ്രവൎത്തിക്കേണ്ടതാണു്. ഇതിലേക്കു് 'You can change the world' "യു കൃാൻ ചെയിഞ്ജ് ദി വേൾഡ്" (നിങ്ങൾക്കു്

ലോകത്തെ പരിഷ്കരിക്കുവാൻ സാധിക്കും) എന്ന വിശിഷ്ടഗ്രന്ഥത്തിൽ ജെയിംസ് കെല്ലർ (James Keller) ഉൽബോധിപ്പിക്കുന്നതുപോലെ, ഭരണകൂടത്തിൻെറ എല്ലാ തുറമുഖങ്ങളിലും, രാഷ്ട്റീയജീവിതത്തിൻെറ എല്ലാ വിഭാഗങ്ങളിലും, സ്കൂളുകളിലും, കോളേജുകളിലും പത്രമാസികകളിലും വാണിജ്യത്തിലും വ്യവസായത്തിലും, എന്നല്ല, ക്രിസ്തീയ ചൈതന്യം ചെലുത്താവുന്നതായ എല്ലാ സ്ഥാനങ്ങളിലും ഫ്റാൻസിസ്സൻ മൂന്നാംസഭക്കാർ ക്രിസ്തുവാഹികളായി (Christophers) പ്രവേശിച്ച് സ്വകീയ താല്പര്യങ്ങളെ പരിത്യജിക്കാതെതന്നെ, ലോകായതികർ ആകാതെ സർവവ്യാപകപരോപകാര തല്പരരായും, കീർത്തി അഗ്രഹിക്കാതെ പൊതുനന്മയെ കാംക്ഷിക്കുന്നവരായും, സർവോപരി ഫ്റാൻസിസ്സൻചൈതന്യത്താൽ സംപൂർണ്ണരായും പ്രവർത്തിക്കുവാനുള്ളവരാകുന്നു.

10 കമ്യൂണിസ്റ്റ്കാർ ലോകവ്യാപകമായ ഒരു ഇടതുപക്ഷസംഘടനയാണെങ്കിൽ ഫ്റാൻസിസ്സൻ മൂന്നാംസഭക്കാർ ലോകവ്യാപകമായ ഒരു വലതുപക്ഷ ക്രിസ്ത്യൻസേനയാണ്. ഒന്നു വിശുദ്ധവും വിശിഷ്ടവുമാണെങ്കിൽ, മറേറതു വികടിതവും വിനാശകരവുമാണ്. ചെസ്റ്റർട്ടൻെറ ഫാദർ ബ്രൌണിനെപ്പോലെയാണ് മൂന്നാംസഭാംഗം വ്യാപരിക്കേണ്ടത്. "പരിശുദ്ധമായ ബുദ്ധിവൈഭവം" (Innocent intelligence) എന്നായിരിക്കണം മൂന്നാംസഭാംഗത്തിൻെറ മുദ്രാവാക്യം. കമ്മ്യൂണിസ്റ്റുകളുടെ ഫാദർ ബ്രൌനെ അനുധാവനം ചെയ്ത തസ്കരപ്രമാണിയേപ്പോലെയാണ്. (Innocent intelligence can neutralize ingenious complexity) "വിദഗ്ദ്ധമായ കുന്നായ്മയെ തകിടം മറിക്കുവാൻ പരിശുദ്ധമായ ബുദ്ധിവൈഭവത്തിനു ശക്തിയുണ്ട്."

എന്ന ഗുണപാഠമാണല്ലോ 'ഫാദർ ബ്രൗൺ' കഥയിൽനിന്നും അനുക്തസിദ്ധമായിട്ടുള്ളതു്. താദൃശമായ ആദ്ധ്യാത്മിക പ്രാപഞ്ചികതകളുടെ ആധുനിക പോരാട്ടത്തിൽ ഫ്രാൻസിസ്കൻ ചൈതന്യം കലാശം വിജയിയ്ക്കുതന്നെ ചെയ്യും.

11 സൂക്ഷ്മമായി പരിശോധിച്ചാൽ പ്രാപഞ്ചികതയുടെ ഘടനയിൽ സാരതരമായ പൊരുത്തക്കുറവുണ്ടെന്നു് കാണാം. അതിനു ശരിയായ രൂപപൊരുത്തമോ (Proportion) സമീകരണമോ (Balance) ഇല്ല. സമദർശനമോ, സമചിത്തതയോ, സമഭാവനയോ, സാത്വികത്വമോ അതിനില്ല. സ്വാതന്ത്ര്യവും സാഹോദര്യവും പ്രജായത്തചൈതന്യവും കമ്മ്യൂണിസത്തിൽ വാഴുകയില്ല. അധികാരപ്രമത്തതയും മൃഗീയശക്തിയും അടിമത്വവും കൂടാതെ കമ്യൂണിസത്തിനു ഭരിക്കുവാൻ നിവ്വാഹമില്ല. അസ്സീസിയിലെ വിശുദ്ധൻ അഴിച്ചുവിട്ടിട്ടുള്ള വിശാലവും വിശിഷ്ടവുമായ ആദർശങ്ങൾ മൂന്നാംസഭക്കാർ നാനാമുഖേന അനുഷ്ഠിച്ചു ദൃഷ്ടാന്തീകരിക്കുമ്പോൾ, പ്രാപഞ്ചികതയുടെ ഏററവും ശക്തിയേറിയ ആധുനികഭാവവിശേഷമായ കമ്യൂണിസം തിരോധാനം ചെയ്തുകൊള്ളും.

12 സെൻറ് ഫ്രാൻസീസ് "ദ്വിതീയക്രിസ്തു" എന്നനിലയ്ക്കു് ആധുനികലോകത്തിൻെറ അനുപേക്ഷണീയനായ ദ്വിതീയരക്ഷിതാവുമാണു്. ചക്രത്തിനുള്ളിൽചക്രമെന്നമട്ടിൽ, ആധുനിക സാഹചര്യങ്ങളെ സമർത്ഥമായി നേരിടുന്നതിനുള്ള പ്രത്യേക ശിക്ഷണത്തോടും പരിശീലനത്തോടുംകൂടി തിരുസ്സഭയ്ക്കുള്ളിൽ ഫ്രാൻസിസ്കൻ സഭ ആദ്ധ്യാത്മിക പയററുകളരിയായി നിതരാം നിലകൊള്ളുന്നു. മെഷീൻതോക്കുകളോടും ററാങ്കുകളോടും സാഹസികമായി വില്ലും ശരവുംകൊണ്ടു് എതിരിടുന്നതുപോലെയാണു് പഴയമട്ടിൽ വെറുംകയ്യായി അന്ധകാരത്തിൻെറ വിധ്വംസതന്ത്രങ്ങളോടു് സാധുക്കളായ വിശ്വാസികൾ എതിരിടുവാൻ മുതിരുന്നതു്. സെൻറ് തോമ

സ് മൂർ, സെൻറ് ഇഗ്നേഷ്യസ്, സെൻറ് സേവിയർ, സെൻറ് വിൻസൻറ് ഡി പോൾ, സെൻറ് ബോൺസ്കോ മുതലായി ആധുനിക കാലത്തെ വീരമതികളായ പല പുണ്യവാന്മാരും സഭാസ്ഥാപകന്മാരും, 13-ാം ലിയോ തൊട്ട് ഇന്ന് ഭാഗ്യമോടെ വാഴുന്ന 12-ാം പീയൂസ് വരെയുള്ള എല്ലാ മാർപാപ്പാമാരും ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ ഉൾപ്പെട്ടവരാണെന്നുള്ളതു എത്രയും ചാരിതാർത്ഥ്യജനകമാകുന്നു. അതിനാൽ കഴിയുന്നത്ര സകലരും ക്രിസ്തുവിൻെറ ഈ സൈന്യത്തിൽ ചേരേണ്ടതാണ്.

13. ഇങ്ങനെയുള്ള സംഘടനയുടെ കേരളപ്രവിശയിലെ രക്ഷാധികാരിയായി ഇന്നത്തെ അദ്ധ്യക്ഷനായ വരാപ്പുഴ മെത്രാപ്പോലീത്ത മഹാ വന്ദ്യദിവ്യശ്രീ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ടും, ഉപരക്ഷാധികാരിയായി തൃശ്ശൂർമെത്രാൻ അഭിവന്ദ്യദിവ്യശ്രീ ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ടും ഇരുന്നരുളുന്നതിന് അതിയായി ആഗ്രഹിക്കുകയും അതിലേയ്ക്ക് ആത്മാർത്ഥമായി അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു. ഇതിനുവേണ്ടതായ ഒത്താശകൾ ചെയ്ത് സാധിച്ചുതരുന്നതിന് ഇൻഡ്യയിലെ ഫ്രാൻസിസ്കൻ കപ്പൂച്ചിൻസഭയുടെ കമ്മീസറിജനറാളായ വെരി. റവ. ഫാദർ റിച്ചാർഡ് അവർകളോട് സവിനയം അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

14. മരിയൻകോൺഗ്രസിൻെറ ബഹുമുഖങ്ങളും ബഹുലങ്ങളുമായ പ്രവർത്തനങ്ങൾക്കുമദ്ധ്യേ, ഒരു ഫ്രാൻസിസ്കൻ മൂന്നാംസഭാസമ്മേളനം നടത്തുന്നതിനു, മഹനീയമായ ഈ രംഗവും അവസരവും അനുവദിച്ചുതന്നതിൽ കോൺഗ്രസിൻെറ ഭാരവാഹികളോട് ഫ്രാൻസിസ്കൻസഭാംഗങ്ങൾ അതീവകൃതജ്ഞരായിരിക്കുന്നു.

# * ദൈവവചനം സജീവമോ?

ദൈവവചനത്തെപ്പററി ഇക്കാലത്തു് വിദ്യാലയഭിത്തികൾക്കുള്ളിലും പൊതുയോഗങ്ങളിലും ധാരാളമായി പ്രസംഗിക്കാറുണ്ടെങ്കിലും, ആ പ്രസംഗഫലമായി ശ്രോതാക്കളുടെ ജീവിതരീതിയിലും സന്മാർഗ്ഗാസക്തയിലും പറയത്തക്ക വ്യത്യാസങ്ങൾ ഉണ്ടാകാറില്ലെന്നു് സമർത്ഥിച്ചുകൊണ്ടു്, അമേരിക്കൻ കത്തോലിക്കാ സർവ്വകലാശാലയിലെ ഡാക്ടർ വില്ല്യം റസ്സൽ, ഇന്നു പ്രഖ്യാപിക്കപ്പെടുന്ന ദൈവവചനം തന്നെ നിർജ്ജീവമായിത്തീർന്നിട്ടില്ലയോ എന്നു് ഒരു പ്രഭാഷണമദ്ധ്യേ സന്ദേഹിക്കുകയുണ്ടായി. മതോപദേഷ്ടാവിൻെറ ഉദ്ദേശ്യം മതതത്വങ്ങളെപ്പററിയുള്ള ആദരവും, അതനുസരിച്ചു് ജീവിക്കുവാനു



ശ്രീമാൻ വി. സി. ജോർജ്ജ്
ബി. ഏ; എൽ. ററി.

---

* ഫ്റാൻസിസ്സൻ മൂന്നാംസഭാംഗവും ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമായ ശ്രീമാൻ വി. സി. ജോർജ്ജ് ബി. ഏ; എൽ. ററി. അവർകൾ 1949 നവമ്പർ 27-ാംതീയതി ദീപിക ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം.

ള്ള സന്നദ്ധതയും, ശ്രോതാക്കളിൽ വദ്ധിപ്പിക്കുകയാകയാൽ അ ഫലങ്ങൾ ഉളവാക്കാത്ത ദൈവവചനപ്രഖ്യാപനം വ്യത്ഥമാണെന്നു ഡോക്ടർ റസ്സൽ അഭിപ്രായപ്പെട്ടു. മതം, തദനുയായികളുടെ വിശ്വാസത്തെ മാത്രമല്ലാ, ചിന്താഗതിയെയും ആചാരമുറകളേയും ഗാഢമായി ബന്ധിക്കേണ്ടതാണു്. ഇങ്ങനെയെങ്കിൽ ബാഹ്യാവലോകനത്തിൽ കത്തോലിക്കരും ഇതരന്മാരും തമ്മിൽ സാരമായ അന്തരമില്ലാത്തതെന്താണെന്നു് ഡോക്ടർ റസ്സൽ ചോദിച്ചു. അക്രൈസ്തവരുടെ അബദ്ധോപദേശങ്ങളെ വിമർശിക്കുന്നതിലും അവർ ക്രിസ്തുമതത്തിന്നെതിരായി കൊണ്ടുവരുന്ന ദുർവ്വാദങ്ങളെ ഖണ്ഡിക്കുന്നതിലും ക്രിസ്ത്യാനികൾ വിനിയോഗിക്കുന്ന സമയവും ശ്രമവും, ക്രൈസ്തവചൈതന്യം ക്രിസ്ത്യാനികളുടെയിടയിൽ പൂർവ്വാധികം വ്യാപിക്കുന്നതിലേക്കുപയോഗിക്കുക അഭികാമ്യമായിരിക്കുമെന്നു് ഡോക്ടർ റസ്സൽ സ്ഥാപിക്കുകയുംചെയ്തു. കൂദാശകളുടെ സംഖ്യ, പാപങ്ങളുടെ ഗണവ്യത്യാസം മുതലായ കാര്യങ്ങൾ പഠിപ്പിച്ചു് മതോപദേഷ്ടാക്കൾ തത്വപരമായ ഉപരി ജ്ഞാനം നൽകുവാനേ ശ്രമിക്കുന്നുള്ളുയെന്നും, ക്രൈസ്തവചൈതന്യത്തോടുകൂടി സ്നേഹിക്കുവാനും പ്രവത്തിക്കുവാനും പഠിപ്പിക്കുന്ന വിഷയത്തിൽ കത്തോലിക്കാമതാധികാരികൾ കാലോചിതമല്ലാത്ത അനാസ്ഥ പ്രദർശിപ്പിക്കുന്നുവെന്നുമാണു് ഡോക്ടർ റസ്സിലിൻെറ വിവക്ഷ.

എന്നാൽ ഒക്ടോബർ 2-ാംതിയ്യതിയും നവമ്പർ 6-ാംതിയ്യതിയും കോട്ടയത്തെ കത്തോലിക്കാക്ലബ്ബ്മന്ദിരത്തിൽ നടന്ന യോഗങ്ങളും പ്രസംഗങ്ങളും, ഒടുവിൽ പറഞ്ഞ ദിവസം കോട്ടയം ലൂർദ്ദുപള്ളിയിൽ നിവ്വഹിക്കപ്പെട്ട ചടങ്ങുകളുമായി അടുത്തു പരിചയിച്ചിരുന്നുവെങ്കിൽ ഡോക്ടർ റസ്സൽ തൻെറ അഭിപ്രായം അല്പമായിട്ടെങ്കിലും ഭേദപ്പെടുത്തുമായിരുന്നുവെന്നുള്ളതിനു് സംശയമില്ല. യോഗങ്ങൾ കോട്ടയത്തേയും സമീപസ്ഥലങ്ങളിലേയും അഭ്യസ്തവിദ്യരായ കത്തോലിക്കരെ ഉദ്ദേശിച്ചായിരുന്നു. അവരിൽ ധാരാളംപേർ അവിടെ സ

ന്നിഹിതരാകയുംചെയ്തു. ആദ്യത്തെ യോഗത്തിൽ ബ്രദർ പീററർ റെഡ്ഢി. എം. എ. എൽ. ററി. ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം. "മനുഷ്യജീവിതത്തിൽ ആദ്ധ്യാത്മികബോധത്തിനു പണ്ടുണ്ടായിരുന്ന പൂജ്യസ്ഥാനം ഇന്നു നഷ്ടപ്രായമായിരിക്കുകയാണു്. യഥാർത്ഥത്തിൽ അതീവനിസ്സാരങ്ങളായ ലൌകികകാര്യങ്ങൾക്കാണു് ഇന്നു സർവ്വപ്രാധാന്യവും. രാഷ്ട്രം ഇന്നു അത്യുന്നതമായ ഒരു പൂജ്യസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടിരിക്കയാണു്. രാഷ്ട്രമാകുന്ന മഹായന്ത്രസംവിധാനത്തിലെ കേവലം നിസ്സാരമായ ഒരാണിയുടെ പദത്തിലേക്കു് വ്യക്തി അധഃപതിച്ചുപോയി. ധനതൃഷ്ണയാണു് ഇന്നു സർവ്വത്ര കളിയാടുന്നതു്. പണമുള്ളവരും ഇല്ലാത്തവരും പണത്തിന്റെ പിന്നാലെ വിരണ്ടോടുകയാണു്. നമ്മുടെ രാഷ്ട്രീയവും സാമ്പത്തികവും, മതപരവുമായ എല്ലാ യത്നങ്ങളും, വാസ്തവംപറഞ്ഞാൽ നമ്മുടെ ആദർശങ്ങളും, നമ്മുടെ സ്വാതന്ത്ര്യവും, സമത്വവും സാഹോദര്യവുമെല്ലാം അവയുടെ യഥാർത്ഥസാഹചര്യങ്ങളിൽനിന്നു് പിഴുതെടുത്തു്, മൃഗശാലയുടെ പശ്ചാത്തലത്തിലാണു് വ്യാഖ്യാനിക്കപ്പെടുന്നതു്. എല്ലാ സ്ഥാപനങ്ങളേയും കുററംപറയുക ഇന്നു സാധാരണമാണല്ലോ. നിലവിലുള്ള സ്ഥാപനങ്ങളുടെ സ്ഥാനത്തു് പുതിയവയെ പ്രതിഷ്ഠിക്കുന്നതിലാണു് മനുഷ്യന്റെ മുക്തി എന്നു് പ്രഖ്യാപിക്കപ്പെടുന്നു. എന്നാൽ യഥാർത്ഥമായ ഹൃദയപരിവർത്തനത്തെപ്പററി നാം യാതൊന്നുംതന്നെ കേൾക്കുന്നില്ല! "വിദ്വേഷമേ, നീ എന്റെ പ്രേമതത്വമായിരിക്കുക; സാത്താനേ, നീയാണെന്റെ ദൈവം; ഉദരമേ, നീതന്നെ എന്റെ അന്ത്യം എന്നുള്ള മുറവിളികളാൽ ഇന്നു നമ്മുടെ അന്തരീക്ഷം മുഖരിതമാണുതാനും".

മിസ്റ്റർറെഡ്ഢി തുടർന്നു പറഞ്ഞു; "രക്തച്ചൊരിച്ചിലിൽക്കൂടിയോ, അഗ്നിയിൽക്കൂടിയോ ഒരു പാർട്ടിയുടെ ഭൂരിപക്ഷത്തിൽക്കൂടിയോ അല്ലാ പ്രത്യുത സ്നേഹവും സഹതാപവും



അഭ്യസ്ത വിദ്യരായ മൂന്നാംസഭാംഗങ്ങൾ

വഴി, വിശുദ്ധ ഫ്റാൻസിസിൻെറ ഈ അലോകസാധാരണമായ ചൈതന്യവിശേഷത്തിനു് മാത്രമേ, ഇന്നത്തെ കുഴപ്പങ്ങളിൽനിന്നു് ലോകത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളു. ഈ വസ്തുത മാർപ്പാപ്പാമാർതന്നെ അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടു്.... വിശുദ്ധ അസ്സീസിയുടെ ചൈതന്യവിശേഷമാകുന്ന തൈലത്തിനുമാത്രമേ മാനുഷ്യരാശിയുടെ ഇന്നത്തെ മുറിവുകളെ സുഖപ്പെടുത്തുവാൻ സാധിക്കുകയുള്ളു. വി. ഫ്റാൻസിസിൻെറ ചൈതന്യത്തെ മൂന്നു കൊച്ചുവാക്കുകളിൽ സംക്ഷേപിക്കാം:— ഞാൻ ഒന്നുമല്ലാ, എനിക്കു് യാതൊന്നുമില്ലാ, ക്രിസ്തുവല്ലാതെ യാതൊന്നും എനിക്കുവേണ്ടാ".

വി: ഫ്റാൻസിസിൻെറ ചൈതന്യവിശേഷമായ തൈലസംഭരണത്തിനായിട്ടാണു് കോട്ടയംയോഗങ്ങളിൽ അഭ്യസ്തവിദ്യരായ കത്തോലിക്കർ പലേ ഇടവകകളിൽനിന്നും സംബന്ധിച്ചതു്. അവർക്കു് തൈലവിതരണം ചെയ്യുവാനാണു് കപ്പൂച്ചിൻ സന്യാസവര്യരായ ഫാദർ ഇഗ്നേഷ്യസ്, ഫാദർ ലിയൊതുടങ്ങിയവർ ഏതാനും മാസങ്ങളായി ഉത്സാഹിച്ചുകൊണ്ടിരുന്നതു്.

ക്രിസ്തുസഭ ഒരു സമീകരണ പ്രസ്ഥാനമാണെന്നാണല്ലോ പ്രസിദ്ധി. റോമനും യവനനും, യഹൂദനും പുറംജാതിക്കാരനും, തങ്ങളുടെ പ്രത്യേക ലക്ഷണങ്ങളേയും ദുർവ്വാസനകളേയും പരിത്യജിച്ചു്, കുരിശിൻെറ വഴി, ആശ്രയിക്കുന്നതിൽ ഏകാഭിപ്രായക്കാരായി പരിണമിക്കുന്നു. അവരെല്ലാം സമത്വസുന്ദരവും സാഹോദര്യനിർഭരവുമായ ഒരു ഏകോദരസമുദായത്തിൽ ലയിക്കുന്നു. ഇപ്രകാരമുള്ള അഥവാ ഇതിലുമധികം പ്രവർത്തകമായ ഒരു സമീകരണശക്തിയാണു് കോട്ടയത്തെ യോഗങ്ങളിൽ അനുഭവപ്പെട്ടതു്. അവിടെ പേഷ്കാരും മുൻസിഫും, ജഡ്ജിയും അഭിഭാഷകനും, ബാങ്കറും വ്യവസായിയും, കർഷകനും, വർത്തകനും, നിയമസഭാംഗവും, സമ്മതിദായകനും, പത്രപ്രവർത്തകനും, അദ്ധ്യാപകനും, തങ്ങളുടെ

വിവിധങ്ങളായ ഉപാധികളേയും സാദ്ധ്യതകളേയും വിഗണിച്ചിട്ട് കത്തോലിക്കരെന്ന നിലയിൽ തങ്ങൾക്ക് കൈവരുത്താവുന്ന, തങ്ങളിൽനിന്ന് ലോകത്തിന് ലഭിക്കാവുന്ന, പുണ്യവൃത്തിയിൽമാത്രം ദത്തശ്രദ്ധരായിരുന്നു. മൂന്നു കൂടാരങ്ങളല്ലാ, വാസയോഗ്യങ്ങളായ മുപ്പതു കൂടാരങ്ങളായാലും മതിയാകയില്ലെന്നുള്ള മനഃസ്ഥിതി ആ "പുണ്യാഹ"കർമ്മങ്ങളിൽ സംബന്ധിച്ചവരിൽ കുടികൊണ്ടിരുന്നുവെന്നുള്ളതിനു സംശയമില്ല.

അതെ, സാക്ഷാൽ ഓരോ ദിവസവും, "പുണ്യാഹം" തന്നെ ആയിരുന്നു. രണ്ടാമത്തെ ദിവസത്തിൽ ഫ്രാൻസിസ്സൻ 'പാശവും' 'ഉത്തരീയവും' സ്വീകരിച്ച നവസന്യാസത്തിലേയ്ക്ക് പ്രവേശിച്ചതു് തീർച്ചയായും അതിൽ സംബന്ധിച്ചവരെ "പുളകിതാത്മാ"ക്കളാക്കിത്തീർത്തിരിയ്ക്കണം. 'ലോകസൂത്രത്തിൽനിന്നു ഫ്രാൻസിസ്കൻ "പാശത്തിലേക്ക്!" പാശത്തിലെ കെട്ടുകൾ ആത്മനിയന്ത്രണം, ആശാനിഗ്രഹം, നയനസംയമനം, മുതലായി എത്രയെത്ര കെട്ടുകളേയും മുട്ടുകളേയും നിർദ്ദേശിയ്ക്കുന്നുവെന്നു ശക്തമായ ഒരു ഭാവനയ്ക്കേ സങ്കല്പിക്കാൻ സാധിക്കുകയുള്ളൂ. "ഞാൻ സത്യമായിട്ടു നിങ്ങളോടുപറയുന്നു, നിങ്ങൾ വീണ്ടും ശിശുക്കളെപ്പോലെ ആവുകയില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ലാ" എന്ന ദിവ്യനാഥന്റെ അമൂല്ല്യോപദേശം അവിസ്മരണീയംതന്നെ. അറുപതുകഴിഞ്ഞ കിഴവനും, ഊററൻ മീശക്കാരനായ യുവാവും സക്രാരിയിൽ എഴുന്നരുളിയ കർത്താവിന്റെ മുമ്പിൽ പ്രണാമംചെയ്തു വിശ്വാസസത്യം ഉച്ചരിച്ച്, വീണ്ടും ശിശുക്കളായിതീർന്ന ആ പരിവർത്തനകർമ്മം കത്തോലിക്കസഭയിൽ മാത്രമെ സാദ്ധ്യമാകയുള്ളൂ. ലൌകികങ്ങളെ അലൌകികങ്ങളായി പാരത്രികങ്ങളായി പകർത്തുന്നതിൽ സഭയ്ക്ക് അന്ന്യാദൃശമായ ഒരു ശക്തിവിശേഷമുണ്ട്. കത്തുന്നമെഴുകുതിരി വൈദികൻ, ഫ്രാൻസിസ്കൻ നവസന്യാസിയുടെ കയ്യിൽകൊടു

ത്തുകൊണ്ടും അയാളെ സ്വർഗ്ഗപ്രകാശാനുഭവത്തിലേക്കു് ക്ഷണിയ്ക്കുന്നു. മേരിഗിരിയിലെ മെഡിക്കൽ മിഷ്യൻ സഹോദരികൾ പരിശുദ്ധാത്മാവിയെ ശ്രുതിമധുരമായ ഗാനാലാപംമൂലം ആഹ്വാനം ചെയ്തു് ചടങ്ങുകൾക്കു് പവിത്രത നൽകുന്നു. ഇങ്ങനെ ലോകവും നാകവും തമ്മിലുള്ള സേതുബന്ധമാണു് കോട്ടയം ലൂർദ്ദുപള്ളിയിൽ നടന്നതു്. അന്നു് അവിടെ ഫ്റാൻസിസ്കൻ നവസന്യാസികളായി ഉയർന്ന അഭ്യസ്ത വിദ്യർ,—അവരിൽ ഭൂരിപക്ഷവും ഒന്നിലധികം സർവ്വകലാശാലാ ബിരുദങ്ങൾ സമ്പാദിച്ചവരായിരുന്നു— അനേകം ശതം രാജാക്കന്മാരും, പ്രഭുമുഖ്യരും, ധനാഢ്യന്മാരും, കവിസാർവ്വഭൌമരും, വൈദികസത്തമരും, പണ്ഡിതാഗ്രേസരരും സുലഭമായി സഞ്ചരിച്ച ഒരു ഭക്തിമാർഗ്ഗത്തിൽ പ്രഥമപാദം വെക്കുക മാത്രമാണു് ചെയ്തതു്. ഒരഭിഭാഷക സ്നേഹിതൻ ഫലിതമായി പ്രസ്താവിച്ചപ്രകാരം മുക്തിപ്രാപ്തിക്കായി അങ്ങനെ ചെയ്തു. എന്നാൽ പ്രഥമ പാദവും യാത്രാസമാപ്തിയും തമ്മിൽ എന്തന്തരം! സഞ്ചരിയ്ക്കേണ്ടമാർഗ്ഗം എത്രയോ സുദീർഘം! പക്ഷെ ഓരോ ചിന്തയും, ഓരോ നിശ്വാസനവും, ഓരോ പദോച്ചാരണവും, ഓരോ വസ്ത്രധാരണചടങ്ങും, ഓരോ കേശാലങ്കാരകർമ്മവും ലക്ഷ്യപ്രാപ്തിയെ ത്വരിതപ്പെടുത്തുന്നതിനും അല്ലെങ്കിൽ വിഘ്നപ്പെടുത്തുന്നതിനും, ശേഷിയും ശേമുഷിയും ഉള്ളതായിരിക്കും. ഈ വിചാരത്തോടുകൂടി നമുക്കു ഫ്റാൻസിസ്കൻപാശം ധരിക്കാം; അതിലെ കെട്ടുകളെ രക്ഷാകരമായി മുറുക്കാം. അനന്തരഫലമായി കേരളത്തിൽ ഫ്റാൻസിസ്കൻ ചൈതന്യം പ്രചരിയ്ക്കട്ടെ; കത്തോലിക്കാ മുക്തിമാർഗ്ഗം പൂർവ്വാധികം ആദരിക്കപ്പെടട്ടെ.

# * മാലാഖമാരെ സൃഷ്ടിക്കുന്ന മനുഷ്യൻ

ആറടിപൊക്കമുള്ള മനുഷ്യനു് ആഗ്രഹമുണ്ടെങ്കിൽ ആകാശമണ്ഡലംവരെ ഉയരാമെന്നു് അസ്സീസിയിലെ ഫ്രാൻസീസ്സ് ആണു് ലോകത്തിനു് കാണിച്ചുകൊടുത്തതു്. സമസൃഷ്ടികളായ മനുഷ്യർ മാത്രമല്ല, വായുവിൽകൂടെ പറന്നുനടക്കുന്ന പക്ഷിവർഗ്ഗങ്ങളും, വനാന്തരങ്ങളിൽകൂടെ ഇരതേടിനടക്കുന്ന വന്യമൃഗങ്ങളും, ജലാശയങ്ങളിൽകൂടെ മുങ്ങിമറിഞ്ഞുനടക്കുന്ന മത്സ്യവർഗ്ഗങ്ങളും, ഉത്തമനായ ഒരു മനുഷ്യന്റെ ആജ്ഞയ്ക്കു് ഒന്നടക്കം വിധേയമാകുമെന്നു് കാണിച്ചുകൊടുക്കുവാൻ, മനുഷ്യരിൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസിക്കുമാ



ശ്രീമാൻ ജോർജ്ജ് തോമ്മസ്
കൊട്ടുകാപ്പള്ളി

---

* ഫ്രാൻസിസ്കൻ സഭകളുടെ മേലദ്ധ്യക്ഷനായ മോസ്റ്റ് റവ. ഫാ. ക്ലെമൻറ് ഒ. എഫ്. എം. കപ്പുച്ചിൻ, അവർകൾക്കു് 1948 ഫെബ്രുവരിമാസത്തിൽ കേരളീയർ അതിരമ്പുഴവച്ചു നൽകിയ സ്വീകരണമഹായോഗത്തിൽ ശ്രീമാൻ ജോർജ്ജ് തോമ്മസ് കൊട്ടുകാപ്പള്ളിൽ ചെയ്ത പ്രസംഗം.

ത്രമേ സാധിച്ചിട്ടുള്ളു. നവഗ്രഹങ്ങളുടെ നേതൃസ്ഥാനംവഹിക്കുന്ന സൂര്യബിംബത്തെ സഹോദരനെന്നും മേഘമണ്ഡലങ്ങളിലൂടെ വെള്ളപ്പട്ടുധരിച്ചു് രാജകന്യകയെപ്പോലെ നൃത്തം ചെയ്തുപോകുന്ന ചന്ദ്രബിംബത്തെ, സഹോദരിയെന്നും, അഭിസംബോധന ചെയ്യുവാൻ സാധിച്ചിട്ടുള്ള സഹൃദയസാമ്രാട്ടു് ഫ്രാൻസിസു മാത്രമേയുള്ളു. വിശ്വത്തോളം വിസ്തൃതമായ ഹൃദയവും, മാടപ്രാവിനെപ്പോലെ കളങ്കലേശമില്ലാത്ത മനസ്സും, കാലപ്പഴക്കത്തിനു് ഹാനിവരുത്തുവാൻ കഴിയാത്തവണ്ണം ചരിത്രത്തിൽ ഒരു ഹിമവൽസമാനം സ്ഥിരപ്രതിഷ്ഠയും, സിദ്ധിച്ചിട്ടുള്ളവർ, ഫ്രാൻസിസിനെപ്പോലെ ചുരുക്കംപേരേ ഭൂമിയിൽ ജനിച്ചിട്ടുള്ളു. മാസിഡോണിയാക്കാരൻ ഫിലിപ്പിൻെറ മകൻ അലക്സാണ്ടർ മുതൽ, ബവേറിയൻ പാറക്കെട്ടുകളുടെ ഇടുക്കു് പരുന്തിനെപ്പോലെ കൂട്ടംകൂട്ടി ജീവിച്ച ഹിററ്ലർവരെ, രണ്ടായിരത്തി മുന്നൂറുകൊല്ലങ്ങളായി, ഭൂഗോളത്തിൻെറ ഭാഗധേയത്തെ നിയന്ത്രിച്ചുപോന്ന, വീരാത്മാക്കളെ നൂറുനൂറായി സൃഷ്ടിച്ചുപോന്ന, യൂറോപ്പിലെ മണ്ണു്, ഫ്രാൻസിസ് അസ്സീസിയെക്കാൾ മേന്മയേറിയ ഒരു മനുഷ്യനെ മനഞ്ഞിട്ടില്ലെന്നുള്ളതു് ചരിത്രത്തിൻെറ ഏകകണ്ഠമായ വിധിയാണു്.

## കരടിക്കുഞ്ഞുങ്ങളെ ചെമ്മരിയാട്ടിൻ കൂട്ടങ്ങളാക്കാൻ

വി. തോമ്മാ അപ്പോസ്തലൻെറ പിൻഗാമികളായ നമ്മൾ, അസ്സീസിയുടെ പ്രതിനിധി ആയ ക്ലെമെൻറ് ഗുരുശ്രേഷ്ഠനെ സ്വാഗതം ചെയ്യുന്നതു് ഉത്തമമാകുന്നു. ക്രിസ്തുസഭാചരിത്രത്തിൽ എന്നെ വിസ്മയിപ്പിച്ചു്, കൃതജ്ഞതാഭാരത്താൽ, നമ്രശിരസ്കനാക്കിയിട്ടുള്ള ഒരു വസ്തുത, രക്ഷകനായ യേശുവിനു് നമ്മുടെ ഭാരതത്തോടു് ഉണ്ടായിരുന്ന കാരുണ്യാതിരേകമാണു്. അവിടുത്തെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളെത്തന്നെ

നമ്മുടെ മാതൃഭൂമിക്കുവേണ്ടി അവിടുന്നു നിയോഗിച്ചു. കാൽവരിയിലെ കുരിശിൽ അവിടുന്നു് നമുക്കുവേണ്ടി രക്തം ചിന്തിയതിനുശേഷം അധികം താമസിയാതെ, അവിടുത്തെ വിശ്വാസദാസനായ തോമ്മാ, കൊടുങ്ങല്ലൂർ കടൽക്കരയിൽ, നമ്മുടെ നിത്യരക്ഷയുടെ ചിഹ്നമായ കുരിശുനാട്ടി. എന്റെ ഏതാനും ഉററമിത്രങ്ങളുമായി കൊടുങ്ങല്ലൂരിലെ നമ്മുടെ രക്ഷയുടെ സ്ഥാനം ഞാൻ സന്ദർശിച്ചിട്ടുണ്ടു്. ചരിത്രത്തിന്റെ രണ്ടായിരം കൊല്ലത്തെ ശീഘ്രചലനം ഞങ്ങൾ അവിടെ കണ്ടു. നമ്മുടെ ദിവ്യരക്ഷകന്റെ മരണശേഷം, ആദ്യത്തെ ആയിരം കൊല്ലത്തിനിടയ്ക്കു് യഹൂദജാതി കൊടുങ്ങല്ലൂരിൽ കുടിയേറി പാർത്തതും, സിന്ധു, യമുന, ഗംഗാതീരങ്ങളിലെ ആര്യവംശജരും, ഗോദാവരി, കൃഷ്ണാ, കാവേരി തീരങ്ങളിലെ ദ്രാവിഡവംശജരും തമ്മിൽ, ഹിന്ദുസംസ്കാരസ്ഥാപനത്തിനായി നടന്ന മത്സരവും, പിന്നീടു് എഴുനൂറുകൊല്ലക്കാലത്തേക്കു് ചന്ദ്രക്കല വഹിക്കുന്ന കൊടി ഇന്ദ്രപ്രസ്ഥത്തിൽ പാറിപ്പറന്നതും, കഴിഞ്ഞ ഇരുനൂററി അമ്പതു കൊല്ലത്തിനിടയ്ക്കു്, മലങ്കരയിലെ സുഗന്ധദ്രവ്യങ്ങളും, ഗോൽക്കൊണ്ടായിലെ അനർഘരത്നങ്ങളും, ഹിമാലയാപ്രാന്തങ്ങളിലെ ധാന്യദ്രവ്യങ്ങളും ഓർത്തു്, പോർട്ടുഗീസുകാരും, ഡച്ചുകാരും, ഫ്രഞ്ചുകാരും, ഒടുവിൽ ആംഗ്ലേയരും ഇൻഡ്യയിൽ വന്നതും, അവിടെനിന്നു് ഞങ്ങൾ കണ്ടു. ഈ വിധമുള്ള വംശവഴക്കുകളുടേയും, മതമാത്സര്യങ്ങളുടേയും, സാമ്രാജ്യസ്ഥാപനശ്രമങ്ങളുടേയും മദ്ധ്യേ, നമ്മുടെ വിശ്വാസദീപം കെടാതെ കാത്തുസൂക്ഷിച്ച നമ്മുടെ പിതാക്കന്മാരെ, ഞങ്ങൾ തല കുനിച്ചു് നമസ്കരിച്ചു. എന്നാൽ ഇന്നു് നമ്മൾ കാണുന്നതു്, നമ്മുടെ രക്തവും കൊതിച്ചുകൊണ്ടു്, കറുത്ത റഷ്യൻകരടിക്കുഞ്ഞു് ഹിമാലയൻമലകൾ ഇറങ്ങി ഇങ്ങോട്ടു വരുന്നതാണു്. പന്ത്രണ്ടാംനൂററാണ്ടിൽ യൂറോപ്പിലെ നഗരങ്ങളെ നശിപ്പിച്ചുകൊണ്ടിരുന്ന ചെന്നായ്പ്പററങ്ങളെ, അക്ഷരാർത്ഥത്തിൽ, നന്ദിയുള്ള നായ്ക്കളാക്കിത്തീർത്തതു് അസ്സീ

സിയിലെ ഫ്രാൻസിസാകുന്നു. കരടിക്കുഞ്ഞുങ്ങളെ ചെമ്മരിയാട്ടിൻ കൂട്ടങ്ങളാക്കാൻ അസ്സീസിയുടെ അനന്തരഗാമികൾക്കും, സഹചാരികൾക്കുമേ കഴിയൂ.

## മനുഷ്യാത്മാവിന്റെ
## അനന്തമായ സാദ്ധ്യതകൾ.

“രണ്ടാംക്രിസ്തുവെന്ന്” ചരിത്രം പ്രഖ്യാപിക്കുന്ന അസ്സീസിയിലെ ഫ്രാൻസിസ് നമ്മുടെ രക്ഷയുടെ വർഷം 1181-ൽ ഭൂജാതംചെയ്തു. ഒരു തുണിക്കച്ചവടക്കാരന്റെ സരസസുന്ദരനായ ഈ പുത്രൻ, പിതാവിന്റെ കടയിലെ ചരക്കുകൾ, അർദ്ധനഗ്നരായി നടന്ന പട്ടിണിപ്പാവങ്ങൾക്ക് വീതിച്ചുകൊടുത്തു. പിന്നീട്, പരമപരിപൂർണ്ണനായിരിക്കുന്നതിനുവേണ്ടി അസ്സീസി, മാതാവിനേയും പിതാവിനേയും ഉപേക്ഷിച്ച്, ദരിദ്രരോടൊന്നിച്ച് തെരുവീഥികളിലേക്കിറങ്ങി. വാഹനവും, വടിയും, ചെരിപ്പും ഇല്ലാതെ, ചീകാത്ത തലമുടിയും, പൊടിപാറിയ വസ്ത്രവുമായി, ഫ്രാൻസിസ് ദരിദ്രരെയും, രോഗികളേയും, അനാഥരേയും തേടിപ്പിടിച്ചു. യേശുക്രിസ്തു കഴിഞ്ഞാൽ, അസ്സീസിയിലെ ഫ്രാൻസിസിനെപ്പോലുള്ള ഒരു വിപ്ലവകാരിയെ ലോകം കണ്ടിട്ടില്ല. അസ്സീസി അഴിച്ചുവിട്ട കൊടുങ്കാറ്റുകൾ, കടലിലെ കോളിൽപ്പെട്ട ചെറുതോണിപോലെ, യൂറോപ്പുഭൂഖണ്ഡത്തെ ഇളക്കിമറിച്ചു. നിരന്തരമായ പ്രാർത്ഥനയും, തപസ്സും, ദാരിദ്ര്യവ്രതവും, സർവ്വോപരി പരസ്നേഹവും, ഭൂതദയയും, അസ്സീസിയെ മനുഷ്യരുടെ ഇടയിൽ ഒരു അമാനുഷനാക്കി. നാല്പത്തഞ്ചാംവയസ്സിൽ അദ്ദേഹം ഇഹലോകം വിട്ടു. അസ്സീസിയുടെ അവസാനദിവസങ്ങളിൽ പരിശുദ്ധ ത്രിത്വത്തിലെ രണ്ടാം ആളായ യേശുക്രിസ്തു ഫ്രാൻസിസിനോടുകൂടി സായാഹ്നസഞ്ചാരം ചെയ്തിരു

ന്നതായി, ഐതിഹ്യം പറയുന്നു. മനുഷ്യാത്മാവിൻെറ അനന്തമായ സാദ്ധ്യതകൾ എത്രയുണ്ടു്!

## മാഹാത്മ്യത്തിൻെറ മാനദണ്ഡം.

വ്യക്തിപ്രവാഹത്തിൻെറ സ്പഷ്ടമായ മാനദണ്ഡം എന്താണു്? ദേശസീമകളെ ഭേദിച്ചു്, യുഗാന്തരങ്ങളിലൂടെ മനുഷ്യഹൃദയങ്ങളിൽ ആരാധനാപാത്രമായി കുടികൊള്ളുന്നതിനുള്ള പ്രാപ്തിയാണു് യഥാർത്ഥമാഹാത്മ്യം. മൃഗതൃഷ്ണയുള്ള മനുഷ്യനെ മാലാഖാമാരാക്കി രൂപാന്തരപ്പെടുത്തുന്നതിനുള്ള പാടവത്തിനാണു് സാക്ഷാൽ വ്യക്തിപ്രഭാവമെന്നു പറയുന്നതു്. അസ്സീസിയെപ്പോലെ മാലാഖാമാരെ സൃഷ്ടിച്ച മനുഷ്യനില്ല.

## അത്ഭുതം പ്രവർത്തിക്കുന്ന അന്തോനീസിനേയും, അൽഫോൻസാമ്മയേയും കണ്ടെത്തട്ടത്ത മനുഷ്യൻ.

യുക്തിവാദിയായ റെനാൻ പറയുന്നു, "ക്രൈസ്തവമതസ്ഥാപകന്മാർ കഴിഞ്ഞാൽ ഫ്രാൻസിസും, ഫ്രാൻസിസിൻെറ അനുയായികളും നയിച്ചിരുന്നതുപോലെ പ്രാബല്യമുള്ള ഒരു പൊതുജനപ്രസ്ഥാനത്തെപ്പററി ചരിത്രം അറിഞ്ഞിട്ടില്ല" എന്നു്. അസ്സീസിയാൽ സ്ഥാപിതമായ സന്യാസസഭകൾ, നാമകരണം ചെയ്യിട്ടുള്ള നൂററമ്പതോളം വിശുദ്ധരേയും, നൂററിയിരുപതു് 'അനുഗൃഹീതരേയും' ക്രൈസ്തവസഭയ്ക്കു് പ്രദാനം ചെയ്തിട്ടുണ്ടു്. അത്ഭുതങ്ങൾ സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാദുവായിലെ അന്തോനീസിനെപ്പോലെയുള്ള മഹാസിദ്ധന്മാരും, ഭരണങ്ങാനത്തെ നമ്മുടെ അൽഫോൻസാമ്മയെപ്പോലെയുള്ള സുകൃതകുസുമങ്ങളും ഫ്രാൻസിസിൻെറ പ്രചോദനത്താൽ രൂപം പ്രാപിച്ചിട്ടുള്ള ശ്രേഷ്ഠാത്മാക്കളിൽപ്പെടുന്നു.

## മനുഷ്യമനസ്സിനേയും, ഭൂമുഖത്തേയും പുതിയതാക്കുന്നവർ.

യൂറോപ്പിലെ ശൈത്യദേശങ്ങളിലും, ആഫ്റിക്കായിലെ മണലാരണ്യങ്ങളിലും, അമേരിക്കയിലെ നഗരങ്ങളിലും, ഇൻഡ്യയിലേയും, ചൈനയിലേയും കുഗ്രാമങ്ങളിലും, ശാന്തസമുദ്രത്തിലെ ചെറുദ്വീപുകളിലും, അസ്സീസിയുടെ അനന്തരഗാമികൾ കാരുണ്യത്തിൻെറയും, സ്നേഹത്തിൻെറയും, സേവനത്തിൻെറയും സന്ദേശവാഹകരായി ജീവിക്കുന്നു. പാരീസിലേയും, ഓക്സ്ഫോർഡിലേയും, ബൊളോഞ്ഞായിലേയും, കേംബ്രിഡ്ജിലേയും, സലമാൻകോയിലേയും, വിയന്നായിലേയും സർവ്വകലാശാലകളിൽ പണ്ഡിതന്മാരുടെ ആസ്ഥാനങ്ങളെ അവർ നൂററാണ്ടുകളായി അലങ്കരിച്ചിട്ടുണ്ട്. ചക്രവർത്തിമാരുടെ ഉപദേശകന്മാരായി രാജകൊട്ടാരങ്ങളിലും, കുഷ്ഠരോഗികളുടെ ശുശ്രൂഷകരായി പുല്ലുമേഞ്ഞ കുടിലുകളിലും, അസ്സീസിയുടെ അയിരമായിരം ശിഷ്യരെ നമുക്ക് കാണാം. ചരിത്രവും, ഭൂമിശാസ്ത്രവും, സസ്യശാസ്ത്രവും, സാഹിത്യവും, സംഗീതവും, കൊത്തുപണിയും, രാഷ്ട്രമീമാംസയും, ലോകത്തിൽ ഉണ്ടായിട്ടുള്ള മറേറതൊരു സംഘടനയേയുംകാൾ ഫ്രാൻസിസ്കൻസഭക്കാർ കൂടുതൽ പരിപോഷിപ്പിച്ചിട്ടുണ്ട്. രാജകുമാരന്മാരും, ചെരിപ്പുകുത്തികളുടെ മക്കളും, ധനികരും, ദരിദ്രരും, പണ്ഡിതരും, അക്ഷരജ്ഞാനമില്ലാത്തവരും അസ്സീസിയുടെ പിൻഗാമികളിൽപ്പെടുന്നു. കലാശാലകളിൽനിന്ന് മനുഷ്യമനസ്സിനെയെന്നവണ്ണം, കലപ്പയുടെ പിൻപിൽനിന്ന് ഭൂമുഖത്തേയും അവർ പുതിയതാക്കിക്കൊണ്ടിരിക്കുന്നു. ഫ്രാൻസിസ്കൻ കപ്പുച്ചിൻസഭയുടെ മേലദ്ധ്യക്ഷനെന്ന നിലയിൽ ലോകത്തിലെ സർവ്വപ്രമാണികളിലൊരാളെയാണ് നമ്മൾ ഇന്നു സ്വീകരിക്കുന്നതു്.

## ഭാരതീയക്രൈസ്തവരുടെ ഭാവി.

ഭാരതത്തിൻെറയും, ഭാരതക്രൈസ്തവരുടേയും ഭാവിയെപ്പററി അദ്ദേഹം നമ്മളോടൊപ്പം ചിന്താവിഷ്ടനാണ്. വിശുദ്ധ ഫ്റാൻസിസിൻെറ ജീവിതാദർശങ്ങളും, ഫ്റാൻസിസ്കൻസഭകളുടെ പ്രവൎത്തനങ്ങളും, അന്ധകാരംനിറഞ്ഞ നമ്മുടെ ഭാവിക്കു് പ്രകാശവും, പ്രചോദനവും ആയിഭവിക്കും. മുഗളന്മാരുടേയും, ബ്രിട്ടീഷ്കാരുടേയും ഡൽഹിയിലെ കൊട്ടാരങ്ങൾ ക്രൈസ്തവരായ നമ്മൾ കൊതിക്കുന്നില്ല. സിംഹാസനങ്ങളും, കിരീടങ്ങളും, ജനാധിപത്യ രാഷ്ട്രാധിപൻെറ മേലങ്കിയും, നമുക്കുവേണ്ട. ഹിന്ദുസ്ഥാനത്തിലെ സ്വൎണ്ണവും, ഗാംഗാ സമതലപ്രദേശത്തിൻെറ ഫലഭൂയിഷ്ഠതയും, നമ്മളെ ആകൎഷിക്കുന്നില്ല. അധികാരവും, ഉദ്യോഗവും, സമ്മതിദാനവും, ജനപ്രതിനിധിസഭകളിൽ സ്ഥാനവും നമുക്കു വേണമെന്നില്ല. അതിനുപകരം, അസ്സീസിയെപ്പോലെ വിധവകളുടെ കണ്ണുനീരു നമുക്കു തുടയ്ക്കാം. അനാഥക്കുഞ്ഞുങ്ങളെ മാറോടണച്ചു് ആലിംഗനം ചെയ്യാം. നമ്മുടെ കൎത്താവു് അവിടുത്തെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിത്തുടച്ചു. അസ്സീസി കുഷ്ഠരോഗികളെ ആശ്ലേഷിച്ചു. കുഷ്ഠരോഗികളേയും, ക്ഷയരോഗികളേയും, നമുക്കു് ശുശ്രൂഷിക്കാം. കോളറായും, പ്ലേഗും ബാധിക്കുന്നിടത്തു് നമുക്കു് ഓടിഎത്താം. നമ്മുടെ നെററിയിലെ വിയൎപ്പുകൊണ്ടു് ലഭിക്കുന്ന ഫലം, ദരിദ്രക്കായും ക്ഷാമ ബാധിതക്കായും ഇരിക്കട്ടെ.

## ദൈവരാജ്യവും, ദൈവരാജ്യത്തിൻെറ നീതിയും.

"എന്താണു് തിന്നുന്നതു്, എന്താണു് കുടിക്കുന്നതു് എന്നു് നിങ്ങളുടെ ജീവനെപ്രതിയും, എന്താണു് ഉടുക്കുന്നതു് എന്നു്

നിങ്ങളുടെ ശരീരത്തെപ്രതിയും വിചാരിച്ച് ക്ലേശിക്കേണ്ട. ആകാശത്തിലെ പറവകളെ നോക്കുക. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവയ്ക്കുന്നില്ല. അവയേക്കാൾ നിങ്ങൾ വിശേഷപ്പെട്ടവരല്ലയോ? വിചാരപ്പെടുന്നതുകൊണ്ട് നിങ്ങളുടെ പൊക്കം ഒരു അംഗുലം കൂട്ടുവാൻ നിങ്ങളിൽ ആക്കു കഴിയും? വയലിലെ പുഷ്പങ്ങൾ എങ്ങിനെ വളരുന്നു എന്ന് കാണുവിൻ. അവ അദ്ധ്വാനിക്കുന്നില്ല, നൂല്‌ നൂല്ക്കുന്നില്ല, എന്നാൽ സോളമൻ തന്റെ സർവ്വ മഹിമയിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല. ദൈവരാജ്യവും, ദൈവരാജ്യത്തിന്റെ നീതിയും ആദ്യമേ അന്വേഷിക്കുക. അതോടുകൂടെ സകലതും നിങ്ങൾക്ക് ലഭിക്കും".

## അവരുടെ നാശത്തിന്റെ നാന്ദി.

ദാസനെ യജമാനൻ അന്വേഷിച്ചുകൊള്ളും. നമുക്ക് നമ്മുടെ ദേശത്തിന്റെ ദാസന്മാരാകുന്നതിൽ കൂടുതൽ പദവിയൊന്നും വേണമെന്നില്ല. സ്വാതന്ത്ര്യം മാത്രമല്ലാ, ഭൂമിയും, ഹൃദയത്തിൽ വിനയമുള്ളവൎക്കുള്ളതാണു്. ഹിന്ദുവും, മുഹമ്മദീയനും, ധനവാനും, ദരിദ്രനും, ബ്രാഹ്മണനും, അധഃകൃതനും, മുതലാളിയും, തൊഴിലാളിയും, നമ്മുടെ സഹോദരന്മാരായിരിക്കണം. പരസ്പരമുള്ള നീതിനിഷ്ഠയും, സഹോദരബന്ധവും മാത്രമേ നമ്മുടെ രാഷ്ട്രത്തേയും, ജനസഞ്ചയത്തേയും ഉയൎത്തുകയുള്ളു. മഹമ്മദീയൻ ഹിന്ദുവിനെ കൊല്ലുന്നെങ്കിൽ ഇടയ്ക്കു് നമുക്ക് ചാടിച്ചെന്ന് പറയാം, "ഹിന്ദു എന്റെ ജ്യേഷ്ഠസഹോദരനാകുന്നു, അവനെ വിടുക, വേണമെങ്കിൽ പകരം എന്നെ കൊന്നുകൊള്ളുക". ഹിന്ദു മഹമ്മദീയനെ കൊല്ലുന്നെങ്കിൽ നമുക്കു പറയാം. "മഹമ്മദീയൻ എന്റെ ഇളയ സഹോദരനാകുന്നു, അവനെ വിടുക, വേണമെങ്കിൽ പകരം എന്നെ

കൊല്ലുക.'' സ്വർഗ്ഗരാജ്യത്തിൻെറ അവകാശികൾ മരണത്തെ എന്തിനു ഭയപ്പെടണം? അസ്സീസിയുടെ ആദർശങ്ങൾ വഴി മാത്രമേ, നമ്മുടെ ഭാരതജനതതിയെ റഷ്യൻകരടിക്കുഞ്ഞുങ്ങളുടെ രക്തദാഹത്തിൽനിന്നും നമുക്കു് രക്ഷിക്കാൻകഴിയൂ. ആററംബോംബല്ലാ, ജ്ഞാനത്തിൻെറ ആരംഭമായ ഈശ്വരഭയമത്രേ അമേരിക്കയേയും, ലോകത്തേയും ആസന്നമായ സർവ്വവ്യാപകസംഘട്ടനത്തിൽനിന്നു് രക്ഷിക്കുവാൻ പോകുന്നതു്. നാശത്തിൻെറ നാന്ദിയായ ദൈവനിന്ദയാണു് റഷ്യയുടെ അപകടം. നിങ്ങളുടെ നാമത്തിൽ മിനിസ്റ്റർ ജനറലിനോടു് ഒരു കാര്യം ഞാൻ ഉറപ്പിച്ചു പറയുന്നു— ഞങ്ങളിൽ ജീവനുള്ള കാലം, ജോസഫ് സ്റ്റാലിൻെറ വെട്ടുകത്തിയും, ചുററികയും, തോമ്മാ അപ്പോസ്തലൻ കൊടുങ്ങല്ലൂർ കടൽക്കരയിൽ നാട്ടിയ കുരിശിനെ നശിപ്പിക്കാൻ പോകുന്നില്ല. അയിരത്തിതൊള്ളായിരം കൊല്ലം ഞങ്ങളുടെ പിതാക്കന്മാർ ആ കുരിശിനെ സംരക്ഷിച്ചുവെങ്കിൽ, ഇന്നലെ ഉണ്ടായ ഈ റഷ്യൻ കരടിക്കുഞ്ഞാണോ അതിനെ തൊടുവാൻപോകുന്നതു്! ഇനി ഒരു രണ്ടായിരംകൊല്ലം കഴിഞ്ഞാലും, ദേവാലയങ്ങളിലെ ബലിപീഠങ്ങളിൽ പൂജ അർപ്പിക്കപ്പെടുകയും, ഗോപുരാഗ്രങ്ങളിൽനിന്നു് മണിനാദം ത്രികാലങ്ങളിൽ ക്രിസ്തുവിൻെറ കരുണാവായ്പിനെ കീർത്തിക്കയും ചെയ്യും.

## ത്രുമന്ദഹാസം പൊഴിക്കുന്ന ദൈവദൂതന്മാർ.

നമ്മുടെ നാട്ടിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം; "ദയാപരമായ പ്രകാശമേ, എന്നെ നീ നയിക്കേണമെ; എന്നെ ചുററിയിരിക്കുന്ന അന്ധകാരത്തിൻെറ മദ്ധ്യേ എന്നെ നീ നയിച്ചുകൊള്ളണമെ. വിദൂരമായ കാഴ്ച കാണണമെന്നു് ഞാൻ കാംക്ഷിക്കുന്നില്ല; ഒരു ചുവടു മുന്നോട്ടുവയ്ക്കാനുള്ള പ്രകാശംമാത്രം മതി. രാത്രി അവസാനിക്കുന്നതുവരെ, മൈതാനങ്ങളിൽക്രു

ടിയും, ചതുപ്പുനിലങ്ങളിൽക്കൂടിയും, ജലപ്രവാഹങ്ങളിൽക്കൂടിയും അതു് എന്നെ നയിച്ചുകൊള്ളും. പ്രഭാതമാകുമ്പോഴേയ്ക്കും എനിക്കു കാണാറാകും, സുമന്ദഹാസം പൊഴിക്കുന്ന ദൈവദൂതന്മാരുടെ മുഖം".

## സ്തുതിയും, മഹിമയും, ബഹുമതിയും.

അസ്സീസിയോടുകൂടെ ഞാൻ അവസാനിപ്പിക്കുന്നു, "അത്യുന്നതനും, സർവ്വശക്തനും, നന്മസ്വരൂപനുമായ സർവ്വേശ്വരാ, സ്തുതിയും, മഹിമയും, ബഹുമതിയും, അനുഗ്രഹവും, എല്ലാം അങ്ങേയ്ക്കുള്ളതാണു്. അങ്ങേയ്ക്കും, അങ്ങയുടെ സകല സൃഷ്ടികൾക്കും, ഞാൻ സ്തുതി ആശംസിക്കുന്നു. നമ്മുടെ കർത്താവിനോടു കൃതജ്ഞരായിരിക്കുകയും, കർത്താവിനെ സ്നേഹിക്കുകയും ചെയ്യുവിൻ"

# * സെറാഫിക്കു് യുവജന സംഘടന.

ക്രിസ്ത്വാബ്ദം ഒന്നാം നൂററാണ്ടിൽതന്നെ ശ്രീയേശുനാഥൻെറ വത്സലശിഷ്യന്മാരിൽ ഒരാളിൽനിന്നു് ആ ദിവ്യഗുരുവിൻെറ ഉപദേശങ്ങൾ ഗ്രഹിക്കുവാൻ ഭാഗ്യം സിദ്ധിച്ച ഈ കേരളക്കരയിലേക്കു്, "രണ്ടാം ക്രിസ്തു" എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന വി. ഫ്റാൻസിസ്സ് അസ്സീസിയാൽ സ്ഥാപിതമായ സന്യാസസഭകളുടെ അദ്ധ്യക്ഷനെ സ്വാഗതം ചെയ്യുവാൻ എനിക്കു് വളരെ സന്തോഷമുണ്ടു്. ഇദ്ദേഹത്തെ നാം സ്വാഗതം ചെയ്യുന്ന ഈ സന്ദർഭത്തിൽ ഇദ്ദേഹത്തിനു് ഏററം പ്രിയപ്പെട്ടതും, ഇന്നത്തെ നമ്മുടെ പരിതഃസ്ഥിതികളിൽ നാം പ്രത്യേകം അറിഞ്ഞിരിക്കേണ്ടതുമായ സെറാഫിക്കു് യുവജനസംഘടനയെപ്പററി രണ്ടുവാക്കുപറയുന്നതു് അസ്ഥാനത്താവുകയില്ലെന്നുള്ള വിശ്വാസത്തോടുകൂടി പ്രകൃതത്തിലേക്കു് പ്രവേശിച്ചുകൊള്ളുന്നു.

## നാം ജീവിക്കുന്ന കാലം.

വി. ഫ്റാൻസിസ്സ് അസ്സീസിയുടെ കാലംപോലെതന്നെ അപകടം നിറഞ്ഞ ഒരു കാലത്താണു് നാം ജീവിക്കുന്നതു്. നമ്മുടെ ചുററും നടക്കുന്ന പരിവർത്തനങ്ങളെ നാം ശരിയായി മനസ്സിലാക്കുന്നുണ്ടോ എന്നു സംശയമാണു്. കമ്മ്യൂണിസം, സോഷ്യലിസം മുതലായ അബദ്ധ സിദ്ധാന്തങ്ങൾ ഈ കേരളക്കരയിലും, വിശിഷ്യാ തിരുവിതാംകൂറിലും വേരൂന്നുവാൻ

---

* ഫ്റാൻസിസ്കൻ സഭകളുടെ മേലദ്ധ്യക്ഷനായ മോസ്റ്റ് റവ. ഫാ. ക്ലെമൻറ് ഒ. എഫ്. എം. കപ്പൂച്ചിൻ അവർകൾക്കു 1948 ഫെബ്രുവരിമാസത്തിൽ കേരളീയർ അതിരമ്പുഴവെച്ച് നൽകിയ സ്വീകരമഹായോഗത്തിൽ ശ്രീമാൻ ചെറിയാൻ ജെ. കാപ്പൻ ബി എ, ബി. എൽ, എം. എൽ. ഏ അവർകൾ ചെയ്ത പ്രസംഗം.

ഇടയാക്കിയതു് ക്രിസ്ത്യാനികളുടെ അനാസ്ഥയും, ക്രിസ്തീയത്വമില്ലായ്മയുമല്ലേ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ധനസമ്പാദനാസക്തിയും, സുഖഭോഗങ്ങളുടെ പുറകേയുള്ള പോക്കും നിമിത്തം കത്തോലിക്കരുടെ ഇടയിൽ സുകൃതവും, ക്രിസ്തീയജീവിതവും താറുമാറായിപ്പോയി. ഭാവിഭാരതത്തിൽ ക്രിസ്ത്യാനികളുടെ നിലനില്പു്, അവരുടെ സേവനസന്നദ്ധതയെ ആശ്രയിച്ചിരിക്കുന്നു എന്നു് Dr. ജോൺ മത്തായി പറഞ്ഞതു് വെറും പരമാർത്ഥമാണെന്നു് ചിന്താശീലർ സമ്മതിക്കും. അങ്ങിനെയെങ്കിൽ, ക്രിസ്ത്യാനികൾ ക്രിസ്തീയത്വത്തിലേക്കു് തിരിച്ചുവരേണ്ടിയിരിക്കുന്നു.

## വി. ഫ്രാൻസിസിന്റെ കാലത്തിനു് നമ്മുടെ കാലത്തോടുള്ള സാദൃശ്യം.

സൂക്ഷ്മമായി പരിശോധിക്കുന്ന ഒരുവനു് വ്യക്തമായി കാണുവാൻ കഴിയുന്ന ഒരു സംഗതി ഏതൊരു ദോഷങ്ങളിൽ നിന്നു് പാശ്ചാത്യസാമൂഹ്യജീവിതത്തെ സമുദ്ധരിക്കുവാൻ വി. ഫ്രാൻസിസ്സ് അസ്സീസി തന്റെ ജീവിതം ഉഴിഞ്ഞുവച്ചുവോ, ആ ദോഷങ്ങളെല്ലാം അതേ രൂപത്തിലും വ്യാപ്തിയിലും കേരളകത്തോലിക്കരുടെ സാമൂഹ്യജീവിതത്തെ ഇന്നു് ബാധിച്ചിട്ടുള്ളതാണു്.

വി. ഫ്രാൻസിസ്സ് അസ്സീസിയുടെ ജീവിതകാലത്തെ സാമൂഹ്യജീവിതത്തെ പ്രസിദ്ധനായ ലയോൺ മാർപ്പാപ്പാ Auspicato എന്ന തന്റെ വിശ്വലേഖനത്തിൽ ഇങ്ങനെ ചിത്രീകരിച്ചിരിക്കുന്നു. "അന്നത്തെ കാലത്തിന്റെ ദോഷങ്ങളും, ഗുണങ്ങളും സുപ്രസിദ്ധമാണു്. കത്തോലിക്കാവിശ്വാസം ജനങ്ങളുടെ ഇടയിൽ വേരൂന്നിയിരിക്കുന്നു. വിജയം അല്ലെങ്കിൽ മരണം എന്ന ദൃഢനിശ്ചയത്തോടുകൂടി അവർ ആയിരക്കണക്കിനു് പലസ്തീനായിലേക്കു് പോകുന്ന



ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ.
ചങ്ങനാശ്ശേരി രൂപതയിലെ ചെററി സെമിനാരി.

കാഴ്ച കൺകുളിർപ്പിക്കുന്നതായിരുന്നു. എങ്കിലും അഴിഞ്ഞ ജീവിതം ജനങ്ങളുടെ സന്മാർഗ്ഗത്തെ അധഃപതിപ്പിച്ചിരുന്നതിനാൽ ക്രിസ്തീയതത്വത്തിലേക്കുള്ള തിരിച്ചുവരവു് അത്യന്താപേക്ഷിതമായി. ക്രിസ്തീയതത്വത്തിന്റെ പ്രധാന ലക്ഷണം സ്വയം ത്യജിക്കുവാനുള്ള സന്നദ്ധതയാണു്— ക്ലേശിപ്പിക്കുന്നതും വിഷമമേറിയതുമായതിനെ സന്തോഷത്തോടുകൂടി നേരിടുവാനുള്ള കഴിവാണു്— ഇതിനെയാണു് കുരിശു ദ്യോതിപ്പിക്കുന്നതു്. കുരിശുവഹിക്കുവാൻ ക്രിസ്തുവിനെ അനുഗമിക്കുന്നവൻ തയ്യാറായിരിക്കണം. ദൈവസ്നേഹവും, അയൽക്കാരനോടുള്ള സ്നേഹവും ക്രിസ്ത്യാനിയുടെ ജീവിതത്തിൽ എപ്പോഴും തെളിഞ്ഞുകാണേണ്ടതാണു്.''

“ഈ സുകൃതങ്ങളുടെ വ്യസനകരമായ ഒരു കുറവു് 12-ാം നൂററാണ്ടിലെ പാശ്ചാത്യജീവിതത്തിൽ ഉണ്ടായിരുന്നു. സമ്പത്തിന്റേയും, ബഹുമതികളുടേയും പുറകേ ഭ്രാന്തുപിടിച്ചു നടക്കുകയും അമിതസുഖഭോഗങ്ങളിൽ മുഴുകി ജീവിക്കുകയും ചെയ്യുന്നവരായിരുന്നു ജനസാമാന്യത്തിൽ ഭൂരിഭാഗവും. സമുദായത്തിലെ ചുരുക്കം ചില വ്യക്തികൾ സ്വത്തും, അധികാരവും കയ്യടക്കിവച്ചുകൊണ്ടു് അവരുടെ സ്വാധീനശക്തി അധഃസ്ഥിതരായ നിർഭാഗ്യരെ ഞെരുക്കുന്നതിനു് സാധാരണ ഉപയോഗിച്ചുവന്നു. മററുള്ളവർക്കു് ഇക്കാര്യങ്ങളിൽ മാതൃക കാണിക്കേണ്ടവർപോലും മുൻപറഞ്ഞ ദോഷങ്ങളിൽനിന്നു് വിമുക്തരായിരുന്നില്ല. ക്രിസ്തീയ ഉപവി എവിടെ ക്ഷയോന്മുഖമായോ അവിടെ അസൂയയും, വിദ്വേഷവും, വൈരാഗ്യവും വളർന്നുവന്നു് കലാപങ്ങൾക്കും, അസ്വസ്ഥതകൾക്കും വഴി തെളിച്ചു. ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിലാണു് വി. ഫ്രാൻസിസ്സു് ജീവിച്ചിരുന്നതു്.'' ദ്രവിച്ചുവീണുകൊണ്ടിരുന്ന ഒരു ലോകത്തിനു് പ്രവർത്തിയാലും, പ്രസംഗത്താലും ക്രിസ്തീയതത്വത്തിന്റെ യഥാർത്ഥസത്തയെ കാണിച്ചുകൊടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. വെറും ആകസ്മികമായിട്ടല്ല “നി

ങ്ങൾ സ്വർണ്ണമോ, വെള്ളിയോ, പണമോ കൈവശം വെക്കേണ്ടാ, നിങ്ങൾക്കു യാത്രക്കോപ്പുകളും ആവശ്യമില്ല, നിങ്ങൾക്കു് രണ്ടു് അങ്കിയോ, വടിയോ യാത്രക്കു് ആവശ്യമില്ല" എന്നും; "നീ പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നു എങ്കിൽ നിനക്കുള്ളതെല്ലാം വിററു് ദരിദ്രർക്കു് കൊടുത്തിട്ടു് എൻെറ പുറകേ വരിക" എന്നും ഉള്ള വചനങ്ങൾ വി. ഫ്രാൻസീസിൻെറ കർണ്ണങ്ങളിൽ മുഴങ്ങിയതു്. ഇതു് തന്നോടായിട്ടു് പറഞ്ഞ വാക്കുകളാണെന്നുള്ള ദൃഢവിശ്വാസത്തോടുകൂടി അദ്ദേഹം തനിക്കുണ്ടായിരുന്നതെല്ലാം ഉപേക്ഷിച്ചതിനുശേഷം ദരിദ്രവേഷം അണിഞ്ഞു് ദാരിദ്ര്യത്തെ തൻെറ നിത്യസഹചാരിയായി സ്വീകരിച്ചുകൊണ്ടു് തൻെറ സഭയുടെ അടിസ്ഥാനം ഈ സുകൃതങ്ങളായിരിക്കണമെന്നു നിശ്ചയിച്ചു. ഫ്രാൻസീസിൻെറ വിജയം സീമാതീതമായിരുന്നു. നിരക്ഷരകുക്ഷികളും അസംസ്കൃതരുമായ അദ്ദേഹത്തിൻെറ ശിഷ്യന്മാരുടെ ഉപദേശം കേൾക്കുന്നതിനു് ആയിരക്കണക്കിനു് ജനങ്ങൾ ഓടിക്കൂടി. ഫ്രാൻസീസിൻെറ പേരുകേൾക്കുമ്പോൾ വൻപട്ടണങ്ങളിലെ ജനങ്ങൾ മുഴുവൻ പലപ്പോഴും വന്നു് അദ്ദേഹത്തിൻെറ വിദ്യാലയത്തിൽ ശിക്ഷണം നടത്തുവാൻ അനുവദിക്കണമെന്നു് കേണപേക്ഷിച്ചുവന്നു.

ഈ പരിതഃസ്ഥിതികളിൽ സ്ത്രീപുരുഷഭേദമെന്യേ എല്ലാ പ്രായത്തിലും സ്ഥിതിയിലുമുള്ളവർക്കു്, കുടുംബജീവിതത്തിൻെറ ബന്ധങ്ങൾ ശിഥിലമാക്കാതെ, പ്രവേശിക്കത്തക്കവണ്ണമാണു് "മൂന്നാംസഭ" അദ്ദേഹം സ്ഥാപിച്ചതു്. തൻെറ സഭക്കു് ഫ്രാൻസീസു് മനോഹരമായ ഒരു ഭരണഘടന നിർമ്മിച്ചു. അതിൽ റൂളുകൾക്കു പകരം വേദപുസ്തകത്തിലെ പല ഭാഗങ്ങളുമാണു് അംഗങ്ങളുടെ അനുസരണത്തിനായി നിശ്ചയിച്ചതു്. ആയിരക്കണക്കിനു് ആളുകൾ മൂന്നാംസഭയിൽ ചേർന്നു. ഫ്രാൻസിലെ രാജാവായിരുന്ന ലൂയിസ് ഒൻപതാമനും, ഹംഗറിയിലെ രാജ്ഞിയായിരുന്ന എലിസബത്തും ഈ ബാഹു

മതി സ്വീകരിക്കുവാൻ ചെന്ന ആദ്യത്തെ സംഘത്തിൽ ഉൾപ്പെട്ടു. തുടർന്ന് അനേകം മെത്രാന്മാരും, കർദ്ദിനാളന്മാരും, മാർപ്പാപ്പാമാരും മൂന്നാംസഭയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. തുടർച്ചയായി മാർപ്പാപ്പാമാർ ഈ സഭാംഗങ്ങൾക്ക് അനേകം ദണ്ഡവിമോചനങ്ങൾ കല്പിച്ചു നൽകിയിട്ടുമുണ്ട്.

## മൂന്നാം സഭയിൽക്കൂടെ വി. ഫ്രാൻസിസ് ഇന്നും ജീവിക്കുന്നു.

ഒരു അകത്തോലിക്ക മാസികയിൽ എഴുതിയിരുന്ന ലേഖനത്തിന്റെ തലക്കെട്ട് ഇങ്ങനെ ആയിരുന്നു. "ആവശ്യമുണ്ട്—ഒരു പുതിയ വി. ഫ്രാൻസിസിനെ" ഇതുകൊണ്ട് ആ ലേഖനകർത്താവ് ഉദ്ദേശിച്ചതു ഇന്നത്തെ ലോകത്തെ അതിന്റെ തെറ്റുകളിൽനിന്നും രക്ഷിക്കാൻ ഒരു വിശുദ്ധ ഫ്രാൻസിസ് ആവശ്യമാണെന്നാണ്. ഇന്നത്തെ ലോകത്തിൽ പല തെറ്റുകളും ഉണ്ടെന്നു സമ്മതിച്ചേ തീരൂ. എന്നാൽ ഇങ്ങനെയുള്ള ഘട്ടം മുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്നുള്ള മട്ടിലാണ് നാം ബഹളം കൂട്ടുന്നതു്. ഇതേ പരിതസ്ഥിതികൾ മറ്റു രൂപത്തിലായിരിക്കാം 700 സംവത്സരങ്ങൾക്കുമുൻപ് ഉണ്ടായിരുന്നതു്. അതിനെ നേരിടുന്നതിനാണ് വി. ഫ്രാൻസിസ് മൂന്നാംസഭ സ്ഥാപിച്ചതു്. വിശുദ്ധ ഫ്രാൻസിസ് ആ സഭയിൽകൂടെ ഇന്നും ജീവിച്ചിരിക്കുന്നു. അദ്ദേഹം പഠിപ്പിച്ച തത്വങ്ങൾ പ്രായോഗികമാക്കുകയേ വേണ്ടൂ. ആ തത്വങ്ങളും നിയമങ്ങളുമാകട്ടെ വ്യക്തിയുടെ ജീവിതത്തിൽ ക്രിസ്തീയ തത്വങ്ങൾ പ്രായോഗികമാക്കുകയെന്നുള്ളതു മാത്രം ഉദ്ദേശിച്ചുള്ളവയായിരുന്നു. സ്വയം വിശുദ്ധീകരിക്കുവാൻ ഓരോ വ്യക്തിയേയും സഹായിക്കുവാനും, തദ്വാരാ കുടുംബങ്ങളേയും, സമുദായത്തെയും, രാജ്യത്തെയും വിശുദ്ധീകരിക്കുവാനും വേണ്ടിയാണ് മൂന്നാംസഭ സ്ഥാപിച്ചതു്. ആ സഭയുടെ നിയമ

ങ്ങൾ ഒരാവൎത്തി വായിച്ചാൽ ഈ സംഗതി വ്യക്തമാകുന്നതാണു്. ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ XIII-ാംലെയോൻമാൎപ്പാപ്പാ അംഗീകരിച്ചതാണു്. ഈ റൂളുകൾ ആൎക്കും പ്രയാസംകൂടാതെ അനുസരിക്കാവുന്നവയാണു്. ഈ റൂളുകൾ അറിവാൻ ആഗ്രഹിക്കുന്നവൎക്കു് അതു് നിഷ്പ്രയാസം സാധിക്കാമെന്നുള്ളതുകൊണ്ടു് ഞാൻ ഇവിടെ വിവരിക്കുന്നില്ല.

(''ഇന്നത്തെ ആവശ്യം'' എന്ന പുസ്തകം വായിക്കുക.)

## യുവജനങ്ങൾ തെറ്റിപ്പോകാതെ നോക്കുക.

ഏതൊരു സമുദായത്തിന്റെയും, രഷ്ട്രത്തിന്റെയും ഭാവി അതിന്റെ യുവജനങ്ങളിലാണു് സ്ഥിതിചെയ്യുന്നതെന്നു് എല്ലാവരും തലകുലുക്കി സമ്മതിക്കുന്നതാണു്. എന്നാൽ യുവജനങ്ങളുടെ കരകവിഞ്ഞൊഴുകുന്ന ചൈതന്യത്തെയും, പ്രവൎത്തനശക്തിയെയും ഉപയോഗപ്പെടുത്തുവാൻ നേതാക്കന്മാർ ശ്രമിച്ചുകാണുന്നില്ല. നമ്മുടെ കത്തോലിക്കായുവജനങ്ങളുടെ കഴിവുകൾ സഭയ്ക്കും, സമുദായത്തിനും ഉപയോഗപ്പെടത്തക്ക വിധത്തിൽ അവൎക്കു് മാൎഗ്ഗം തെളിച്ചുകൊടുക്കാത്തതുകൊണ്ടു് രണ്ടു വലിയ ദോഷങ്ങളാണു് സംഭവിക്കുന്നതു്. ഒന്നാമതായി സഭയ്ക്കും, സമുദായത്തിനും കിട്ടാവുന്ന വലിയ നേട്ടം ഇല്ലാതാകുന്നു. അതു പക്ഷെ സഹിക്കാം. എന്നാൽ അതിനോടൊപ്പം സംഭവിക്കുന്ന മറ്റൊരു വലിയ നാശം, യുവജനങ്ങൾക്കു് ശരിയായ പ്രവൎത്തനസരണിയില്ലാത്തതിനാൽ അവർ അപഥസഞ്ചാരം ചെയ്യുവാൻ ഇടയാകുന്നു എന്നതാണു്. യുവത്വം ഒരിക്കലും പ്രവൎത്തിരഹിതമായി ഇരിക്കുകയില്ല. കടലിലെ ജലംപോലെ അതു് എപ്പോഴും ചലിച്ചുകൊണ്ടിരിക്കും.

## അമേരിക്കയിൽ ചെയ്യുന്നതെന്തു്?

അമേരിക്കൻ ഫ്രാൻസിസ്കൻസഭയിലെ ചില പണ്ഡിതന്മാരായ വൈദികരുടെ ചിന്ത ആധുനിക പരിതഃസ്ഥിതിക

ളിൽ അപകടംനിറഞ്ഞ ജീവിതം നയിക്കുന്ന യുവജനങ്ങളെ എങ്ങനെ രക്ഷിക്കാം എന്നതിലേക്കു് തിരിഞ്ഞതിന്റെ ഫലമായി, യുവജനങ്ങളെക്കൂടി മൂന്നാംസഭയിൽ അംഗങ്ങളാക്കണമെന്ന അഭിപ്രായത്തിനു് പ്രാബല്യം സിദ്ധിച്ചു. 1926-ൽ ന്യൂയോർക്കിൽവച്ചു കൂടിയ മൂന്നാംസഭാകോൺഗ്രസ്സിൽ ഈ വിഷയം ചർച്ചചെയ്യപ്പെട്ടു. യുവജനങ്ങൾക്കായി മൂന്നാംസഭയുടെ ഒരു പ്രത്യേക വിഭാഗം സൃഷ്ടിക്കണമെന്ന അഭിപ്രായം അവിടെവെച്ചു് ആദ്യമായി അംഗീകരിക്കപ്പെട്ടു. എന്നാൽ മൂന്നാംസഭ എന്നു പേരുകേട്ടാൽ അതു വൃദ്ധന്മാർക്കും സന്യാസികൾക്കും ഉള്ളതാണെന്നുള്ള ഒരു പ്രതീതി യുവഹൃദയങ്ങളിൽ ജനിക്കുവാൻ ഇടയുള്ളതുകൊണ്ടു് ആ പേരുമാററി യുവജനവിഭാഗത്തിനു് "സെറാഫിക്കു് യൂത്തുമൂവ്മെൻറു്" എന്നു് പേരിടണമെന്നു് പ്രസിദ്ധനായ ഫാ. കിലിയൻ അഭിപ്രായപ്പെടുകയും, അതു് അംഗീകരിക്കപ്പെടുകയും ചെയ്തു. ഇങ്ങനെയാണു് "സെറാഫിക്കു് യൂത്തുമൂവ്മെൻറു്" ആരംഭിച്ചതു്. ഈ സംഘടനയുടെ റൂളുകളും, സ്വഭാവസ്വരൂപവും എല്ലാം മൂന്നാംസഭയുടേതുതന്നെയാണു്. ഇതിനു് മൂന്നാംസഭയുമായി പേരിലല്ലാതെ കാര്യത്തിൽ യാതൊരു വ്യത്യാസവുമില്ല.

എന്നാൽ ചെറുപ്പക്കാരെ മൂന്നാംസഭയിലേക്കു് ആകർഷിക്കേണ്ടതു് എങ്ങനെ എന്ന വിഷയത്തെപ്പററി ആ കോൺഫറൻസിൽ തീവ്രമായ വാദപ്രതിവാദങ്ങൾ നടന്നു. കുട്ടികൾക്കുവേണ്ടി വാദിച്ചവർ അവരെ ആകർഷിക്കുവാൻവേണ്ടി സാധാരണ മൂന്നാംസഭയുടെ പ്രവർത്തനരീതിയിൽനിന്നു് സെറാഫിക്കു് യുവജനസംഘടനയുടെ രീതി അല്പം മാററി അതിൽ അല്പം വിനോദങ്ങൾക്കുകൂടി സ്ഥാനം അനുവദിക്കേണ്ടതാണെന്നു് ശഠിച്ചു. ഇതു് ചില യാഥാസ്ഥികന്മാർക്കു് രുചിച്ചില്ല. ഒടുവിൽ പണ്ഡിതനായ ഫാ. ബിഡ്ഹെസ്സ് ഇങ്ങനെ മറുപടി പറഞ്ഞു് വാദപ്രതിവാദത്തെ സമാപിച്ചു. "ഒരു സുദിനത്തിൽ റൂഹാദ്കുദിശാ എസക്കിയേൽ ദീർഘദർശിയോടു് ഇ

ങ്ങനെ പറഞ്ഞു: "മനുഷ്യപുത്രാ ഈ പുസ്തകം നീ തിന്നുക; അതിൻെറശേഷം നീ ഇസ്രായേൽമക്കളോട്ട് പ്രസംഗിക്കുക". പ്രവാചകൻ പറയുന്നു "ഞാൻ അതു തിന്നു... അതു തേൻപോലെ മധുരമുള്ളതായിരുന്നു." ഇതുതന്നെയാണ് എനിക്കും പറയുവാനുള്ളത്. നമുക്ക് ചെയ്യേണ്ടതു് വിശുദ്ധലിഖിതത്തിലെ വിഭവങ്ങൾ കൊടുത്തു് നമ്മുടെ കുഞ്ഞുങ്ങളുടെ ആത്മശക്തിയെ വളത്തണം എന്നുള്ളതാണ്. അതു് കൈപ്പുനിറഞ്ഞ തപസ്സും, സ്വയപരിത്യാഗപ്രവൃത്തികളുംമൂലം സാധിക്കാമെങ്കിൽ നല്ലതു്. എന്നാൽ അല്പം പഞ്ചസാരചേത്തു് കൊടുക്കുന്നതുകൊണ്ടു് അപകടം വരാനുമില്ല. വിനോദങ്ങൾ ദൈവം വച്ചിരിക്കുന്നതാണ്. വിശുദ്ധിയിൽ അഭിവൃദ്ധിപ്പെടാൻ അവ ഉപേക്ഷിക്കണമെന്നില്ല. വിനോദങ്ങളിൽക്കൂടെയും പുണ്യാഭിവൃദ്ധി സമ്പാദിക്കാവുന്നതാണ്. രണ്ടു രീതികളും വി. ഫ്റാൻസിസിൻെറ മാൎഗ്ഗങ്ങൾതന്നെ". ഇതോടുകൂടി ആ പ്രചണ്ഡ വാദപ്രതിവാദം അവസാനിക്കുകയും, സെറാഫിക്ക് യുവജനസംഘടനയുടെ പ്രവൎത്തനത്തിൽ വിനോദ യാത്രകൾക്കും, പഠനക്കളരികൾക്കും, വാദപ്രതിവാദങ്ങൾക്കും, പ്രഹസനാഭിനയങ്ങൾക്കുപോലും സ്ഥാനമുണ്ടെന്നു് തീരുമാനിക്കയും ചെയ്തു. 1926-ൽ ന്യൂയോർക്കിൽ സ്ഥാപിതമായ ഈ പ്രസ്ഥാനം വളരെ വേഗം അമേരിക്ക മുഴുവനും, യൂറോപ്പിൽ പലഭാഗത്തും വ്യാപിച്ചു.

## നമ്മുടെ യുവജനങ്ങളുടെ കാര്യം.

നമ്മുടെ കേരളത്തിൽ പ്രത്യേകിച്ചും യുവജനങ്ങളുടെ കാര്യം പ്രത്യേക പരിഗണന അർഹിക്കുന്നു. കമ്മ്യൂണിസ്റ്റും, സോഷ്യലിസ്റ്റും കക്ഷികൾ നമ്മുടെ യുവജനങ്ങളെ, പ്രത്യേകിച്ചും വിദ്യാൎത്ഥികളെ, വഴിതെററിച്ചു് അവരെ ആയുധമാക്കി രാഷ്ട്രീയാധികാരം കരസ്ഥമാക്കുവാൻ തീവ്രയത്നം

ചെയ്തുകൊണ്ടിരിക്കുന്നുഎന്നു് നമുക്കറിയാം. വിദ്യാർത്ഥിസംഘടനകളുടെ മറവിൽ നിന്നുകൊണ്ടു് കമ്മ്യൂണിസ്റ്റു്കാർ വിദ്യാർത്ഥികളുടെ ഇടയിൽ പ്രവർത്തനം നടത്തുന്നുണ്ടു്. തിരുവിതാംകൂറിലെ വിദ്യാർത്ഥികളിൽ ഒരു വലിയ ഭാഗം—അതിൽ കത്തോലിക്കാവിദ്യാർത്ഥികളും ഉൾപ്പെടുന്നു— സോഷ്യലിസത്തിലോ, കമ്മ്യൂണിസത്തിലോ, വിശ്വസിക്കുന്നവരാണെന്നു പറഞ്ഞാൽ പലരും എൻെറനേരെ ചന്ദ്രഹാസമിളക്കിയേക്കാം. പക്ഷെ പരമാർത്ഥം അരുചികരമാണെങ്കിലും പറയാതെ തരമില്ലല്ലോ. ഇതിനുംപുറമെ പുരോഗമനസാഹിത്യം എന്നപേരിൽ അറിയപ്പെടുന്ന സാഹിത്യശാഖയിലെ ചില കൃതികൾ മതവിശ്വാസത്തെയും, സന്മാർഗ്ഗബോധത്തെയും നശിപ്പിച്ചു് കമ്മ്യൂണിസ്റ്റു്ആദർശത്തിലേക്കു് യുവാക്കന്മാരെ ആകർഷിക്കുവാൻ പാറിയവയാണെന്നു് നമുക്കറിയാം. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഏതൊരു സമുദായസ്നേഹിയുടേയും, രാജ്യസ്നേഹിയുടേയും ശ്രദ്ധ യുവജനങ്ങളിലേക്കു് തിരിയേണ്ടതല്ലേ? അവരെ വലയംചെയ്തിരിക്കുന്ന അപകടങ്ങളിൽനിന്നും, നമ്മുടെ യുവജനങ്ങളെ രക്ഷിക്കുവാനുള്ള മാർഗ്ഗം എന്താണെന്നു് ഇനിയെങ്കിലും നാം കാര്യമായി ആലോചിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഒരു കാൽ ശതാബ്ദകാലത്തെ ഭൂഗോളവിസ്തൃതമായ പരീക്ഷണത്തിൽനിന്നും മനസ്സിലാകുന്നതു് അതിനുള്ള മരുന്നു് മൂന്നാംസഭയാണെന്നാണു് യുവജനങ്ങളെ സാധാരണ നാശത്തിൽ വീഴിക്കുന്ന പല അബദ്ധങ്ങളിൽനിന്നും അവരെ രക്ഷിക്കുവാൻ ഇതിനു കഴിഞ്ഞിട്ടുണ്ടെന്നു് അനുഭവസ്ഥന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. അസാധാരണ പരിതഃസ്ഥിതികളിൽ അസാധാരണ പ്രവർത്തനങ്ങൾ ആവശ്യമാണു്. യുവജനങ്ങൾക്കു് മൂന്നാംസഭയുടെ നന്മകൾ സിദ്ധിക്കുന്നതിനുവേണ്ടിയാണു് സൊഡാലിക്കു് യുവജനസംഘം ആരംഭിക്കപ്പെട്ടതു്.

## ഇതു് സ്ഥാപിക്കേണ്ടതു് എവിടെ?

സെറാഫിക്കു് യുവജനസംഘടന സ്ഥാപിക്കേണ്ടതു് എവിടെയാണെന്നുള്ള പ്രശ്നമാണു് ഇനി ഉദിക്കുന്നതു്. അനുഭവത്തിൽനിന്നു് പറയാവുന്നിടത്തോളം ഹൈസ്കൂളുകളിലും കോളേജുകളിലുമാണു് ഇതു് ആരംഭിക്കേണ്ടതു്. 14 വയസ്സു പ്രായമുള്ള ഏതൊരു കത്തോലിക്കനും ഇതിൽ അംഗമായി ചേരാവുന്നതാണു്. ആദർശവാദികളും, വീരാരാധനോത്സുകരുമായ വിദ്യാത്ഥികൾക്കു്, വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതകഥ തീച്ചയായും രുചിക്കും. ആ പുണ്യവാന്റെ വഴി അവക്കു് പ്രിയംകരമായിരിക്കും. മൂന്നാംസഭയുടെ റൂളുകൾ അവക്കു് അനുസരിക്കുവാൻ വിഷമമുള്ളതുമല്ല. അനാവശ്യആഡംബരങ്ങളും, വിലകൂടിയ വസ്തങ്ങളും വജ്ജിക്കണമെന്നു പറഞ്ഞാൽ ഖദർവസ്ത്രം ധരിച്ചു് പരിചയിച്ചിട്ടുള്ള ഇൻന്ത്യൻ വിദ്യാത്ഥിക്കു് വിഷമകരമായി തോന്നുകയില്ല. ഭക്ഷണത്തിൽ മിതത്വം പാലിക്കണമെന്നു പറഞ്ഞാൽ, ഭൂക്ഷമായ റേഷ്യൻകാലത്തു് ജീവിച്ച വിദ്യാത്ഥികൾക്കു് പ്രയാസമുണ്ടാകയില്ല. ഇങ്ങനെ നോക്കിയാൽ മൂന്നാംസഭയുടെ റൂളുകൾ എല്ലാം വലിയ ക്ലേശംകൂടാതെ വിദ്യാത്ഥികൾക്കു് അനുസരിക്കാവുന്നവയാണു്.

---

## മൂന്നാംസഭയുടെ പ്രത്യേകത.

ഇന്നത്തെ സാഹചര്യങ്ങളിൽ യുവജനങ്ങളുടെ നന്മയെ ലാക്കാക്കി വിദ്യാലയങ്ങളിലും മററും മൂന്നാംസഭയുടെ ഒരു വിഭാഗമായ സെറാഫിക്കു് യുവജനസംഘടന സ്ഥാപിക്കേണ്ടതാണെന്നു് ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതു കേൾക്കുമ്പോൾ എല്ലാവരുടേയും മനസ്സിൽ ന്യായമായ ഒരു ചോദ്യം അങ്കുരിച്ചിരിക്കണം. അതു് മറെറാന്നുമല്ല. ഇപ്പോൾത്തന്നെ സംഘടനകളുടെ ബാഹുല്യംകൊണ്ടു് വിഷമിക്കുന്ന നമ്മുടെ ഇടയിൽ,

ഒരു പുതിയ സംഘടന സ്ഥാപിക്കുന്നതുകൊണ്ടു് എന്തു പ്രയോജനം ഉണ്ടാകുവാനാണു്. ഇതു ന്യായമായ ഒരു സംശയമാണു്. സംഘടനകളെ സംബന്ധിച്ചു് പൊതുവിൽ പറയുകയാണെങ്കിൽ, പുതിയ സംഘടനകൾ ഉണ്ടാകുന്നതിൽ നാം ഉൽക്കണ്ഠാകുലരാകേണ്ട ആവശ്യമില്ല. ഓരോരൊ കാലത്തിൽ അപ്പോൾ ഉദിക്കുന്ന പ്രത്യേക പരിതഃസ്ഥിതികളെ നേരിടുവാൻവേണ്ടിയാണു് പലപ്പോഴും സംഘടനകൾ ഉണ്ടാകുന്നതു്. ചിലപ്പോൾ ഒരു വിഭാഗം ജനങ്ങളുടെ ചില പ്രത്യേക ആവശ്യങ്ങൾ സാധിക്കുന്നതിനുവേണ്ടി ആയിരിക്കാം ചില സംഘടനകൾ സ്ഥാപിതമാകുന്നതു്. അതിൻെറ ആവശ്യംപോലെ അതിനു പ്രചാരവും സിദ്ധിക്കുന്നു. അതിനു നിർവഹിക്കുവാനുള്ള കൃത്യം അതു നിർവഹിച്ചു കഴിയുമ്പോൾ—അതിൻെറ ജനനത്തിനു ഇടയാക്കിയ പരിതഃസ്ഥിതികൾ മാറുമ്പോൾ– ആളുകൾക്കു് അതിൽ താല്പര്യം ന്യായമായി കുറഞ്ഞുപോകുന്നു; അങ്ങനെ പ്രവത്തനം മന്ദീഭവിക്കുന്നു. ഇതു് എല്ലാകാലത്തും, എല്ലാ ദേശങ്ങളിലും കണ്ടുവരാറുള്ള ഒരു സാധാരണ സംഭവം മാത്രമാണു്. അതു് നമ്മുടെ ഒരു പ്രത്യേകതയല്ല. ഓരോ സംഘടനയും അതിൻെറ ഉപയോഗം തീരുമ്പോൾ, പരിതഃസ്ഥിതികൾ മാറിവരുമ്പോൾ—പിരിച്ചുവിടുവാനുള്ള സന്നദ്ധത തൽപ്രവത്തകർക്കു് ഉണ്ടായിരുന്നാൽ മതി. യുദ്ധം കഴിയുമ്പോൾ സമാധാനപരിപാലനത്തിനു് ആവശ്യമുള്ളതൊഴികെയുള്ള സൈന്യത്തെ പിരിച്ചുവിടുന്നതു് നാം കണ്ടിട്ടുണ്ടല്ലൊ. അതിനാൽ എനിക്കു പറയുവാനുള്ളതു് അതതിൻെറ കൃത്യം നിർവഹിച്ചുകഴിഞ്ഞ, പഴകിയ, ഉപയോഗശൂന്യങ്ങളായ എല്ലാ സാധാരണ യുവജനസംഘടനകളും കഴിയുന്നതും വേഗം പിരിച്ചുവിടണമെന്നാണു്. "Old things must go giving way to new and God fulfils Himself in many ways".

ഇത്രയും ഞാൻ പറഞ്ഞതു് സാധാരണ സംഘടനകളെ

പ്പററിയാണ്. മൂന്നാംസഭ ആ കൂട്ടത്തിൽ പെടുന്നില്ല. അതു് ഒരു അസാധാരണ സംഘടനയാണ്. ഷേക്സ്പീയർ, ഡാൻററി, കാളിദാസൻ തുടങ്ങിയ വിശ്വസാഹിത്യകാരന്മാരുടെ ഗ്രന്ഥതല്ലജങ്ങൾ എക്കാലത്തും ആസ്വാദ്യജനകമായിരിക്കുന്നതുപോലെ, ക്രിസ്തുനാഥൻെറ ദിവ്യോപദേശങ്ങൾ ഏതുകാലത്തും നവ്യമായിരിക്കുന്നതുപോലെ, മൂന്നാംസഭ എല്ലാക്കാലത്തെ പരിതഃസ്ഥിതികൾക്കും പററിയതും, ശാശ്വതമായി ലോകാവസാനത്തോളം ഉണ്ടായിരിക്കേണ്ടതുമായ ഒരു സംഘടനയാണ്. കാലപ്പഴക്കംകൊണ്ടു് അതിൻെറ പ്രവർത്തനശക്തി കുറഞ്ഞുപോകുന്നില്ല. തലമുറകളിൽകൂടി അനേകം പുണ്യാത്മാക്കളുടെ പുണ്യശക്തികൊണ്ടു് കെട്ടിപ്പടുത്തതാണ് മൂന്നാംസഭ. സെൻറു് തോമ്മസ്മൂറും, ഓക്കോണലും, ലോകത്തിൽ പ്രാമാണ്യംനേടിയ കത്തോലിക്കരേവരും ഇതിൽ അംഗങ്ങളായിരുന്നിട്ടുണ്ടു്. ഇതിൻെറ അംഗങ്ങൾ സാധാരണ ജീവിതത്തിൽ എല്ലാ തുറകളിൽനിന്നും വരുന്നവരും, ഗൃഹസ്ഥാശ്രമികളുമാണെങ്കിലും ഇതു ഒരു യഥാർത്ഥ സന്യാസസഭയാണ്. കുടുംബജീവിതത്തിൻെറ ബന്ധങ്ങൾ പുലർത്തിക്കൊണ്ടു് സന്യാസജീവിതത്തിൻെറ അനുഗ്രഹങ്ങൾ സമ്പാദിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഏക സംഘടന മൂന്നാംസഭയാണ്. സെറാഫിക്കു് യുവജനസംഘടനയും, മൂന്നാംസഭതന്നെയാണെന്നു് ഞാൻ മുൻപു് പറഞ്ഞുവല്ലോ.

വി ഫ്രാൻസിസിൻെറ മാലാഖായിക്കുട്ടത്തെ സെറാഫിക്കു് യുവജനസംഘടനിങ്ങളെ വിശുദ്ധിയിലേക്കു് നയിക്കുവാൻ ക്രിസ്തുനാഥൻ അനുഗ്രഹിക്കട്ടെ. വി. ഫ്രാൻസിസിൻെറ അനുഗ്രഹം നമ്മിൽ ഉണ്ടാകട്ടെ.

## * അസ്സീസിയിലെ പുണ്യപുരുഷൻ.

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് സർവജനാദരണീയനായ ഒരു മഹാത്മാവാണ്. അദ്ദേഹത്തിന്റെ ജീവിതവും മരണവും കഴിഞ്ഞിട്ട് നൂററാണ്ടുകൾ പലതായെങ്കിലും ഇന്നും അദ്ദേഹം മനുഷ്യഹൃദയങ്ങളിൽ സംപൂജ്യനായി സ്ഥിതിചെയ്യുന്നു. ഇററലിക്കാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും, ഇൻഡ്യക്കാരും, എന്നുവേണ്ടാ, സഹൃദയത്വവും വിശുദ്ധിയുടെ നേർക്ക് ബഹുമാനവുമുള്ളവരെല്ലാം ആ പുണ്യപുരുഷനെ അഹമഹമികയാ വാഴ്ത്തുന്നു. തലമുറകൾ കഴിയുന്തോറും ഫ്രാൻസിസിനെപ്പററിയുള്ള സ്നേഹബഹുമാനങ്ങൾ വർദ്ധമാനമായിവരുന്നു. മഹാകവി, മനുഷ്യസ്നേഹി, സമുദായ പരിഷ്കർത്താവ്, ക്രിസ്തുനാഥന്റെ സന്ദേശവാഹകൻ, ദ്വിതീയ ക്രിസ്തു എന്നിങ്ങനെ ബഹുവിധ അഭിധാനങ്ങൾ നൽകിക്കൊണ്ട് അദ്ദേഹത്തെ പ്രകീർത്തിക്കുവാൻ ജനങ്ങൾ ഉത്സുകരായി കാണപ്പെടുന്നു. ക്രൈസ്തവലോകം ഫ്രാൻസിസിനു നൽകുന്ന ബഹുമാനം ഒന്നു വേറെതന്നെയാണ്. തിരുസ്സഭയുടെ പരമാദ്ധ്യക്ഷന്മാരായ മാർപ്പാപ്പാമാർ അസ്സീസിയിലെവിശുദ്ധനെ ആദരിക്കുകയും ക്രൈസ്തവജനതയുടെ ബഹുമാനത്തിനും അനുകരണത്തിനുമായി അവതരിപ്പിക്കുകയും ചെയ്യുന്നതിൽ സ്നേഹമസൃണമായ ഒരു മത്സരം നടത്തുന്നതുപോലെ തോന്നും. വി. ഫ്രാൻസിസിന്റെ ജനനത്തിന്റെ 7-ാം ശതാബ്ദാഘോ

---

* രാമപുരം ഫൊറോനപ്പള്ളിയുടെ കീഴിലുള്ള പള്ളികളിൽ സ്ഥാപിതമായിരിക്കുന്ന ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടെയും സത്യാരാധന സഖ്യാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ 1951 ഏപ്രിൽ മാസം 15-ാം തിയതി മാനത്തൂർപള്ളി അങ്കണത്തിൽവച്ചു നടത്തിയ മഹാസമ്മേളനത്തിൽ പാലാരൂപതയുടെ മെത്രാൻ നിതാന്ത വന്ദ്യ ദിവ്യശ്രീ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു ചെയ്ത അദ്ധ്യക്ഷപ്രസംഗം.

ഷാവസരത്തിൽ 13-ാം ലെയോൻ മാർപ്പാപ്പാ പുറപ്പെടുവിച്ച വിശ്വലേഖനം സാർവത്രികസഭയിൽ ആദ്ധ്യാത്മികമായ ഒരു പുനരുജ്ജീവനംതന്നെ ഉളവാക്കുവാൻ പര്യാപ്തമായിരുന്നു. 11-ാം പീയൂസ് മാർപ്പാപ്പാ വിശുദ്ധന്റെ 700-ാം ചരമവാർഷികം സംബന്ധിച്ചു് പ്രസിദ്ധംചെയ്ത വിശ്വലേഖനം അദ്ദേഹത്തിന്റെ അപദാനങ്ങളെപ്പറ്റിയുള്ള അതിവിശിഷ്ടമായ ഒരു പ്രകീർത്തനവും മാനവസമുദായത്തിനു് നൽകുന്ന മഹത്തായ ഒരു അദ്ധ്യാപനവുമായി പരിലസിക്കുന്നു.

പ്രകൃതിയാലും കൃപാവരത്താലും അനുഗ്രഹീതനായ ഒരു മഹാപുരുഷനായിരുന്നു വി. ഫ്രാൻസീസ്. തനിക്കു ലഭിച്ച അസാധാരണ ഗുണങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി പുണ്യപൂർണ്ണതയുടെ അഗ്രിമസ്ഥാനത്തേക്കുയരുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞു. ലോകൈകഗുരുവായ ഈശോനാഥന്റെ ഉപദേശങ്ങളെയും ദൃഷ്ടാന്തങ്ങളെയും സ്വജീവിതത്തിൽ അനുവർത്തിക്കുന്നതിനു് അദ്ദേഹം തീവ്രയത്നം ചെയ്യുകയും ആ യത്നത്തിൽ അന്യാദൃശമായ വിജയം കൈവരിക്കുകയും ചെയ്തു. ഏതൽനിമിത്തം "ദ്വിതീയക്രിസ്തു" എന്ന അഭിധാനം അദ്ദേഹം സമാർജ്ജിച്ചിരിക്കുന്നു. 11-ാം പീയൂസ് തിരുമേനി പ്രസ്താവിക്കുന്നു: "ഫ്രാൻസീസിന്റെ സമകാലീനർക്കും അനന്തര തലമുറകൾക്കും, ക്രിസ്തുതന്നെ വീണ്ടും അവതരിച്ചതുപോലെ ആയിരുന്നു വി. ഫ്രാൻസീസ്. അപ്രകാരംതന്നെ ഇക്കാലത്തും ഭാവിയിലും ഫ്രാൻസിസ് അസ്സീസി അറിയപ്പെടുകയും ചെയ്യും. ഫ്രാൻസിസ് ഒരു തലമുറയ്ക്കോ ഒരു രാജ്യത്തിനോ വേണ്ടി മാത്രം ഭൂജാതനായ ആളല്ല. ബത്ലേഹമിൽ സമാരംഭിച്ചതും, കാൽവരിമുകളിൽ സമാപ്തമായതുമായ ക്രിസ്തുനാഥന്റെ പരിപാവനജീവിതവും അതിന്റെ ചൈതന്യവിശേഷവും ലോകർക്കെല്ലാം എക്കാലവും അനുഭവവേദ്യമാക്കി ചെയ്യുന്നതിനു് ദൈവത്താൽ നിയുക്തനായ പു



റി. വന്ദ്യ. ദിവ്യശ്രീ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ മാനത്തൂർ പള്ളി അങ്കണത്തിൽവച്ച് നടത്തപ്പെട്ട ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടേയും സത്യാരാധന സഖ്യാംഗങ്ങളുടേയും മഹാസമ്മേളനം.

ണ്യപുരുഷനാണു് വി. ഫ്റാൻസിസ് അസ്സീസി. അദ്ദേഹത്തിൻെറ ചൈതന്യം ക്രിസ്തുവിൻെറ ചൈതന്യത്തിൻെറ പ്രതിഫലനമാണു്. ദിവ്യനാഥൻെറ പീഡാനുഭവങ്ങളും ദിവ്യോപദേശങ്ങളുമത്രെ ഫ്റാൻസിസിനെ മഹത്വീകരിച്ചിട്ടുള്ളതു്.

ഉന്മേഷവാനും ഉല്ലാസപ്രിയനുമായ ഒരു യുവാവായിട്ടാണു് ഫ്റാൻസിസിനെ നാം ആദ്യമായി കാണുന്നതു്. വിനോദരംഗങ്ങളിലും സുഹൃൽ സമ്മേളനങ്ങളിലും വിരുന്നുശാലകളിലും അദ്ദേഹം പരിലസിച്ചിരുന്നു. പട്ടുവസ്ത്രങ്ങൾ ധരിക്കുകയും കൂട്ടുകാരുമൊത്തു് ഗാനാലാപങ്ങൾ മുഴക്കുകയും ചെയ്യുക അദ്ദേഹത്തിനു് ഇഷ്ടമായിരുന്നു. നിശ്ചയദാർഢ്യമുള്ള മനസ്സും സ്നേഹാർദ്രമായ ഹൃദയവും ഫ്റാൻസിസിൻെറ സ്വാഭാവിക ഗുണങ്ങളായിരുന്നു. ക്രിസ്തുനാഥൻ അദ്ദേഹത്തെ കടാക്ഷിച്ചു; അനുഗ്രഹവർഷം ചെയ്തു. അദ്ദേഹത്തിൽ വലുതായ ഒരു മാനസികപരിവർത്തനം ഉണ്ടായി, അദ്ദേഹം മാതാപിതാക്കന്മാരേയും, ലൌകികമായ സകലതിനേയും പരിത്യജിച്ചു; ദാരിദ്ര്യം കൈവരിച്ചു; ക്രിസ്തുവിനേയും ക്രിസ്തുവിൻെറ കുരിശിനേയും ആശ്ലേഷിച്ചു; പ്രാർത്ഥനയിൽ ലയിച്ചു; തപശ്ചര്യകൾ അനുഷ്ഠിച്ചു; പാവപ്പെട്ടവരെ ശുശ്രൂഷിച്ചു. അദ്ദേഹത്തിൻെറ ചൈതന്യം സമുദായമദ്ധ്യത്തിലേക്കു പ്രസരിച്ചു. ഫ്റാൻസിസ് അന്നും ഇന്നും വിസ്മയപാത്രമായും അനുകരണവിഷയമായും നിലകൊള്ളുന്നു. സഹസ്രക്കണക്കിനു് സ്ത്രീപുരുഷന്മാർ അദ്ദേഹത്തെ തങ്ങളുടെ പിതാവും മാതൃകയുമായി സ്വീകരിച്ചിരിക്കുന്നു.

ജന്മനാ സ്നേഹാർദ്രമായിരുന്ന ഫ്റാൻസിസിൻെറ ഹൃദയം പ്രസാദവരമേറ്റു ദൈവസ്നേഹത്തിൽ ഉജ്ജ്വലിച്ചു. വി. ബൊനവൻ്തുരാ പറയുന്നു: "കത്തിക്കൊണ്ടിരിക്കുന്ന ഒരു തീക്കട്ടപോലെ, ഫ്റാൻസിസ് മുഴുവനായി ദൈവസ്നേഹാഗ്നിയാൽ കത്തിക്കാളി. പ്രാർത്ഥനാവേളകളിൽ അദ്ദേഹം സ്നേഹപരവശ

നാകുക സാധാരണമായിരുന്നു. അദ്ദേഹം ഇങ്ങനെ പ്രാൎത്ഥിച്ചിരുന്നു: "ഓ, കൎത്താവേ, അങ്ങയുടെ സ്നേഹത്തിൻെറ ഏററവും തീവ്രവും സുമധുരവുമായ ശക്തിയാൽ എൻെറ ഹൃദയത്തെ നിറസ്സുകയും, അങ്ങയെക്കുറിച്ചുള്ള സ്നേഹത്താൽ മരിക്കുന്നതിനു വേണ്ടി സകല ലൌകികബന്ധങ്ങളിൽ നിന്നും എന്നെ വേർപെടുത്തുകയുംചെയ്യണമെ". നിശയുടെ നിശ്ശബ്ദമായ മണിക്കൂറുകളധികവും സ്നേഹസ്വരൂപനായ ഈശോയോടു മധുരഭാഷണംചെയ്യുന്നതിനാണ് അദ്ദേഹം വിനിയോഗിച്ചിരുന്നതു്. ബത്ലഹമിലെ പുൽത്തൊട്ടിയും നസ്രസ്സിലെ തിരുഭവനവും ഗലിലേയ തടാകത്തിൻെറ തീരപ്രദേശങ്ങളും സൎവ്വോപരി കാൽവരി മലയിലെ രക്ഷാകരമായ കുരിശും ഫ്രാൻസിസിൻെറ നിരന്തര ധ്യാന വിഷയങ്ങളായിരുന്നു. പീഡിതനായ ദിവ്യനാഥനോടുകൂടി പീഡിപ്പിക്കപ്പെടുവാനും ക്രൂശിക്കപ്പെടുവാനും അദ്ദേഹം തീവ്രമായി ആഗ്രഹിച്ചിരുന്നു. തൽഫലമായി ക്രിസ്തുവിൻെറ പഞ്ചക്ഷതങ്ങൾ സ്വശരീരത്തിൽ സ്വീകരിക്കുവാനുള്ള മഹാഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു. പരിശുദ്ധ കുർബ്ബാനയിൽ സന്നിധിചെയ്യുന്ന ദിവ്യനാഥനോടുള്ള സ്നേഹത്തിൽ മതിമയങ്ങി ഫ്രാൻസിസ് വളരെ സമയം ചിലവഴിച്ചിരുന്നു. ദിവ്യകാരുണ്യനാഥനുമായി ഏകീഭവിക്കുവാനുള്ള ആഗ്രഹം അദ്ദേഹത്തെ ഗ്രസിച്ചിരുന്നു.

ഫ്രാൻസിസ് തൻെറ സഹോദരങ്ങളിൽ ഈശോയെത്തന്നെ ദർശിച്ചു. തന്നിമിത്തം അവരെ അപാരമായ സ്നേഹത്തോടെ അദ്ദേഹം സ്നേഹിച്ചു. പാവപ്പെട്ടവരോടും കഷ്ടപ്പെടുന്നവരോടും അദ്ദേഹത്തിനു് വിശേഷവിധിയായ സ്നേഹമാണുണ്ടായിരുന്നതു്. കുഷ്ഠരോഗികളുടെ മദ്ധ്യേ താമസിക്കുകയും അവരുടെ വ്രണങ്ങൾ കഴുകികെട്ടുകയും ചെയ്യുന്നതിൽ അദ്ദേഹം ആനന്ദിച്ചു. കുഷ്ഠരോഗികളെ സഹോദരനിർവിശേഷമായ സ്നേഹത്തോടുകൂടി തഴുകി മുത്തുന്നതിനുപോലും അദ്ദേഹം മടിച്ചില്ല. പാപികളേയും ദുഷ്ടന്മാരേയും അദ്ദേ

ഹം കരുണാമസൃണമായ സ്നേഹത്തോടെ സ്വീകരിക്കുകയും സൌമ്യതയുള്ള പദങ്ങളാൽ അവരുടെ മാനസാന്തരത്തിനു് ശ്രമിക്കുകയും ചെയ്തിരുന്നു. ഫ്രാൻസിസിൻെറ വാത്സല്യത്തിനു് പക്ഷിമൃഗാദികൾപോലും പാത്രീഭവിച്ചു. മാടപ്രാവുകൾ ഫ്രാൻസിസിൻെറകൂടെ വസിക്കുകയും ദൈവത്തിനു് സ്തോത്രഗീതം പാടുകയും ചെയ്തുവന്നിരുന്നു. പോർസ്യുങ്കുലാ ദേവാലയത്തിനു സമീപം സ്ഥാപിച്ചിരിക്കുന്ന ഫ്രാൻസിസിൻെറ പ്രതിമയുടെ കൈകളിരു മാടപ്രാവുകൾ ഇപ്പോഴും വിശ്രമസുഖമനുഭവിച്ചുവരുന്നുണ്ടെന്നുള്ളതിനു് ഈ ഞാൻ തന്നെ സാക്ഷിയാണു്. ഫ്രാൻസിസിൻെറ സമസൃഷ്ടിസ്നേഹം കാണിക്കുന്നതിനു ഒന്നു രണ്ടുദാഹരണങ്ങൾ അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽനിന്നും ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. ഫ്രാൻസിസിൻെറ സന്യാസമഠറിയ്ക്കരികേയുള്ള ഒരു അത്തിവൃക്ഷത്തിന്മേൽ ഒരു വാനമ്പാടിപക്ഷി വന്നിരുന്നു് പകൽസമയം മുഴുവൻ അവിടെ കഴിച്ചുകൂട്ടുന്ന ഒരു പതിവുണ്ടായിരുന്നു. "സഹോദരീ, നീ എൻെറ പക്കലേക്കു വരിക" എന്നു പറഞ്ഞു ഫ്രാൻസിസ് ആ വാനമ്പാടി പക്ഷിയെ കൈനീട്ടി വിളിയ്ക്കും. ഉടനെ ആ പക്ഷി പറന്നു ചെന്നു് ഫ്രാൻസിസിൻെറ കൈപ്പത്തിയിൽ സ്ഥലം പിടിയ്ക്കും. "വാനമ്പാടിയായ സഹോദരീ, നീ ഒരു നല്ല പാട്ടുപാടി കർത്താവിനെ സ്തുതിക്കുക"— എന്നാകും അപ്പോൾ ഫ്രാൻസിസു്. ഉടനെ പക്ഷി പാടുവാൻ തുടങ്ങും. ഫ്രാൻസിസും പാടും. രണ്ടു പാട്ടുകളും ഇടകലർന്നങ്ങനെ മേളിക്കും.

ഒരിക്കൽ ഫ്രാൻസിസ് ഒരു തടാകത്തിൽകൂടി വഞ്ചിയാത്ര ചെയ്യുമ്പോൾ, ഒരു മത്സ്യവേട്ടക്കാരൻ വലിയൊരു കരിമീൻ പിടിച്ചു് അദ്ദേഹത്തിനു് കാഴ്ചയായി സമർപ്പിച്ചു. അദ്ദേഹം അതു സന്തോഷപൂർവ്വം സ്വീകരിച്ചു. "സഹോദരാ", എന്നു വിളിച്ചുകൊണ്ടു് അദ്ദേഹം അതിനെ വെള്ളത്തിലേക്കിടുകയാണു് ചെയ്തതു്. ആ മത്സ്യം അദ്ദേഹത്തിൻെറ വഞ്ചിയു

ടെ ചുററും നീന്തിക്കളിക്കുവാൻ തുടങ്ങി. ഫ്രാൻസിസിൻെറ അനുമതി കിട്ടിയശേഷം മാത്രമെ അതവിടംവിട്ടുപോയുള്ളു.

പാവനസ്വരൂപനായ ഈശോനാഥൻ മാനവവംശത്തിനു ഉപദേശം നൽകുവാനായി മനോഹരമായ ഒരു കുന്നിൻമുകളിൽ തൻെറ ശിഷ്യന്മാരോടൊരുമിച്ചു കയറി. അനേകായിരം ജനങ്ങൾ അവിടെ വന്നുകൂടിയിരുന്നു. അവിടുന്നു വാത്സല്യപൂർവ്വം അവരെ കടാക്ഷിച്ചു. തദനന്തരം ലോകോത്തരമായ ഒരു പ്രസംഗം ചെയ്തു. അവിടത്തെ സ്നേഹം തുളുമ്പുന്ന ഹൃദയത്തിൽനിന്നും ആദ്യം പൊട്ടിപ്പുറപ്പെട്ട വാക്യം ഇതായിരുന്നു:— "ആത്മനാ ദാരിദ്ര്യം അനുഭവിക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാകുന്നു." അന്നത്തെ കേൾവിക്കാരെ ഈ വാക്യം അത്ഭുതസ്തബ്ധരാക്കിയിരിക്കണം. നൂറ്റാണ്ടുകളായി മനുഷ്യഹൃദയങ്ങളെ ഇതു് ആഞ്ഞടിച്ചുകൊണ്ടിരിക്കുകയാണു്. പുൽക്കൂട്ടിൽ ഭൂജാതനാകുകയും, തലചായിക്കുവാൻപോലും ഇടമില്ലാതെ ജീവിക്കുകയും, കാൽവരിമലയിലെ മരക്കുരിശിൽ നഗ്നനായി മരണമടയുകയും ചെയ്ത ആ പരമദരിദ്രൻ മാനവവംശത്തിൻെറ അദ്വിതീയനായ ആദർശപുരുഷനത്രെ. അവിടുത്തെ അനുകരിക്കുവാനും ആദർശത്തിൽ സമീപിക്കുവാനും തലമുറകൾ തലമുറകളായി മനുഷ്യർ ശ്രമംചെയ്തു വരികയാണു്. ഈ ശ്രമത്തിൽ ഏറെക്കുറെ വിജയം കൈവരിച്ചിട്ടുള്ളവരും വളരെയുണ്ടു്. എന്നാൽ അസ്സീസിയിലെ പുണ്യപുരുഷനെപ്പോലെ ദിവ്യനാഥൻെറ ദൃഷ്ടാന്തവും ഉപദേശവും അത്രപൂർണ്ണമായി ജീവിതത്തിൽ പകർത്തുവാൻ കഴിഞ്ഞിട്ടുള്ള വ്യക്തികൾ വേറെയില്ലെന്നുതന്നെ പറയണം. ദാരിദ്ര്യത്തെ തൻെറ ജീവിതസഖിയായി വിശുദ്ധൻ തെരഞ്ഞെടുത്തു. തൻെറ മാനസാന്തരം പൂർത്തിയാകുന്നതിനു കുറെ മുമ്പു്, ഫ്രാൻസിസും കൂട്ടുകാരായ യുവാക്കന്മാരും ഒരു വിരുന്നിനുശേഷം സന്തോഷഗീതങ്ങൾ ആലപി

ച്ചുകൊണ്ടു തെരുവീഥികളിലൂടെ പോകയായിരുന്നു. ഒരിടത്തു് ഫ്ൺറാൻസിസ് പെട്ടെന്നു്നിന്നു് എന്തോ ചിന്തിക്കുവാൻ തുടങ്ങി. അപ്പോൾ കൂട്ടുകാർ ചോദിച്ചു: "വിവാഹത്തെപ്പററിയാണോ ആലോചന," എന്നു്. "അതെ; അതിസുന്ദരിയും, കുലീനയും, അഭിജാതയുമായ ഒരു തരുണിയെ ഞാൻ പാണിഗ്രഹണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു." എന്നു ഫ്ൺറാൻസിസ് മറുപടി പറഞ്ഞു. അതെ, ഫ്ൺറാൻസിസ് വരിച്ച പ്രാണപ്രേയസി സുവിശേഷപ്രകീർത്തിതയായ ദാരിദ്ര്യമായിരുന്നു.

വേദശാസ്ത്രപാരംഗതനായ വി. ബൊനവൻതുരാ പറയുന്നു: "ഫ്ൺറാൻസിസ് ദാരിദ്ര്യത്തെ സ്നേഹിച്ചതിൽ കൂടുതലായിയാതൊരാളും സ്വർണ്ണത്തെ ആഗ്രഹിച്ചുകാണുകയില്ല. ഏതൊരു കുബേരനും തന്റെ സ്വർണ്ണപ്പണ്ടങ്ങൾ സൂക്ഷിക്കാൻ പ്രദശിപ്പിച്ചതിലും കൂടുതൽ ജാഗ്രതയോടെയാണു് തന്റെ സുവിശേഷരത്നമായ ദാരിദ്ര്യത്തെ ഫ്ൺറാൻസിസ് സൂക്ഷിച്ചതു്." ദൈവത്തിനു് ഏററവും പ്രിയംകരമായ പുണ്യം ഏതാണെന്നുണ്ടായ ചോദ്യത്തിനു് അദ്ദേഹം പറഞ്ഞ മറുപടി ഇതാണു്. "ദാരിദ്ര്യം. അതു മോക്ഷമാർഗ്ഗത്തിലേക്കു് ഉയരുവാനുള്ള ഒരു പ്രത്യേക ചിറകാകുന്നു. വിനയത്തെ പോഷിപ്പിക്കുന്ന ആഹാരവും അതുതന്നെ." താൻ സ്ഥാപിച്ച സന്യാസസഭയുടെ ഏററവും പ്രധാനലക്ഷണമായി ദാരിദ്ര്യത്തെ അദ്ദേഹം നിശ്ചയിച്ചു. തന്റെ സന്യാസികളെ ഫ്ൺറാൻസിസ് ഉപദേശിക്കുന്നതു് ഇങ്ങനെയാണു്. "എന്റെ പ്രിയസഹോദരരേ, നിങ്ങളെ സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളും അധിപന്മാരുമാക്കിത്തീർത്തതു് ഏററവും ഉയർന്ന രീതിയിലുള്ള ദാരിദ്ര്യവ്രതമാണു്. നിങ്ങൾ ഭൗതികസമ്പത്തിൽ ദരിദ്രരായിരിക്കുക; എന്നാൽ പുണ്യത്തിൽ കുബേരന്മാരായിരിക്കുക; ഇതായിരിക്കട്ടെ നിങ്ങളുടെ ആശ. ദിവ്യരക്ഷകന്റെ നാമത്തിൽനിങ്ങൾ ദാരിദ്ര്യ

ത്തെ ആശ്ലേഷിക്കുകയും, ആകാശത്തിനുകീഴെ യാതൊന്നും സമ്പാദിക്കാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്യുക.''

തൻെറ സഭാംഗങ്ങളെ Friars Minor ''എളിയ സഹോദരന്മാർ''— എന്നാണ് വി. ഫ്രാൻസിസ് വിളിച്ചിരുന്നതു്. ലൌകികസമ്പത്തുകളിലും സ്ഥാനമാനാദികളിലും തല്പരരാകാതെ ദാരിദ്ര്യവും വിനയവും പാലിക്കുന്നവർ എന്നാണ് ആ പേരുകൊണ്ടു് അദ്ദേഹം അർത്ഥമാക്കിയതു്. ഇപ്പോഴും ഫ്രാൻസിസിൻെറ അനുയായികളായ സന്യാസികൾ ആ പേരിനാൽ അറിയപ്പെടുന്നു. ഇതാണ് അദ്ദേഹത്തിൻെറ ഒന്നാം സഭ. തൻെറ ആദ്ധ്യാത്മിക പുത്രിയായ ക്ലാരപ്പുണ്യവതിയുടെ സഹായത്തോടുകൂടി സ്ത്രീകൾക്കായി അദ്ദേഹം സ്ഥാപിച്ച സഭയത്രെ ഫ്രാൻസിസ്കൻ രണ്ടാംസഭ. സനിഷ്ഠമായ ദാരിദ്ര്യവും വിനയവുമത്രെ രണ്ടാംസഭയുടേയും പ്രത്യേകലക്ഷണം. ഈ പുണ്യങ്ങളുടെ മഹിമാവിൽ മതിമറന്നു് പുണ്യവാൻ ഇങ്ങനെ പറയുന്നു. ''അല്ലയോ ദാരിദ്ര്യമെന്ന നാരീരത്നമെ, നിൻെറ സഹോദരിയായ എളിമയോടൊന്നിച്ചു് ദൈവം നിന്നെ ഞങ്ങൾക്കു് പ്രദാനം ചെയ്യട്ടെ. ജഡികസുഖങ്ങൾ, അത്യാഗ്രഹം, ലൌകികവ്യാമോഹങ്ങൾ ഇവയെ എല്ലാം പരിശുദ്ധയായ നീ ഇല്ലായ്മ ചെയ്യുന്നു. ലൌകായതികന്മാരെയും അഹംഭാവികളേയും പരിശുദ്ധമായ എളിമ വിനയാധീനരാക്കുന്നു.''

ധീരോചിതമായ ജാഗ്രതകതയോടുകൂടി ഫ്രാൻസിസ് ദാരിദ്ര്യത്തേയും വിനയത്തേയും സംരക്ഷിച്ചുപോന്നു. ഇതിലേക്കു് അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകൾക്കും ത്യാഗങ്ങൾക്കും കണക്കില്ല. കഠിനമായ തപശ്ചര്യകൾ അനുഷ്ഠിച്ചും തീക്ഷ്ണമായ പ്രാർത്ഥനകളിൽ മുഴുകിയും അദ്ദേഹം തൻെറ ഇഷ്ടസഖിയായ ദാരിദ്ര്യത്തേയും പ്രിയസഹോദരിയായ വിനയത്തേയും പരിചരിച്ചുപോന്നു.

എത്രമഹനീയമായ ആദർശമാണ് ആധുനികലോകത്തി

ൻെറ മുമ്പിൽ വിശുദ്ധ ഫ്രാൻസിസ് സമപ്പിക്കുന്നതു്. അധികാരത്തിനും പ്രതാപത്തിനും ധനാജ്ജനത്തിനും ജഡികസുഖത്തിനുംവേണ്ടി പരക്കംപായുന്ന ലോകമേ, നീ അല്പമൊന്നു നിൽക്കുക, അസ്സീസിയിലെ ഫ്രാൻസിസു പറയുന്നതു് നീ ഒന്നു ശ്രവിക്കുക, അദ്ദേഹം ചെയ്യുന്നതു് നീ ഒന്നു കാണുക. നീ ശാന്തിയും സംതൃപ്തിയുമാണു് കാംക്ഷിക്കുന്നതെങ്കിൽ ഒന്നു മനസ്സിലാക്കുക, ഫ്രാൻസിസിൻെറ സന്ദേശത്തിനു മാത്രമെ അവയെ നൽകുവാൻ കഴിയൂ എന്നു്. നൂററാണ്ടുകളുടെ ചരിത്രം അതാണു് പഠിപ്പിക്കുന്നതു്. അലക്സാണ്ടറിനും, സീസറിനും, നെപ്പോളിയനും, ഹിററ്ലറിനും മനഃസ്സുഖം അനുഭവിക്കുവാൻ കഴിഞ്ഞിട്ടില്ല, കാരണം, ധനവും പ്രതാപവും അതു നൽകുന്നില്ല. എന്നാൽ ഫ്രാൻസിസും, ബർണാർദ്ദും, ഫാദർ ഡാമിയനും ലിസ്യൂവിലെ കൊച്ചുത്രേസ്യായും ആത്മാവിൽ പരമാനന്ദം അനുഭവിച്ചു; കാരണം, കാൽവരി മലയിലെ ആ പരമദരിദ്ര്യനു്, ആ വിനീതഹൃദയനു് അതു നൽകുവാൻ കഴിയും. ലോകത്തിനു നൽകുവാൻ സാധ്യമല്ലാത്ത സമാധാനം ദരിദ്ര്യരിൽ ദരിദ്രനായ ഈശോ നാഥനു നൽകുവാൻ കഴിയും. മററാരേയുംകാൾ അധികമായി ഈ പരമാത്ഥം ഫ്രാൻസിസ് മനസ്സിലാക്കി. അതാണു് അദ്ദേഹത്തിൻെറ മാഹാത്മ്യം. അതിലാണു് അദ്ദേഹത്തിൻെറ വിജയം.

വിവാഹജീവിതത്തിൽ പ്രവേശിച്ചു ലൌകികരംഗത്തു പ്രവർത്തിക്കുന്നവർക്കു് ദാരിദ്ര്യവും സന്യാസവും പരിപൂർണ്ണമായി സ്വീകരിക്കുക സാദ്ധ്യമാണോ എന്നു ചോദിച്ചേക്കാം. അക്ഷരാർത്ഥത്തിൽ സാദ്ധ്യമല്ലെന്നു സമ്മതിക്കണം. എന്നാൽ ഹൃദയത്തെ ലൌകികവസ്തുക്കളിൽനിന്നും പ്രതിനിവർത്തിച്ചു് ആത്മനാ ദാരിദ്ര്യംപരിപാലിക്കുവാൻ ആർക്കും കഴിയും. സ്നേഹസ്വരൂപനായ ദൈവമായിരിക്കണം ഹൃദയത്തിൻെറ അഭിലാഷവും ആശാകേന്ദ്രവും. ഫ്രാൻസിസിൻെറ മൂന്നാംസഭയുടെ ലക്ഷ്യം അൽമായരെ സുവിശേഷപൂർണ്ണതയിലേക്കു് അ

ധ്യംവിധമെല്ലാം നയിക്കണമെന്നുള്ളതാണു്. സമുദായത്തിൽ സമാധാനവും സൌഭാഗ്യവും കൈവരുത്തുവാൻ പര്യാപ്തമായ പോംവഴിയാണു് മൂന്നാംസഭ. ഫ്റാൻസിസ്കൻ മൂന്നാം സഭയെപ്പററി മഹാരഥനായ 13–ാം ലെയോൻ മാർപ്പാപ്പാ പ്രസ്താവിക്കുന്നതു് ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:—

"ഇക്കാലത്തെ അതിദാരുണമായ സാഹചര്യങ്ങളിൽ വിശുദ്ധ ഫ്റാൻസിസിൻെറ ഭരണം എത്രമാത്രം ആശ്വാസപ്രദമായിരിക്കുമെന്നു് വന്ദ്യസഹോദരന്മാർക്കു് നിഷ്പ്രയാസം മനസ്സിലാക്കാമല്ലൊ. വി. ഫ്റാൻസിസിൻെറ അനുഗ്രഹകരമായ വ്യവസ്ഥ വീണ്ടും നടപ്പിൽ വരുമെങ്കിൽ, വിശ്വാസം, ഭക്തിമുതലായി ക്രൈസ്തവ വ്യവസ്ഥിതിയിൽ എന്തെല്ലാം മഹത്തായുണ്ടോ അവയെല്ലാം വീണ്ടും കൈവരുന്നതാണു്. കൂടാതെ ഈലോകത്തിലെ നശ്വരമായ സമ്പത്തുകൾക്കുവേണ്ടിയുള്ള അതിയായ ദുരാഗ്രഹം ഒന്നു ശമിക്കും; മനുഷ്യരുടെ ജഡികസന്തോഷങ്ങളുടെ പുറകേയുള്ള വിരണ്ടോട്ടം നിയന്ത്രിതമാവുകയും ചെയ്യും. യഥാർത്ഥമായ സാഹോദര്യം പൊതുജീവിതരംഗത്തുണ്ടാകുമ്പോൾ, ദരിദ്രരേയും ദുഃഖിതരേയും ക്രിസ്തുവിൻെറ പ്രതിനിധികളായി ലോകം ദർശിക്കും. തന്നെയുമല്ല, ക്രിസ്തീയചൈതന്യം ശ്രദ്ധമൂലമായാൽ, മനുഷ്യർ നിയമാനുസൃതമായ എല്ലാ അധികാരങ്ങളേയും അനുസരിക്കുന്നതിനും യാതൊരുത്തരുടെ അവകാശങ്ങളുടെമേലും കൈവെയ്ക്കാതിരിക്കുന്നതിനും സന്നദ്ധത പ്രകടിപ്പിക്കുന്നതുമാണു്. ഈ ബോദ്ധ്യം സോഷ്യലിസത്തിൻെറ മൂലകാരണങ്ങളും ഉപാധികളുമായ അക്രമം, അവകാശധ്വംസനം, വർഗ്ഗവൈരാഗ്യം മുതലായവയുടെ ഉന്മൂലനാശത്തിനു് സഹായകമായിരിക്കുകയും ചെയ്യും. അവസാനമായി, ധനതത്വശാസ്ത്രജ്ഞന്മാരെ വല്ലാതെ വിഷമിപ്പിക്കുന്ന ആ പ്രശ്നത്തിനു്— ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള ബന്ധം പാലിക്കുന്നതിനു്— യാതൊരു പ്രയാസവുമില്ലാതാകും. ദാരിദ്ര്യത്തിൽ അത്ര ലജ്ജാകരമായി യാതൊന്നുമി

ല്ലെന്നും, ധനികൻ അവൻെറ സ്വത്തിൻെറ സൂക്ഷിപ്പുകാരൻ മാത്രമാണെന്നും, ദരിദ്രൻ ക്ഷമയോടും, ധനികൻ ഔദാര്യത്തോടുംകൂടി ജീവിക്കണമെന്നും ഉള്ള ബോധ്യം പ്രബലപ്പെടുന്നതാണു്."

"ഇക്കാരണങ്ങളാൽ, വി. ഫ്രാൻസിസിൻെറ മാതൃകയനുസരിക്കാൻ നാമെല്ലാം തയ്യാറാകണമെന്നത്രെ നമ്മുടെ ആഗ്രഹം. ചെറുപ്പം മുതലെ, ഫ്രാൻസിസ്കൻ മൂന്നാംസഭയോടു നമുക്കു് വലിയ മതിപ്പും സ്നേഹവുമായിരുന്നു. ഇന്നാകട്ടെ ദൈവകൃപയാൽ നാം മിശിഹായുടെ വികാരിയായി ഉയർത്തപ്പെട്ടിരിക്കയാലും ഒരു അനുകൂലസാഹചര്യം കൈവന്നതിനാലും ക്രിസ്തുവിൻെറ ഈ ഭടസമൂഹത്തിൽ ചേരണമെന്നു് എല്ലാ ക്രൈസ്തവരേയും നാം ഉദ്ബോധിപ്പിക്കുന്നു."

മഹാനായ ലെയോൻ മാർപ്പാപ്പായുടെ ആഹ്വാനം സ്വീകരിച്ചു് അനേകായിരങ്ങൾ മൂന്നാംസഭാംഗങ്ങളായി ചേരുകയുണ്ടായി. തൽഫലമായി യൂറോപ്യൻ രാജ്യങ്ങളിൽ ക്രൈസ്തവ ജീവിതത്തിനു് അനിതരസാധാരണമായ ഒരു പുനരുജ്ജീവനംതന്നെ ലഭ്യമായി. കത്തോലിക്കാ പ്രവർത്തനത്തിനു ഉണർവ്വു സിദ്ധിച്ചു. "ഫ്രാൻസിസ്കൻ മൂന്നാംസഭ കത്തോലിക്കാപ്രവർത്തനം തന്നെയാണു്" എന്നു് പീയൂസു് 11-ാമൻ തിരുമേനി പ്രഖ്യാപനം ചെയ്തു. കത്തോലിക്കാപ്രവർത്തനത്തിൻെറ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി വി. ഫ്രാൻസിസു് നിയുക്തനാകയും ചെയ്തിരിക്കുന്നു.

ഫ്രാൻസിസ്കൻ മൂന്നാംസഭയാകുന്ന മഹാകുടുംബത്തിലേക്കു് നിങ്ങളേവരേയും ക്ഷണിക്കുവാൻ പ്രിയ സഹോദരീ സഹോദരന്മാരെ എനിക്കു് അതിയായ സന്തോഷമുണ്ടു്. ഈ കുടുംബത്തിൻെറ വന്ദ്യപിതാവു് സ്നേഹാർദ്രനും ദാരിദ്ര്യസമ്പന്നനും സൌമ്യശീലനുമായ ഫ്രാൻസിസാണു്; കുടുംബാംഗങ്ങ

ളായ അനേകം മാപ്പാപ്പാമാരും മെത്രാന്മാരും വൈദികരും കുടുംബജീവിതക്കാരും ധനികരും ഇടത്തരക്കാരും പാവങ്ങളും ഇന്നു സ്വർഗ്ഗരാജ്യത്തിൽ ഇരുന്നുകൊണ്ടു് നമ്മളേവരേയും നോക്കിസുമന്ദഹാസം തൂകുകയാണു്. ആ വിശുദ്ധന്മാരുടെ ഗണത്തിൽ ഒരിക്കൽ എണ്ണപ്പെടുന്നതിനുവേണ്ടി പ്രിയസുഹൃത്തുക്കളേ, നിങ്ങളും മൂന്നാംസഭയിൽ പ്രവേശിക്കുക. ദാരിദ്ര്യത്തിൽ സമ്പത്തിനേയും, ക്ലേശങ്ങളിൽ ആനന്ദത്തേയും, അധഃപതനത്തിൽ ഔന്നത്യത്തേയും, നിരാശയിൽ പ്രത്യാശയേയും, ആയുരാന്ത്യത്തിൽ നിത്യായുസ്സിനേയും കണ്ടെത്തുന്നതിനായി നിങ്ങൾ മൂന്നാംസഭയെ ആശ്ലേഷിക്കുക. സുഹൃത്തുക്കളേ, ലോകം കടന്നുപോകും; ജീവിതം അവസാനിക്കും; സ്നേഹമാധുര്യവാനായ ഈശോ എന്നും ജീവിക്കും. ഈശോയുടെ സ്നേഹമാധുര്യം ആസ്വദിക്കുന്നതിനുവേണ്ട നൽവരം അമ്മയായ മറിയവും ഭാഗ്യപ്പെട്ട യൌസേപ്പും ഏവരുടേയും മിത്രമായ ഫ്രാൻസീസും നമുക്കു നൽകുമാറാകട്ടെ.

## പരിഹാരപ്രദക്ഷിണവും അസാധാരണ സമ്മേളനവും.

1951 ഏപ്രിൽമാസം 15-ാം തിയ്യതി, രാമപുരം ഫൊറോനാപ്പള്ളിയുടെ കീഴിലുള്ള പള്ളികളിലെ ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളും സത്യാരാധനസഖ്യാംഗങ്ങളും ഏകോപിച്ചു് മൂന്നടി നീളമുള്ള മരക്കുരിശുകൾ വഹിച്ചുകൊണ്ടു് പാലായ്ക്കു സമീപമുള്ള മാക്കൽ പള്ളിയിൽ വന്നു ദിവ്യബലിയിൽ സജീവമായി പങ്കെടുത്തു. അരമണിക്കൂർ നേരത്തേയ്ക്കുള്ള ആരാധനയും വി. കുർബാനയുടെ വാഴ്‌വും കഴിഞ്ഞു് ഫൊറോനാപ്പള്ളി വികാരി വെരി. റവ. ഫാ. സിറിയക്കു് മണ്ണനാൽ അവർകളുടെ നേതൃത്വത്തിൽ അവർ മാനത്തൂർ പള്ളിയിലേക്കു ഒരു പരിഹാരപ്രദക്ഷിണം നടത്തി. ആയി



രാമപുരം ഫൊറോനായുടെ കീഴിലുള്ള പള്ളികളിലെ ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങളും സത്യാരാധന സഖ്യാംഗങ്ങളും പാലായ്ക്കു സമീപമുള്ള മാക്കൽ പള്ളിയിൽനിന്ന് മാനത്തൂർ പള്ളിയിലേക്ക നടത്തിയ പരിഹാര പ്രദക്ഷിണം.

രത്തോളം ആളുകൾ ജപമാലയും മരക്കുരിശും വഹിച്ച് അണി നിരന്നു ജപമാല സ്വരത്തിൽ സാവധാനം ചൊല്ലി മന്ദം മന്ദം നടന്നുപോയ കാഴ്ച ഏവരെയും പ്രാർത്ഥനാചൈതന്യത്തിലേയ്ക്കു ആകർഷിക്കുവാൻ പര്യാപ്തമായിരുന്നു.

മാനത്തൂർ പള്ളി വികാരിയായ റവ. ഫാ. കുരുവിള കൊട്ടാരത്തുകുഴി അവർകളുടേയും, മുൻ വികാരിയായിരുന്ന റവ. ഫാ. പോഠം ആലപ്പാട്ട് അവർകളുടേയും പരിശ്രമഫലമായി ഒരു മഹാ സമ്മേളനത്തിനു ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും മാനത്തൂർ പള്ളിക്കൽ കാലേക്കൂട്ടി ചെയ്തിരുന്നു.

പതിനൊന്നു മണിയ്ക്കു ബ. ലിയൊ അച്ചൻ ഒ. എഫ്. എം. കപ്പുച്ചിൻ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. തദവസരത്തിൽ താഴെ കാണുന്ന പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

1. ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ വാദിയായി കോടതിയിൽ കേസ്സുകൊടുക്കാതെയിരിക്കുവാൻ പരിശ്രമിക്കണം; അഥവാ കേസ്സു കൊടുക്കുവാൻ നിർബന്ധിതരായാൽ സ്വന്തം ഇടവകയിലെ ബ. വികാരി അച്ചൻെറ രേഖാമൂലമായ അനുവാദത്തോടുകൂടി മാത്രമേ കേസ്സു കൊടുക്കാവൂ.

2. ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ അമ്പത്തഞ്ചു വയസ്സു തികഞ്ഞാലുടൻ സ്വന്തം വസ്തുവകകളെ സംബന്ധിച്ച് ഒരു വിൽപത്രം എഴുതി രജിസ്റ്ററാക്കണം.

3. യുവാക്കന്മാരെ ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ ചേർക്കുന്നതിനായി, അവർക്കു പ്രത്യേക സംഘടനകൾ ഇടവകകളിൽ സ്ഥാപിക്കണം.

4. മതപരമായ പ്രദക്ഷിണങ്ങളിൽ ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ കൂട്ടമായി സംബന്ധിക്കുമ്പോൾ, 13-ാം ലിയൊ മാർപ്പാപ്പാ നിശ്ചയിച്ച നാലിഞ്ചുനീളം രണ്ടരഇഞ്ചു വീതിയിലുള്ള ഉത്തരീയം ഷർട്ടിനു പുറമെ ധരിക്കണം.

പ്രസ്തുത യോഗം 12–30നു് പര്യവസാനിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം പാലാ രൂപതയുടെ മെത്രാൻ നിതാന്ത വന്ദ്യ ദിവ്യശ്രീ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടന്നു. ബ. ലിയൊ അച്ചൻ ഒ. എഫ്. എം. കപ്പൂച്ചിൻ അവർകളും, മി. പീററർ റെഡ്ഡി എം. എ., എൽ. ററി. അവർകളും പരിഹാരപ്രദക്ഷിണത്തിന്റെയും പരിഹാരത്തിന്റെയും ആവശ്യത്തെപ്പററി ഓരോ പ്രസംഗം ചെയ്തു. ഫ്രാൻസിസ്സൻ മൂന്നാം സഭയുടെ ഗുണങ്ങളെ വർണ്ണിച്ചു് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് പ്രസംഗിക്കുകയും (പ്രസംഗം അന്യത്ര) കാലത്തു സമ്മേളിച്ച മീററിങ്ങിൽ പാസ്സാക്കിയ നാലു പ്രമേയങ്ങളേയും സസന്തോഷം അംഗീകരിക്കുകയും ചെയ്തു. വി. കുർബ്ബാനയുടെ വാഴ്വോടുകൂടി അസാധാരണ സമ്മേളനം പര്യവസാനിച്ചു.

മേൽ വിവരിച്ച തരത്തിലുള്ള പരിഹാര പ്രദക്ഷിണം 1951 മാച്ച് മാസം 4-ാം തിയ്യതി 21 പള്ളിക്കാർ ഏകോപിച്ചു് തൊടുപുഴ, തിനംകുന്നം പള്ളിയിൽ നിന്നും മുതലക്കോടം പള്ളിയിലേയ്ക്കു് നടത്തുകയും, മുതലക്കോടത്തുവച്ചു നടത്തിയ സമ്മേളനത്തിൽ മുൻപ്രസ്താവിച്ച പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു.

# * വി. ഫ്റാൻസിസ് അസ്സീസിയുടെ മരണശാസനം.

ദൈവസ്ഥാപിതമാണു് കത്തോലിക്കാസഭ എന്നുള്ളതിനു് സംശയമില്ല. എന്നാൽ അതിന്റെ അംഗങ്ങളായ നാം മനുഷ്യരാണല്ലോ. നിത്യയെറുശലേമിന്റെ മുന്നോടിയും പ്രത്യാശയുമാണു്സത്യസഭ. എന്നാൽ സമരംചെയ്യുന്ന ഈ ലോകത്തിലെ തിരുസ്സഭയെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ പശ്ചാത്തലത്തിലും പരിധികൾക്കുള്ളിലുമാണു് സഭ അവളുടെ ഭാഗം അഭിനയിക്കേണ്ടതു്. തൻമൂലം ഓരോകാലത്തും ദേശത്തും ആഞ്ഞടിച്ചിട്ടുള്ള കാററുകൾ തിരുസ്സഭയെ കുറെയെല്ലാം സ്പർശിക്കാതെ ഇരിക്കുകയില്ല. കാലത്തിന്റെ അന്ത്യംവരെ തിരുസ്സഭ നിൽക്കുമെന്നും "നരകകവാടങ്ങൾ അവളോട്ടു് ജയിക്കുകയില്ലെന്നും" നമുക്കുറപ്പുണ്ടു്. എങ്കിലും വാസ്തവത്തിൽ ചരിത്രപരമായ കാരണങ്ങളാൽ ഐഹികമായ അവളുടെ സാഹചര്യങ്ങളിൽ തിരുസ്സഭ ചില വ്യതിയാനങ്ങൾക്കു വിധേയയാണെന്നു നമുക്കറിയാം. പുരോഗതിയുടേയും വളർച്ചയുടേയും യുഗങ്ങൾ ഉണ്ടായിട്ടുള്ളതുപോലെ അധോഗതികളുടേയും അപകടങ്ങളുടേയും പല കാലങ്ങളും സഭയുടെ



ശ്രീമാൻ തോമ്മസ് ശ്രീനിവാസൻ.

---

* ഫ്റാൻസിസ്കൻ മൂന്നാംസഭാംഗമായ പ്രൊഫസർ തോമ്മസ് ശ്രീനിവാസൻ എം.ഏ., എൽ.റ്റി. അവർകൾ 1950 മേയ് മാസത്തിൽ കോട്ടയം കാത്തലിക് ക്ലബിൽവച്ച് ചെയ്ത പ്രസംഗം.

സുദീർഘചരിത്രത്തിൽ ഉണ്ടായിട്ടുണ്ടു്. അതേ, കൊടുങ്കാററു കളും തിരമാലകളും പത്രോസിൻെറ ഈ തോണിയെ ആക്രമിച്ചു നശിപ്പിക്കുന്നെന്നും അപ്പോഴും ക്രിസ്തുനാഥൻ വള്ളത്തിനകത്തു് ഉറങ്ങിക്കിടക്കുകയാണോയെന്നും തിരുസ്സഭയുടെ സന്താനങ്ങൾ ഭയപ്പെട്ടിട്ടുള്ള സന്ദർഭങ്ങളും വിരളമല്ല.

താദൃശഘട്ടങ്ങളിൽ അരക്ഷണംകൊണ്ടു് രക്ഷകൻ ഉറക്കം ഉണരുകയും കൊടുങ്കാററുകളേയും തിരമാലകളേയും ശാന്തമാക്കുകയും ചെയ്യുന്നു. തങ്ങൾ വെള്ളത്തിൽ താണുപോകുമെന്നു് ഭയപ്പെട്ടു് ശിഷ്യന്മാർ നിലവിളിക്കുമ്പോൾ ക്രിസ്തു ജലത്തിനുമീതെ നടന്നുവരികയും അല്പവിശ്വാസികളായ ശിഷ്യരെ ശാസിക്കുകയും ചെയ്യുന്നു. സുദീർഘമായ ഒരു ശീതകാലത്തിൻെറ അവസാനഘട്ടത്തിൽ തിരുസ്സഭയുടെ അന്ത്യമായെന്നും മണ്ണിനടിയിൽ കുഴിച്ചിടപ്പെട്ടുവെന്നും സഭയുടെ ശത്രുക്കൾ വിചാരിച്ചിരിക്കുമ്പോൾ അതാ രണ്ടാമത്തെ വസന്തം! ഒന്നിനുപുറകേ ഒന്നായി ആ പഴയ തത്വങ്ങളും സ്ഥാപനങ്ങളും എല്ലാം ഒരു പുതിയ ജീവനോട്ടം ചൈതന്യത്തോടുംകൂടി പ്രത്യക്ഷപ്പെടുന്നു. ക്രിസ്തു തൻെറ സഭയെ ഭരിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന രീതി ഇതാണു്.

സഭാപിതാക്കന്മാരെന്നു് നാം വിളിച്ചുവരുന്ന മഹാപുണ്യവാന്മാരാണു് ദൈവം ഇതിലേക്കു് തെരഞ്ഞെടുക്കുന്ന ഉപകരണങ്ങൾ. കൺമറയുകയും മറെറാരു നാഗരികതവന്നു് ജനിക്കുകയുംചെയ്ത ആ സുപ്രധാന കാലഘട്ടത്തിൽ പശ്ചിമയൂറോപ്പിലെ അപരിഷ്കൃതവർഗ്ഗങ്ങളുടെ ഇടയിൽ ഒരു പുതിയ ഭൂമിയേയും പുതിയ ആകാശത്തേയും സൃഷ്ടിക്കുന്നതിലേക്കു് വി. ബനഡിക്ററിനെ ദൈവം അയച്ചു. അതുപോലെതന്നെ പതിനാറാം നൂററാണ്ടിൽ മാർട്ടിൻലൂതറും അയാളുടെ അനുയായികളുംകൂടി ക്രൈസ്തവസഭയുടെ ഐക്യം നശിപ്പിക്കുകയും പല ജനതകളുടെ ഇടയിൽനിന്നും വിശ്വാസത്തിൻെറ വെളിച്ചം ഊതിക്കെടുത്തുകയുംചെയ്തു. ഈ അവസരത്തിൽ മറുവ

ശത്തു് ഈ നഷ്ടങ്ങളെ പരിഹരിക്കുന്നതിനും ക്രിസ്തുവിനുവേണ്ടി പുതിയ വിജയങ്ങൾ നേടുന്നതിനുമായി ഇതാ ഏതാനും മഹാത്മാക്കൾ ഉയർന്നുവരുന്നതായി നാം കാണുന്നു. വി. ഇഗ്നേഷ്യസ് ലയോള, ആവിലായിലെ വി. ത്രേസ്യാ, വി. ഫ്രാൻസിസ് സേവ്യർ, വി. ഫിലിപ്പ് നേരി മുതലായ മഹാ പുണ്യവാന്മാർ അഭിനവയൂറോപ്പിലെ ക്രൈസ്തവസഭയുടെ അസ്തിവാരം ഉറപ്പിച്ച ഉന്നതാത്മാക്കളാണു്.

നമ്മുടെ പിതാവായ വി. ഫ്രാൻസിസ് അസ്സീസി മുൻപറഞ്ഞ പ്രകാരമുള്ള ഒരു സുപ്രധാന ചരിത്രഘട്ടത്തിലാണു് ഭൂമിയിൽ പ്രത്യക്ഷപ്പെട്ടതു്. പന്ത്രണ്ടും പതിമൂന്നും നൂററാണ്ടുകളാണു് റിനൈസൻസിൻെറ വാസ്തവത്തിലുള്ള ആരംഭകാലവും. പൌരസ്ത്യദിക്കിൽനിന്നും ഉത്തരപ്രദേശങ്ങളിൽനിന്നും ഉള്ള കാട്ടാളവർഗ്ഗക്കാരുടെ ആക്രമണം അവസാനിച്ചതേയുള്ളു. യൂറോപ്യൻജനതകൾ അവയുടെ യൌവനത്തിലാണു്. ക്ളാസ്സിക്കൽകാലത്തിൻെറ ചാമ്പലിൽനിന്നും ഒരു നവ്യദീപനാളം ആളിക്കത്തുന്നുണ്ടു്. സ്കൂളുകൾ എല്ലാം സർവ്വകലാശാലകളായി മാറി. അറബിമേൽക്കോയ്മയിൽ അമർന്ന സ്പെയിനിലെ വിദ്യാലയങ്ങളിൽനിന്നും ഗ്രീക്കുതത്വശാസ്ത്രം പുതിയ ദിഗ്വിജയങ്ങൾക്കു് പുറപ്പെട്ടിരിക്കുകയാണു്. സഭയും രാഷ്ട്രവും തമ്മിലുള്ള വടംവലി ഒരു പുതിയ ഘട്ടത്തിലേക്കു് പ്രവേശിച്ചിരിക്കുകയാണു്. ദക്ഷിണഫ്രാൻസിൽനിന്നും ഒരു നവീനസാഹിത്യപ്രസ്ഥാനവും ആൽബിജൻസ്യൻ ചരിദ്മവും കൈ കോർത്തുപിടിച്ചു് മുന്നോട്ടുവന്നതും ഈ കാലഘട്ടത്തിലായിരുന്നു. ആരിയൻപാഷണ്ഡതയുടെ ഉയൎച്ചസ്സുശേഷം തലപൊക്കിയ ഏററവും അപകടകരമായ ചരിദ്മമായിരുന്നു ഇതു്. തിരുസ്സഭയിൽ കുടികൊണ്ടിരുന്ന ക്രിസ്തീയചൈതന്യത്തിനു് അപകടകരമായ ഒരു കാലയാമമായിരുന്നു അതു്. തിരുസഭയ്ക്കു് അന്നു് അധികാരവും പ്രതാപവും ഉണ്ടായിരുന്നു; ശരിതന്നെ. പക്ഷേ ഭരിക്കുന്നതിനല്ല സ്നേഹിക്കുന്നതിനും ശു

ശ്രൂഷിക്കുന്നതിനുംവേണ്ടി ഭൂമിയിലേക്കു് വന്ന ആ ദിവ്യനാഥന്റെ പ്രതിഛായ തിരുസ്സഭയിൽനിന്നും മറച്ചുകളയുമെന്നു് ഇതേ അധികാരവും പ്രതാപവും ഭീഷണിപ്പെടുത്തിയിരുന്നു. അധികാരം, ധനം, മേധാശക്തി, ഇവ അന്നു് സഭയ്ക്കുണ്ടായിരുന്നു. എന്നാൽ മറുവശത്തുകൂടി സഭയുടെ ശത്രു കോട്ടയ്ക്കുള്ളിൽ കയറിക്കഴിഞ്ഞിരുന്നുതാനും.

രണ്ടു മഹാ പുണ്യവാന്മാരെ ലോകത്തിലേക്കു് അയയ്ക്കാൻ ദൈവം തിരുമനസ്സായതു് ഇക്കാലത്താണു്— വിശുദ്ധ ഡൊമിനിക്കും വി. ഫ്രാൻസിസ് അസ്സീസിയും. വി. ഡൊമിനിക്കു് എല്ലാ ബുദ്ധിമാന്മാരേയും ക്രിസ്തുവിങ്കലേയ്ക്കു് ആകർഷിച്ചെങ്കിൽ "എന്റെ നുകം ലഘുവും മാധുര്യമുള്ളതുമാകുന്നു" എന്നരുളിച്ചെയ്ത ആ ഗലീലേയന്റെ ചേവടികളിലേക്കു് സകല ഹൃദയങ്ങളേയും ആനയിക്കുക എന്നുള്ളതായിരുന്നു അസ്സീസിയുടെ ദൌത്യം.

"ദ്വിതീയക്രിസ്തുവായ" വി. ഫ്രാൻസിസിന്റെ ദൌത്യം ഇതാണു്. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ലാളിത്യവും മനോഹാരിതയും അക്കാലത്തെ ക്രിസ്തീയസ്ഥാപനങ്ങളുടെ ആഡംബരപ്രിയത്താലും മറ്റും ഒന്നു മങ്ങിപ്പോയിരുന്നു. തിരുസ്സഭ മനുഷ്യസ്ഥാപിതമായ ഒരു മതമായിരുന്നെങ്കിൽ അതു് ഒരുവക "ലാമായിസ"മായിത്തീരുമായിരുന്നു. ഇങ്ങനെ ക്രിസ്തുവിന്റെ ദിവ്യസന്ദേശമായ പൊൻനാണയത്തിന്റെ മേൽ മനുഷ്യർ കൂട്ടിയിരുന്ന ചെളിയും തുരുമ്പും തുടച്ചുമാററി തന്റെ തലമുറയ്ക്കു് ആ സന്ദേശത്തിന്റെ യഥാർത്ഥ നിറവും സ്വരവും മനസ്സിലാക്കിക്കൊടുക്കുക എന്നതായിരുന്നു അസ്സീസിയുടെ ജീവിതദൌത്യം. പരമാർത്ഥം പറഞ്ഞാൽ ഓരോ വിശുദ്ധന്റെയും വിശുദ്ധയുടേയും ദൌത്യം ഇതുതന്നെയാണു്. സാധാരണക്കാർ പരിപൂർണ്ണതയ്ക്കുള്ള ഉപദേശങ്ങളായിമാത്രം വീക്ഷിക്കുന്നവ ഈ വിശുദ്ധരെ സംബന്ധിച്ചിടത്തോളം അ

ലംഘനീയകല്പനകളായി മാറുന്നു. അത്ര തീക്ഷ്ണമായ ഒരു ദർശനവും സ്നേഹവുമാണ് അവർക്കുള്ളത്. വിശുദ്ധ ഫ്രാൻസിസിൽ ഈ ദർശനവും ദൈവസ്നേഹവും വിസ്മയാവഹമായിരുന്നു.

വിനയത്തെപ്പററിയും ശാന്തശീലത്തെപ്പററിയും ക്ഷമയെപ്പററിയും സർവ്വോപരി ദാരിദ്ര്യവ്രതത്തെപ്പററിയുമുള്ള നമ്മുടെ ദിവ്യരക്ഷകൻെറ വാക്കുകളെ അവയുടെ അക്ഷരാർത്ഥത്തിൽ അനുസരിക്കാൻ വി. ഫ്രാൻസിസ് തയ്യാറായി. ദൈവം ചെവികൊടുക്കുകയില്ലാത്തവർക്കുപോലും ഈ വിശുദ്ധൻ ചെവികൊടുത്തുവന്നിരുന്നുവെന്ന് അതിശയോക്തിപരമായിട്ടാണെങ്കിലും മനുഷ്യർ പറഞ്ഞുപോന്നു. "നിൻെറ മേലങ്കി മോഷ്ടിച്ചവനു് നിൻെറ കോട്ടുകൂടി ദാനംചെയ്യുക" എന്നുള്ള ക്രിസ്തുവിൻെറ ഉപദേശത്തെ അനുസ്മരിപ്പിക്കുന്നതാണ് കള്ളന്മാരുടെ പുറകെയുള്ള ഫ്രാൻസിസിൻെറ പോക്കു്. അദ്ദേഹത്തിൻെറ ഹൃദയം അതി വിശാലമായിരുന്നു. പക്ഷികളും, വൃക്ഷങ്ങളും, ആടുകളും, ചെന്നായ്ക്കളും, സൂര്യനും, അഗ്നിയും എല്ലാം ആ വിശാലസുന്ദരമായ ഹൃദയത്തിൽ സ്ഥാനംകണ്ടെത്തി. വി. ഫ്രാൻസിസിൻെറ ജീവിതത്തിൻെറ മൂലക്കല്ല് സന്യാസം അഥവാ വൈരാഗ്യമായിരുന്നു; സർവ്വോപരി, സ്നേഹമായിരുന്നു. ഈ ലോകത്തെ വി. ഫ്രാൻസിസ് വളരെ സ്നേഹിച്ചു; പക്ഷെ അദ്ദേഹം ക്രിസ്തുവിനെ അതിലേറെ സ്നേഹിച്ചു. അതെ, ക്രിസ്തുവിലും ക്രിസ്തുവഴിയായും ഫ്രാൻസിസ് ലോകത്തെ സ്നേഹിച്ചു; ദൈവത്തിനു് മനുഷ്യൻെറ നേരെയുള്ള അതിരററ സ്നേഹത്തിൻെറ ഒരു പ്രതിഫലമെന്നപോലെ.

ഏതൊരു വിശുദ്ധനും എല്ലാകാലത്തേക്കുമുള്ള ആൾതന്നെ. എന്നാൽ താൻ ജീവിച്ചിരിക്കുന്ന കാലത്തിൻെറ ഒരു യഥാർത്ഥ തനയനുമായിരിക്കും അദ്ദേഹം. വി. ഇഗ്നേഷ്യസിൻെറ ചിന്തയിലും മനസ്സിലും വീരചരിതങ്ങൾ സ്ഥാനംപിടിച്ചിരുന്നെങ്കിൽ വി. അസ്സീസിയുടെ മനസ്സിൽ അക്കാലത്തെ ഗാന

പര്യടനങ്ങളുടേയും ഗാനരചിതാക്കളുടേയും ചിന്ത മാറാതെ നിന്നു. ദൈവത്തിന്റെ ഗായകൻഎന്നു് ഫ്റാൻസിസ്സ് സ്വയം വിളിച്ചിട്ടുണ്ടു്. വി. ഇഗ്നേഷ്യസ്സ് ഈശോസഭ സ്ഥാപിച്ചു. വീരോചിതമായ കൃത്യങ്ങൾ ചെയ്യണമെന്നുള്ളതായിരുന്നു ലക്ഷ്യം. നേരെമറിച്ചു് ഇന്നസ്സൻറു് തൃതീയന്റെ ഭരണം സകല പ്രതാപത്തോടും കൂടി പുരോഗമിച്ചുകൊണ്ടിരുന്ന അ കാലത്തു് വി. ഫ്റാൻസിസ്സ് സ്ഥാപിച്ചതു് എളിയ സഹോദരങ്ങളുടെ ഒരു സംഘമായിരുന്നു—. (ഫ്രയേഴ്സ് മൈനർ). പരിശുദ്ധമായ ആദർശപ്രേമത്തെപ്പററി (പ്ലാറേറാനിക്കു് ലൌ)യുള്ള സംസാരം നാം കേൾക്കാറുണ്ടല്ലോ. എന്നാൽ തിരുസ്സഭയാണു് മനുഷ്യന്റെ വിഷയാസക്തിയെ പവിത്രീകരിച്ചു് ക്രിസ്തീയ ദമ്പതികളുടെ സ്നേഹബഹുമാനസമ്മിളിതമായ പാവനപ്രേമമായി മാററിയതു്. ഒരു തരത്തിൽ ആലോചിച്ചാൽ പരിഹാസ്യമായ "ലേഡിലൌ"വിന്റെ സ്ഥാനത്തു് ദാരിദ്ര്യകന്യക (ലേഡിപോവർട്ടി)യെ പ്രതിഷ്ഠിച്ചതു് ഫ്റാൻസിസ്സ് ആയിരുന്നു. അദ്ദേഹത്തിന്റെ ഈ ദാരിദ്ര്യപ്രേമം മാംസത്തിന്റെയും അരൂപിയുടേയും മദ്ധ്യ ചക്രവാളത്തിൽ ഉദിച്ചുയർന്ന ഒരു മഴവില്ലുപോലെയത്രെ ലോകംകണ്ടതു്. അതു് എത്ര പാവനമാണോ അത്രസ്സും യഥാർത്ഥവും ആയിരുന്നു. അങ്ങനെ ഈ ദരിദ്രനായികയിൽക്കൂടി തന്റെ മക്കളിൽ ഏററവും പ്രശസ്തനായ മഹാ കവി ഡാൻററിക്കു് വി. ബിയാട്രസ്സിന്റെ ഒരു മാതൃക വി. ഫ്റാൻസിസ്സ് നൽകിയെന്നു് പറയാം. ദാരിദ്ര്യനായികയോടുള്ള വി. ഫ്റാൻസിസ് അസ്സീസിയുടെ ഈ പ്രേമം, ലോകത്തിനു് നമ്മുടെ പിതാവിന്റെ ഏററവും മികച്ച സംഭാവനയാണു്. ലോകം ഈ വസ്തുത ഇന്നും വിസ്മരിച്ചിട്ടുമില്ല. നമ്മുടെ കാലത്തെന്നപോലെ വി. ഫ്രാൻസിസിന്റെ കാലത്തും ഒരു വർഗ്ഗസമരം മൂർദ്ധന്യാവസ്ഥയിൽ എത്തിയിരുന്നു. ഉള്ളവരും ഇല്ലാത്തവരുംതമ്മിൽ, പ്രഭുക്കളും പാവങ്ങളും തമ്മിൽ, നടന്നിരുന്ന ഈ വർഗ്ഗസമരത്തിന്റെ മാറേറാലികൾ ഇ

ററാലിയൻ അന്തരീക്ഷത്തെ മുഖരിതമാക്കിയിരുന്നെങ്കിലും ഇററാലിയൻനഗരങ്ങൾ തമ്മിലും പരസ്പരം കലഹിച്ചുവന്ന കാലമായിരുന്നു അതു്. വി. ഫ്റാൻസിസ് മുതലാളിവർഗ്ഗത്തിൽ–അന്നത്തെ ഭാഷയിൽ പറഞ്ഞാൽ ബൂർഷ്വാവർഗ്ഗത്തിൽപ്പെട്ട—ആളായിരുന്നല്ലോ. നഗരങ്ങൾ തമ്മിലുള്ള ഈ ആഭ്യന്തര സമരത്തിൽ വി. ഫ്റാൻസിസും ആദ്യകാലത്തു് സജീവമായി പങ്കെടുത്തു. തൽഫലമായി അദ്ദേഹം തടവുകാരനായി പിടിക്കപ്പെട്ടു. ദാരിദ്ര്യവനിതയുമായുള്ള തൻെറ വിവാഹനിശ്ചയമായിരുന്നു അന്നത്തെ വർഗ്ഗസമരത്തിനുള്ള ഫ്റാൻസിസിൻെറ മറുപടി. "സമാധാനം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ" എന്നുള്ള ഫ്റാൻസിസിൻെറ അഭിവാദനരീതി അവസാനമില്ലാത്തതും അന്തസ്സാരശൂന്യവുമായ അന്നത്തെ വർഗ്ഗീയ വഴക്കുകൾക്കുള്ള തിരിച്ചടിയുമായിരുന്നു. അന്നത്തെ വർഗ്ഗസമരം നമ്മുടെ ഈ നൂററാണ്ടുകളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ അതിൻെറ വ്യാപ്തി കേവലം നിസ്സാരമായിരുന്നു. എങ്കിലും അതു് അതിരൂക്ഷമായിരുന്നു വെന്നുള്ളതിനു് സംശയമില്ല. അന്നത്തെ ഈ സമരത്തിൻെറ മാറെറാലികൾ മഹാകവി ഡാൻററിയുടെ ഭുവനപ്രസിദ്ധമായ "ഡിവൈൻ കോമഡി"വഴി ഇന്നു് ലോകം ശ്രവിക്കുന്നുണ്ടു്.

വി. ഡൊമിനിക്ക് വേദപാരംഗതനായ വി. തോമ്മസ് അക്വീനാസിനെ ലോകത്തിനു് നൽകിയെങ്കിൽ സെറാഫിക്ക് മാലാഖാസ്ക്കൂട്ടത്ത വി. ബൊനവന്തുരായെയും, മൂന്നാംസഭയെയും സർവ്വോപരി ഫ്റാൻസിസ്കൻ ചൈതന്യവുമാണു് അസ്സീസി പുണ്യവാൻ ലോകത്തിനു് നൽകിയ സംഭാവനകൾ. പരിപൂർണ്ണത പ്രാപിക്കുന്നതിനുള്ള ക്രിസ്തീയാത്മാവിൻെറ വ്യഗ്രതയിൽ അതിനെ ഉത്തേജിപ്പിക്കുകയും വഴികാണിക്കുകയും ചെയ്യുന്ന മഹാ ദീപസ്തംഭമായി—നസ്രസ്സ് കഴിഞ്ഞാൽ—അസ്സീസി എക്കാലത്തും വിരാജിക്കുമെന്നുള്ളതിനു് സംശയമില്ല. കുരിശിൽ കിടന്നുകൊണ്ടു് ദിവ്യരക്ഷകൻ നമ്മുടെ പിതാവായ

ഫ്റാൻസിസിനെ ചുംബിച്ചതിനുശേഷം ക്രൈസ്തവസഭ പഴയ ക്രൈസ്തവസഭയല്ലെന്നു് പറയപ്പെടുന്നു. "ഞങ്ങളുടെ പിതാവേ"യെന്നു വിളിക്കാൻ നമുക്കു് ഭാഗ്യംസിദ്ധിച്ചിരിക്കുന്ന ആ സെറാഫിക് പിതാവു് അപ്രകാരമുള്ള അസാധാരണവ്യക്തിയാണു്. അതുകൊണ്ടു് നമ്മുടെ പിതാവായ ഫ്റാൻസിസിൻെറ ശരീരവും ജീവിതവും നമ്മുടെ ശരീരവും ജീവനുമായിത്തീരേണ്ടിയിരിക്കുന്നു. ഫ്റാൻസിസ്സുൻ മൂന്നാംസഭ നമ്മുടെ പിതാവു് നമുക്കു് നൽകിയിട്ടുള്ള അന്ത്യശാസനവും, പൈതൃകസ്വത്തുമാണു് ഈ മാർഗ്ഗത്തിലൂടെ മുന്നോട്ടുപോയാൽ ക്രിസ്തീയപരിപൂർണ്ണതയിൽ നമുക്കു് എത്തിച്ചേരാം. ഈ മൂന്നാംസഭയിൽ അതിൻെറ സ്ഥാപകനായ മഹാ പുരുഷൻെറ മുദ്രയും ഗുണലക്ഷണങ്ങളും കാണാം. ഫ്റാൻസിസിൻെറ വിശാലഹൃദയത്വവും നാഗരികതയും സഹജീവികളോടുള്ള ആഴമേറിയ സഹാനുഭൂതിയും ഈ സഭയിൽ മിന്നിപ്രകാശിക്കുന്നുണ്ടു്. ഈ ലോകത്തിൽ ജീവിക്കുകയും എന്നാൽ ഈ ലോകത്തിൻെറതു് അല്ലാതായിരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവക്കുവേണ്ടിയാണു് മൂന്നാംസഭ. വിവാഹിതരായ സ്ത്രീപുരുഷന്മാക്കു് ഒരു സന്യാസസഭയുടെ വസ്ത്രവും നിയമങ്ങളും നൽകി ഒരു സംഘടന സൃഷ്ടിക്കുക എന്നുള്ളതു് തികച്ചും ഒരു പുതിയ ആശയമായിരുന്നു. "മൈനർ ഫ്റയേഴ്സ്"എന്ന ഫ്റാൻസിസ്സുൻ വൈദികസ്ഥാപനംപോലെതന്നെ ധീരോചിതമായ ഒരു വ്യതിയാനമാണു് ഈ സഭാസ്ഥാപനത്തിലും ഫ്റാൻസിസ്സു് സ്വീകരിച്ചതു്. കർത്തൂസ്യൻ സന്യാസവൈദികരെപ്പോലെ സന്യാസമന്ദിരത്തിനുള്ളിൽ ആയുരന്തം കഴിച്ചുകൂട്ടുകയല്ല ഫ്റാൻസിസ്സുൻ വൈദികർ ചെയ്യുന്നതു്. അവരുടെ സേവനം എവിടെയെല്ലാം ആവശ്യമുണ്ടോ അവിടെയെല്ലാം കാററുപോലെ സ്വതന്ത്രരായി അവർ ഓടിനടന്നു് തിരഞ്ഞു് രക്ഷ നൽകുന്നു. മൂന്നാംസഭവഴി ഫ്റാൻസിസ്സുൻ ചൈതന്യം ക്രിസ്തീയഭവനങ്ങളിലേക്കാണു് കടന്നുചെന്നതു്.

കൊച്ചു കുട്ടികളെപ്പോലും മൂന്നാംസഭയുടെ ചരടു കൊടുത്തു് സ്വീകരിക്കുന്നു. പ്രായപൂർത്തിയായവർ ഒരു യഥാർത്ഥ സന്യാസ സഭയിലെ അംഗങ്ങളായിത്തീരുകയുംചെയ്യുന്നു. ഈ വസ്തുത നമ്മുടെ ജീവിതാന്തസ്സിൻെറ മാഹാത്മ്യം എത്ര വല്യതെന്നു് നമ്മെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ ലോകത്തിൽ, എന്നാൽ ഈ ലോകത്തിനു വേണ്ടിയല്ലാതെ ജീവിക്കുക—വിവാഹം കഴിക്കുകയും വിവാഹജീവിതം നയിക്കുകയും ചെയ്യുമ്പോൾ ത്തന്നെ നമ്മുടെ ജീവിതാന്തസ്സിൻെറയും ചുമതലകളുടേയും സ്ഥിതിക്കനുസരിച്ചു് പ്രായശ്ചിത്തത്തിൻെറയും അനുതാപത്തിൻെറയും ജീവിതം കഴിക്കുക. ഇതൊരു നിസ്സാരകാര്യമല്ല. നമുക്കൊരു സഭാവസ്ത്രമുണ്ടു്, നാം നിത്യം ജപിക്കേണ്ട ഒരു ദിവ്യ ഒപ്പീസും ഉണ്ടു്. മിക്കപ്പോഴും നാം ഒരുമിച്ചുകൂടുകയും കൂട്ടായ്മയുടെ ബോധം നിലനിറുത്തുകയുംവേണം. മൂന്നാം സഭക്കാർക്കു് ഒരു കാനോനിക തലവനുണ്ടു്. ആ തലവനു് സന്ദർശനാധികാരമുള്ളതുപോലെ അദ്ദേഹത്തിനു് പൂർണ്ണമായി കീഴ്വഴങ്ങാനുള്ള കടമ അംഗങ്ങൾക്കുമുണ്ടു്.

മൂന്നാംസഭ ലോകചരിത്രത്തിൽ ഒരു വലിയ ഭാഗം അഭിനയിച്ചിട്ടുണ്ടു്. മൂന്നാംസഭ വഴി അന്നു് സമുദായമദ്ധ്യേ നിലവിലിരുന്ന ദുഷ്യങ്ങളേയും കലാപകാരണങ്ങളേയും വി. ഫ്രാൻസിസു് ദൂരീകരിച്ചു. അന്നത്തെ "ഫ്യൂഡൽ" സമ്പ്രദായം അനുസരിച്ചു് ഓരോരുത്തരും ചെയ്യേണ്ടിയിരുന്ന അവരുടെ സ്ഥാനത്തിനടുത്ത ചില ചുമതലകളിൽനിന്നും അവരെ നിവർത്തിപ്പിടിച്ചുകൊണ്ടാണു് ആ വിശുദ്ധൻ ഇതു് സാധിച്ചതു്.

ഈ മൂന്നാം സഭക്കാരുടെ നല്ല മാതൃക അവരുടെ ചുറ്റുമുള്ള ജനസമുദായങ്ങളെ ഒരു വലിയ പരിവർത്തനത്തിനു വിധേയമാക്കി. യുദ്ധോപകരണങ്ങളും ആയുധങ്ങളും ഉപയോഗിക്കാൻ മൂന്നാംസഭക്കാർ വിസമ്മതിച്ചു. തങ്ങളുടെ ഫ്യൂഡൽ മേല

ധികാരികളുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്ന പതിവും മൂന്നാംസഭ ഉപേക്ഷിച്ചു. അങ്ങനെ മദ്ധ്യശതകങ്ങളിലെ കലാപങ്ങളുടെ മൂലകാരണമായിരുന്ന ഫ്യൂഡൽസമ്പ്രദായത്തിന്റെ നാശത്തിനു് മൂന്നാംസഭ ഏററവുമധികം സഹായിച്ചിട്ടുണ്ടു്. അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും വസ്ത്രം ധരിച്ചുകൊണ്ടുള്ള അനേകായിരം സാധാരണക്കാരായ സ്ത്രീപുരുഷന്മാരുടെ ജീവിതം സഭയേയും രാഷ്ട്രത്തേയും ഭരിച്ചിരുന്ന അധികാരികൾക്കു് നല്ല ഒരു മാതൃക കാണിച്ചുകൊടുത്തു. വിശുദ്ധന്റെ ഒന്നും രണ്ടും സഭകളിൽ ആയിരക്കണക്കിനു് ആളുകൾ ചേർന്നപ്പോൾ പതിനായിരക്കണക്കിനാണു് മൂന്നാംസഭയിൽ ചേരുന്നതിനു് എല്ലാത്തരക്കാരും ഓടിയടുത്തതു്. ആദിമകാലമൂന്നാംസഭകളിലെ അംഗങ്ങളുടെ പേരുകൾ നമ്മിൽ അത്ഭുതം ഉളവാക്കാതിരിക്കുകയില്ല. യൂറോപ്യൻ മഹാകവി സാർവ്വഭൌമനായ ഡാൻററിയുടെ പേരും ഫ്രഞ്ചു രാജാവായ ലൂയിയുടേയും ഹംഗറിയിലെ എലിസബത്തു രാജ്ഞിയുടെയും പേരുകളും അക്കൂട്ടത്തിൽ കാണുന്നു. വിശുദ്ധന്റെയും അനന്തരഗാമികളുടേയും പ്രവൃത്തികൾ ക്രിസ്തീയലോകം മുഴുവനും അത്ഭുതാതിശയങ്ങളോടെ നോക്കിനിന്നു. ജൈൽസു്, ലിയോ, ബർണ്ണാർദ്ദു് എന്നീ സഹോദരന്മാരുടെ എളിമയും ആർജ്ജവതാപവും അന്നത്തെ പരിഷ്കൃതലോകത്തെ ഹഠാദാകർഷിച്ചു. വി. ഇഗ്നേഷ്യസ് ലയോള ഒരു മൂന്നാംസഭാംഗമായിരുന്നു. വി. വിൻസെൻറു് ഡി പോൾ, ഫ്രെഡറിക്കു് ഓസ്സാനാം മുതലായവർ മൂന്നാംസഭയുടേയും അംഗങ്ങളായിരുന്നു. ഇന്നു മൂന്നാംസഭ കത്തോലിക്കാസഭപോലെ സാർവ്വലൌകികമായിട്ടുണ്ടു്. ഇതിന്റെ ഈ വമ്പിച്ച പ്രചരണത്തിനു് കാരണം അതിന്റെ പ്രചോദനം ജീവിതത്തിന്റെ എല്ലാ വശങ്ങളേയും സ്പർശിക്കുന്നവെന്നുള്ളതാണു്. ക്രിസ്തീയജീവിതം മുഴുവനും അതിന്റെ വ്യാപ്തിയിൽപ്പെടും. അതു് പുണ്യപൂർണ്ണതയുള്ള ഒരു സ്കൂളാണു്. ഒരു യഥാർത്ഥ വിദ്യാലയമായതുകൊണ്ടു് അതു് എ

ല്ലാവക്കും പ്രയോജനപ്പെടുന്നു. തൊഴിലാളിക്കും മുതലാളികൾക്കും, പാപികൾക്കും പുണ്യവാനും ഇതു് ഗുണപ്രദമാണു്. ഒരു ക്രിസ്തീയ ആത്മാവിൻെറ ഏററവും തീക്ഷ്ണമായ ആഗ്രഹങ്ങളും പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള ആശയും ഫലപ്രദമാക്കാൻ ഇതിനു സാധിക്കും. ക്രിസ്തീയാത്മാവിൻെറ ത്രിവിധ ലക്ഷ്യങ്ങളേയും ഇതു് സാക്ഷാത്കരിക്കും; ദൈവത്തെ സ്തുതിക്കുക, മനുഷ്യരെ സേവിക്കുക, വ്യക്തിപരമായ പരിപൂർണ്ണത പ്രാപിക്കുക ഇവയാകുന്നു ഇതിൻെറ തത്വം. ഇന്നു് ലോകമാസകലം 40 ലക്ഷം ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുണ്ടു്. മദ്ധ്യശതകത്തിലെ പഴഞ്ചൻസഭയല്ല ഇതു്. ആധുനികകാലത്തെ ഏററവും വിശ്രുതനായ ഒരു മാർപ്പാപ്പാ, ലിയോ പതിമൂന്നാമൻ ഇതിൻെറ നിയമങ്ങൾ നവീകരിക്കുകയും ലോകമാസകലമുള്ള മെത്രാന്മാരേയും വൈദികരേയും ഇതു് പ്രചരിപ്പിക്കുന്നതിനു് പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. കത്തോലിക്കാപ്രവൎത്തനത്തിൻെറ ജനയിതാവു് എന്നറിയപ്പെടുന്ന പീയൂസ് 11-ാമൻ തിരുമേനി, കത്തോലിക്കാ പ്രവൎത്തനത്തിനുള്ള ഉത്തമപരിശീലനക്കളരിയാണിതു് എന്നു പ്രസ്താവിച്ചിട്ടുണ്ടു്. വി. ഫ്രാൻസിസിനെയാണു് കത്തോലിക്കാപ്രവർത്തനത്തിൻെറ മദ്ധ്യസ്ഥനായി 11-ാം പീയൂസ് തിരഞ്ഞെടുത്തിരിക്കുന്നതു്. കത്തോലിക്കാപ്രവൎത്തനം എന്നാൽ വൈദികലോകത്തിൻെറ ശ്ലൈഹികപ്രവൎത്തനത്തിൽ അൽമായരുടെ സഹകരണമാണല്ലോ. കത്തോലിക്കാപ്രവൎത്തനത്തിൻെറ ഉന്നം ലോകത്തുള്ള എല്ലാ സ്ഥാപനങ്ങളിലും ക്രിസ്തീയചൈതന്യത്തിനു് പ്രവേശമനുവദിക്കുക എന്നുള്ളതാണു്. ഈ പരിപാടി നടപ്പിൽവരുത്തുന്നതിനു് ഉതകുന്നതാണു് മൂന്നാംസഭ. വ്യക്തിപരമായ പുണ്യപൂർണ്ണതയും മൂന്നാംസഭയുടെ ലക്ഷ്യങ്ങളിൽ ചേരുന്നുണ്ടു്. സാമൂഹികമായ കത്തോലിക്കാപ്രവൎത്തനവും മൂന്നാംസഭയ്ക്കുള്ളതുതന്നെ. വിശുദ്ധനിൽ ക്രിസ്തുവിൻെറ പ്രതിരൂപം നാം

കാണുന്നതുപോലെത്തന്നെ ഇതിൽ ആകമാനം ക്രിസ്തീയപരിപാടിയുടെ പ്രതിഫലനവും നാം കാണുന്നു. ക്രിസ്തീയജീവിതപരിപാടിയിലെ വിവേകവും ചിന്താപ്രാഭവവും ഇതിലുണ്ട്. കഷ്ടതകളനുഭവിക്കുന്നവരുടെ ഐഹിക പ്രവൎത്തനത്തിന്റെ മാഹാത്മ്യം നമ്മുടെ വിശുദ്ധൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. രോഗികളെ ശുശ്രൂഷിക്കുകയും അവരോടുകൂടി വസിക്കുകയും ചെയ്യുക എന്നുള്ളതു് പുണ്യവാനു് വലിയ ഇഷ്ടമായിരുന്നു. കലഹപ്രിയരായവരോടും വിശുദ്ധൻ തന്റെ സമാധാനസന്ദേശം പ്രസംഗിച്ചു. ദ്രവ്യാൎജ്ജനത്തിനുവേണ്ടി വെമ്പൽകൊള്ളുന്നവരേയും വിശുദ്ധൻ അതിന്റെ നഗ്നരൂപം കാണിച്ചു പഠിപ്പിച്ചു. സംഗീതത്തോടു് മനുഷ്യൎക്കുള്ള സ്നേഹംപോലും ദൈവികമായ ഒരു വഴിക്കു് വിശുദ്ധൻ തിരിച്ചുവിട്ടു. വിശുദ്ധന്റെ "സൂൎയ്യഗീതം" യൂറോപ്യൻ സാഹിത്യചരിത്രത്തിലെ ഒരു പരിവൎത്തനനാന്ദിയായ കലാസൃഷ്ടിയാണു്. വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവിതത്തിനും സ്മരണക്കും ചുററുമായി ഒരു പ്രത്യേക ചിത്രകലതന്നെ വളൎന്നുവന്നു. കാലാന്തരത്തിൽ ഈ കലാസമ്പ്രദായം "റിനൈസൻസായി"ത്തീരുകയും ചെയ്തു. ഇതാണു് ലോകചരിത്രത്തിൽ മൂന്നാംസഭയുടെ ദൗത്യം; മനുഷ്യരെ കൂടുതൽസന്തുഷ്ടരും കൂടുതൽപുണ്യപൂൎണ്ണരുമാക്കുക.

നമ്മുടെ പരമാദൎശം ഇതാണു്. നാം വിശുദ്ധന്റെ നാമം സ്വീകരിച്ചിരിക്കുന്നു. നാം അവിടുത്തെ സന്താനങ്ങളായിത്തീൎന്നിരിക്കുന്നു. നമ്മുടെ ഈ നൂററാണ്ടിനു് ഫ്രാൻസിസിന്റെ സന്ദേശവും ചൈതന്യവും സ്നേഹവും കൂടുതൽ ആവശ്യമുണ്ടു്. ഇല്ലാത്തവർ ഉള്ളവൎക്കെതിരായി വീണ്ടും സമരം പ്രഖ്യാപിച്ചിരിക്കുന്നു. ധനത്തിനും അധികാരത്തിനുംവേണ്ടിയുള്ള വിരണ്ടോട്ടം വീണ്ടും ഇതാ വ്യക്തിയെ വ്യക്തിക്കെതിരായും വൎഗ്ഗത്തെ വൎഗ്ഗത്തിനെതിരായും രാഷ്ട്രത്തെ രാഷ്ട്രത്തിനെതിരായും അണി നിരത്തിക്കഴിഞ്ഞു. ക്രിസ്തുവിന്റെ സന്ദേശത്തിനു കടകവിരുദ്ധമാണു് കമ്മ്യൂണിസം. നമ്മുടെ

ഇന്നത്തെ കുഴപ്പത്തിനും അസമാധാനത്തിനുംഏകപ്രതിവിധി ഫ്രാൻസിസ്കൻ ചൈതന്യം ഒന്നുമാത്രമാണു്. ഈ ചൈതന്യത്തിനുമാത്രമേ അണുബോമ്പും ഹൈഡ്രജൻബോമ്പും നിർമ്മിക്കുന്ന ഇന്നത്തെ ലോകത്തെ സമാധാനത്തിൻെറ വഴികളിലേക്കു് തിരിച്ചുവിടാൻ സാധിക്കുകയുള്ളു.

സുധീരമായ ഒരു വാഗ്ദാനമാണു് നാം മൂന്നാംസഭയിൽ പ്രവേശിക്കുമ്പോൾ നമുക്കു ലഭിക്കുന്നതു്. നാം ഇതിൻെറ നിയമങ്ങൾ അനുസരിക്കുന്ന പക്ഷം നിത്യപറുദീസായാണു് നമുക്കു് പറഞ്ഞൊത്തിരിക്കുന്നതു്. ഇതു കേവലം ഔപചാരികമായ ഒരു വാഗ്ദാനമല്ല. പുണ്യാഭ്യാസത്തിൻെറ ഈ കലാലയത്തിൽനിന്നു് നാം വിജയം വരിച്ചാൽ നാം പുണ്യവാന്മാരുടെ നഗരവും ദൈവഭവനവുമായ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അർഹരാകുമെന്നുള്ളതിനു സംശയമില്ല. മാത്രമല്ല നമുക്കു് ജീവിക്കുന്നതിനു് ഈ ലോകം കുറെക്കൂടെ ചൈതന്യനിർഭരമായി ഭവിക്കയും ചെയ്യും.

# * വി. ഫ്രാൻസിസ്
# അന്നും ഇന്നും.

വിശുദ്ധ ഫ്രാൻസിസ്സ് അസ്സീസി ഒരു സാർവത്രിക പരിശുദ്ധനാണു്. അതെ, എല്ലാ നൂററാണ്ടുകൾക്കും, എല്ലാ രാജ്യങ്ങൾക്കും യഥാർത്ഥത്തിൽ എല്ലാ മതക്കാർക്കുംവേണ്ടിയുള്ള ഒരു പുണ്യവാനാണു് ഈ "ദ്വിതീയ ക്രിസ്തു". വിശുദ്ധന്റെ പരിപാവനജീവിതത്താൽ ധന്യമാക്കപ്പെട്ട ആ നൂററാണ്ടു്, ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വലിയകോളിളക്കങ്ങളും സംഘട്ടനങ്ങളും നടന്ന ഒരു കാലമായിരുന്നു. അക്കാലത്തു് രാഷ്ട്രീയവും, സാമൂഹ്യവും, സാമ്പത്തികവും, മതപരവുമായ മണ്ഡലങ്ങളിൽ വലിയ ഭിന്നതകളും വടംവലികളുമുണ്ടായി. ജർമ്മൻ ചക്രവർത്തി ഇററലിക്കെതിരായി അന്നു സമരം പ്രഖ്യാപിച്ചിരുന്നുവെങ്കി



ഭിക്ഷുവായ പീററർ റെഡ്ഡി
എം. എ., എൽ. ററി.

---

* ലൂതറൻ മതാനുയായി ആയിരുന്നകാലത്തുതന്നെ വി. ഫ്റാൻസിസ് അസ്സീസിയെ അനുകരിച്ചു് ജീവിച്ചു്, കത്തോലിക്കാമതത്തെ അവലംബിച്ചു ഫ്റാൻസിസ്കൻ മൂന്നാംസഭയിൽ ചേന്നു് ഇപ്പോഴും ഒരു ഭിക്ഷുവായി നടക്കുന്ന ബ്രദർ പീററർ റെഡ്ഡി എം. എ; എൽ ററി; കോട്ടയത്തു് കാത്തലിക് ക്ലബിൽവച്ചു് 1949 ഒക്ടോബർ 2-ാം തിയ്യതി ചെയ്ത പ്രസംഗം.

ല്പം ഇററലിയിലെ നഗരങ്ങൾതമ്മിൽ പരസ്പരം മത്സരിച്ചും വഴക്കടിച്ചും വരികയായിരുന്നു. പ്രഭുക്കന്മാരും ഇടത്തരക്കാരും തമ്മിൽ രണ്ടുചേരിയായി തിരിഞ്ഞു മത്സരിച്ചിരുന്നുവെങ്കിലും ഇവർ ഇരുകൂട്ടരും അശരണരായ പാവപ്പെട്ടവർക്കെതിരായി ഒരു ഉറച്ചനില അവലംബിക്കുകതന്നെ ചെയ്തു. സമ്പന്നരായ വ്യവസായികൾ അർദ്ധപട്ടിണിക്കാരായ തൊഴിലാളികളെ ഞെരുക്കി. സർവോപരി സത്യസഭയ്ക്കെതിരായി പല ഛിദ്രമങ്ങളും തല ഉയർത്തിയ ഒരു കാലമായിരുന്നു അതു്. സമുദായമദ്ധ്യത്തിലുണ്ടായിരുന്ന വർദ്ധിതമായ അതൃപ്തിയുടെയും ഭിന്നതകളുടെയും, വർഗ്ഗങ്ങൾ തമ്മിലുണ്ടായിരുന്ന സ്നേഹരാഹിത്യത്തിൻെറയും മുതലെടുക്കുവാൻ ഛിദ്രമകാരികൾക്കു് നല്ലൊരവസരം കിട്ടി. ഇങ്ങനെ യൂറോപ്പു് അന്ധകാരാവൃതമായിരുന്ന ഒരു കലായാമത്തിലാണു് സ്നേഹസമാധാനങ്ങളുടെ സന്ദേശവാഹകനായ വി: ഫ്രാൻസിസു് അസ്സീസിയെ അയയ്ക്കാൻ ദൈവം തിരുമനസ്സായതു്.

കുബേരതുല്യരായ മാതാപിതാക്കന്മാരുടെ ആദ്യസന്താനമായി 1181-ൽ ഫ്രാൻസിസ് ജനിച്ചു. മാതാവായ പീക്കാ ഉദാരമതിയും ദരിദ്രരോടു് വലിയ അനുകമ്പയുള്ളവളുമായിരുന്നു. ലൌകികമായ പല വ്യാമോഹങ്ങളുമുള്ള ഒരാളായിരുന്നു വിത്തേശപരനായ പിതാവു്. ദരിദ്രജനങ്ങൾക്കു് കൈതുറന്നു ദാനംചെയ്യുകയും തൻെറ യുവസ്നേഹിതന്മാക്കുവേണ്ടി ധാരാളമായി ചെലവിടുകയുമായിരുന്നു ഫ്രാൻസിസിൻെറ ആനന്ദം. അസ്സീസിയിലെ യുവജനങ്ങളുടെ ഗാനപര്യടനങ്ങളെ നയിച്ചിരുന്നതു് മററാരുമായിരുന്നില്ല. ചുരുക്കത്തിൽ അസ്സീസിയൻ യുവജനങ്ങളുടെ കണ്ണിലുണ്ണിയും എതിരില്ലാത്ത നേതാവുമായിരുന്നു ഫ്രാൻസിസു്. കേവലം ഒരു യുവാവായിരുന്നപ്പോൾതന്നെ ഫ്രാൻസിസു് അസ്സീസിയൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ ജീവനും ചൈതന്യവുമായിത്തീർന്നു. തൻെറ മാതൃനഗരമായ അസ്സീസിയുടെ സ്വാതന്ത്ര്യപ്രാപ്തിക്കും

സ്വന്തം പ്രശസ്തിയുടെ അസ്ഥിവാരം ഉറപ്പിക്കുന്നതിനുംവേണ്ടി കൈയിൽ വാളുമേന്തി ഫ്രാൻസിസ് മുന്നോട്ടു വന്നു. അസ്സീസിയൻ യുവജനങ്ങളുടെ കിരീടംവയ്ക്കാത്ത ഈ രാജാവിന്റെ ഉന്നം, മാതൃനഗരത്തിന്റെ അംഗീകൃതനേതാവായിത്തീരണമെന്നും അങ്ങനെ നഗരത്തിനുള്ളിൽ ഐക്യബോധം വളർത്തുകയും നഗരത്തിനു വെളിയിലുള്ള ഭിന്നിപ്പുകളെ അവസാനിപ്പിക്കുകയും ചെയ്യണമെന്നുമായിരുന്നു. സ്വരാജ്യസ്നേഹവും ആത്മസ്നേഹവും ഈ യുവാവിൽ എത്ര അഭേദ്യമായിട്ടാണു് ചുറ്റിപ്പിണഞ്ഞു കിടക്കുന്നതു്!

പക്ഷേ ദൈവത്തിന്റെ പ്ലാൻ മറിച്ചായിരുന്നു. ഫ്രാൻസിസ് ഒരു വലിയ നേതാവാകുന്നതിനു മുമ്പായി ക്രിസ്തുവിനുവേണ്ടി ഒരു ഭോഷൻ ആകണമെന്നത്രെ ദൈവം തിരുമനസ്സായതു്. ദൈവികമായ ഒരു ആന്തരികപ്രചോദനത്തിന്റെ ഫലമായി ഫ്രാൻസിസ് തന്റെ പരിപാടി എല്ലാം മാററി. നഗ്നനായി കുരിശിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തുനാഥന്റെ നേരെയുള്ള സ്നേഹത്തെപ്രതി ഫ്രാൻസിസ് സകലതും ഉപേക്ഷിച്ചു. "രക്തച്ചൊരിച്ചിലിൽക്കൂടിയോ, അഗ്നിയിൽക്കൂടിയോ, പാർട്ടിയുടെ മൃഗീയമായ ഭൂരിപക്ഷത്തിൽക്കൂടിയോ അല്ല, പ്രത്യുത സ്നേഹവും സഹതാപവുംവഴിയാണു് പരസ്പരവിദ്വേഷവും അനൈക്യവും അവസാനിപ്പിക്കപ്പെടുന്നതും സമാധാനം സംസ്ഥാപിക്കപ്പെടുന്നതും"— എന്നു് അപ്പോഴാണ് ഫ്രാൻസിസിനു മനസ്സിലായി. "മനുഷ്യൻ കേവലം പുൽക്കൊടിക്കു സമനാണെന്നും," "മനുഷ്യന്റെ കീർത്തി പുല്ലിലെ പുഷ്പംപോലെയാണെന്നും"; "മായ, മായ, സർവ്വതും മായ" എന്നും ഫ്രാൻസിസ് ധരിച്ചു. തന്റെ നിസ്സാരത്വം ഫ്രാൻസിസിനു ബോദ്ധ്യപ്പെട്ടു. താൻ നിസ്സാരന്മാരിൽ നിസ്സാരനും, നരകത്തിന്റെ അഗാധതയിലേക്കു എറിയപ്പെടുന്നതിനുമാത്രം പാത്രവാനുമാണെന്നു് ഫ്രാൻസിസ് മനസ്സിലാക്കി. തന്നെ

നിത്യനാശത്തിൽനിന്നും രക്ഷിച്ച ആ ദൈവീകസ്നേഹത്തെ ഫ്രാൻസിസ് വാഴ്ത്തി. ക്രൂശിതനായ ദിവ്യനാഥനെപ്പററി ചിന്തിക്കുമ്പോഴെല്ലാം വിതുമ്മി കരയാതിരിക്കാൻ ഫ്രാൻസിസിനു സാധിച്ചില്ല. പാവപ്പെട്ടവരും ഞെരുങ്ങുന്നവരുമായ മനുഷ്യർ ക്രൂശിതനായ ക്രിസ്തുവിൻെറ സ്മരണയാണു് ഫ്രാൻസിസിൻെറ ഹൃദയത്തിൽ ഉണ്ടാക്കിയതു്. ദരിദ്രരുടെയും പട്ടിണിക്കാരുടെയും ഉടുതുണിയില്ലാത്തവരുടെയും രോഗികളുടെയും സാമീപ്യവും സഹവാസവും ഫ്രാൻസിസിനു് പ്രിയംകരമായിത്തീൎന്നു. കുഷ്ഠരോഗികളിൽ വേദനയനുഭവിക്കുന്ന ക്രിസ്തുവിൻെറ സാദൃശ്യം ഫ്രാൻസിസ് കാണുകയും, സകലരും വെറുക്കുന്ന ആ വ്രണങ്ങളിൽ ചുംബിക്കുകയും ചെയ്തിരുന്നു. അത്തരം അശരണരുമായ പാവങ്ങൾക്കു ചെയ്യുന്ന സേവനങ്ങൾ, പൊതുവിധിദിവസത്തിൽ തനിക്കുതന്നെ ചെയ്തതായി ദിവ്യനാഥൻ അംഗീകരിക്കുമെന്നുള്ളതിനു സംശയമില്ല.

അഗതികളോടും ദരിദ്രരോടുമുള്ള ഫ്രാൻസിസിൻെറ ഈ ഉപവി ക്രൂശിതനായ രക്ഷകനോടുള്ള സ്നേഹത്തിൽനിന്നുമാണു് ആവേശംകൊണ്ടതെന്നുള്ള യാഥാർത്ഥ്യം നാം വിസ്മരിക്കരുതു്. സമുദായത്തിലെ ഏററവും അധഃസ്ഥിതരായ ദരിദ്രരോടുകൂടി സഹവസിക്കാൻ ഫ്രാൻസിസ് ഇഷ്ടപ്പെട്ടതു്, അതുവഴി ക്രിസ്തുനാഥൻെറ സഹചാരിയാകണമെന്ന ലാക്കോടുകൂടിയത്രെ.

ഇങ്ങനെ ഏതാനും വൎഷങ്ങൾ കടന്നുപോയി. ഫ്രാൻസിസിൻെറ ഭോഷത്വം പരക്കെ അറിയപ്പെട്ടിരുന്നു. ഫ്രാൻസിസിനു ഭ്രാന്താണെന്നും ചിലരൊക്കെ വിചാരിച്ചു. ഫ്രാൻസിസ് സകലതും ക്ഷമാപൂർവ്വം സഹിച്ചു. തന്നെ അപമാനിച്ചവരെ ഫ്രാൻസിസ് അനുഗ്രഹിച്ചു. ഇങ്ങനെ ഫ്രാൻസിസിൻെറ പരിശീലനകാലം താമസിയാതെ അവസാനിച്ചു. സർവ്വേശ്വരൻെറ ദൃഷ്ടിയിൽ, ഒരു നേതാവായിരിക്കാനുള്ള യോഗ്യത

ഫ്രാൻസിസിനുണ്ടായെന്നു പറയാം. ദൈവം ഫ്രാൻസിസിനു് ഏതാനും അനുയായികളെ കൊടുത്തു. താമസിയാതെ മൂന്നു സന്യാസസഭകറം ഫ്രാൻസിസ് സ്ഥാപിച്ചു. ഈ മൂന്നു സഭകളിലും, സമുദായത്തിലെ എല്ലാ മണ്ഡലങ്ങളിൽനിന്നും ജനങ്ങൾ ഓടിക്കൂടി.

ഫ്രാൻസിസിലും അനുയായികളിലും പ്രകടമായ ജീവിതവിശുദ്ധിയുടെയും അവരുടെ പ്രസംഗങ്ങളുടെയും ഫലമായി, ക്രിസ്റ്റീയലോകത്തിനുതന്നെ ഒരു പരിവർത്തനംവന്നു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച സ്വല്പം ഒന്നു നികത്തപ്പെട്ടു. പരസ്പരം കലഹിച്ചിരുന്ന ഇററലിയിലെ നഗരങ്ങൾ തമ്മിൽ പൊരുത്തപ്പെടുകയും, അവരുടെ വാളുകറം കലപ്പയുടെ "കൊഴു"വായി മാറുകയുംചെയ്തു. അശുദ്ധ സുഖഭോഗങ്ങളുടെ പിന്നാലെയുള്ള ആവിരണ്ടോട്ടം അൽപ്പമൊന്നുകുറഞ്ഞു. മദ്യപാനാസക്തിയും തെല്ലൊന്നു ശമിച്ചു. കുഷ്ഠരോഗികളോടുള്ള വെറുപ്പ് അപ്രത്യക്ഷമായി. ജീവിതത്തിലെ നല്ലവസ്തുകൾ, തങ്ങളുടെ അയൽക്കാരുമായി പങ്കിടുന്നതിനുള്ള ഒരു സന്നദ്ധത ജനതാമദ്ധ്യേ പ്രത്യക്ഷമായി. തസ്കരസംഘങ്ങൾ മാനസാന്തരപ്പെട്ടു. ശിലയേപ്പോലും അലിയിക്കുന്ന "സഹോദരാ" എന്നവിളിയോടുകൂടി സമീപിച്ച ഫ്രാൻസിസിനു്, ക്രൂരനായ ചെന്നായെ അജ്ഞാനുവർത്തിയാക്കാൻ യാതൊരു പ്രയാസവുമുണ്ടായില്ല. ഈ ലഘുലേഖനത്തിൻെറ കർത്താവും തൻെറ മാനസാന്തരത്തിനും മാറുസകലതിനും, ദൈവം കഴിഞ്ഞാൽ ഏററവും അധികം കടപ്പെട്ടിരിക്കുന്നതു് ഈ അത്ഭുത പുണ്യപുരുഷനോടാണെന്നു കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. *

---

* ലൂതറൻ പ്രോട്ടസ്റ്റൻറു സഭാംഗമായിരുന്ന മിസ്റ്റർ പീററർ റെഡി എം. എ. കത്തോലിക്കാസഭയിൽ ചേരുന്നതിനും, പിന്നീട് കോളേജ് പ്രൊഫസർസ്ഥാനം സ്വമനസ്സാ ഉപേക്ഷിച്ച് പിച്ചച്ചെരട്ട എടുക്കുന്നതിനും കാരണഭൂതൻ വി. ഫ്രാൻസിസ് അസ്സീസിയാണ്.

ഇന്നത്തെ ലോകത്തിനു ഏററവും അധികം ആവശ്യമുള്ളതു് വി. ഫ്രാൻസിസ്— അദ്ദേഹത്തിൻെറ ചൈതന്യവിശേഷം— അത്രേ. പരസ്പരം കടിച്ചുകീറുന്ന വിരുദ്ധകക്ഷികളുടെ ഒരു പൊതുപാളയമായി ഇന്നു ലോകം മാറിയിരിക്കുകയാണല്ലൊ. അഭൂതപൂർവവും ഭയാനകവും ആയ ഒരു മഹാരോഗത്തിൻെറ പിടിയിൽപ്പെട്ടു് ഇന്നു മനുഷ്യരാശി നട്ടം തിരിയുകയാണു്. പക്ഷെ, ഈ രോഗശമനത്തിനു് നിർദ്ദേശിക്കപ്പെടുന്ന പ്രതിവിധികൾ തീരെ അപര്യാപ്തങ്ങളാണെന്നു മാത്രമല്ല, ഇന്നത്തേതിലും ഭയങ്കരമായ രോഗത്തിനു വഴിതെളിക്കുന്നവയുമാണു്; കാരണം ഇന്നു മനുഷ്യരാശിക്കു് അതിൻെറ "ബാലൻസ്" നഷ്ടപ്പെട്ടിരിക്കുന്നു. മനുഷ്യജീവിതത്തിൽ ആദ്ധ്യാത്മികബോധത്തിനു പണ്ടുണ്ടായിരുന്ന പൂജ്യസ്ഥാനം ഇന്നു നഷ്ടപ്രായമായിരിക്കുകയാണു്. യഥാർത്ഥത്തിൽ അതീവനിസ്സാരങ്ങളായ ലൗകികകാര്യങ്ങൾക്കാണു് ഇന്നു് സർവപ്രാധാന്യവും. രാഷ്ട്രം ഇന്നു് അത്യുന്നതമായ ഒരു പൂജ്യസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടിരിക്കയാണു്. രാഷ്ട്രമാകുന്ന മഹായന്ത്രസംവിധാനത്തിലെ കേവലം നിസ്സാരമായ ഒരു ആണിയുടെ പദത്തിലേക്കു് വ്യക്തി അധഃപതിച്ചുപോയി. ധനതൃഷ്ണയാണു് ഇന്നു സർവത്ര കളിയാടുന്നതു്. പണമുള്ളവരും ഇല്ലാത്തവരും പണത്തിൻെറ പിന്നാലെ വിരണ്ടോടുകയാണു്. നമ്മുടെ രാഷ്ട്രീയവും, സാമ്പത്തികവും, മതപരവുമായ എല്ലാ യത്നങ്ങളും— വാസ്തവം പറഞ്ഞാൽ, നമ്മുടെ ആദർശങ്ങളും നമ്മുടെ സ്വാതന്ത്ര്യവും, സമത്വവും, സാഹോദര്യവുമെല്ലാം— അവയുടെ യഥാർത്ഥസാഹചര്യങ്ങളിൽനിന്നും പിഴുതെടുത്തു്, മൃഗശാലയുടെ പശ്ചാത്തലത്തിലാണു് വ്യാഖ്യാനിക്കപ്പെടുന്നതു്. എല്ലാ സ്ഥാപനങ്ങളേയും കുററംപറയുക ഇന്നു് സാധാരണമാണല്ലൊ. നിലവിലുള്ള സ്ഥാപനങ്ങളുടെ സ്ഥാനത്തു് പുതിയവയെ പ്രതിഷ്ഠിക്കുന്നതിലാണു് മനുഷ്യൻെറ മുക്തി എന്നു് പ്രഖ്യാപിക്കപ്പെടുന്നു. എന്നാൽ യഥാർത്ഥ

മായ ഹൃദയപരിവർത്തനത്തെപ്പററി നാം യാതൊന്നുംതന്നെ കേൾക്കുന്നില്ല! "വിദ്വേഷമേ നീ എൻെറ പ്രേമതത്വമായിരിക്കുക; സാത്താനേ, നീയാണെൻെറ ദൈവം; ഉദരമേ, നീ തന്നെ എൻെറ അന്ത്യം"— എന്നുള്ള മുറവിളികളാൽ ഇന്നു് നമ്മുടെ അന്തരീക്ഷം മുഖരിതമാൺതാനും.

"രക്തച്ചൊരിച്ചിലിൽ കൂടിയോ, അഗ്നിയിൽ കൂടിയോ, ഒരു പാർട്ടിയുടെ മൃഗീയഭൂരിപക്ഷത്തിൽ കൂടിയോ അല്ല, പ്രത്യുത സ്നേഹവും സഹതാപവും വഴി....."— വിശുദ്ധ ഫ്രാൻസിസിൻെറ ഈ അലോകസാധാരണമായ ചൈതന്യവിശേഷത്തിനുമാത്രമേ ഇന്നത്തെ കുഴപ്പങ്ങളിൽനിന്നും ലോകത്തെ രക്ഷിക്കാൻ സാധിക്കയുള്ളു. ഈ വസ്തുത മാർപ്പാപ്പാമാർ തന്നെ അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടു്. കത്തോലിക്കാ പ്രവർത്തനത്തിൻെറ മദ്ധ്യസ്ഥനും പരിപാലകനുമായി വിശുദ്ധ ഫ്രാൻസിസിനെ മാർപ്പാപ്പാമാർ തെരഞ്ഞെടുത്തതിൻെറ രഹസ്യവും ഇതുതന്നെ. ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് തിരുമേനി ഫ്രാൻസിസ് അസ്സീസിയെ "ദ്വിതീയക്രിസ്തു" എന്നു വിളിക്കാനും മടിച്ചില്ല. ദ്വിതീയലോകസമരത്തിനു ശേഷം സമാധാനത്തിൻേറയും ശാന്തിയുടേയും ഒരു പുതിയ യുഗം ഉൽഘാടനം ചെയ്യുന്നതിനെപ്പററിയുള്ള ആലോചനകൾക്കായി ലോകരാഷ്ട്രപ്രതിനിധികൾ സമ്മേളിച്ചതു് വി. ഫ്രാൻസിസിൻെറ നഗരമായ സാൻഫ്രാൻസിസ്കോയിലാണെന്നുള്ളതും അർത്ഥവത്താണ്. കാരണം, വി. ഫ്രാൻസിസ് അസ്സീസിയുടെ ചൈതന്യവിശേഷമാകുന്ന ആ തൈലത്തിനുമാത്രമേ, മനുഷ്യരാശിയുടെ ഇന്നത്തെ മുറിവുകളെ സുഖപ്പെടുത്താൻ സാധിക്കുകയുള്ളു. വി. ഫ്രാൻസിസിൻെറ ചൈതന്യത്തെ മൂന്നു കൊച്ചു വാക്യങ്ങളിൽ സംക്ഷേപിക്കാം—

ഞാൻ ഒന്നുമല്ല, എനിക്ക യാതൊന്നുമില്ല; ക്രിസ്തുവല്ലാതെ യാതൊന്നും എനിക്ക വേണ്ട.

വി. ഫ്രാൻസിസിൻെറ ചൈതന്യം കാട്ടുതീപോലെ യൂറോപ്പിലെങ്ങും പടന്നപ്പോൾ, അൽമായരും ആ ചൈതന്യവിശേഷത്താൽ സമാകൃഷ്ടരായി. പരിപൂണ്ണമായ ദാരിദ്ര്യവ്രതമെടുക്കുന്നതിനു് വിവാഹിതരായ ബഹുശതം സ്ത്രീപുരുഷന്മാർ മുമ്പോട്ടുവന്നു്, തങ്ങളേയും ഫ്രാൻസിസ്കൻസഭയിൽ സ്വീകരിക്കണമെന്നപേക്ഷിച്ചു. ഇതു് പ്രായോഗികമല്ലെന്നുകണ്ടു് വിശുദ്ധൻ മൂന്നാംസഭ സ്ഥാപിക്കുകയാണല്ലോ ചെയ്തതു്.

അപ്പോൾ, എന്താണു് മൂന്നാംസഭക്കാരുടെ കത്തവ്യം? ഒരു മൂന്നാംസഭക്കാരൻ മറെറാരു ക്രിസ്തുവാകണമെന്നാണു് ഉന്നം.— ക്രിസ്തുവിനെ അനുകരിക്കുകയൊ, ക്രിസ്തുവിൻെറ സംവാഹകനാവുകയൊ, ക്രിസ്തുവിൻെറ മറെറാരു പതിപ്പാവുകയൊ, ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുകയൊ മാത്രം ചെയ്താൽ പോരാ—മറെറാരു പൂർണ്ണക്രിസ്തു ആയിത്തീരേണ്ടിയിരിക്കുന്നു. പുതിയ ഒരു ക്രിസ്തു— ക്രിസ്തുവിൻെറ പൂർണ്ണത്വംകൊണ്ടു് നിറഞ്ഞവനും കണ്ണും കാതും കരചരണങ്ങളും അധരങ്ങളും നാവുമെല്ലാം ക്രിസ്തുവിൻെറ അവയവങ്ങളായി രൂപാന്തരംപ്രാപിച്ചിട്ടുള്ളവനുമായ മറെറാരു ക്രിസ്തുആയിത്തീരണമെന്നാണു് ഓരോ മൂന്നാംസഭക്കാരനിൽനിന്നും പ്രതീക്ഷിക്കപ്പെടുന്നതു്. മിശിഹായുടെ മൗതികശരീരത്തിലെ ഇന്നുള്ളതും ഭാവിയിലുണ്ടാകാവുന്നതുമായ അവയവങ്ങളെ അന്വേഷിക്കുകയും അവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നുള്ളതു് മൂന്നാംസഭക്കാരുടെ കടമയാകുന്നു. മററുവാക്കുകളിൽ പറഞ്ഞാൽ, നിത്യജീവിതത്തിലേക്കു് ഒഴുകിച്ചേരുന്ന ഓരോ സജീവ അരുവിയായിത്തീരുവാൻ ഓരോവ്യക്തിയും സ്വന്തസാഹചര്യങ്ങളുടെ പരിധിയിൽ ശ്രമിക്കുക എന്നുള്ളതുതന്നെ. ഇതുതന്നെയാണു് യഥാർത്ഥ കത്തോലിക്കാ പ്രവത്തനം. ഇതുകൊണ്ടാണു് വി.

ഫ്രാൻസിസിനെ കത്തോലിക്കാ പ്രവത്തനത്തിൻെറ മദ്ധ്യസ്ഥനാക്കിയതെന്നു സ്പഷ്ടമാണല്ലൊ. പീയൂസ് 11-ാമൻ തിരുമേനി പ്രഖ്യാപിച്ചിട്ടുള്ളതു് "ഫ്രാൻസിസ്സൻമൂന്നാംസഭ കത്തോലിക്കാ പ്രവത്തനം തന്നെയാണു്" എന്നത്രെ.

എല്ലാത്തരക്കാക്കുമുള്ള ഒരു സഭയാണു് ഇതു്—ബലഹീനക്കും ബലവാന്മാക്കും, പാവപ്പെട്ടവക്കും സമ്പന്നന്മാക്കും വൃദ്ധന്മാക്കും യുവജനങ്ങൾക്കുമെല്ലാം മൂന്നാംസഭയിൽ തുല്യസ്വാഗതമുണ്ടായിരിക്കും. മന്ദോഷ്ണഭക്തന്മാരും തീഷ്ണതയുള്ളവരും ഈ സഭയിൽ ചേരേണ്ടിയിരിക്കുന്നു. പ്രസാദവരത്തിൻെറ അനർഗ്ഗളപ്രവാഹത്തിനുള്ള നീർച്ചാലുകളെ തുറന്നുവിട്ടുകൊണ്ടു്, മുൻപറഞ്ഞ വിവിധതരക്കാരെയെല്ലാം മഹത്തായ മൂന്നാംസഭ ധീരന്മാരും, പുണ്യവാന്മാരുമാക്കിത്തീക്കുന്നു. തിരുസ്സഭാമാതാവാകട്ടെ പാപമോചനങ്ങളുടെ ഭണ്ഡാഗാരത്തിൻെറ വാതിലുകളെ മുഴുവനായും മൂന്നാംസഭാംഗങ്ങൾക്കായി തുറന്നുവച്ചിരിക്കയാണു്. ഇതുകൊണ്ടെല്ലാം മൂന്നാംസഭാംഗങ്ങൾ ഭക്താഭ്യസനങ്ങളിലും, നല്ലമരണത്തിനുള്ള ഒരുക്കങ്ങളിലും സദാ മുഴുകി കാലംകഴിക്കണമെന്നല്ല അത്ഥം. പ്രത്യുത നവമായ ഒരു ചൈതന്യവിശേഷത്തോടുകൂടി, എല്ലാജീവിത മണ്ഡലങ്ങളിലും ധീരോചിതമായ പുണ്യപൂണ്ണത മൂന്നാംസഭാംഗങ്ങൾ പ്രാപിക്കണമെന്നാണുലക്ഷ്യം. അങ്ങനെ അവർ എവിടെയായിരുന്നാലും കത്തി ജ്വലിക്കുന്ന ദീപശിഖപോലെയും, ഉറയുള്ള ഉപ്പുപോലെയും വത്തിക്കണമെന്നുമാത്രമല്ല, തങ്ങളുടെമേലും തങ്ങളുടെ ചുററുമുള്ളവരുടെമേലും ധാരാളമായ പ്രസാദവരപ്രവാഹത്തിനും അവർ കാരണമാകണം. ഈലോകത്തു ശാന്തിയും, സന്തോഷവും വളത്തുന്നതിനും അങ്ങനെ ഐഹികജീവിതത്തെ നിത്യസൗഭാഗ്യത്തിൻെറ മുന്നോടിയാക്കിത്തീക്കുന്നതിനും മൂന്നാംസഭക്കു കഴിയും. മനുഷ്യ മനസ്സിൽ നിന്നും ആത്മസ്നേഹവും സ്വാത്ഥതയും ഉച്ചാടനം ചെയ്തു് തൽസ്ഥാനത്തു് തൻെറ സ്വത്തുക്കളുടെ ഒരു സംരക്ഷകൻ മാത്രമാണു് താനെന്ന

ബോധം ഉളവാക്കുകയും, ധനമോഹം ഇല്ലാതാക്കുകയും ചെയ്യുന്നതിനും മൂന്നാംസഭ സഹായകമാകാതിരിക്കയില്ല. ഇങ്ങനെ ജീവിതനിരാശയിൽനിന്നും നമ്മെ രക്ഷിച്ചു് മനുഷ്യബുദ്ധിക്കു ദുർഗ്രഹമായവിധം നമ്മുടെ ഹൃദയങ്ങളിൽ സമാധാനത്തിൻെറയും ആനന്ദത്തിൻെറയും വേലിയേററമുണ്ടാക്കാനും മൂന്നാംസഭ സമത്ഥമാണു്.

എല്ലാ തുറകളിലും ജീവിച്ചുമരിച്ചിട്ടുള്ള അനേകം പുണ്യവാന്മാരുടെ ഒരു കുടുംബമാണു് മൂന്നാംസഭ എന്നുപറയാം. മാർപ്പാപ്പാമാരും കർദ്ദിനാളന്മാരും വൈദികരും കന്യകകളും ഭക്തിയുള്ള വിധവകളും മാത്രമല്ല, രാജാക്കന്മാരും, രാജ്ഞിമാരും, പ്രഭുക്കളും, പ്രഭ്വിമാരും, രാജ്യതന്ത്രജ്ഞന്മാരും, സേനാനികളും ഡാക്ടർമാരും, നിയമജ്ഞന്മാരും, പ്രഫസറന്മാരും, കൃഷീവലന്മാരും, ധനവാന്മാരും, ഇടത്തരക്കാരും, പാവങ്ങളും, പോരാ,വെറും ഭിക്ഷക്കാരും, മൂന്നാംസഭാകുടുംബത്തിലെ അനുഗ്രഹീതരുടെയും പുണ്യവാന്മാരുടേയും പട്ടികയിൽ വിരാജിക്കുന്നതായി കാണാം. ക്രിസ്തുവിനുവേണ്ടി ദാരിദ്ര്യമനുഭവിച്ച ഈ ബുദ്ധിമാന്മാരുടേയും ബുദ്ധിമതികളുടേയും ഗണത്തിൽ എന്തുകൊണ്ടു് നിങ്ങൾക്കും ചേർന്നുകൂടാ?

അതേ, കരുണയ്ക്കും അനുഗ്രഹത്തിനും വേണ്ടിയാചിച്ചുകൊണ്ടും, തങ്ങളുടെ പാപങ്ങളുടെ മ്ലേച്ഛത തങ്ങളെ ഗ്രഹിപ്പിക്കണമേ എന്നു പ്രാത്ഥിച്ചുകൊണ്ടും ദാരിദ്ര്യചൈതന്യമുള്ളവരായിത്തീർന്നുകൊണ്ടും വരപ്രസാദത്തിൻെറ തിരുസിംഹാസനത്തിൻ മുമ്പാകെ അവർ തങ്ങളെത്തന്നെ എളിമപ്പെടുത്തി. തന്നെയുമല്ല, ആ തിരുസിംഹാസനത്തിൻെറ മുമ്പിൽ തങ്ങളുടെ ഇല്ലായ്മയെ സ്വയംപ്രഖ്യാപിച്ചുകൊണ്ടു് അവർ അവരുടെ ആത്മസ്നേഹം പാടേ ഉപേക്ഷിക്കുകയും മേലിൽ ഒരിക്കലും പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞചെയ്യുകയും ചെയ്തു. അത്ഭുതപ്രവത്തകനായ ദിവ്യനാഥൻ തൻെറ കൃപാവരംകൊണ്ടു് നമ്മുടെ ആത്മാവുകളെ ധന്യമാക്കുന്നതിനു മുൻപു് ഇതേ മ

മനോഭാവമാണല്ലോ. നമ്മിൽനിന്നും ആവശ്യപ്പെടുന്നതു്. യഥാൎത്ഥ ദാരിദ്ര്യചൈതന്യമുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വൎഗ്ഗരാജ്യം അവരുടേതാകുന്നു. ഈ ലോകത്തിൽ തന്നെ വരാൻ പോകുന്ന ആ മഹാഭാഗ്യത്തിൻെറ മുന്നോടിയായ സംതൃപ്തിയും സമാധാനവും അവൎക്കു് അനുഭവവേദ്യമാവുകയും ചെയ്യും.

വളരെയേറെ സ്വത്തുക്കളുണ്ടായിരുന്നവരും, മൂന്നാംസഭാംഗങ്ങളായ ശേഷം തങ്ങളുടെ സ്വത്തുക്കളുടെ മാനേജരന്മാർ എന്ന നിലയിൽ മാത്രം കഴിഞ്ഞുപോന്നു. ഈ ലോകത്തിൻെറയും അതിലുള്ള സകലത്തിൻെറയും ഉടമസ്ഥൻ സൎവ്വേശ്വരനാണെന്നുള്ള പരമാൎത്ഥത്തെ ആദരിച്ചു് തങ്ങളുടെ സ്വത്തുക്കളുടെ വെറും സംരക്ഷകൻ എന്നനിലയിൽ അവർ ജീവിച്ചു. അവരെല്ലാം തന്നെ യഥാൎത്ഥത്തിൽ ദരിദ്രരായിരുന്നു. ചിലരുടെ ദൃഷ്ടിയിൽ കുററകരമായ വിധം അവർ ലളിതജീവിതം നയിച്ചു എന്നു പറയാം. തങ്ങളുടെ ജീവസന്ധാരണത്തിനു് അത്യന്താപേക്ഷിതമായതൊഴിച്ചുള്ളവയെല്ലാം അവർ ത്യജിച്ചു. ഇപ്രകാരമെല്ലാം അവർ ചെയ്തതു് രക്ഷകനായ ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അവയവങ്ങളും, എന്നാൽ ശാരീരികമായും ആത്മീയമായും വിശപ്പും ദാഹവും, നഗ്നതയും, രോഗങ്ങളും അനുഭവിക്കുന്നവരുമായ സഹോദരങ്ങളെ അന്വേഷിച്ചു് കണ്ടുപിടിച്ചു് രക്ഷിക്കുന്നതിനുവേണ്ടിയായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ദാരിദ്ര്യചൈതന്യമെന്നു പറയുന്നതു് കേവലമൊരു മനോരാജ്യമോ, സിദ്ധാന്തമോ ആയിരുന്നില്ല. പ്രത്യുത ജീവിതത്തിലെ ഒരു നിത്യയഥാൎത്ഥ്യമായിരുന്നു. മുൻപു് ദാരിദ്ര്യചൈതന്യത്തിൽമാത്രം ജീവിച്ചിരുന്നവർ പ്രത്യക്ഷത്തിൽ ദരിദ്രരായി മാറി. കാരണം നമ്മുടെ ജന്മാവകാശമായ സ്വൎഗ്ഗത്തിൻെറ പ്രതിരൂപമായ സജീവഉപവിയാൽ, ഈ മൂന്നാംസഭാംഗങ്ങൾ പ്രചോദിതരായെന്നുമാത്രമല്ല, അതിൽ അവർ ദഹിച്ചുപോവുകതന്നെചെയ്തു. ദാരിദ്ര്യചൈത

ന്യമുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

അങ്ങനെ, അവരുടെ ആ ദാരിദ്ര്യവ്രതം അതിമാത്രം ഭംഗിയായി നിറവേററിയതിന്റെ ഫലമായി അവരുടെ ഹൃദയങ്ങൾ സദാ സന്തോഷംകൊണ്ടു് പൊട്ടിച്ചിരിക്കുകയായിരുന്നു. അവക്കു് യാതൊന്നും—വെള്ളിയും സ്വർണ്ണവുമൊന്നുംതന്നെ—വേണമെന്നാശയില്ലായിരുന്നു. അതേ, അവരുടെ ദൃഷ്ടിയിൽ സ്വർണ്ണം നിഷ്പ്രഭമായിരുന്നു; അത്യാഗ്രഹത്തിനു് അവരുടെമേൽ യാതൊരു സ്വാധീനവും ചെലുത്താൻ സാധിച്ചില്ല. തങ്ങൾ ഒന്നുമല്ലെന്നു് അവർക്കു് പൂർണ്ണ ബോദ്ധ്യമുണ്ടായിരുന്നതുമൂലം ലോകം തങ്ങളോടു് അപ്രകാരം പെരുമാറിയപ്പോൾ അവക്കു അതിരററ സന്തോഷമാണുണ്ടായതു്. മൂന്നാംസഭക്കാരുടെമേൽ ആക്ഷേപങ്ങളും നിന്ദയും വർഷിച്ചവരെ അവർ സ്നേഹിക്കുകയും അനുഗ്രഹിക്കുകയുംചെയ്തു. തന്നെയുമല്ല കൂടുതൽ നിന്ദയും ആക്ഷേപങ്ങളും സ്വാഗതം ചെയ്വാനും അവർ തയ്യാറായിരുന്നു. എന്തുകൊണ്ടെന്നാൽ, ഇവയെല്ലാം, തങ്ങളെ ക്രൂശിതനായ ഈശോനാഥനു തുല്യരാക്കാൻ സഹായിക്കുന്നുണ്ടെന്നു് ഈ മൂന്നാംസഭക്കാർക്കുറപ്പുണ്ടായിരുന്നു. ഇവരെ സംബന്ധിച്ചിടത്തോളം മർദ്ദനത്തിനു് അതിന്റെ ദംഷ്ട്രകളും, മരണത്തിനു തന്നെ അതിന്റെ ഭീകരതയും നഷ്ടപ്പെട്ടു. ഇവർ മനുഷ്യരിൽനിന്നും യാതൊന്നും പ്രതീക്ഷിച്ചിരുന്നില്ല. തന്മൂലം ഒന്നുകൊണ്ടും ഇവർ നിരാശപ്പെട്ടതുമില്ല. വാസ്തവം പറഞ്ഞാൽ, സാധാരണമായി നാം പ്രതീക്ഷിക്കാറുള്ളതിന്റെ കടകവിരുദ്ധമായ പ്രതീക്ഷകളാണു് ഇവക്കുണ്ടായിരുന്നതു്. ഇപ്രകാരമുള്ള അവരുടെ പ്രതീക്ഷകൾ നിറവേറുമ്പോൾ അവർ ഹൃദയപൂർവ്വം പുഞ്ചിരിതൂകുന്നതു് കാണാമായിരുന്നു.

ഈ മൂന്നാംസഭക്കാരെ സംബന്ധിച്ചിടത്തോളം ജീവിതം അനന്തമായ ഒരു പൊട്ടിച്ചിരിയും വിനോദവും അമോഘമായ

ഒരു സംഗീതവുമായിരുന്നു. ഈ ലോകത്തിലുള്ള സ്വർഗ്ഗത്തിൽ നിന്നു് അവർ അനന്തമായ ആകാശത്തിനുമപ്പുറമുള്ള ആ നിത്യസ്വർഗ്ഗത്തിലേക്കു് നൃത്തംചെയ്തു പോവുകയായിരുന്നു എന്നു പറഞ്ഞാൽ അതിൽ വലിയ അതിശയോക്തിയൊന്നുമില്ല. അവരുടെ ചുണ്ടുകളിൽ ഒരു പുഞ്ചിരി സദാ മൊട്ടിട്ടുനില്ക്കുന്നു. അവരുടെ ആത്മാവുകളിൽ ഹൃദ്യമായ ഒരു സംഗീതം സന്തതം മാറൊലികൊള്ളുന്നു. ഹാ! ഇവരുടെകൂടെ ജീവിക്കാതിരിക്കാൻ, ചിന്തിക്കുന്നവരിൽ ആർക്കാണു് സാധിക്കുക? ദാരിദ്ര്യചൈതന്യമുള്ളവർ അതിഭാഗ്യവാന്മാരത്രെ; കാരണം സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. തന്നെയുമല്ല, ഈ മൂന്നാംസഭക്കാർ സാമൂഹ്യപ്രവർത്തനങ്ങൾക്കു് ഏററവും പററിയവരാണെന്ന വസ്തുതയും നാം വിസ്മരിക്കരുതു്. മൂന്നാംസഭയിലെ ഒരു സജീവഅംഗത്തിനു് സമുദായത്തിന്റെ ശാശ്വതമായ നന്മക്കുതകുന്ന ഏതെങ്കിലും പദ്ധതി ബുദ്ധിപൂർവ്വം ആവിഷ്കരിക്കയും സമർത്ഥമായി പ്രാവർത്തികമാക്കുകയും ചെയ്യാതിരിക്കുക സാദ്ധ്യമല്ല. മഹാനായ 13-ാം ലെയോ മാർപ്പാപ്പായുടെ സുപ്രസിദ്ധമായ ആ വാക്യം ഇതാണു്:—"നമ്മുടെ സാമൂഹ്യപ്രവർത്തനം, മൂന്നാംസഭയെ പ്രചരിപ്പിക്കുക എന്നുള്ളതിൽ അടങ്ങിയിരിക്കുന്നു....." അനിതരസാധാരണമായ പരിചയസമ്പത്തും സാമൂഹ്യകാര്യങ്ങളിൽ അത്ഭുതാവഹമായ ജ്ഞാനവും ഉണ്ടായിരുന്ന ഈ പാപ്പായുടെ വാക്കുകൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണു്. മൂന്നാംസഭയുടെ പ്രചരണംവഴി, സാമൂഹ്യമണ്ഡലത്തിൽ വിപ്ലവപരമായ വ്യതിയാനങ്ങൾ ഉണ്ടാകുമെന്നു് തിരുമേനിക്കു് നല്ല ഉറപ്പുണ്ടായിരുന്നു. നമ്മുടെ ഈ രാജ്യത്തു്, ഇന്നു നിലവിലിരിക്കുന്ന സാഹചര്യങ്ങളിൽ എന്തു സാമൂഹ്യപ്രവർത്തനങ്ങളിലാണു നാം ഇടപെടേണ്ടതെന്നു് അവധാനപൂർവ്വം ചിന്തിച്ചു നമുക്കു് തീരുമാനിക്കണം. നമ്മുടെ ക്രിസ്തീയജീവിതം നമ്മുടെ മതാനുഷ്ഠാനങ്ങളിൽ മാത്രമല്ല നമ്മുടെ സാമൂഹ്യപ്രവർത്തനപരിപാടികളിലും പ്രതിഫലിക്കുകയും പ്രകാശിക്കുകയും വേണം.

# ഇന്നത്തെ ഏററം വലിയ ആവശ്യം.

സംസ്കാരത്തിലും പരിഷ്കാരത്തിലും മുൻതലമുറകളെ അപേക്ഷിച്ചു താൻ വളരെ ഉയൎന്ന ഒരു പടിയിൽ നില്ക്കുന്നു എന്നു ഇന്നത്തെ മനുഷ്യൻ അഭിമാനിക്കുന്നുണ്ടു്. പരമാൎത്ഥം പറഞ്ഞാൽ, പരസ്പര വൈരുദ്ധ്യങ്ങളാലും ഭീതിയാലും ഇത്രമാത്രം ഉലച്ചിൽ തട്ടിയിട്ടുള്ള ഒരു ജീവിതം മുമ്പൊരു തലമുറയ്ക്കും തള്ളിവിടേണ്ടിവന്നിട്ടില്ല. മനുഷ്യന്റെമേൽ ഭൗതികതയുടെ പിടി അടിക്കടി മുറുകിവരുന്ന കാഴ്ചയാണു് ഇന്നു സർവ്വത്ര കാണുന്നതു്. ആത്മീയമൂല്യങ്ങളെ മാനിക്കുന്നവരുടെ ശതമാനം ഒന്നിനൊന്നു കുറഞ്ഞുവരുന്ന ഇന്നത്തെ ഈ അധോഗതിയെ കാര്യക്ഷമമായി ഒന്നു തടഞ്ഞുനിൎത്താത്ത പക്ഷം അടുത്തപടി മനുഷ്യവംശത്തിന്റെ നാശമാണെന്നു ആത്മാർത്ഥമായി വിശ്വസിക്കുന്ന ചിന്തകരും ഇല്ലാതില്ല. അങ്ങനെ, അടുത്തപടി നാശമാണെന്നും, അതു അനിവാര്യമാണെന്നും തീർത്തുപറയാൻ ആരും ധൈര്യപ്പെട്ടുമോയെന്നു സംശയിക്കുന്നു. ഏതാ-



ശ്രീമാൻ കെ. എം. ജോർജ്ജ്
ബി. എ; ബി. എൽ.

---

* ഫ്രാൻസിസ്കൻ മൂന്നാം സഭാംഗമായ കെ. എം. ജോർജ്ജ് ബി. എ., ബി. എൽ അവർകൾ 1949 നവമ്പർ മാസത്തിൽ സത്യദീപത്തിൽ പരസ്യപ്പെടുത്തിയ ലേഖനം

യാലും മനുഷ്യനിൽ അന്തർലീനമായി കിടപ്പുള്ള ആത്മീയ ചൈതന്യത്തിൽ നാം വിശ്വസിക്കുന്നിടത്തോളംകാലം, മനുഷ്യത്വത്തിൻെറ അഭ്യന്തരമായ നന്മയിലുള്ള വിശ്വാസം പാടെ നശിച്ചിട്ടില്ലാത്തിടത്തോളം കാലം, മാനവസമുദായത്തിൻെറ ഭാവിയെപ്പററി നിരാശയ്ക്കു വകയില്ലതന്നെ.

ഇത്രയും ശരിതന്നെയെന്നു സമ്മതിക്കുക. എന്നാൽ ഇന്നത്തെ നിലയ്ക്കു മുമ്പോട്ടു പോയാൽ ഭാവി ഭയാനകമായിരിക്കുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഇന്നത്തെ കുഴപ്പങ്ങളുടെയും സംഘട്ടനങ്ങളുടെയും അശാന്തിയുടെയും മൂലകാരണങ്ങഠം ഏവയെന്നു ലോകം ശരിക്കു മനസ്സിലാക്കണം. എങ്കിൽ മാത്രമേ നാം ഭയപ്പെടുന്ന നാശത്തിൽനിന്നു രക്ഷപ്പെടാനും, ഭൂമുഖത്തു അങ്ങോളമിങ്ങോളം സന്മനസ്സുള്ള സകലരും അതിയായി ആഗ്രഹിക്കുന്ന ആ പുതിയ വ്യവസ്ഥിതി കെട്ടിപ്പടുക്കാനും സാധിക്കുയുള്ളു. ഇന്നത്തെ കുഴപ്പങ്ങഠംക്കും അശാന്തിക്കുമുള്ള കാരണങ്ങഠം ഏവയാണു്? ഓരോരുത്തരുടേയും ഭാവനയും പരിശീലനവും തത്വസംഹിതയും അനുസരിച്ചു ഓരോരുത്തർ പല കാരണങ്ങളും ചൂണ്ടിക്കാണിക്കും. ഇന്നത്തെ സകല വയ്യാവേലികളുടേയും കാരണം രാഷ്ട്രീയമാണെന്നു വിശ്വസിക്കുന്നവരുണ്ടു്. അതല്ല, പട്ടിണിയുടെ പ്രശ്നമാണു ഇന്നു ലോകത്തെ അലട്ടുന്നതെന്നും, എല്ലാവർക്കും ഉണ്ണാനും ഉടുക്കാനും കിടക്കാനുമുള്ള ഒരു വ്യവസ്ഥിതി ഉണ്ടായാൽ കുഴപ്പമെല്ലാം തീർന്നുവെന്നുമാണു് മറെറാരു പക്ഷം. കമ്മ്യൂണിസമാണു ആധുനികകാലത്തെ ഏററംവലിയ കീറാമുട്ടിയെന്നു കമ്മ്യൂണിസ്റ്റു് വിരോധികളും, ചൂഷണാത്മകമായ മുതലാളിത്തവ്യവസ്ഥിതിയാണു സമരത്തിനും പട്ടിണിക്കും അസമാധാനത്തിനും വഴി തെളിക്കുന്നതെന്നു് സ്ഥിതിസമത്വവാദികളും ഉദ്ഘോഷിക്കും. അതിരുകടന്ന ദേശീയബോധവും, വൻകിട രാഷ്ട്രങ്ങളുടെ ചൂഷണാസക്തിയും സാമ്രാജ്യമോഹവുമാണു് ആധുനികയുദ്ധങ്ങളുടെ നിദാനമെന്നു ഒരഭിപ്രായമുണ്ടു്. ശാസ്ത്രീയനേട്ട

ങ്ങൾ പരസ്പരം നശിപ്പിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതാണ് ഈ നൂററാണ്ടിലെ ഏററംവലിയ ശാപം. ആധുനികമനുഷ്യന്റെ ശാസ്ത്രീയ പുരോഗതിക്കൊപ്പം അവന്റെ ധാർമ്മികബോധംകൂടി ശക്തിപ്പെടുത്തിയാൽ കുഴപ്പമെല്ലാം തീർന്നു എന്നു വിശ്വസിക്കുന്നവരുടെ എണ്ണവും നിസ്സാരമല്ല.

ഇങ്ങനെ ഇന്നത്തെ കുഴപ്പങ്ങൾക്കു പറയപ്പെടുന്ന കാരണങ്ങൾ പലതുണ്ട്. അവയിൽ ഓരോന്നിലും അർദ്ധസത്യങ്ങളും ഭാഗികസത്യങ്ങളും അടങ്ങിയിട്ടുമുണ്ട്. അജ്ഞത, പട്ടിണി, സമരം, ഭീതി, ചൂഷണം, വിതരണത്തിലുള്ള അനീതി— ഇവയെല്ലാം അവസാനിക്കണമെന്നുള്ളതിനെപ്പററി അഭിപ്രായവ്യത്യാസമില്ല. പക്ഷെ എവിടെയാണ് ആരംഭിക്കേണ്ടതു്, ഏതടിസ്ഥാനത്തിലാണ് മുമ്പോട്ടു പോകേണ്ടതു്, എന്നുള്ളതിനെപ്പററി നേതാക്കന്മാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുണ്ട്; പലരും അറിഞ്ഞുകൂടാതാനും. ഇന്ത്യൻ പ്രധാന മന്ത്രിപണ്ഡിററ് നെഹ്റു, അമേരിക്കൻ പ്രസിഡൻറ് മി. ട്രൂമൻ, ബ്രിട്ടീഷ് പ്രധാനമന്ത്രി മി. അററ്‌ലി മുതലായ ലോകനേതാക്കന്മാർ, ഡിമോക്രസിയുടെ സുസ്ഥിതിയും പ്രചാരവുംവഴി, സാന്മാർഗ്ഗികവ്യവസ്ഥിതിയുടെ വിജയം അച്ചാരം ചെയ്യപ്പെട്ടുമെന്നു വിശ്വസിച്ചുകൊണ്ട്, അതിനായി ഭഗീരഥ പ്രയത്നം ചെയ്യുന്നുണ്ടെന്നു സമ്മതിക്കാം. മുൻപറഞ്ഞ നേതാക്കന്മാരേക്കാൾ ഒരുവിധത്തിൽ പറഞ്ഞാൽ കൂടുതൽ ശക്തിമാനും, അനേകമററ വൈരുദ്ധ്യങ്ങളുടെ കലവറയായിത്തീർന്നിട്ടുള്ള ഇന്ന



എറണാകുളം അതിരൂപതയിലെ ഫ്രാൻസിസ്കൻ 3-ാം സഭാംഗങ്ങളുടെ സുപ്പീരിയരായ റവ. ഫാ ജോർജ്ജ് വട്ടംകണ്ടത്തിൽ.

ത്തെ സാമൂഹ്യഘടനയെ എങ്ങനെ രക്ഷിക്കാമെന്നു സൂക്ഷ്മമായി അറിയുന്നവനുമായ മററൊരു മഹാനേതാവും സാന്മാർഗ്ഗികവ്യവസ്ഥിതിയുടെ പുനഃസ്ഥാപനത്തിനും തദ്വാരാ ഇന്നത്തേതിലും മെച്ചമായ ഒരു ലോകവ്യവസ്ഥിതിയുടെ ഉൽഘാടനത്തിനും വേണ്ടി അഹോരാത്രം പരിശ്രമിക്കുന്നുണ്ടു്. മുൻപറഞ്ഞ മഹാനേതാവു്, ആദ്ധ്യാത്മികസാമ്രാട്ടായ റോമ്മാ മാർപ്പാപ്പാ പീയൂസ് 12-ാമൻ തിരുമേനിയല്ലാതെ മററാരുമല്ല. നിരീശ്വരത്വത്തിൽ അധിഷ്ഠിതമായ കമ്മ്യൂണിസത്തിൽനിന്നും, മനുഷ്യന്റെ ആത്മാവിനേയും മനസ്സിനേയും ശരീരത്തേയും ഉരുക്കുചങ്ങലകളാൽ വരിഞ്ഞുകെട്ടി ശ്വാസം മുട്ടിക്കുന്ന റഷ്യൻ സ്വേച്ഛാ പ്രഭുത്വത്തിൽനിന്നും ലോകത്തെ മുഴുവൻ രക്ഷിക്കാനുള്ള സന്ധിയില്ലാത്ത ഒരു അന്തിമസമരത്തിൽ ഏർപ്പെട്ടിരിക്കുന്ന പീയൂസ് പന്ത്രണ്ടാമൻ തിരുമേനി, ഡിമോക്രസിക്കും, വ്യക്തിയുടെ അനിഷേദ്ധ്യമായ അവകാശങ്ങളുടെ സംരക്ഷണത്തിനും, മാനവസ്വാതന്ത്ര്യത്തിനും വേണ്ടി എത്രവലിയ സേവനങ്ങളാണു് അനുഷ്ഠിക്കുന്നതെന്നു ഭാവിതലമുറകൾ മനസ്സിലാക്കാതിരിക്കയില്ല. മുൻപറഞ്ഞ മഹാനേതാക്കന്മാരുടെ പരിശ്രമങ്ങൾ വിജയിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും, അവരുടെ കരങ്ങൾക്കു ശക്തിയും പിൻബലവും നല്കുന്നതിനും, ലോകമെങ്ങുമുള്ള ഈശ്വരവിശ്വാസികളും സമാധാനകുതുകികളുമായ ജനങ്ങൾക്കു ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയുണ്ടെന്നുള്ളതു സ്പഷ്ടമാണല്ലൊ.

ഇപ്രകാരം പ്രാത്ഥിച്ചതുകൊണ്ടുമാത്രം നമ്മുടെ കടമ അവസാനിക്കുന്നില്ല. നമ്മുടെ ജീവിതം ഒന്നു പുനഃക്രമീകരിക്കുകകൂടി ചെയ്യേണ്ടിയിരിക്കുന്നു. ഈശ്വരവിശ്വാസമുള്ളവരെ സംബന്ധിച്ചിടത്തോളം, എങ്ങനെയാണു് ഈ ജീവിതപ്പുനഃക്രമീകരണം നടക്കേണ്ടതെന്നുള്ളതു സ്പഷ്ടമാണു്. അതായതു്, ഈശ്വരന്റെ പിതൃത്വവും മനുഷ്യന്റെ സാഹോദയ്യവും അംഗീകരിച്ചുകൊണ്ടും, ദൈനംദിനജീവിതത്തിൽ പ്രാവത്തിക

മാക്കിക്കൊണ്ടും ജീവിക്കുക എന്നുള്ളതാണു് അതു്. എന്നാൽ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം, തങ്ങളുടെ മഹനീയ മാതൃക ദൈവമായ ക്രിസ്തുതന്നെയാണു്. ക്രിസ്തുവിൽ ലോകം മുഴുവൻ പുനഃപ്രതിഷ്ഠിക്കപ്പെടുകയും ക്രിസ്തുവിൽ സകലതും നവീകരിക്കപ്പെടുകയും ചെയ്യാതെ, യുദ്ധഭീതിയില്ലാത്തതും പട്ടിണിയില്ലാത്തതുമായ ഒരു സമാധാനവ്യവസ്ഥിതി സാദ്ധ്യമല്ലെന്നു നമുക്കറിയാം.

ലോകചരിത്രത്തിൽ ഇന്നത്തേതുപോലുള്ള വിഷമഘട്ടങ്ങൾ പലപ്പോഴും ആവിർഭവിച്ചിട്ടുണ്ടു്. ഈ നൂററാണ്ടിലേതുപോലെ, ആഗോളാടിസ്ഥാനത്തിലും ഇത്ര രൂക്ഷമായും നാരകീയ ശക്തികൾ പ്രബലപ്പെടുകയും ദൈവത്തിൻെറയും മനുഷ്യൻെറയും അവകാശങ്ങൾ ചോദ്യംചെയ്യപ്പെടുകയും ചെയ്തിട്ടില്ല എന്നു മാത്രമേയുള്ളു. ഏതെങ്കിലും ഒരു കാലഘട്ടത്തിൽ തിന്മകളും അസമാധാനവും വർദ്ധിക്കുമ്പോൾ അവയ്ക്കു പ്രതിവിധി കണ്ടുപിടിച്ചു മാനവവംശത്തെ സമാധാനത്തിൻെറയും സഹോദര്യത്തിൻെറയും ഒരു പുതിയ യുഗത്തിലേക്കു നയിക്കുവാൻ ശക്തരായ ചില മഹാപുരുഷന്മാരെ ദൈവം അതതു കാലങ്ങളിൽ അയച്ചിട്ടുണ്ടു്. പന്ത്രണ്ടാംനൂററാണ്ടിൽ ലോകം, യൂറോപ്പു പ്രത്യേകിച്ചും, എല്ലാപ്രകാരത്തിലും വളരെ അധഃപതിച്ചു. അക്കാലത്താണു് സെറാഫിക്കു് മാലാഖായെ വെല്ലുന്ന ഒരു പുണ്യപുരുഷൻ അസ്സീസിയിൽ ജനിച്ചതും, തൻെറ പുണ്യജീവിതത്താലും മാർഗ്ഗദർശിത്വത്താലും യൂറോപ്പിനേയും ക്രൈസ്തവസഭയേയും നാശത്തിൽനിന്നു രക്ഷിച്ചതും. മദ്ധ്യശതകങ്ങളിൽ വിശുദ്ധ ഫ്രാൻസീസ് സാധിച്ചതു, കുറേക്കൂടി വ്യാപകമായതോതിൽ, ഇക്കാലത്തും സാധിക്കേണ്ടിയിരിക്കുന്നു. വിശുദ്ധ ഫ്രാൻസിസിൻെറ ആ ചൈതന്യവിശേഷത്തിനു മാത്രമേ, ഇന്നു സമുദായമദ്ധ്യത്തിൽ ഉണ്ടായിട്ടുള്ള ഭയങ്കരമായ വിടവിനെ നികത്തി, ഉള്ളവരും ഇല്ലാത്തവരും തമ്മിലും, മുതലാളിയും തൊഴിലാളിയും തമ്മിലും, പ്രഖ്യാപിതമാ



മൈലക്കൊമ്പ്, ആരക്കുഴ, ഫൊറോനപ്പള്ളികളുടെ കീഴിലുള്ള 21 പള്ളികളിലെ ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളും സത്യാരാധനസഖ്യാംഗങ്ങളും തെനംകുന്നു പള്ളിയിൽനിന്നും മുതലക്കോടം പള്ളിയിലേക്കു പരിഹാരപ്രദക്ഷിണം നടത്തിയതിനുശേഷം സമ്മേളിക്കുന്നു.

യിരിക്കുന്ന സമരത്തിൽനിന്നും ലോകത്തെ രക്ഷിക്കാൻ സാധിക്കയുള്ളൂ. മാർക്ക്സിൻേറയും ലെനിൻേറയും വിപ്ലവത്തിനുള്ള അഹ്വാനം എന്തെന്തു നാശങ്ങാം രാഷ്ട്രീയസാമ്പത്തിക രംഗങ്ങളിൽ വരുത്തിക്കഴിഞ്ഞെന്നു ലോകം കണ്ടുകൊണ്ടിരിക്കയാണു്! പുല്ലിലും പുഴുവിലും, പക്ഷികളിലും മൃഗങ്ങളിലും മനുഷ്യരിലുമെല്ലാം സാഹോദര്യം ദർശിച്ച വിശുദ്ധ ഫ്രാൻസിസിൻെറ സാഹോദര്യത്തിൻെറ കാഹളത്തിനുമാത്രമേ, "ലോകമാസകലമുള്ള തൊഴിലാളികളേ, സമരത്തിനിറങ്ങുക" എന്നുള്ള മാർക്ക്സിൻെറ ഗർജ്ജനത്തെ എതിരിടാൻ സാധിക്കയുള്ളൂ.

ഇന്നത്തെ ലോകത്തിലെ സകല കുഴഞ്ഞ പ്രശ്നങ്ങളും, പരസ്പരവൈരുദ്ധ്യങ്ങളും, നമ്മുടെ മാതൃഭൂമിയായ ഭാരതത്തിലുമുണ്ടു്. രണ്ടാംലോകസമരത്തിനുശേഷം, ഏതാണ്ടു അവിചാരിതമായ ഒരു മുഹൂർത്തത്തിൽ ആണു് നമുക്കു രാഷ്ട്രീയ സ്വാതന്ത്ര്യം കൈവന്നതു്. തുടർന്നുള്ള ഇൻഡ്യാവിഭജനവും, വർഗ്ഗീയകലാപങ്ങളും, സാമ്പത്തികവിഷമതകളും, ഭക്ഷ്യദൗർലഭ്യവും കമ്മ്യൂണിസ്റ്റു് പ്രവർത്തനങ്ങളും, ഇൻഡോ പാക്കിസ്ഥാൻ ഉരസ്സലുകളും ചൈനയിലെ കമ്മ്യൂണിസ്റ്റു് വിജയവുമെല്ലാം ഇൻഡ്യയെ വലിയ ഒരു വൈഷമ്യത്തിൽ കൊണ്ടുചെന്നു ചാടിച്ചിരിക്കയാണു്. നമ്മുടെ ഈ കേരളക്കരയിലും വിശാലഭാരതത്തിലും സാമ്പത്തിക നീതിയും സമാധാനവും പ്രയോഗത്തിൽ വരണം. നമ്മുടെ സ്വാതന്ത്ര്യം നിലനിൽക്കാൻ അത്യാവശ്യമാണു്. നമ്മുടെ രാജ്യത്തെ വർഗ്ഗീയവഴക്കുകളും വർഗ്ഗസമരവും അവസാനിപ്പിക്കുന്നതിനും യഥാർത്ഥമായ സാഹോദര്യവും സമീകരണവും പുനഃസ്ഥാപിക്കുന്നതിനും ക്രൈസ്തവയുവജനങ്ങാംക്കു ഒഴിച്ചുകൂടാൻ പാടില്ലാത്ത ചുമതലയുണ്ടു്.

ഈ ചുമതലകളുടെ നിർവഹണത്തിനു വിശുദ്ധ ഫ്രാൻസിസിൻെറ മൂന്നാം സഭയുടെ അംഗത്വം വളരെ സഹായക

ആയിരിക്കുമെന്നുള്ളതിനു സംശയമില്ല. നമ്മുടെ ചില ഇടവകകളിൽ, വയസ്സന്മാരുടേയും വയസ്സിമാരുടേയും ഒരു "നിരുപദ്രവ"സംഘടനയായി തേഞ്ഞുവലിഞ്ഞു കഴിഞ്ഞുകൂടുന്ന ഒരു ഭക്തസംഘടനയെന്നോ മറേറാ അല്ലാതെ നമ്മുടെ ചെറുപ്പക്കാരിൽ അധികമാക്കും ഫ്രാൻസിസ്കൻ മൂന്നാംസഭയെപ്പററി അറിയാമെന്നു തോന്നുന്നില്ല. മൂന്നാംസഭയുടെ മാഹാത്മ്യം, ഓരോ കത്തോലിക്കനും ഈ സഭയിൽ ചേരേണ്ടതിൻെറ ആവശ്യകത, ഇവ ഊന്നിപ്രസ്താവിച്ചുകൊണ്ടു ഭാഗ്യസ്മരണാർഹരായ 13–ാം ലെയോ മാർപ്പാപ്പായും 11–ാം പീയൂസ് മാർപ്പാപ്പായും ഓരോ വിശപലേഖനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നു പറയുമ്പോഠം ഈ സഭയുടെ മാഹാത്മ്യം ഏററക്കുറെ ബോധ്യമാകുമല്ലോ. (ഈ വിശപലേഖനങ്ങളുടെ മലയാള വിവത്തനമായ "രണ്ടു വിശപലേഖനങ്ങഠം" എന്ന പുസ്തകവും മൂന്നാംസഭയുടെ നിയമാവലീകഠം, വൈശിഷ്ട്യം ഇവ വിവരിക്കുന്ന "ഇന്നത്തെ അവശ്യം" എന്ന പുസ്തകവും, ടി. ഒ. ബ്യൂറൊ, തില്ലേരി, കൊല്ലം എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ കിട്ടുന്നതാണു്.)

ഇത്ര വിശിഷ്ടമായ മൂന്നാംസഭ, ഓരോ കത്തോലിക്കാ ഇടവകയിലും സ്ഥാപിക്കുന്നതിനും, ഫ്രാൻസിസ്കൻ കപ്പൂച്ചിൻ വൈദികർ കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും താമസിയാതെ പര്യടനം നടത്തുന്നതാണു്. ഇക്കഴിഞ്ഞ നവംബർ 2–ാംനു കോട്ടയത്തു് ഒരു മൂന്നാംസഭാകേന്ദ്രം ഉൽഘാടനം ചെയ്യുകയുണ്ടായി. കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം, കുറവിലങ്ങാട്ടു പാലാമുതലായ പട്ടണങ്ങളിൽനിന്നും വൈദികർ, അഭിഭാഷകർ, ഗവ. ഉദ്യോഗസ്ഥന്മാർ, അദ്ധ്യാപകന്മാർ, രാഷ്ട്രീയ പ്രവത്തകർ, വ്യാപാരികഠം മുതലായി വിവിധ നിലകളിലുള്ള അഭ്യസ്തവിദ്യരായ യുവജനങ്ങളും മദ്ധ്യവയസ്കരുമാണു് ഈ ശാഖയിലെ അംഗങ്ങഠം "കത്തോലിക്കാ പ്രവത്തനം മൂന്നാം സഭയല്ലാതെ മറെറാന്നുമല്ല" എന്നുള്ള 13–ാം ലെ

യോ മാർപ്പാപ്പായുടെ വാക്കുകൾ അത്ഥവത്താണു്. മൂന്നാംസഭയിലെ അംഗത്വവും, സഭാചട്ടങ്ങളുടെ ചൈതന്യത്തിനു അനുസരണമുള്ള ജീവിതവുംകൊണ്ടു് ആദ്ധ്യാത്മികമായും ലൗകികമായും ഉണ്ടാകുന്ന നന്മകൾ അവാച്യമാണെന്നും, ഈ കാലത്തിനു ഏററവും പററിയ ഈ സംഘടനയെപ്പററി ശരിക്കു പഠിക്കണമെന്നും കത്തോലിക്കാ യുവതീയുവാക്കന്മാരെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. ഈ കേരളത്തിൽ കുറേപ്പേർ മൂന്നാംസഭയിൽ ചേന്നുകൊണ്ടു, കേരളത്തിന്റേയോ, ഇൻഡ്യയുടേയോ ഭാവിയിൽ എന്തു മാററം വരാനാണു് എന്നു ചിലർ സംശയിച്ചേക്കാം. ഇതിനുള്ള മറുപടി സാത്വികപരിശുദ്ധനായ ഫ്രാൻസിസ് അസ്സീസിയുടെ ജീവചരിത്രം ഒരു പ്രാവശ്യം വായിക്കുക എന്നു മാത്രമാണു്.



(ഇടത്തുനിന്നു വലത്തോട്ട്)

1. റവ. ഫാ. ബർക്കമാൻസ് ഒ. എഫ്. എം. കപ്പൂച്ചിൻ, കൊല്ലം, തിരുവനന്തപുരം, കൊച്ചി എന്ന രൂപതകളിലെ ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ കമ്മിസറി അച്ചൻ. 2. വെരി. റവ. ഫാ. റിച്ചാർഡ് ഒ. എഫ്. എം. കപ്പൂച്ചിൻ, ഇൻഡ്യയിലെ കപ്പൂച്ചിൻ സഭയുടെയും ഫ്രാൻസിസ്കൻ മൂന്നാംസഭയുടെയും സുപ്പീരിയർ. 3. റവ. ഫാ. ഇഗ്നേഷ്യസ് ഒ. എഫ്. എം. കപ്പൂച്ചിൻ, കൊല്ലത്തുള്ള കപ്പൂച്ചിൻ ആശ്രമാധിപൻ. 4. റവ. ഫാ. ലിയൊ ഒ. എഫ്. എം. കപ്പൂച്ചിൻ, എറണാകുളം, അതിരൂപതയിലെയും ചങ്ങനാശ്ശേരി, തൃശ്ശൂർ, കോട്ടയം, പാലാ എന്ന രൂപതകളിലെയും ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ കമ്മിസറി അച്ചൻ.



കൊല്ലം, തിരുവനന്തപുരം, കൊച്ചി, ചങ്ങനാശ്ശേരി എന്ന രൂപതകളിലെ ഫ്രാൻസിസ്കൻ മൂന്നാം സമാംഗങ്ങളായ ബ. വൈദികർ കൊല്ലത്തുള്ള കപ്പൂച്ചിൻ ആശ്രമത്തിൽ സമ്മേളിക്കുന്നു.

# * വി. ഫ്റാൻസിസും സാമൂഹ്യബോധവും.

ഇന്നു് നാം അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിൻെറ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടുന്നു. ഈ അവസരത്തിൽ നാം ആ വിശുദ്ധൻെറ ജീവചരിത്രത്തേയും ലോകോത്തരമായ ഗുണങ്ങളെയും അനുസ്മരിക്കുകയും പരസ്പരം പറഞ്ഞു് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഇതു് എന്തിനാണു്? ഇതു് കത്തോലിക്കരായ നമ്മുടെ ജീവിതത്തെ പരിഷ്കരിക്കുന്നതിനാണു്. പരിഷ്കരിക്കുക എന്നാൽ പരിശുദ്ധമാക്കുക, വിശുദ്ധിയിലേക്കു് പുരോഗമിപ്പിക്കുക, എന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. നമ്മുടെ ജീവിതം നന്നാകുന്നതോടുകൂടിത്തന്നെ നമ്മുടെ അയൽക്കാരുടെയും സഹജീവികളുടെയും ജീവിതം പരിഷ്കരിക്കുന്നതിനും നാം ഈ അവസരം ഉപയോഗിക്കുന്നു. പ്രത്യേകിച്ചു് ബദ്ധപ്പെടാതെ, നാം ഓടിനടന്നു് മററുള്ളവരോടു് "നിങ്ങൾ നന്നാകണം, നിങ്ങൾ നന്നാകണം" എന്നു മുറവിളികൂട്ടാതെ—ലോകത്തെ നന്നാക്കുവാൻ—മററുള്ളവരെ നന്നാക്കുവാൻ, അവരെ സമുദ്ധരിക്കുവാൻ—നമുക്കു കഴിയും. ഒരു സാമൂഹ്യ ജീവിയായ മനുഷ്യനു് തന്നത്താനെ വളരെ ഒന്നും ചെയ്യാൻ കഴിവില്ല. ഒരാൾ തനിച്ചു് ചീത്തയായിരിക്കുകയോ തനിച്ചു നന്നായിരിക്കുകയോ എളുപ്പമല്ല. നമ്മുടെ മാതൃകാപരമായ ജീവിതം നമ്മുടെ സമൂഹങ്ങളിൽ വിപ്ളവകരമായ ഒരു പരിവർത്തനം തന്നെ വരുത്തും. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു് ഇന്നത്തേതുപോലുള്ള ദിനാചരണങ്ങളിൽക്കൂടി നാം നന്നാകാൻ ശ്രമിക്കുമ്പോൾ, അതിൽതന്നെ നമുക്കു് ലോകത്തേയും ഉദ്ധരിക്കുവാൻ കഴിയുമെന്നു്.

അനേകം നൂററാണ്ടുകൾക്കുമുമ്പു് വളരെ നന്നായി ജീവി

---

* ഫ്റാൻസിസ്കൻ മൂന്നാംസഭാംഗമായ ശ്രീമാൻ കെ. സി. ചാക്കോ. എം. ഏ; ബി. ഇ; എ എം. ഐ. ഇ. അവർകൾ കൊല്ലം, തില്ലേരിയിൽ 1949 ഒക്ടോബർ മാസത്തിൽ ചെയ്ത പ്രസംഗം.

ച്ച ഒരു കൊച്ചുമനുഷ്യൻ—ഒരുവിശുദ്ധൻ—ഒരു ദരിദ്രഭിക്ഷു —ഒരുസന്യാസി ഭൂമുഖത്തു വരുത്തിയ വിസ്മയാവഹമായ പരിവത്തനങ്ങളാണു് ഇന്നത്തെ നമ്മുടെ ചിന്താവിഷയം. "you can change the face of the world-നിങ്ങൾക്കു് ഭൂമിയുടെ മുഖഭാവം മാററുവാൻ കഴിയും'' എന്നു് നിങ്ങൾ പലപ്രസംഗങ്ങളിൽനിന്നും കേട്ടുകാണും. ഈ പേരിൽ ഈ അടുത്തകാലത്തു് വിശ്വവിഖ്യാതമായ ഒരു മഹാഗ്രന്ഥം തന്നെ രചിക്കപ്പെട്ടിട്ടുണ്ടു്. ഇതിൻെറ പരമാത്ഥം നിങ്ങൾക്കു് അറിയണമെങ്കിൽ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിൻെറ ചരിത്രം പഠിച്ചാൽ മതി. ഇന്നു് ലോകപ്രസിദ്ധി നേടിയിട്ടുള്ള ആ കഥ ഞാൻ ഇവിടെ വിവരിക്കുന്നില്ല. ദൈവസ്നേഹത്താൽ കത്തി എരിഞ്ഞുകൊണ്ടിരുന്ന ആ പാവപ്പെട്ട കൊച്ചുമനുഷ്യൻ സ്നേഹമൂത്തിയായ തൻെറ ദിവ്യനാഥനെ പിഞ്ചെല്ലുവാൻ ബന്ധുമിത്രാദികളെ ഉപേക്ഷിച്ചു് ലോകരംഗത്തേയ്ക്കു് ഇറങ്ങി. സ്വഗ്ഗമാകുന്ന നിത്യഭവനത്തിനുവേണ്ടി സ്വന്തഭവനങ്ങളെ വിട്ടിറങ്ങിയ അദ്ദേഹവും അനുയായികളും വൃദ്ധന്മാർക്കും രോഗികൾക്കും സാധുക്കൾക്കും അഭയം നൽകുന്ന അനേകായിരം ഭവനങ്ങളെ ഈ ഭൂമുഖത്തു സ്ഥാപിച്ചു. അദ്ദേഹത്തിൻെറ വിവിധ സന്യാസസഭാംഗങ്ങൾ മഹനീയമായ പാരമ്പര്യവും, ചരിത്ര പ്രഘോഷിതമായ സേവനലക്ഷ്യവും ഇതിനകം സൃഷ്ടിച്ചുകഴിഞ്ഞു. ഇക്കാലമെല്ലാം അവർ സാധുജനസേവനത്തിൽ മുന്നിട്ടു പ്രവത്തിച്ചു. ശമ്പളം പററിക്കൊണ്ടു് സാധുജനസേവനം നടത്തുന്നവരിൽ ആരിലും കാണാൻ കഴിയാത്ത സ്നേഹത്തോടും അനുകമ്പയോടുംകൂടി ആതുരസേവനം നടത്തുന്ന ത്യാഗധീരന്മാരെക്കൊണ്ടു് അദ്ദേഹം ലോകം നിറച്ചു.

"എൻെറ പിതാവിൻെറ ഭവനത്തിൽ ധാരാളം നിലയങ്ങൾ ഉണ്ടു്,'' എന്നറിയിച്ച ദിവ്യനാഥൻെറ ഭവനത്തിൽ നമുക്കു് ഇടംകിട്ടുന്നതിനായി, ഈലോകത്തിൽ ഉപേക്ഷിക്കപ്പെട്ടവക്കും, പുറംതള്ളപ്പെട്ടവക്കും നമ്മുടെ ഭവനങ്ങളിൽ ഇടം

കൊട്ടക്കണമെന്നും, നമ്മുടെ വീട്ടകം ക്രിസ്തുവിൻെറ വാസസ്ഥലത്തിനനുയോജ്യമാകുവാൻ, ദൈവസ്നേഹത്തെപ്രതി മാത്രം ഒരു അതിഥിയെയെങ്കിലും നാം സ്വീകരിക്കണമെന്നും ഏററം നാടകീയമായ രീതിയിൽ ആ വിശുദ്ധൻ പഠിപ്പിച്ചു. ലോകത്തെമുഴുവൻ അദ്ദേഹം തന്നിലേക്കാകർഷിച്ചു, ലൗകികജീവിതത്തിൻെറ വിഭിന്നങ്ങളായ പല വ്യാപാരങ്ങളിൽ ഏർപ്പെട്ടിരുന്നവരെ, അവരവർക്കുചേർന്ന സന്ന്യാസവലയത്തിൽ ആകർഷിച്ചുമത്തി. നമ്മിൽ അധികംപേരെയുംപോലെകുടുംബജീവിതത്തിലേർപ്പെട്ടിരുന്ന നിരവധിയാളുകളെ ഔദ്യോഗികമായ സന്ന്യാസസഭയുടെ പരിധിയിൽ പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. പ്രസിദ്ധ ആംഗലസാഹിത്യകാരനായിരുന്ന മി. ചെസ്റ്റർട്ടൻ പറയുന്നതുപോലെ കുടുംബജീവിതക്കാർക്കുവേണ്ടിയുള്ള ഫ്രാൻസിസ്കൻ സന്ന്യാസസഭയെപ്പററി പലർക്കും ഒന്നും അറിഞ്ഞുകൂടാ.

13-ാം നൂററാണ്ടുമുതൽ ഇന്നുവരെയുണ്ടായിട്ടുള്ള മൂന്നാംസഭാംഗങ്ങളുടെ ഒരു ഘോഷയാത്ര ഇന്ന് നമ്മുടെ മുമ്പിൽക്കൂടികടന്നു പോകുന്ന പക്ഷം അതിലെ അറിയപ്പെടാത്ത വ്യക്തികളെക്കാൾ അഹംലോകപ്രശസ്തിനേടിയ വ്യക്തികളുടെ ബാഹുല്യമായിരിക്കും നമ്മെ വിഭ്രമിപ്പിക്കുന്നത്. ഒരു രഹസ്യസമൂഹം മറനീക്കി പ്രത്യക്ഷപ്പെട്ടതായി അപ്പോൾ നമുക്കു അനുഭവപ്പെടും. നീതിയുടെ ത്രാസ് സാധുക്കളുടെ വശത്തേയ്ക്ക് ചരിയത്തക്കതുപോലെ ഉയർത്തിപ്പിടിച്ചുകൊണ്ട് ഫ്രാൻസിനെ ഭരിച്ചിരുന്ന വി. ലൂയിസ് (നവമൻ) രാജാവ് അക്കൂട്ടത്തിൽ എഴുന്നള്ളുന്നത് നാം കാണും. ഫ്രാൻസിസ്കൻ ആദർശങ്ങൾ അനുകരിച്ച് ദൈവമാതൃ ശുശ്രൂഷയിൽ ആനന്ദിച്ചുവന്ന ഹംഗറിയിലെ വി. എലിസബത്ത് രാജ്ഞിയേയും അടുത്തു പിന്നാലെ കാണും. സ്വകാര്യജീവിതത്തിൽ പ്രബലമായ വികാരസമ്മർദ്ദങ്ങൾക്ക് വിധേയനായിരുന്ന ആ വിശ്വമഹാകവി ഡാൻെറ വി. ഫ്രാൻസിസിൻെറ പ്രേമഭാജനമായിരുന്ന ദാരിദ്ര വനിതയെ പാടിപ്പുകഴ്ത്തികൊണ്ട് അക്കൂട്ടത്തിൽ കടന്നു

പോകും. സ്വസഭാസ്ഥാപകന്റെ ജീവിതത്തിനു് എപ്പോഴും പ്രചോദനം നൽകുകയും, പ്രഥമ ഫ്രാൻസിസ്കൻ സമൂഹത്തിന്റെ സംരക്ഷകയായ പരിശുദ്ധ കന്യകയുടെ അവിസ്മരണീയമായ ചിത്രങ്ങളെ സൃഷ്ടിക്കുകയും ചെയ്ത വിശ്വകലാകാരന്മാരായ ലിയോനാർദോ ദാവിൽസിയേയും റാഫേലിനേയും അതിൽ നമുക്കു് തിരിച്ചറിയുവാൻ കഴിയും. പരിശുദ്ധ കന്യകയുടേയും തന്റെ തിരുക്കുമാരന്റേയും മുദ്രപതിച്ച കൊടിയും പറപ്പിച്ചു കുതിരപ്പുറത്തു് കയറി ഫ്രഞ്ചുഭടന്മാരെയും യുദ്ധരംഗത്തേക്കു നയിച്ച അയോദ്ധ്യകന്യകയായ വി. ജൊവാൻ ഓഫ് ആർക്കും ആ സൈന്യത്തിലുണ്ടായിരിക്കും. അസ്വസ്ഥമായവൻ കടലിൻ മീതെ അജ്ഞാതമായിരുന്ന ഏതോ ഭൂവിഭാഗത്തേയ്ക്കു് കാററിന്റെ ഗതിയനുസരിച്ചു് മാത്രം പൊയ്ക്കൊണ്ടിരുന്ന "സാന്താ മറിയ" എന്ന കപ്പലിൽ എല്ലാ ദിവസവും "രാജകന്യക" എന്ന സ്തോത്രഗീതം ആലപിച്ചു യാത്രചെയ്തു അമേരിക്കയിൽ എത്തുവാൻ ഭാഗ്യം ലഭിച്ച ക്രിസ്റ്റോഫർ കൊളംബസും, പൌരസ്ത്യദേശങ്ങളിലേക്കു് കടൽ മാർഗ്ഗങ്ങൾ തെളിച്ച വാസ്കോഡി ഗാമായും, അരയിൽ കയറും കമ്പിളി ഉടുപ്പുമായി ആഘോഷയാത്രയിൽ സംബന്ധിക്കും. ലോകം മുഴുവൻ വിസ്മയാവഹമായ വൈദ്യുതോപകരണങ്ങൾ വാരിവിതറിയ മഹാ ശാസ്ത്രജ്ഞനായ ഗൽവിനിയേയും ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധനായിരുന്ന ഗലിലിയോയേയും ഫ്രാൻസിസ്കൻ മൂന്നാംസഭാവേഷത്തിൽ നാം കാണാതിരിക്കയില്ല.

വി. ഫ്രാൻസിസ് സേവിയർ, വി. അലോഷ്യസ് ഗൊൻസാഗാ, വി. ഇഗ്നേഷ്യസ് ലയോള, വി. ഫിലിപ്പ് നേരി, വി. വിൻസെൻറ് ഡിപോൾ, വി. ജോൺബോസ്കോ തുടങ്ങിയ വിശുദ്ധന്മാർ നമ്മെ ഒരു പക്ഷെ വിസ്മയിപ്പിക്കയില്ല.

മദ്ധ്യശതകങ്ങളിലെ ഫ്രാൻസിസ്കൻ ആദർശങ്ങളുടെ സമ്പൂർണ്ണ പ്രതിഫലനമെന്നപോലെ വിസ്മയകരമായ ജീവിതലാളിത്യവും ദൈവപരിപാലനയിലുള്ള വിശ്വാസദാർഢ്യവും

പ്രത്യക്ഷപ്പെട്ടത്തിയ ആർസിലെ വികാരിയച്ചൻ വി. ജോൺ വിയാന്നിയുടെ രൂപവും നമ്മുടെ ശ്രദ്ധയെ ആകർഷിക്കും. രാജ്യഭരണപടുവായിരുന്ന വിശുദ്ധ തോമസ് മൂറും, ആദ്ധ്യാത്മിക വിജ്ഞാനത്തിൽ അദ്വിതീയനായിരുന്ന ക്രിസ്ത്വാനുകരണകർത്താവായ തോമസ് അക്കെമ്പിസും, ദീനജനസേവനത്തിന് വിൻസൻറ്ഡിപോാം സഖ്യങ്ങാം സ്ഥാപിച്ച ഫ്രെഡറിക് ഒസാനാം തുടങ്ങിയവരും നമുക്ക് പരിചിതരായിരിക്കും.

പരിശുദ്ധ കന്യകയുടെ അമലോത്ഭവ രഹസ്യം പ്രഖ്യാപനം ചെയ്ത പീയൂസ് നവമൻ, തൊഴിലാളികളുടെ പട്ടയമായ റേരും നൊവാരും രചിച്ച ലിയോപതിമൂന്നാമൻ, "സമാധാനത്തിൻെറ രാജ്ഞിയേ" എന്ന സംബോധനക്കൂടി ജപമാലയിൽ ചേർത്ത ബനഡിക്റ്റ് പതിനഞ്ചാമൻ തുടങ്ങി, കത്തോലിക്കാ സഭയുടെ ഭൂശ്യപരമാധികാരികളായിരുന്ന ഭാഗ്യസ്മരണാർഹരായ പല മാർപ്പാപ്പാമാരും ആ പ്രദർശനയാത്രയിൽ നമുക്ക് തിരിച്ചറിയാൻ കഴിയും.

ഇത്രമാത്രം വൈവിധ്യമേറിയ ഏടകങ്ങാം നിറഞ്ഞ ആ സമൂഹം ഒന്നു കണ്ടാൽമതി, വി. ഫ്രാൻസിസിൻെറ സാർവ്വവ്യാപകമായ സ്വീകാര്യത തെളിയിക്കുവാൻ: അസ്സീസിയിലെ വി. ഫ്രാൻസിസ് എന്ന മധുരതരമായ, മനോമോഹനമായ, വിപ്ലവാത്മകമായ ആ നാമധേയം എന്തെല്ലാം സ്മരണകളാണ് നമ്മിൽ ജനിപ്പിക്കുന്നതു്. ഇരുപതുനൂററാണ്ടുകാംക്ക് മുമ്പ് പലസ്തീനായിൽ ജീവിച്ച തൻെറ ദിവ്യഗുരുവിൻെറ സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും, ദൈവപരിപാലനയിലുള്ള വിശ്വാസദാർഢ്യത്തിൽ അടിയുറച്ച ത്യാഗത്തിൻേറയും സന്ദേശം അറിഞ്ഞു്, അതനുസരിച്ചു് ജീവിക്കുവാൻ കഴിഞ്ഞിട്ടുള്ള ചുരുക്കം ചില വ്യക്തികളിൽ ഒരുവനാണ് വി. ഫ്രാൻസിസ്. മി. ചെസ്റ്റർട്ടൺ അദ്ദേഹത്തെക്കുറിച്ചു് പറയുന്ന ഒരു ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്. "നമ്മെ സംബന്ധിച്ചിടത്തോളം ഏററം പുരാതനമായ ഒരുകാല

ത്തു് ജീവിച്ച ദൈവമായിരുന്ന ആ മനുഷ്യൻ ക്രിസ്തു നല്കിയ ഉപദേശങ്ങൾ നമുക്കു് ദുർഗ്രഹങ്ങളും പലതും അക്ഷരാർത്ഥത്തിൽ വിശ്വസിക്കുവാൻ കഴിവില്ലാത്തവയും ആയിരുന്നു. ആകാശത്തിലെ പറവകളെപ്പോലെ ഭാവിയിലെ ഭൗതികാവശ്യങ്ങളെപ്പററി അലക്ഷ്യമായി ജീവിക്കുവാൻ ക്രിസ്തു ആവശ്യപ്പെട്ടു. അതു ദൈവത്തിനുമാത്രം കഴിവുള്ളതും മനുഷ്യനു് അസാദ്ധ്യവുമാണെന്നും അന്നു പലക്കും തോന്നി. ഇതു് അദ്ദേഹം പറഞ്ഞതായിരിക്കുമോ എന്നുപോലും ചിലർ സംശയിച്ചു. എന്നാൽ വി. ഫ്രാൻസിസ് തൻെറ സഹോദരന്മാരോടു്, നിങ്ങൾ വയലുകളിലെ പുഷ്പങ്ങളെപ്പോലെ ബുദ്ധിയുള്ളവരായിരിക്കുക, അവ നാളത്തെകാര്യം ഓർത്തു ചഞ്ചലപ്പെടുന്നില്ലഎന്നു് ഉപദേശിച്ചു എന്നു വിശ്വസിക്കുവാൻ പ്രയാസമില്ല. ശത്രുക്കളെ സ്നേഹിക്കണമെന്നാണു് അന്നു നാം ഉപദേശിക്കപ്പെട്ടിരുന്നതു്. എത്രയും അതിസ്വാഭാവികമായതും ദൈവികശക്തിക്കുമാത്രം കഴിയുന്നതും ആണെന്നു് അക്കാലത്തു് തോന്നിയെങ്കിൽ, കുരിശുയുദ്ധത്തിൻെറ നടുവിൽ, ശത്രുപാളയത്തിൽ കടന്നുചെന്നു് സുൽത്താനെകണ്ടു് ന്യായവാദം ചെയ്യുന്ന ഫ്രാൻസിസ്ൻെറ പ്രായോഗികതയും ഹൃദയശുദ്ധിയും, നമ്മേ വിസ്മയിപ്പിക്കുന്നില്ല. എൻെറ വേലക്കു് ആവശ്യപ്പെടുന്നവനു് എൻെറ ഉള്ളുടുപ്പുകൂടി നീ കൊടുക്കുക എന്നു് അന്നുനാം കേട്ടതു് ആശ്ചര്യപ്രദമായിരുന്നെങ്കിൽ തൻെറ ചെരിപ്പുകൾ മോഷണം പോയതിൽ ക്ഷുഭിതനായ ഒരു യുവാവിനെ, ആ കള്ളനെ പിഞ്ചെന്നു് ചെരിപ്പിനുള്ളിൽ ധരിക്കുന്ന കാലുറകൾകൂടി അവനു കൊടുക്കുവാൻ ഉപദേശിക്കുന്ന ഒരു ഫ്രാൻസിസ് നമ്മെ ആശ്ചര്യപ്പെടുത്തുന്നില്ല. അംബ്രിയായിലെ സാഹചര്യങ്ങളിൽ ഒരു ഫ്രാൻസിസിനു് ഇവ സാദ്ധ്യമാക്കിയ ശക്തി, പലസ്തീനായിലെ സാഹചര്യങ്ങളിൽ ക്രിസ്തുവായി കാണപ്പെട്ടു എന്നു വിശ്വസിക്കുവാൻ ഇന്നു മനുഷ്യർക്കു പ്രയാസമില്ല.

ക്രിസ്തു നിർദ്ദേശിച്ച ഏക പദ്ധതിയുടെ ഏററം ശക്തമായ വ്യാഖ്യാതാവും, ഏററം പ്രായോഗികമായ നിർവ്വാഹകനും എന്ന നിലയിലാണ് വി. ഫ്രാൻസിസ് ഇന്നു നിലകൊള്ളുന്നതു്. ക്രിസ്തീയമായ പരസ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതധർമ്മം മാത്രമാണ് ലോകോദ്ധാരകമായ ആ ഏകപദ്ധതി.

സാധാരണ ജീവിതത്തിൽ സഭ പൊതുജനദൃഷ്ടിയിൽ പ്രത്യക്ഷപ്പെടുന്നതു് കത്തോലിക്കരായ സാധാരണ ജനങ്ങളുടെ, പ്രത്യേകിച്ചു് ലോകദൃഷ്ടിയിൽ താരതമ്യേന ഉയർന്ന നിലകളിൽ ജീവിക്കുന്ന കത്തോലിക്കരുടെ പെരുമാററങ്ങൾ വഴിയാണ്. വിശ്വവിഖ്യാതങ്ങളായ ചാക്രികലേഖനങ്ങളും പ്രസംഗങ്ങളുംവഴി നമ്മുടെ മാർപ്പാപ്പാമാർ ലോകത്തിനു നൽകിയ സാമൂഹ്യജീവിതക്രമങ്ങളെപ്പററിയുള്ള നിർദ്ദേശങ്ങൾ സാമാന്യജനങ്ങൾ— അകത്തോലിക്കർ പ്രത്യേകിച്ചും— അറിയുന്നില്ല, അറിഞ്ഞിട്ടില്ല. മാർപ്പാപ്പാമുതൽ നമ്മുടെ ഇടവകയിലെ വൈദികർവരെയുള്ള നമ്മുടെ ആത്മീയപിതാക്കളുടെ പ്രായോഗിക ജീവിതവുമായും തൊഴിലാളി ലക്ഷങ്ങൾ ഇടയുന്നില്ല. എന്നാൽ കത്തോലിക്കാ അത്മായരായ നാം എല്ലാവരും പൊതുജനദൃഷ്ടിയിൽ ജീവിക്കുന്നവരാണ്. നമ്മുടെ മാതൃകയായിരിക്കും ലോകത്തെ നയിക്കുന്നതോ, നശിപ്പിക്കുന്നതോ. ലോകത്തെരക്ഷിക്കുവാൻ പര്യാപ്തമായ പരസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം വഹിച്ചുകൊണ്ടു് മനുഷ്യാവതാരംചെയ്ത ക്രിസ്തുവിനെ പ്രതിബിംബിപ്പിക്കേണ്ടതു് നാം ഓരോരുത്തരും ആകുന്നു. ഞാൻ ഒരിക്കലും മറക്കാൻ ഇടയില്ലാത്തവിധം ഹൃദയസ്പൃക്കായ രീതിയിൽ ഈ വാസ്തവം വിവരിച്ചിരുന്ന ഒരു ഗ്രന്ഥം ഞാൻ ഒരിക്കൽ വായിക്കുകയുണ്ടായി. അതിൽ ഒരിടത്തു പറയുന്നു: "നാം ഓരോരുത്തരും ഓരോ ചെറിയ ക്രിസ്തു ആകുന്നു. ലോകത്തിൽക്കൂടി നന്മ പ്രവർത്തിച്ചുകൊണ്ടു് ഓടി നടക്കുന്നതിനു് നമ്മുടെ ദിവ്യനാഥനു്,

നാം ഓരോരുത്തരുടേയും കാലുകളല്ലാതെ വേറെ കാലുകളി ല്ല. വർഗ്ഗവിദ്വേഷം പ്രചരിപ്പിച്ചു് സഹോദരന്മാർ തമ്മിൽ സ്പർദ്ധയും വൈരാഗ്യവും വളർത്തുന്ന പ്രക്ഷോഭകാരികളുടെ താഡനങ്ങൾ ഏററിട്ടു് ക്ഷമയോടുകൂടി അവക്കു് മറേറകവിൾ കാണിച്ചുകൊടുക്കുവാൻ ആ ക്ഷമാമൂർത്തിക്കു് നാം ഓരോരുത്ത രുടേയും അല്ലാതെ മററൊരു മുഖവുമില്ല. അജ്ഞാനത്തിൻെറ അന്ധകാരത്തിൽ ജീവിക്കുന്നവരെ നിത്യജീവൻെറ വാക്കുകൾ പ്രസംഗിച്ചു് കേൾപ്പിക്കുവാൻ ആ വിശ്വചൈതന്യത്തി നു് നമ്മുടെ അധരങ്ങളും നാവുകളും അല്ലാതെ മററു് അവയ വങ്ങളുമില്ല. നാം ഓരോരുത്തരും ക്രിസ്തുവിൽ നിന്നും എത്ര ത്തോളം ഭിന്നരായിരിക്കുന്നുവോ, അത്രത്തോളം ക്രിസ്തു ലോകത്തിൽ തെററിദ്ധരിക്കപ്പെടുന്നു, പരാജയപ്പെടുന്നു.'' നോക്കുക നമ്മു ടെ പ്രാമാണ്യം, നമ്മുടെ ഭീമമായ ഉത്തരവാദിത്വം!! ഒരു ക ത്തോലിക്കാ മുതലാളി– വലിയ തോതിലുള്ള വ്യവസായങ്ങൾ, ബാങ്കുകൾ, വിദ്യാലയങ്ങൾ, മററു പൊതുസ്ഥാപനങ്ങൾ മുത ലായവ നടത്തുന്ന നേതൃസംഘങ്ങളുടെ രൂപത്തിലാകട്ടെ, ചെ റിയ സ്ഥാപനങ്ങൾ നടത്തുന്ന പള്ളിക്കൂടം മാനേജർ തുടങ്ങി സാധാരണ കൂലിക്കാരെ പുരയിടങ്ങളിൽ വേലയ്ക്കു് നിയോ ഗിക്കുന്ന ചെറുകൃഷിക്കാർ, സ്വന്തം അടുക്കളയിൽ ജോലിക്കാ രെ ഏർപ്പെടുത്തുന്ന ചെറിയ ഉദ്യോഗസ്ഥന്മാർവരെ ജീവിത സൌധത്തിൻെറ പല നിലകളിലായി പ്രത്യക്ഷപ്പെടുന്ന ചെ റുമുതലാളികളുടെ രൂപത്തിലാകട്ടെ– ഒരു കത്തോലിക്കാ മുത ലാളി സാംസ്കാരിക ഭക്താഭ്യാസങ്ങളിൽ അതീവതല്പരനാ യിരിക്കുമ്പോൾ തൻെറ ജോലിക്കാരോടു പരുഷമായും അനീ തിപരമായും പെരുമാറുന്നെങ്കിൽ ആ തൊഴിലാളികൾ അ പ്പോൾ അവർക്കനുഭവപ്പെട്ട പ്രായോഗിക ക്രിസ്തീയജീവിത ത്തെ അപലപിക്കുന്നതു് അസംഭവ്യമല്ല.

മതപരമായ ഭക്താഭ്യാസങ്ങളിൽ ബാഹ്യമായി വിശ്വ സ്തത കാണിക്കുകയും അതേസമയം അവർ ഇടപെടുന്ന വ്യവ



ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ, പെററി സെമിനാരി. കൊല്ലം.

സായങ്ങളിലും തൊഴിലുകളിലും പൊതുക്കാര്യങ്ങളിലും അവരുടെ മനസ്സാക്ഷിയിൽ ദയനീയമായ പിളപ്പുകൾക്കു് ഇടം കൊടുത്തു് ക്രിസ്തീയ ഉപവിയ്യും നീതിനിഷ്ഠകളും അല്പമാത്രം അനുയോജ്യമായ ഒരു ജീവിതം നയിക്കുകയുംചെയ്യുന്ന ചിലരുണ്ടു്. അതു് ദുർബലരായ വ്യക്തികൾക്കു് ഇടർച്ചകളും തിന്മയിലേക്കു് ചാഞ്ഞിരിക്കുന്നവർക്കു് തിരുസ്സഭയെ അപലപിക്കുന്നതിനുള്ള ഒരു ഉപാധി നൽകുന്നതിനും കാരണമാകും.

പ്രസ്താവ്യമായ ഈ തെറുകൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ കാണുവാൻ കഴിയും. ധനവാന്മാരായ കത്തോലിക്കർ സാഹോദര്യത്തിൻെറ പരിധിയും സൂചനകളും മറന്നു് ജീവിക്കുന്നു. എല്ലാ നിലയിലുമുള്ള കത്തോലിക്കരും അവരുടെ സാമൂഹ്യ ധർമ്മാനുഷ്ഠാനത്തിൽ ഓരോതരത്തിൽ കുററക്കാരാകുന്നു. കത്തോലിക്കരായതുകൊണ്ടല്ല നാം തെറുകരായതു്; മാനുഷികമായ ദൌർബല്യംകൊണ്ടു മാത്രമാണതു്. നമ്മുടെ ചുററുമുള്ള അകത്തോലിക്ക—അക്രൈസ്തവ—സഹോദരരും നമ്മെപ്പോലെതന്നെ തെററുകാരായിരിക്കാം. എന്നാൽ നമ്മുടെ അയൽക്കാരൻെറ പാപങ്ങളെ പരിശോധിച്ചുകൊണ്ടോ, അവയെപ്പററി അനുതപിച്ചുകൊണ്ടോ നമുക്കു് യാതൊരു ആത്മീയാഭിവൃദ്ധിയും ഉണ്ടാകയില്ല. സ്വന്തം തെററുകൾ ഗ്രഹിച്ചു് "എൻെറ പിഴ" "എൻെറ പിഴ" എന്നു് സമ്മതിച്ചു് അവനവൻെറ നെഞ്ചിൽ ഇടിക്കാതെ അയൽക്കാരൻെറ നെഞ്ചിൽ ഇടിച്ചു് അവനുവേണ്ടി കുററസമ്മതം ചെയ്യുന്നതുകൊണ്ടു് പ്രയോജനമില്ല. മ്ശിഹായിൽ കൂടിയുള്ള സാർവ്വലൌകിക സാഹോദര്യത്തിൻെറ യഥാർത്ഥ തത്വവും രൂപവും മനസ്സിലാക്കിയിട്ടുള്ള നാം ധർമ്മബോധത്തിനെതിരായി പ്രവർത്തിച്ചുപോകുന്നതു്— തെററു് ചെയ്യുന്നതു്—മാനുഷികമായി നമ്മുടെ ബലഹീനതകൊണ്ടാണു്; അതു പരിഹരിക്കാവുന്നതാണു്; പരിഹരിക്കേണ്ടതുമാണു്. അതിനു് നാം ഒരു ആത്മശോധന നടത്തണം. അതിനുശേഷം നാം ഉത്തരം പറയേണ്ട ചി

ല ചോദ്യങ്ങളുണ്ട്.

എൻെറ ജീവിതത്തിൻെറ സകല കഴിവുകളും എനിക്കും എൻെറ കുഞ്ഞുങ്ങൾക്കും സുഖമായി ജീവിക്കുന്നതിനു വേണ്ട ധനം സമ്പാദിക്കുന്നതിനല്ലേ ഞാൻ വിനിയോഗിക്കുന്നതു്? എൻെറ ആകാംക്ഷകളും പ്രയത്നങ്ങളും ആശങ്കകളും അധികവും ധനാജ്ജനസംബന്ധമല്ലേ? ഞാൻ ധനികനായ ഒരു കത്തോലിക്കനാണോ? ദൈവം എന്നെ ഏല്പിച്ചിരിക്കുന്ന സ്വത്തു് ഒരു കാര്യസ്ഥൻ എന്ന നിലയിൽ മാത്രം ഞാൻ ഉപയോഗിക്കുന്നുണ്ടോ? എൻെറ സമ്പാദ്യത്തിൽ എത്രമാത്രം സാധുജനസംരക്ഷണത്തിനായി ഞാൻ നൽകുന്നുണ്ടു്? ഞാൻ വേലയെടുപ്പിക്കുന്നവക്കു് ന്യായമായ പ്രതിഫലം, എൻെറ കഴിവനുസരിച്ചു് നൽകുന്നുണ്ടോ? വേലക്കൂലി നിശ്ചയിക്കുന്നതിനു് ഞാൻ പ്രയോഗിക്കാറുള്ള ന്യായങ്ങൾ എനിക്കുതന്നെ സ്വീകാര്യങ്ങളാണോ?.

ഈ ചോദ്യങ്ങൾക്കു് ഓരോ വ്യക്തിയും പറയാവുന്ന ഉത്തരങ്ങൾ എന്തെല്ലാമെന്നു് ഞാൻ ആലോചിക്കുന്നില്ല; പറയേണ്ട സമാധാനം എന്താണെന്നു് നാം എല്ലാവരും ആലോചിക്കുകയാണു് വേണ്ടതു്. ഞാൻ വിഭാവനം ചെയ്യുന്ന ഉൽകൃഷ്ട ജീവിത രീതിക്കും ധാമ്മികബോധത്തിനും ചേന്ന സമാധാനം ഇവക്കു് നൽകുവാൻ ഒരു മനുഷ്യനെ പ്രേരിപ്പിക്കുന്ന ശക്തി അവനിലുള്ള ത്യാഗശീലവും സഹനശീലവും ആകുന്നു. എമ്മാവൂസിലെ ശിഷ്യന്മാരോടു് അജ്ഞാതവേഷത്തിൽ അവരോടുകൂടി യാത്ര ചെയ്ത ക്രിസ്തു ചോദിച്ചു. "മനുഷ്യപുത്രൻ പീഡകൾ സഹിച്ചുകൊണ്ടു് മഹത്വത്തിലേക്കു് പ്രവേശിക്കേണ്ടിയിരുന്നു എന്നു നിങ്ങൾ ഓർമ്മിക്കുന്നില്ലേ?" എന്നു്. അതുപോലെ നാം എല്ലാം മഹത്വത്തിലേക്കു് പ്രവേശിക്കേണ്ടതു് നമ്മുടെ കുരിശുകളും വഹിച്ചുകൊണ്ടു് നമ്മുടെ ദിവ്യരക്ഷകനെ പിൻചെന്നുകൊണ്ടാണു്. "പരിപൂർണ്ണനാകുവാൻ നീ ഇച്ഛിക്കുന്നുവെങ്കിൽ നിനക്കുള്ളതെല്ലാം വിററു് സാധുക്ക

ൾക്കു് കൊടുത്തിട്ടു് നിൻെറ കുരിശുംവഹിച്ചുകൊണ്ടു് എന്നെ അനുഗമിക്കുക" എന്നു് ദിവ്യരക്ഷകൻ സുവിശേഷത്തിലെ ചെറുപ്പക്കാരനോടു് പറഞ്ഞതു് നാം ഓരോരുത്തരോടും പറഞ്ഞതിനു് സമമാണു്. കഷ്ടപ്പാടുകളും സങ്കടങ്ങളും മനുഷ്യൻെറ അവശതകൾ മാത്രമല്ല അവൻെറ ഉപകാരങ്ങൾ കൂടിയാണു് എന്നു നാം ധരിക്കുമ്പോൾ, അതു നമ്മുടെ ജീവിതമാർഗ്ഗമായി നാം സ്വീകരിക്കുമ്പോൾ, നമ്മുടെ ലൌകികജീവിതത്തിനാധാരമായ ധനത്തിൻെറ അളവിനെപ്പററിയും, നാം അനുഷ്ഠിക്കേണ്ട പരോപകാരപ്രവൃത്തികളുടെ പരിമാണത്തേയും പരിധികളേയുംപററിയും ഒരു പുതിയബോധം നമുക്കുണ്ടാകും. ന്യായമായി നാം ആർജ്ജിച്ച ധനംകൊണ്ടുപോലും അമിതമായ സുഖഭോഗങ്ങൾ അനുഭവിക്കുവാൻ നാം തുനിയുന്നെങ്കിൽ അത്രക്കും അതു നമ്മുടെ പുണ്യപൂർണ്ണതക്കു് വിഘാതമാകും. നമ്മുടെ സ്ഥിതിക്കും സ്ഥാനത്തിനും ചേർന്ന വിധം അതിഥിപൂജക്കും സൽക്കാരങ്ങൾക്കുമായി നാം ധനം വ്യയം ചെയ്യുന്നെങ്കിൽ അതിലും വിശേഷിച്ചു് ഒരു നന്മയുമില്ലെന്നു് നാം വ്യക്തമായി ഉദ്ബോധിപ്പിക്കപ്പെട്ടിരിക്കുന്നു. നമുക്കു് പ്രത്യുപകാരം ചെയ്യാൻ കഴിവില്ലാത്തവക്കു് നാം ചെയ്യുന്ന ദാനധർമ്മങ്ങൾമാത്രം ദിവ്യാനുഗ്രഹങ്ങൾ നിറഞ്ഞതായിരിക്കും എന്നും അസന്നിഗ്ധമായി നാം അറിയുന്നുണ്ടു്.

ഈ പശ്ചാത്തലത്തിലാണു് നാം നമ്മുടെ അനന്തരാവകാശികളുടെ സുഖസൌകര്യങ്ങൾക്കായി സമ്പാദിക്കേണ്ടതും നമുക്കുവേണ്ടി പ്രയത്നിക്കുന്നവരുടെ പ്രതിഫലം നിശ്ചയിക്കേണ്ടതും. വേലക്കാർക്കു് ന്യായമായി നാം കൊടുക്കേണ്ടകൂലി— അവരുടെ ജീവനക്കൂലി— അതു നാം നിഷേധിക്കുന്ന പക്ഷം അതു് പ്രതികാരം ആവശ്യപ്പെട്ടുകൊണ്ടു് ദൈവത്തോടു് നിലവിളിക്കും എന്നു നാം മറക്കരുതു്. തൊഴിലാളികളോടു് ഇതിലേറെ അനുഭാവപൂർവ്വമായ ഒരു നിയമം ലോകത്തിലെ

ഒരു ശക്തിക്കും നൽകുക സാധ്യമല്ല. എത്ര ശക്തമായ ഭരണകൂടത്തിൻെറയും നീതിപരിപാലനയെ വഞ്ചിക്കാൻ മനുഷ്യനു കഴിഞ്ഞു എന്നു വരാം. എന്നാൽ വഞ്ചിക്കപ്പെടുവാൻ വഹിയാത്ത ദൈവംതന്നെ "വേലക്കൂലി"യുടെ നീതിപരിപാലന നിർവ്വഹിക്കും എന്നു ഭരമേററിരിക്കുന്നു.

നാം നൽകേണ്ട ആ വേലക്കൂലിയുടെ മാനദണ്ഡം എന്തോ അതുതന്നെയാണു് നമുക്കു നമ്മുടെ പ്രയത്നത്തിൻെറ ഫലമായി നേടാവുന്ന വേലക്കൂലിയും. അതിൽ കവിഞ്ഞു് നമുക്കു് ലഭിക്കുന്ന ആദായം ലോകത്തിൻെറ സുസ്ഥിതിക്കു് സഹായകമായവിധം വിനിയോഗിക്കുവാൻ നമ്മെ ഏല്പിച്ചിരിക്കുന്ന ഒരു നിധിമാത്രമാകുന്നു. അതുകൊണ്ടു് നമുക്കു് എത്രമാത്രം നമ്മുടെ അനന്തരാവകാശികൾക്കായി സൂക്ഷിക്കാം? നാം നിയോഗിക്കുന്ന ഓരോ ജോലിക്കാരനും അവൻെറ അനുദിനാവശ്യങ്ങൾ കഴിഞ്ഞു് അവൻെറ ശമ്പളത്തിൻെറ എത്ര ഓഹരി പിൽക്കാലാവശ്യങ്ങൾക്കായി നീക്കിവെക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു കൂലിയാണു് നാം അവനു് കൊടുക്കുന്നതു്. നമ്മുടെ ആദായത്തിൻെറ ആ ഓഹരിമാത്രം നമ്മുടെ പിൽക്കാലാവശ്യങ്ങൾക്കു് നീക്കിവെക്കുകയാണു് നമുക്കു് കരണീയം എന്നാണു് എൻെറ അഭിപ്രായം. പ്രയോഗത്തിൽ വളരെ വൈഷമ്യമുള്ള ഒരു മാനദണ്ഡമാണിതു്. വരുമാനത്തിൻെറ ഒരു ക്ലിപ്തസംഖ്യമാത്രം സൂക്ഷിക്കുക എന്നു നിർദ്ദേശിക്കുന്നതിൽ അർത്ഥമില്ല. സ്വമനസ്സാ ചെയ്യുന്ന ത്യാഗപൂർണ്ണമായ വിധിക്കാണു് ദൈവം കൂടുതൽ വില കല്പിക്കുന്നതു്. ഏതായാലും ഈ നിശ്ചയത്തോടു് അഭേദ്യമായി ബന്ധപ്പെട്ടതാണു് നമ്മുടെ ആദായത്തിൻെറ എത്ര അംശം ധർമ്മകാര്യങ്ങൾക്കായി വിനിയോഗിക്കണമെന്നുള്ളതു്. സഭയുടെ ആദ്യകാലങ്ങളിൽ സഭാംഗങ്ങൾ എല്ലാ ആദായങ്ങളും സംയുക്തഉടമസ്ഥതയിൽ കൈകാര്യം ചെയ്തിരുന്നതായി കാണാം. പിൽക്കാലങ്ങളിൽ ആദായത്തിൻെറ ദശാംശം നിർബന്ധിത ധർമ്മസം

ഭാവനയായി സഭ ശേഖരിച്ചിരുന്നതായും കാണുന്നു. ഇന്നു് അതുപോലെ ഒരു ശതമാനം സഭ നിർദ്ദേശിക്കാത്തതു് അതു് ആ ദാനത്തിന്റെ ദാനസ്വഭാവത്തിനു് വിരുദ്ധമായതുകൊണ്ടായിരിക്കാം. ഏതായാലും ആ അംശം നാംതന്നെ നിശ്ചയിച്ചു് വ്യവസ്ഥാപിതസംഘങ്ങൾ വഴിയായോ, അഥവാ രഹസ്യമായി സ്വന്തനിലയിലോ സാധുക്കൾക്കായി വിതരണം ചെയ്യുവാൻ നമുക്കു് ധാർമ്മികമായ ഒരു ചുമതലയുണ്ടെന്നാണു് എന്റെ വിശ്വാസം.

നമ്മുടെ സമ്പാദ്യം മുഴുവൻ ദീനദയാലുത്വംവിചാരിച്ചു് ദാനംചെയ്തിട്ടു് നമ്മുടെ കുഞ്ഞുങ്ങൾ നിരാധാരരായി തീരാനിടയുള്ളവിധം നാം പെരുമാറുന്നതു് വിവേകപൂർവ്വമല്ല എന്നു് എല്ലാവരും പറയുമായിരിക്കും. ഈ ചിന്താഗതിക്കു് നമ്മെ പ്രേരിപ്പിക്കുന്നതു് പ്രധാനമായി നമ്മുടെ ധനസമ്പാദനചാതുര്യത്തെപ്പററിയുള്ള മതിപ്പും നമ്മുടെ കുഞ്ഞുങ്ങൾക്കു് അതിനുള്ള സാമർത്ഥ്യത്തെപ്പററി നമുക്കുള്ള ആശങ്കയും ആകുന്നു. അതുരണ്ടും കാര്യമാക്കാനില്ല. നമുക്കു് സാമർത്ഥ്യം തരുന്നതും നമ്മുടെ കുഞ്ഞുങ്ങൾക്കു് സാമർത്ഥ്യം കൊടുക്കുകയോ, കൊടുക്കാതിരിക്കുകയോ ചെയ്യുന്നതും ദൈവമാണു്. നാളത്തെ കാര്യങ്ങളെ ആലോചിച്ചു് നാം അസ്വസ്ഥരാകാതിരിക്കുന്നതിനു്, ഒരിക്കലും തെററിധരിക്കുവാൻ പാടില്ലാത്തവിധം ഉപമകൾ വഴിപോലും അല്ലാതെ, സ്പഷ്ടമായി, ലളിതമായി, നമ്മുടെ ദിവ്യരക്ഷകൻ നമുക്കു് നൽകിയിട്ടുള്ള ഉപദേശം നമ്മെ ധൈര്യപ്പെടുത്തേണ്ടതാണു്. “അതുകൊണ്ടു് ഞാൻ നിങ്ങളോടു് പറയുന്നു: എന്തുതിന്നും എന്തുകുടിക്കും എന്നു് ജീവനെസംബന്ധിച്ചോ, എന്തു് ഉടുക്കും എന്നു് ശരീരത്തെ സംബന്ധിച്ചോ നിങ്ങൾ വിചാരപ്പെടേണ്ട. ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ ശേഖരിക്കുന്നുമില്ല, സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു് അവയെ പോററുന്നു. ഹാ! അവയെക്കാൾ നിങ്ങൾ ശ്രേഷ്ഠതയുള്ള



ഫ്റാൻസിസ്കൻ മൂന്നാംസഭാംഗങ്ങൾ, വി. അന്തോനീസിൻെറ പള്ളി,
കാഞ്ഞിരക്കോട്ട്, കുണ്ടറ.

വരല്ലയോ? വസ്ത്രത്തെപ്പററിയും നിങ്ങൾ എന്തിനു വിചാരപ്പെടുന്നു. വയലിലെ ശോശന്നകൾ എങ്ങനെ വളരുന്നു എന്നു് പരിശോധിക്കുവിൻ. അവ അദ്ധ്വാനിക്കുന്നില്ല, നൂൽക്കുന്നുമില്ലല്ലോ. ശ്ലെമ്മോൻപോലും അവൻെറ സർവ്വമഹത്വങ്ങളിൽ തന്നെയും, അവയിൽ ഒന്നുപോലെ അലങ്കരിക്കപ്പെട്ടിരുന്നില്ല എന്നു് ഞാൻ നിങ്ങളോടു് പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടപ്പെടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇപ്രകാരം അണിയിക്കുന്നെങ്കിൽ അല്പവിശ്വാസികളേ, നിങ്ങളെ (അതിൽ) വളരെ അധികമായി (അണിയിക്ക) ഇല്ലയോ? അതുകൊണ്ടു് നാം എന്തു തിന്നും എന്നോ എന്തു കുടിക്കും എന്നോ, എന്തു് ഉടുക്കും എന്നോ നിങ്ങൾ വിചാരപ്പെടുകയും പറയുകയുംവേണ്ടാ. ലോകത്തിലെ പുറജാതികളാകുന്നു ഇവയെല്ലാം അന്വേഷിക്കുന്നതു്. സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു് ഇവയെല്ലാം നിങ്ങൾക്കും ആവശ്യമാകുന്നു എന്നറിഞ്ഞിരിക്കുന്നു. നിങ്ങൾ ദൈവത്തിൻെറ രാജ്യവും അവിടുത്തെ നീതിയും ആദ്യമേ അന്വേഷിക്കുവിൻ; ഇവയെല്ലാം കൂട്ടിച്ചേർത്തു് നിങ്ങൾക്കു് തരപ്പെടും. ആകയാൽ നാളത്തെ കാര്യംകൊണ്ടു് നിങ്ങൾ വിചാരപ്പെടേണ്ട. ഈ നാളെത്തന്നെ അതിൻെറ കാര്യത്തെപ്പററി വിചാരപ്പെട്ടുകൊള്ളും. അതതു ദിവസത്തിനു് അതതിൻെറ കഷ്ടത മതി" (മത്തായി. VI· 25–34) ഒരു പക്ഷേ ദൈവത്തിൽ ആശ്രയിച്ചുള്ള കരുതലില്ലായ്മ വിവേകക്കുറവാണെന്നു്—ഭ്രാന്താണെന്നു്—ലോകം പഴിച്ചേക്കാം.

അതു ശരിതന്നെ! അല്പവിശ്വാസികളും അധരങ്ങൾകൊണ്ടു്മാത്രം അയൽക്കാരനെ ശുശ്രൂഷിക്കുന്നവരും ആയ സമകാലീനന്മാരുടെ മുമ്പിൽ ഭ്രാന്തുതന്നെയാണു്. ഈ വിധി ഇന്നോ ഇന്നലയോ മാത്രം ലോകം നൽകിയതല്ല. ഇതുപോലുള്ള നിരവധി ഭ്രാന്തന്മാരെ ഇതിനുമുമ്പും ലോകം കണ്ടിട്ടുണ്ടു്. വൈദികമേലദ്ധ്യക്ഷൻെറയും ബഹുജനങ്ങളുടെയും മുമ്പിൽവച്ചു് പരസ്യമായി തൻെറ ഉടുവസ്ത്രങ്ങൾപോലും അ

ഴിച്ചു് ഉദ്യോഗസ്ഥപ്രമാണിയായ സ്വപിതാവിനെ ഏല്പിച്ചിട്ടു്, ദരിദ്രനായി ലോകരംഗത്തേക്കിറങ്ങിയ പ്രഭുകുമാരനായ അസ്സീസിയിലെ ഫ്രാൻസിസിനെ ലോകം ഒരു ഭ്രാന്തനായിട്ടാണു് അന്നു കണ്ടതു്. ഒരു ഇംഗ്ലീഷു് രാജാവിൻെറ വിശ്വസ്തനും സമർത്ഥനും ആയ ഉദ്യോഗസ്ഥപ്രമാണി എന്ന നിലയിൽ തനിക്കു് വിധേയമായിരുന്ന സ്ഥാനമാനങ്ങളേയും സമ്പത്തുക്കളേയും അവഗണിച്ചു് സ്വജീവനെ വലിച്ചെറിഞ്ഞ തോമസ്സു് മോറിനെ ഒരു ഭ്രാന്തനായിട്ടാണു് അന്നു പലരും കണ്ടതു്. എല്ലാവൎക്കും സുസമ്മതനായ ഒരു സൎവ്വകലാശാലാ പ്രൊഫസറുടെ സ്ഥാനവും സുഖസൌകൎയ്യങ്ങളും, പരിത്യജിച്ചു്, പാരീസിൽനിന്നും പുറപ്പെട്ടു് "എനിക്കു് ആത്മാക്കളെ തരിക" എന്നു നിലവിളിച്ചുകൊണ്ടു് ഇന്ത്യാ, ജപ്പാൻ മുതലായ വിദൂരദേശങ്ങളിൽക്കൂടി ഓടിനടന്നു് കാലംകഴിച്ച ഫ്രാൻസിസ്സു് സേവ്യറെ ഒരു ഭ്രാന്തനായി അന്നു പലരും കരുതിയിട്ടുണ്ടു്. ദരിദ്രലക്ഷങ്ങളുടെ ആരാധ്യപുരുഷനായി ഇന്നു ലോകം വണങ്ങുന്ന വിൻസൻറു് ഡിപോറം തൻെറ വാൎദ്ധക്യകാലത്തു് സ്വന്തം ബലഹീനതകളേയും അപകടങ്ങളേയും കൂട്ടാക്കാതെ പാതിരാക്കാലങ്ങളിൽ പാരീസിലെ തെരുവീഥികളിൽക്കൂടി ചുററിത്തിരിഞ്ഞു് അനാഥശിശുക്കളെ ശേഖരിച്ചുവന്നതു് ഭ്രാന്തായിക്കരുതിയിരുന്നവരും ഉണ്ടായിരുന്നു. അത്ഭുതങ്ങൾ പ്രവൎത്തിച്ചുകൊണ്ടു് തൻെറ ചുററുമുള്ളവൎക്കു് നിരവധി സഹായങ്ങൾ ചെയ്തുവന്നവനെങ്കിലും, അക്രമപ്രസക്തരും അശുദ്ധജീവിതത്തിൽ ഏൎപ്പെട്ടിരുന്നവർകൂടിയും ആയ അനാഥക്കുഞ്ഞുങ്ങളെ അരികത്തു് വിളിച്ചു്, ശുശ്രൂഷിച്ചു്, അവരെ നിയന്ത്രിച്ചും, സംരക്ഷിച്ചും നന്മയിലേക്കാകൎഷിച്ചുവന്ന ഡോൺബോസ്കോയെ ഒരു ഭ്രാന്താലയത്തിൽ അടയ്ക്കുവാൻ തൻെറ ഏററം അടുത്ത ചില സ്നേഹിതർ ശ്രമിച്ചിട്ടുണ്ടു്. അഹോവൃത്തിക്കുവേണ്ടി വേലചെയ്യുന്നതിനിടയിൽ അല്പസമയം കിട്ടുമ്പോൾ അതു് സഹവാസികളോടുകൂടി വിശ്രമകേന്ദ്രങ്ങളി

ലോ ഭോജനശാലകളിലോ ചെലവുചെയ്തു് ന്യായമായ വിശ്രമസുഖംപോലും അനുഭവിക്കാതെ, അടുത്തുള്ള ദേവാലയത്തിലോടിയെത്തി, സക്രാരിയുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നതിനു് വിനിയോഗിച്ചിരുന്ന കൂലിവേലക്കാരൻ മാത്യു ററാൽബർട്ടിനെ ഒരു ഭ്രാന്തനായി ചിലർ പുച്ഛിച്ചിട്ടുണ്ടു്. "ദൈവത്തിനുവേണ്ടി, ദൈവകുമാരനോടു സഹകരിച്ചുകൊണ്ടു്, ദുസ്സഹമായ ശാരീരികപീഡകൾ അനുഭവിക്കുവാനുള്ള ഭാഗ്യം ലഭിച്ച ഞാൻ ഒരു മിടുക്കി"യാണെന്നു്, ആവർത്തിച്ചാവർത്തിച്ചു് പറഞ്ഞു് പീഡാനുഭവങ്ങളിൽ ആനന്ദിച്ച അൽഫോൻസാമ്മയെ ഒരു ഭ്രാന്തിയെന്നു് അവളുടെ ചില സതീർത്ഥ്യർ ആക്ഷേപിച്ചിട്ടുണ്ടു്. അഭികാമ്യവും ആദായകരവും പ്രശസ്യവും ആയ ഒരു ഉദ്യോഗം സ്വമേധയാ ഉപേക്ഷിച്ചു്, നാളത്തെ ചെലവിനുള്ള വക കാണുകയോ കരുതുകയോ ചെയ്യാതെ, സംപൂർണ്ണ ഭിക്ഷുവായി ഇപ്പോൾ ജീവിതം കഴിക്കുന്നവനും എൻ്റെ പ്രിയ സ്നേഹിതനുമായ ശ്രീ. പീററർ റെഡ്ഢിയെ ചിലപ്പോൾ നേരംപോക്കായി ഒരു ഭ്രാന്തൻ്റെ സ്ഥാനത്തു് ഞാൻ സങ്കല്പിക്കുകയും സംബോധന ചെയ്യുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെ ലോകാരംഭംമുതൽ ലൌകിക സുഖഭോഗങ്ങളെ അവഗണിച്ചു് ആത്മീയൈശ്വര്യങ്ങൾക്കായി സാഹസപ്പെട്ടിട്ടുള്ളവരെയെല്ലാംതന്നെ ഭ്രാന്തിൻ്റെ മുദ്ര നൽകി ലോകം പ്രദർശിപ്പിച്ചിട്ടുണ്ടു്. എന്നാൽ കാലങ്ങളുടെ പൂർണ്ണതയിൽ ആ ഭ്രാന്തുകൾമാത്രം സുബുദ്ധിയും, അവയെ എതിർത്ത ശക്തികൾമാത്രം ഭ്രാന്തും ആയിരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. വിശുദ്ധ ഗ്രന്ഥങ്ങളിലെ ഒരു ഭാഗത്തെ അനുകരിച്ചുകൊണ്ടുള്ള ഒരു ഉദ്ധരണി ഇവിടെ പ്രത്യേകം പ്രസക്തമാണു്. "ചിലർ ഭ്രാന്തന്മാരായി ജനിക്കുന്നു. ചിലർ ഭ്രാന്തന്മാരാക്കിച്ചെയ്യപ്പെടുന്നു. ചിലർ ദൈവരാജ്യത്തെപ്രതി ഭ്രാന്തന്മാരാകുവാൻ സ്വയമേ സന്നദ്ധരാകു

ന്നു.'' ഈ അവസാനവിഭാഗത്തിൽപ്പെട്ട ഭ്രാന്തന്മാരായി കാണപ്പെടുവാൻ നാം സന്നദ്ധമാകുമ്പോഠം നമ്മുടെ പ്രവർത്തനങ്ങഠം സജീവങ്ങളും കൂടുതൽ ഫലപ്രദങ്ങളുമാകും.

നമുക്കു് ഓരോരുത്തർക്കും ദൈവം നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങളിൽ പൂർണ്ണതൃപ്തിയോടുകൂടി ജീവിച്ചു്, നമ്മുടെ കഴിവുപോലെ, നമ്മെ ദൈവം ഏല്പിച്ചിട്ടുള്ള സ്വത്തുക്കഠം യഥായോഗ്യം നമ്മുടെ അയല്ക്കാക്കുകൂടി കൊടുത്തു്, ശാരീരികവും മാനസികവും ആയ വൈഷമ്യങ്ങഠം നമുക്കു് വരുന്നതു് ക്ഷമയോടുകൂടി സഹിച്ചു്, മററുള്ളവരുടെ ദുഃഖസങ്കടങ്ങളിൽ ഓരോവിധത്തിൽ അവരെ ആശ്വസിപ്പിച്ചു്, ദൈവചിത്തത്തോടു് സഹകരിക്കുവാൻ അവരെ പരിചയിപ്പിച്ചു്, ലോകത്തിനു നന്മചെയ്തുകൊണ്ടു് ജീവിക്കുന്ന ക്രിസ്തുവിൻെറ അപ്പോസ്തലന്മാർ ആയിത്തീരാം. ഞാൻ മുൻപു് പറഞ്ഞതുപോലെ മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹത്തെപ്രതി ലോകാവസാനത്തോളം നമ്മോടുകൂടി നമ്മുടെ സക്രാരികളിൽവസിക്കുന്ന ആ തടവുകാരനു് ലോകോപകാരാർത്ഥം സഞ്ചരിച്ചു് പ്രയത്നിക്കുവാൻ നമ്മുടെ കാലുകളും നമ്മുടെ കൈകളും മററു് നമ്മുടെ ഓരോ അവയവങ്ങളും മാത്രമാണു് ഉള്ളതു് എന്ന ഓർമ്മ നമ്മുടെ പ്രവൃത്തികളെ അനുദിനം നിയന്ത്രിക്കട്ടെ. "ഭൂമിയിൽ നന്മനസ്സുള്ളവക്കു് സമാധാനം'' എന്ന ദൈവദൂതന്മാരുടെ സന്ദേശവും "ക്രിസ്തു നിങ്ങഠംക്കു സമാധാനം നല്കുമാറാകട്ടെ'' എന്ന വി. ഫ്രാൻസിസിൻെറ അനുഗ്രഹസന്ദേശവും ആശംസിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

## * ഫ്റാൻസിസ്ക്കൻ മൂന്നാം സഭ

നമ്മുടെ ഇടയന്നടുത്ത വിസീത്തയുടെ ഒരു പ്രധാനപരിപാടിയായി നാം സ്വീകരിച്ചിട്ടുള്ളതു് കുടുംബസന്ദർശനമാണെന്നു നിങ്ങറാക്കറിയാവുന്നതാണല്ലൊ. ഇടവകകളിലെ ഓരോ വീടും സന്ദർശിക്കുന്നതുകൊണ്ടു നമ്മുടെ ജനങ്ങളെ എല്ലാവരേയും നേരിട്ടുകാണുന്നതിനും അവരുടെ സ്ഥിതിഗതികറം മനസ്സിലാക്കുന്നതിനും നമുക്കു സാധിക്കുന്നുവെന്നുള്ളതു് ഒരു വലിയ നേട്ടമായി നാം പരിഗണിക്കുന്നു. പലേനല്ല ഗുണപാഠങ്ങളും ഇതുവഴി നാം പഠിച്ചുകൊണ്ടിരിക്കുന്നതു്. ഇങ്ങനെ ഇതുവരെയുള്ള നമ്മുടെ സന്ദർശനങ്ങളിൽനിന്നു നമുക്കു ഗ്രഹിക്കുവാൻ കഴിഞ്ഞ ഒരു സംഗതി നമ്മുടെ ഓരോ ഇടവകയിലും വിശ്വാസദാർഢ്യവും, ഭക്തിനിഷ്ഠയും, കർമ്മസന്നദ്ധതയുമുള്ള ഒട്ടുവളരെ യുവതീയുവാക്കന്മാർ ഉണ്ടെന്നുള്ളതാണു്. അങ്ങനെയുള്ള യുവജനങ്ങളെ ശരിയായി നയിക്കുകയും, നിയന്ത്രിക്കുകയും, പരിശീലിപ്പിക്കുകയും ചെയ്താൽ അവരെക്കൊണ്ടു പല നല്ലകാര്യങ്ങളും നിർവ്വഹിപ്പിക്കുവാൻ കഴിയും. അതോടെ ഓരോ ഇടവകയിലേയും കത്തോലിക്കാജീവിതം കൂടുതൽ ചൈതന്യസമ്പുഷ്ടവും, കർമ്മോദ്യുക്തവുമാകുകയും ചെയ്യും. ഇതിനുള്ള ഉപാധി എന്തെന്നു നാം സാവധാനം ചിന്തിക്കുയും, പഠിക്കുയും ചെയ്തതിൻെറ ഫലമായി ഫ്റാൻസിസ്ക്കൻ അൽമായ മൂന്നാംസഭ നമ്മുടെ ഓരോ ഇടവകയിലും സ്ഥാപിച്ചു്, അതിൽ നമ്മുടെ ജനങ്ങളെ അംഗങ്ങളായി ചേർക്കുന്നതായിരിക്കും ഏററം ഉപയുക്തവും കാലോചിതവുമായ മാർഗ്ഗം

---

* ഫ്റാൻസിസ്ക്കൻ മൂന്നാംസഭാംഗവും കേരളത്തിലെ ഫ്റാൻസിസ്ക്കൻ മൂന്നാംസഭയുടെ രക്ഷാധികാരിയുമായ മഹാ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി, വരാപ്പുഴ മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ടു് 1951 ജൂൺമാസത്തിൽ പരസ്യപ്പെടുത്തിയ ഇടയലേഖനത്തിൽ നിന്നു്.

എന്ന ഒരു അനുമാനത്തിലാണ്‍ നാം എത്തിച്ചേന്നിരിക്കുന്നതു്. അതിനാൽ ഫ്റാൻസിസ്കൻ അൽമായ മൂന്നാംസഭയെപ്പററി ചില കാര്യങ്ങൾ നിങ്ങളെ അനുസ്മരിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നു. ........................................................

സന്യാസോചിതങ്ങളായ പുണ്യങ്ങളെ സന്യാസമന്ദിരങ്ങൾക്കു മാത്രമുള്ള സ്വത്താക്കാതെ "സന്യാസജീവിതത്തെ ക്രൈസ്തവഭവനങ്ങളിലേയ്ക്കു് ആനയിക്കുകയും, അതിൻെറ പുണ്യദായകങ്ങളായ ശക്തിവിശേഷങ്ങളെ കുടുംബരംഗത്തിൽ പരത്തുകയും ചെയ്യുക"യെന്നുള്ളതാണ്‍ മൂന്നാംസഭയുടെ ആദശം. ലോകത്തിനും സന്യാസമന്ദിരത്തിനും മദ്ധ്യേ നിലകൊള്ളുന്നതും, പുണ്യഗുണാനുഭോഗങ്ങളിൽ രണ്ടിനേയും തമ്മിൽ സംഘടിപ്പിക്കുന്നതുമായ ഒരു സുവൎണ്ണ ശൃംഖലയാണ്‍ ഈ സഭ. ഇതു കേവലം ഒരു ഭക്തസഖ്യം മാത്രമല്ല; പൂൎണ്ണമായ അത്ഥത്തിൽ അല്ലെങ്കിലും, ഇതു ഒരു സന്യാസസഭതന്നെയാണ്‍. അതേ, പതിമൂന്നാം ബനഡിക്ററ് മാർപ്പാപ്പാ അരുളിച്ചെയ്തിരിക്കുന്നതുപോലെ "ഇതു വാസ്തവത്തിലും യഥാത്ഥത്തിലും ഒരു സന്യാസസഭതന്നെയാകുന്നു. ഇതിനു പരിശുദ്ധസിംഹാസനത്താൽ അംഗീകൃതമായ ഒരു പ്രത്യേക നിയമസംഹിതയുണ്ടു്; നവസന്യാസപരിശീലനമുണ്ടു്; വ്രതവാഗ്ദാനമുണ്ടു്; സഭാവസ്ത്രമുണ്ടു്. അൽമായ ജനങ്ങൾക്കു നിഷ്പ്രയാസം ചേരാവുന്നതും, അനേകം അനുഗ്രഹങ്ങൾ പ്രാപിക്കാവുന്നതും, വലിയ ലോകോപകാരങ്ങൾ ചെയ്യാവുന്നതുമായ ഒരു സന്യാസസഭയാണ്‍ വി. ഫ്രാൻസിസിൻെറ മൂന്നാംസഭ. ലൗകികജീവിതത്തിനു ഒരു വിഘ്നവും വരുത്താതെ അതിനെ വിശുദ്ധീകരിക്കുകയും ധന്യമാക്കുകയും ചെയ്യുന്ന ഒരു സന്യാസസഭയാണിതു്. ഈ സ്ഥാപനം കുടുംബരംഗങ്ങളിൽ സന്യാസഗേഹങ്ങൾ തുറക്കുകയും, ലൗകികജീവിതത്തെ സ്വൎഗ്ഗീയമ

ണ്ഡലത്തിലേക്കു് ഉയർത്തുകയും, സമുദായതിന്മകളോടു പോരാടി സാക്ഷാത്തായ സമുദായോൽക്കർഷത്തെ സാധിക്കുകയും ചെയ്യുന്നു.'' ........................................................................

...........................................................................

ഈ കാരണങ്ങളാൽ ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ ചൈതന്യം നമ്മിൽ രൂഢമൂലമാക്കുന്നതിനു് ശ്രമിക്കുകയെന്നുള്ളതു് അത്യന്തം കാലോചിതവും അവശ്യാവശ്യവുമായ ഒരു കാര്യമാണു്. ഇതിനുള്ള ഒരു പരിശീലനക്കളരിയാണു് ഫ്രാൻസിസ്കൻ മൂന്നാംസഭ. വളരെ മുമ്പേതന്നെ നമുക്കു് ഫ്രാൻസിസ്കൻ മൂന്നാംസഭയോടു് വലിയ മതിപ്പും ബഹുമാനവുമാണുണ്ടായിരുന്നതു്. നാംതന്നെ ഫ്രാൻസിസ്കൻ മൂന്നാംസഭയിലെ ഒരു എളിയ അംഗമാണെന്നുള്ള വസ്തുത വെളിപ്പെടുത്തുന്നതിൽ നാം അഭിമാനംകൊള്ളുന്നു. ഇക്കഴിഞ്ഞ ഡിസംബർമാസത്തിൽ എറണാകുളത്തുവച്ചു നടത്തപ്പെട്ട അഖിലകേരളമരിയൻ കോൺഗ്രസ്സിൽ നമ്മോടു ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ കേരളത്തിലെ രക്ഷാധികാരിയായിരിക്കാൻ ആവശ്യപ്പെടുന്ന ഒരു പ്രമേയം പസ്സാക്കപ്പെട്ടു. സസന്തോഷം നാം ആ സ്ഥാനം സ്വീകരിക്കുകയുംചെയ്തു. അതിനാൽ പൊതുവിൽ കേരളത്തിലെ എല്ലാ ക്രൈസ്തവരും, പ്രത്യേകമായി, നമ്മുടെ അതിരൂപതയിലെ എല്ലാ കത്തോലിക്കരും ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ അംഗങ്ങളായി ചേർന്നു് വിശിഷ്ടമായ ഈ പ്രസ്ഥാനത്തിന്റെ പ്രയോജനം പ്രാപിക്കുവാൻ ശ്രമിക്കണമെന്നു് എല്ലാവരേയും ശക്തിയുക്തം ഉപദേശിക്കേണ്ടതു് നമ്മുടെ ഒരു ഔദ്യോഗിക കടമയായി നാം കരുതുന്നു.

ഈ മൂന്നാംസഭയുടെ പ്രവത്തനം നമ്മുടെ ഇടയിൽ പൂർവ്വാധികം കാര്യക്ഷമമാക്കുവാൻ, ഒന്നാംസഭയിൽപ്പെട്ട ഒരു ബ. വൈദികൻ നിയുക്തനായിട്ടുണ്ടെന്നുള്ള വിവരം നിങ്ങളെ

അറിയിക്കുവാൻ നമുക്കു് വലിയ സന്തോഷമുണ്ടു്. അദ്ദേഹത്തെ നമ്മുടെ അതിരൂപതയിലേക്കു് സ്വാഗതം ചെയ്യുന്നതോടൊപ്പം, അദ്ദേഹത്തിനു ഈ ജോലിയിൽ വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്നു നമ്മുടെ (ബ. വികാരി അച്ചന്മാരേയും) ബ. പാരക്രൂസ് അച്ചന്മാരേയും ജനങ്ങളേയും ഉദ്ബോധിപ്പിക്കുവാനും ഈ അവസരം നാം വിനിയോഗിച്ചുകൊള്ളുന്നു. ഇങ്ങനെ ഫ്രാൻസിസ്കൻമൂന്നാംസഭ നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപിതമാകുന്നതിനും, തദ്വാര നമ്മുടെ വിശ്വാസികളുടെ ജീവിതം കൂടുതൽ ചൈതന്യസമ്പുഷ്ടമായിത്തീരുന്നതിനും ഇടവരുമാറു് എല്ലാവരും ഇക്കാര്യത്തിൽ ഉത്സാഹപൂർവ്വം പ്രവർത്തിക്കണമെന്നു് നിങ്ങളെ ഒരിക്കൽക്കൂടി അനുസ്മരിപ്പിച്ചുകൊണ്ടു്, നിങ്ങളുടെ നേരെ നമുക്കുള്ള പൈതൃകസ്നേഹത്തിൻെറ ലക്ഷ്യമായി നിങ്ങളെ ഏവരേയും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാരൂപിയുടേയും നാമത്തിൽ നാം ഹൃദയപൂർവ്വം ആശീർവ്വദിച്ചുകൊള്ളുന്നു.

# * നിയമങ്ങൾ.

## അദ്ധ്യായം I.

### അർത്ഥനം, പരീക്ഷണം, വ്രതവാഗ്ദാനം.

1. സഭാപ്രവേശനത്തിനു അപേക്ഷിക്കുന്ന ആളിനു പതിന്നാലുവയസ്സു പൂർത്തിയായിരിക്കണം. അയാൾ സൽസ്വഭാവിയും, സമാധാനതൽപരനും, കത്തോലിക്കാ മത വിശ്വാസത്തിലും ആചാരത്തിലും സുദൃഢമനസ്സനും, തിരുസിംഹാസനത്തോടും, റോമ്മാസഭയോടും അനുസരണമുള്ളവനുമായിരിക്കണം.

2. വിവാഹിതകളായ സ്ത്രീകൾ സഭയിൽ പ്രവേശിക്കുന്നതിനു് ഭർത്താക്കന്മാരുടെ സമ്മതം വേണം; തക്കതായ കാരണമുണ്ടെങ്കിൽ കുമ്പസാരക്കാരനു അനുവദിക്കാവുന്നതാണു്.

3. സഭയിൽ പ്രവേശിച്ചുകഴിഞ്ഞാൽ, ഇപ്പോൾ നിലവിലിരിക്കുന്ന നിയമപ്രകാരം അംഗങ്ങൾ ഉത്തരീയവും ചരടും ധരിക്കണം; അല്ലാത്തപക്ഷം സഭയുടെ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും അവർ അർഹരാകുന്നതല്ല.

4. സഭയിൽ പ്രവേശിക്കുന്ന സ്ത്രീയോ പുരുഷനോ, ആരായിരുന്നാലും, ഒരു വർഷത്തെക്കു നവസന്യാസം അഥവാ പരീക്ഷണകാലം പാലിക്കണം. തദനന്തരം സഭാനിയമപ്രകാരം അവർ വ്രതാനുഷ്ഠാനവാഗ്ദാനം ചെയ്യുമ്പോൾ, ഓരോരുത്തരും ദൈവപ്രമാണങ്ങളേയും തിരുസ്സഭയുടെ കല്പനകളേയും പാലിച്ചുകൊള്ളാമെന്നും, അതിൽ വല്ല വിഘ്നവും വരുത്തിയാൽ, തക്കതായ പരിഹാരം ചെയ്തുകൊള്ളാമെന്നും ഏററുപറയേണ്ടതാണു്.

---

* വി. ഫ്റാൻസിസ് അസ്സീസി മൂന്നാം സഭാംഗങ്ങൾക്കവേണ്ടി 1221—ൽ എഴുതിയതും 13—ാം ലിയൊ മാർപ്പാപ്പായാൽ പരിഷ്ക്കരിക്കപ്പെട്ടതുമായ നിയമങ്ങൾ.

## അദ്ധ്യായം II.

ജീവിതക്രമപദ്ധതി.

1. മൂന്നാംസഭാംഗങ്ങൾ എല്ലാവരും അവരവരുടെ സ്ഥിതിക്കനുരൂപമായ മിതത്വം എല്ലാകാര്യങ്ങളിലും പാലിച്ചു്, ജീവിതരീതിയിലും ആചാരത്തിലും അമിതത്വവും ഭോഗാസക്തിയും വർജ്ജിക്കണം.

2. ആപൽക്കരങ്ങളായ നൃത്തങ്ങളും, കാമാസക്തിപരങ്ങളായ നാടകങ്ങളും, അനിയന്ത്രിതങ്ങളായ വിനോദങ്ങളും പരിവർജ്ജിക്കണം.

3, തീനിലും കുടിയിലും മിതത്വം ആചരിക്കണം. ഭക്ഷണത്തിനു മുമ്പും പിൻപും ഭക്തിപൂർവ്വം ദൈവത്തിനു നന്ദിയും സ്തോത്രവും പ്രകാശിപ്പിക്കണം.

4. ദൈവമാതാവിൻെറ അമലോത്ഭവ തിരുനാളിൻേറയും, വി. ഫ്രാൻസിസിൻെറ തിരുനാളിൻേറയും തലേദിവസത്തിൽ ഉപവാസമനുഷ്ഠിക്കണം. അതിനും പുറമെ മൂന്നാംസഭയുടെ ആദ്യത്തെ നിയമമനുസരിച്ചു് എല്ലാ വെള്ളിയാഴ്ചയും ഉപവസിക്കുകയും, എല്ലാ ബുധനാഴ്ചയും മാംസം വർജ്ജിക്കുകയും ചെയ്യുന്നതു് പ്രത്യേകം സ്തുത്യർഹമായിരിക്കും.

5. അംഗങ്ങൾ മാസംതോറും നല്ലകുമ്പസാരം ചെയ്തു് വി. കുർബ്ബാന സ്വീകരിക്കണം.

6. വൈദികർ കാനോനാനമസ്ക്കാരം ചൊല്ലുന്നതുകൊണ്ടു്, അവർ മൂന്നാംസഭാംഗങ്ങളായാലും ഈ വകുപ്പനുസരിച്ചു് കൂടുതലായി ഒന്നും ചെയ്യേണ്ടതില്ല. "കാനോനിക" ജപമോ, ദൈവമാതാവിൻെറ ചെറിയ ഒപ്പീസോ ചൊല്ലുവാൻ സൗകര്യമില്ലാത്ത അത്മേനികൾ 12 അ. 12 നന്മ. 12 ത്രി-യും ജപിച്ചാൽ മതി. രോഗം നിമിത്തം നിവൃത്തിയില്ലാത്തവരെ ഈ നിയമം ബാധിക്കുന്നതല്ല.

7. വിൽപത്രം എഴുതുന്നതിനു ക്ഷമതയുള്ളവർ യഥാവ

സരം അപ്രകാരം ചെയ്യേണ്ടതാണ്.

8. ഇതരക്ക് സന്മാതൃക നൽകുന്നതിനും, ക്രൈസ്തവ ഭക്താചാരങ്ങളും സൽപ്രവൃത്തികളും പ്രോത്സാഹിപ്പിക്കുന്നതിനും, സഭാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. സന്മാർഗ്ഗധ്വംസകങ്ങളായ പുസ്തകങ്ങളും പത്രങ്ങളും വീടുകളിൽ പ്രവേശിപ്പിക്കുകയോ, തങ്ങളെ ആശ്രയിച്ചു ജീവിക്കുന്നവർ വായിക്കുവാൻ ഇടയാക്കുകയോ ചെയ്തുകൂടാ.

9. തമ്മിൽത്തമ്മിലും, മററുള്ളവരോടും ഉള്ള പെരുമാററത്തിൽ ഉദാരതയുടെ ചൈതന്യം പുലർത്തുവാൻ സഭാംഗങ്ങൾ ഹൃദയപൂർവ്വം ശ്രമിക്കണം. നിവൃത്തിയുള്ളപ്പോഴെല്ലാം കലഹങ്ങൾ ശമിപ്പിക്കുവാൻ യത്നിക്കേണ്ടതാണ്.

10. മതിയായ കാരണം കൂടാതെ അവർ ഒരിക്കലും ശപഥം ചെയ്യരുത്. സംഭാഷണത്തിൽ അശ്ലീലവാക്കുകളും, പരുഷഫലിതങ്ങളും ഉപയോഗിച്ചുകൂടാ. രാത്രിതോറും ഈ കാര്യത്തിൽ അവർ ആത്മശോധന ചെയ്യേണ്ടതാണ്; വല്ല തെററും ചെയ്തുപോയെങ്കിൽ പ്രായശ്ചിത്ത മനോഭാവത്തോടുകൂടി അതു തിരുത്തണം.

11. സൗകര്യമുള്ളവരെല്ലാം ദിവസംതോറും വി. കുർബാന കാണണം. പ്രതിമാസയോഗങ്ങളിൽ സംബന്ധിക്കുന്ന കാര്യത്തിൽ സഭാംഗങ്ങൾ ഉപേക്ഷ പ്രദർശിപ്പിക്കരുത്.

12. നിർദ്ധനരായ സഭാംഗങ്ങളെ, പ്രത്യേകം അവരുടെ രോഗാധീനകാലങ്ങളിൽ സഹായിക്കുന്നതിനും, ദൈവാരാധനയുടെ മഹത്വത്തെ പുലർത്തുന്നതിനുംവേണ്ടി അംഗങ്ങളോരോരുത്തരും പൊതുമുതലിലേയ്ക്കു യഥാശക്തി ധനസഹായം ചെയ്യേണ്ടതാണ്.

13. രോഗികളായ അംഗങ്ങളെ സഭാഭാരവാഹികൾ നേരിട്ടോ, പ്രതിപുരുഷൻ മുഖേനയോ സന്ദർശിച്ച് ആശ്വസിപ്പിക്കണം. രോഗം മൂർദ്ധന്യാവസ്ഥയിലാണെങ്കിൽ, അയാളുടെ ആത്മീയനന്മയ്ക്കു് ആവശ്യകമായ അന്ത്യക്രിയാശകളും

മററും തക്കസമയത്തു് സ്വീകരിക്കുന്നതിനു് ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യണം.

14. മൃതനായ ഒരു സഭാംഗത്തിൻെറ ശവസംസ്കാരത്തിൽ ആ സ്ഥലത്തുള്ളവരും, സന്ദർഭവശാൽ ആഗതരാകുന്നവരുമായ അംഗങ്ങൾ ഒരുമിച്ചുകൂടി അയാളുടെ ആത്മാനുകൂല്യത്തിനായി ഒരു അൻപത്തിമൂന്നുമണിജപം ചൊല്ലണം. അംഗങ്ങളായ വൈദികന്മാർ കുർബാനയിൽ അവരെ സ്മരിക്കണം; അത്മേനികൾ വി. കുർബാന സ്വീകരിച്ചു് പരേതസഹോദരൻെറ ആത്മീയവിശ്രാന്തിക്കായി കാഴ്ചവെക്കേണ്ടതാണു്.

## അദ്ധ്യായം III.

### ഉദ്യോഗങ്ങൾ, സന്ദർശനം.

1. ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതു് സഭാംഗങ്ങളുടെ യോഗങ്ങളിൽ വച്ചായിരിക്കണം. ഉദ്യോഗകാലാവധി മൂന്നു വർഷമാണു്. ഓരോരുത്തർക്കും നൽകപ്പെടുന്ന ഉദ്യോഗങ്ങൾ തക്ക കാരണംകൂടാതെ ഉപേക്ഷിക്കരുതാത്തതും ഉദ്യോഗസംബന്ധമായ ചുമതലകൾ അലക്ഷ്യമായി നിർവഹിക്കുവാൻ പാടില്ലാത്തതുമാകുന്നു.

2. നിയമങ്ങൾ വേണ്ടിടത്തോളം കണിശത്തോടെ അനുഷ്ഠിക്കപ്പെടുന്നുണ്ടോയെന്നു സന്ദർശകവൈദികൻ അന്വേഷിക്കണം. ഇതിനായി, സഭകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ അദ്ദേഹം ആണ്ടിൽ ഒരിക്കലോ, ആവശ്യകമെന്നു കാണുന്നപക്ഷം കൂടുതൽ പ്രാവശ്യമോ സന്ദർശിക്കുകയും, അതതു സംഘത്തിൻെറ ഭാരവാഹികളേയും അംഗങ്ങളേയും മുൻകൂട്ടി അറിയിച്ചു്, ഒരു യോഗം വിളിച്ചുകൂട്ടേണ്ടതുമാണു്. സന്ദർശകവൈദികൻ ഏതെങ്കിലും ഒരു വ്യക്തിയെ അയാളുടെ കൃത്യനിർവ്വഹണംസംബന്ധിച്ചു് എന്തെങ്കിലും കുററാരോപണം ചെയ്യുകയോ, പരിഹാരകർമ്മം നിർദ്ദേശിക്കുകയോ ചെയ്താൽ, ആ സഭാംഗം ആ കുററാരോപണത്തെ സ്വീകരിക്കുകയും, അ-

ജ്ഞ അനുസരിക്കുകയും പരിഹാരകർമ്മം അനുഷ്ഠിക്കുകയും ചെയ്യണം.

3. വി. ഫ്രാൻസിസിൻെറ ഒന്നാം സഭക്കാരിൽനിന്നോ, ആശ്രമവാസികളായ മൂന്നാംസഭക്കാരിൽനിന്നോ, അപേക്ഷാനുസരണം സന്ദർശകവൈദികന്മാരെ നിർദ്ദേശിക്കേണ്ടതു് സമീപത്തുള്ള ഫ്രാൻസിസ്കൻ ആശ്രമാധിപനാണു്. ഒരു അൽമേനിക്കു് ഒരിക്കലും സന്ദർശനോദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

4. അനുസരണമില്ലാത്തവരും, അപരാധികളുമായ സഭാംഗങ്ങളെ രണ്ടോ മൂന്നോ പ്രവശ്യം ശാസിച്ചിട്ടും വീണ്ടും ആജ്ഞാലംഘനം ചെയ്യുന്നപക്ഷം, അവരെ സഭയിൽനിന്നും ബഹിഷ്കരിക്കേണ്ടതാണു്.

5. ഈ നിയമങ്ങളിൽ ഏതിനെയെങ്കിലും തിരസ്കരിക്കുകുന്നയാൾ, അതേസമയംതന്നെ ദൈവപ്രമാണങ്ങളെയോ തിരുസ്സഭയുടെ കല്പനകളെയോകൂടി ലംഘിക്കാത്തപക്ഷം, ഈ നിയമലംഘനംകൊണ്ടു്മാത്രം പാപം ചെയ്യുന്നില്ല.

6. നിയമത്തിലെ ഏതെങ്കിലും ഒരു ഭാഗം അനുഷ്ഠിക്കുന്നതിനു് ആർക്കെങ്കിലും ന്യായവും ഗൌരവാവഹവുമായ തടസ്സമുണ്ടായിരുന്നാൽ, നിയമത്തിലെ ആ ഭാഗം പാലിക്കുന്നതിൽനിന്നു് ആ വ്യക്തിയെ ഒഴിവാക്കുന്നതിനോ, പകരം മറ്റെന്തെങ്കിലും നിർദ്ദേശിക്കുന്നതിനോ പാടുള്ളതാണു്. അങ്ങനെയുള്ള നിയമങ്ങളോ വിധികളോ ഭേദഗതികളോ നൽകുന്നതിനുള്ള അധികാരം ഫ്രാൻസിസ്കൻ ഒന്നാംസഭയിലേയും ആശ്രമവാസികളായ മൂന്നാംസഭയിലേയും സുപ്പീരിയർമാർക്കും സന്ദർശകവൈദികർക്കുമുണ്ടു്.

അനുബന്ധം.

# സത്യാരാധന.

(1951-ഫെബ്രുവരി 28-ാംനു-
"സത്യദീപ"ത്തിലെ പുസ്തകാഭിപ്രായം)

ഇതിനകം കേരളത്തിലെ ചില ഇടവകകളിൽ സ്ഥാപിതമായിട്ടുള്ളതും അചിരേണ പ്രചാരം സിദ്ധിച്ചുവരുന്നതുമായ ഒരു ഭക്തസംഘടനയാണു് "സത്യാരാധനാസഖ്യം". "സർവ്വഗുണനിധിയായ ദൈവത്തെ വ്യക്തിപരമായും സാമൂഹ്യമായും, രഹസ്യത്തിലും പരസ്യത്തിലും കീർത്തിച്ചു് നിരീശ്വരത്വത്തേയും, കമ്മ്യൂണിസത്തേയും എതിരിടുക" എന്നത്രെ അതിന്റെ ലക്ഷ്യം. വിദേശങ്ങളിൽ പ്രചുരപ്രചാരമാർജ്ജിച്ചിട്ടുള്ള "ദൈവത്തിനുവേണ്ടിയുള്ള സഖ്യ"ത്തോടു് (League for God) ഇതു് സാധർമ്മ്യം വഹിക്കുന്നു. ദൈവാരാധനയും മതവിശ്വാസവും ഉൻമൂലനം ചെയ്യാനായി റഷ്യയിൽ സ്ഥാപിതമായ "നിരീശ്വരസഖ്യ" ത്തിന്റെ (Union of the Godless) പ്രത്യാഘാതമായിട്ടാണു് "ദൈവത്തിനുവേണ്ടിയുള്ള സഖ്യം" സ്ഥാപിതമായതു്........

"സത്യാരാധകന്മാർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു" (യോഹ 4. 23.) എന്നാണല്ലൊ വേദപുസ്തകം സാക്ഷിക്കുന്നതു്. ആന്തരികവും ആത്മാർത്ഥവും അനുദിനജീവിതത്തിൽ പ്രേരണ ചെലുത്തുന്നതുമായ പ്രാർത്ഥന മാത്രമേ സത്യാരാധന എന്ന പേരിനു് അർഹമാകയുള്ളൂ. ഇതു് സംബന്ധിച്ചു് പ്രകൃതഗ്രന്ഥത്തിന്റെ മുഖവുരയിൽ പറഞ്ഞിരിക്കുന്നതു് ശ്രദ്ധേയമായിരിക്കുന്നു: "ഒരുവന്റെ പ്രാർത്ഥനയും ജീവിതവും തമ്മിൽ പൊരുത്തമുണ്ടായിരിക്കേണ്ടതാണു്. അതുദ്ദേശിച്ചാണു് ഈ പുസ്തകത്തിനു് "സത്യാരാധന" എന്ന സംജ്ഞ നൽകിയിരിക്കുന്നതു്. ഈ പുസ്തകത്തിലെ ജപങ്ങൾ അനുസരിച്ചു്

ഒരുവൻ തൻെറ ജീവിതത്തെ ക്രമപ്പെടുത്തിയതിനുശേഷം ആരാധന നടത്തിയാൽ അതു സത്യാരാധനയായിരിക്കും. നേരെമറിച്ചു്, ദുർമ്മാർഗ്ഗിയായ ഒരു മനുഷ്യൻ തൻെറ പാപമാർഗ്ഗത്തെ ഉപേക്ഷിക്കാതെ ഒരു പ്രാർത്ഥനാപുസ്തകത്തിൽ കാണുന്ന ജപങ്ങളെല്ലാം വി: കുർബ്ബാനയുടെ മുമ്പാകെ വായിച്ചാൽ, അതു സത്യാരാധനയാകയില്ല. അവൻ വായിക്കുന്ന ജപങ്ങളും ചെയ്യുന്ന പ്രവൃത്തികളും തമ്മിൽ യാതൊരു പൊരുത്തവുമില്ല. അവൻ സ്വയം വഞ്ചിതനാകുന്നു.''

യഥായോഗ്യം ആരാധനയും പ്രാർത്ഥനയും നടത്തുന്നതിനു സഹായിക്കുന്ന ഒന്നാണു് നിരൂപണവിഷയമായ ഗ്രന്ഥം. ഇതിലെ ആദ്യത്തെ 10 അദ്ധ്യായങ്ങളിൽ "തിരുമണിക്കൂർ", 13 മണി ആരാധന, 40 മണി ആരാധന, എന്നിവയ്ക്കുപകരിക്കുന്ന ജപങ്ങളും കീർത്തനങ്ങളും അടങ്ങിയിരിക്കുന്നു. 11-ാം അദ്ധ്യായം നിത്യോപയോഗത്തിലിരിക്കുന്ന സാധാരണ ജപങ്ങളുടെ ഒരു സമാഹാരമാണെന്നു പറയാം. പ്രസ്തുത ജപങ്ങൾക്കു പ്രത്യേകദണ്ഡവിമോചനങ്ങൾ തിരുസിംഹാസനത്തിൽനിന്നും കല്പിച്ചനുവദിച്ചിട്ടുണ്ടു്. 12-ാം അദ്ധ്യായം കൽദായസുറിയാനി കുർബ്ബാനയിലെ പ്രധാന ജപങ്ങളുടെ പരിഭാഷയാണു്...... 13-ാം അദ്ധ്യായം മുഴുവൻ തിരുഹൃദയഭക്തി സംബന്ധിച്ച ചിന്തകളും ജപങ്ങളുമത്രെ. "അനുബന്ധ"മായി സത്യാരാധനാസഖ്യത്തിൻെറ നിയമാവലിയും ചേർത്തിട്ടുണ്ടു്...... ഈ വിശിഷ്ടഗ്രന്ഥം സഖ്യാംഗങ്ങൾക്കു് മാത്രമല്ല, എല്ലാ ഭക്തക്രിസ്ത്യാനികൾക്കും നിത്യം ഉപയോഗിക്കാവുന്ന ഒന്നാണു്. ഗ്രന്ഥത്തിനു് പ്രചുരപ്രചാരമാശംസിക്കുന്നു.

ഈ പുസ്തകത്തിന് പേജ് 427+xxviii. ഉണ്ട്.

താഴെകാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടാം.

ബ. മാനേജർ അച്ചൻ, ററി. കെ. ബ്യൂറോ,

വി. അന്തോനീസിൻെറ ആശ്രമം

കൊല്ലം. തില്ലേരി.

# ററി. ഒ. ബ്യൂറോ
# പ്രസിദ്ധീകരണങ്ങൾ.

| | | ക. | ണ. | പ. |
|---|---|---|---|---|
| 1. | ഫ്റാൻസിസ് അസ്സീസി | 1 | 4 | 0 |
| 2. | ആ ഭിക്ഷുവിന്റെ പിന്നാലെ | 1 | 4 | 0 |
| 3. | സത്യാരാധന (വലിയതു് തുകൽബയന്റിങ്ങ്) | 4 | 0 | 0 |
| 4. | സത്യാരാധന (വലിയതു് കാലിക്കൊ ,, ) | 1 | 12 | 0 |
| 5. | സത്യാരാധന (ചെറിയതു്) | 0 | 6 | 0 |
| 6. | രണ്ടു വിശപലേഖനങ്ങൾ | 0 | 8 | 0 |
| 7. | ഇന്നത്തെ ആവശ്യം | 0 | 6 | 0 |
| 8. | ദിവ്യബലി (ലത്തീൻ) | 0 | 2 | 0 |
| 9. | ദിവ്യബലി (സുറിയാനി) | 0 | 2 | 6 |
| 10. | ദിവ്യസ്തുതിഗീതങ്ങൾ | 0 | 4 | 0 |

ആവശ്യപ്പെടുക:-

ററി. ഒ. ബ്യൂറൊ,

വി. അന്തോനീസിന്റെ ആശ്രമം,

തില്ലേരി,

കൊല്ലം.